# പതിമൂന്നാം പദ്ധതി (ഭാഗം-1)

## നവകേരളത്തിന് ജനകീയാസൂത്രണം



# പദ്ധതി-സബ്സിഡി-ധനസഹായ മാർഗ്ഗരേഖകളും അനുബന്ധ ഉത്തരവുകളും

## സംക്ഷിപ്തം

## കൈപ്പുസ്തകം

(നാലാം പതിപ്പ്)

2021 ജൂൺ 5 വരെയുള്ള ഭേദഗതികൾ സഹിതം


തയ്യാറാക്കിയത്

**സി.എസ്.സന്തോഷ്**

*സമർപ്പണം .........*

*അനന്തതയിലേക്ക് പറന്നകന്ന എന്റെ സഹപ്രവർത്തകരായിരുന്ന അനികുമാറിനും ഗ്രീഷ്മയ്ക്കും.....*

*സി.എസ്.സന്തോഷ്*

# മുഖവുര

*പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖകളുടേയും സബ്സിഡി-ധനസഹായ മാർഗ്ഗ രേഖയുടേയും അനുബന്ധ ഉത്തരവുകളുടേയും സംക്ഷിപ്തം ഉൾപ്പെടുത്തിയുള്ള കൈപ്പുസ്തകത്തിന്റെ നാലാം പതിപ്പാണിത്.*

*തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ, നിർവ്വഹണ, വിലയിരുത്തൽ (Planning, Execution, Evaluation) നടപടിക്രമങ്ങളെക്കുറിച്ച് മനസ്സിലാക്കുവാൻ താത്പര്യമുള്ളവർക്ക് ഇത് പ്രയോജനപ്പെടുമെന്ന് കരുതുന്നു.*

*ഇത് ഒരു ഔദ്യോഗിക കൈപ്പുസ്തകമല്ലാത്തതിനാൽ അസ്സൽ മാർഗ്ഗരേഖകളും ഉത്തരവുകളും കൂടി പരിശോധിച്ച് കൃത്യത ഉറപ്പാക്കി മാത്രം പ്രായോഗിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.*

*സ്നേഹാദരങ്ങളോടെ....*

സി.എസ്.സന്തോഷ്

പാലക്കാട്,
14-06-2021

*ഇൻഡക്സിലെ വിഷയത്തോടൊപ്പം മാർഗ്ഗരേഖകളിലെ ഖണ്ഡിക നമ്പർ കൂടി ചേർത്തിട്ടുണ്ട്. ഖണ്ഡിക നമ്പർ നൽകി തെരച്ചിൽ നടത്താവുന്നതും ഖണ്ഡികകളിൽ എളുപ്പത്തിൽ എത്തിച്ചേരാവുന്നതുമാണ്.*

## ഉള്ളടക്കം


| അധ്യായം/ ഖണ്ഡിക ക്രമ നം. | മാർഗ്ഗരേഖയിലെ ഖണ്ഡിക നം./ വിഷയം | പേജ് നം. |
|---|---|---|
| I | **ആമുഖം** | **8** |
| II | **2018–19 മുതൽ 2021–22 വരെയുള്ള കാലയളവിലേക്കുള്ള പദ്ധതി മാർഗ്ഗരേഖകളുടെ സംക്ഷിപ്തം** | **9** |
| 1 | 2.1 പതിമൂന്നാം പദ്ധതിയുടെ ലക്ഷ്യം | 9 |
| 2 | 2.2 പതിമൂന്നാം പദ്ധതി - പൊതു മുൻഗണന | 10 |
| 3 | 2.3 പദ്ധതികളും പ്രോജക്റ്റുകളും | 11 |
| 4 | 2.4 ജില്ലാ പദ്ധതി | 12 |
| 5 | 3.1 ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ, അവസ്ഥാരേഖ, വികസന രേഖ, സ്റ്റാന്റിംഗ് കമ്മിറ്റികൾ | 12 |
| 6 | 3.1.3 റിസോഴ്സ് പേഴ്സന്റെ സേവനം | 12 |
| 7 | 3.2 ഗ്രാമസഭകൾ/വാർഡ്സഭകൾ, ഊരുകൂട്ടങ്ങൾ | 12 |
| 8 | 3.2.4 ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലെ യോഗങ്ങൾ | 13 |
| 9 | 3.3 വികസന സെമിനാർ, കരട് പദ്ധതിരേഖ | 14 |
| 10 | 3.4 വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ | 14 |
| 11 | 3.4.3 ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണം | 15 |
| 12 | 3.5 പ്രോജക്റ്റുകൾ തയ്യാറാക്കൽ | 15 |
| 13 | 3.5.1 പ്രോജക്റ്റ് സംഗ്രഹം | 16 |
| 14 | 3.5.2 ബഹുവർഷ പ്രോജക്റ്റുകൾ | 16 |
| 15 | 3.5.3 സ്പിൽഓവർ പ്രോജക്റ്റുകൾ | 17 |
| 16 | 3.5.4 സംയുക്ത പ്രോജക്റ്റുകൾ | 17 |
| 17 | 3.5.5 സമഗ്ര പരിപാടികൾ | 17 |
| 18 | 3.5.6 പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രോജക്റ്റുകളുടെ അടങ്കൽ | 18 |
| 18 | 3.6 വാർഷിക പദ്ധതി, പ്രോജക്റ്റുകൾ എന്നിവയുടെ അംഗീകാരം | 18 |

| | | |
|---|---|---|
| 20 | 3.7 ജില്ലാ ആസൂത്രണ സമിതി(ഡി.പി.സി) യുടെ അംഗീകാരം | 19 |
| 21 | 3.8 പ്രോജക്റ്റുകളുടെ അംഗീകാരം | 19 |
| 22 | 3.8.1 പ്രോജക്റ്റ് പരിശോധനയും വെറ്റിംഗ് ഓഫീസർമാരും | 19 |
| 23 | 3.8.2 നിർമ്മാണ പ്രവൃത്തികളുടെ അംഗീകാരവും സാങ്കേതി കാനുമതിയും | 20 |
| 24 | 3.8.3 വെറ്റിംഗ് ഓഫീസർമാരുടെ ചുമതലകൾ | 22 |
| 25 | 3.8.4 നൂതന പ്രോജക്റ്റുകളുടെ (Innovative Projects) അംഗീകാരം | 22 |
| 26 | 4.1 പ്രോജക്റ്റ് അംഗീകാരം - പരാതി പരിഹാര സംവിധാന ങ്ങൾ | 23 |
| 27 | 4.2 ജില്ലാ ആസൂത്രണ സമിതിയുടേയും അപ്പലേറ്റ് കമ്മിറ്റി യുടേയും തീരുമാനങ്ങളിന്മേലുള്ള പരാതികൾ | 23 |
| 28 | 5 വിഭവ സമാഹരണം, അനിവാര്യ വകയിരുത്തൽ, മേഖലാ വിഭജനം | 24 |
| 29 | 5.1 വാർഷിക പദ്ധതിയും തനതു ഫണ്ട് സ്രോതസ്സും | 23 |
| 30 | 5.2 അനിവാര്യ വകയിരുത്തലുകൾ | 24 |
| 31 | 5.3 പ്രോജക്റ്റുകളുടെ മേഖലാ തരംതിരിവ് | 25 |
| 32 | 5.4 വികസന ഫണ്ട് വകയിരുത്തലും പ്രത്യേക പദ്ധതി കൾക്കുള്ള വിഹിതവും | 25 |
| **33** | **6. പ്രത്യേക വിഭാഗങ്ങൾക്കും പ്രത്യേക മേഖല കൾക്കുമുള്ള പദ്ധതികൾ** | **27** |
| 34 | 6.1 പട്ടികജാതി ഉപപദ്ധതി (Scheduled Caste Sub Plan) | 27 |
| 35 | 6.2 പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub Plan) | 27 |
| 36 | 6.3 വനിതാ ഘടക പദ്ധതി | 29 |
| 37 | 6.4 കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെന്റേഴ്സ് എന്നിവരുടെ പ്രത്യേക പദ്ധതി | 31 |
| 38 | 6.5 വയോജനക്ഷേമവും പാലിയേറ്റീവ് കെയർ സംവിധാ നവും | 32 |
| 39 | 6.6 അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപപദ്ധതി (കേന്ദ്ര ധന കാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച്) | 33 |
| 40 | 6.7 ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) | 39 |
| 41 | 6.8 സദ്ഭരണ പദ്ധതി | 40 |
| 42 | 7 വികസന മേഖലകൾക്കുള്ള നിർദ്ദേശങ്ങൾ | 41 |
| 43 | 7.1 ഹരിത കേരളം മിഷൻ-കൃഷി വികസനം, ജല സംരക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം | 41 |

| | | |
|---|---|---|
| 44 | 7.2 മൃഗസംരക്ഷണം, ക്ഷീര വികസനം | 48 |
| 45 | 7.3 മത്സ്യബന്ധനം | 48 |
| 46 | 7.4 ചെറുകിട വ്യവസായവും പരിശീലനവും | 49 |
| 47 | 7.5 ഊർജ്ജം | 50 |
| 48 | 7.6 വിദ്യാഭ്യാസം | 51 |
| 49 | 7.7 ആരോഗ്യ സുരക്ഷ | 54 |
| 50 | 7.8 സാമൂഹ്യ നീതി | 56 |
| 51 | 7.9 പാർപ്പിടം | 60 |
| 52 | 7.10 കായിക വിനോദ സൗകര്യങ്ങൾ | 61 |
| 53 | 7.11 കലയും സംസ്കാരവും | 61 |
| 54 | 7.12 സഹകരണം | 62 |
| 55 | 7.13 ഗതാഗതം | 63 |
| **56** | **പദ്ധതി നിർവ്വഹണം, പൂർത്തീകരണം, മോണിറ്ററിംഗ്** | **64** |
| 57 | 8. പദ്ധതി ആസൂത്രണ, നിർവ്വഹണ, മോണിറ്ററിംഗ് ചെലവുകൾ | 64 |
| 58 | 9. വാർഷിക പദ്ധതിയും ബജറ്റും | 64 |
| 59 | 10 സ്പിൽഓവർ പ്രോജക്റ്റുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കൽ | 65 |
| 60 | 11 പദ്ധതി നിർവ്വഹണം | 65 |
| 61 | 11.1 നിർവ്വഹണം ആരംഭിക്കൽ | 65 |
| 62 | 11.2 നിർമ്മാണ പ്രോജക്റ്റുകളുടെ നിർവ്വഹണ നടപടികൾ | 66 |
| 63 | 11.3 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ/ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കൽ | 70 |
| 64 | 11.4 പദ്ധതി പൂർത്തീകരണം | 72 |
| 65 | 13 മോണിറ്ററിംഗ് | 72 |
| **III** | **പദ്ധതി ആസുത്രണം-തുടർ മാർഗ്ഗരേഖകളും നിർദ്ദേശങ്ങളും** | **75** |
| **IV** | **2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ സബ്സിഡി-ധനസഹായങ്ങൾക്കുള്ള മാർഗ്ഗരേഖ -സംക്ഷിപ്തം** | **90** |

| | | |
|---|---|---|
| **1** | **സബ്സിഡി-ധനസഹായം - പൊതു മാനദണ്ഡങ്ങളും നിയന്ത്രണങ്ങളും** | **90** |
| 1 | 2.12 ആനുകൂല്യങ്ങൾ നൽകുന്നതിന് ബാധകമായ കുടുംബ വാർഷിക വരുമാനം | 92 |
| 2 | 2.14 വരുമാന സർട്ടിഫിക്കറ്റ് | 92 |
| 3 | 2.15 എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള മുദ്രപത്രം | 92 |
| 4 | 3. ജില്ലാതല യൂണിറ്റ് കോസ്റ്റ് | 92 |
| 5 | 5. വ്യക്തികൾക്കും കുടുംബങ്ങൾക്കും ഗ്രൂപ്പുകൾക്കും സബ്സിഡി നൽകുന്നതിൽ നിയന്ത്രണങ്ങളുള്ള ഇനങ്ങൾ | 93 |
| 6 | 8.4 ബോധവത്കരണ ക്യാമ്പുകൾ, മേളകൾ, കമാന നിർമ്മാണം മുതലായവയ്ക്ക് നിയന്ത്രണം | 94 |
| 7 | 8.5 പരിശീലന പരിപാടികൾക്ക് നിയന്ത്രണം | 94 |
| 8 | 8.9 MP/MLA ഫണ്ട് മുഖേനയും മറ്റ് രീതിയിലും ആർജ്ജിച്ച ബസുകളുടെ ചെലവിന് നിയന്ത്രണം | 95 |
| 9 | 8.10 ശമ്പളം/ഹോണറേറിയം നൽകുന്നതിൽ നിയന്ത്രണം | 95 |
| 10 | 8.11 വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം | 96 |
| 11 | 8.12 ഇൻഷുറൻസ് പദ്ധതികൾക്ക് നിയന്ത്രണം | 96 |
| **2** | **6. വിവിധ മേഖലകളിൽ അനുവദനീയമായ സബ്സിഡി- തുടർ ഉത്തരവുകൾ**<br>6.1 കൃഷി<br>6.2 മൃഗസംരക്ഷണം/ക്ഷീര വികസനം<br>6. 3 മത്സ്യബന്ധന മേഖല<br>6.4 ചെറുകിട വ്യവസായം-വ്യക്തിഗതം, ഗ്രൂപ്പ് സംരംഭങ്ങൾ<br>6.5 മണ്ണ്-ജലസംരക്ഷണം<br>6.6 കുടിവെള്ളം<br>6.7 വീട്/വീട് പുനരുദ്ധാരണം/വീട് വയറിംഗ്<br>6.8 ഖര-ദ്രവ മാലിന്യം സംസ്കരണം<br>6.9 അക്ഷയ ഊർജ്ജം<br>6.10-6.15 സഹകരണം, സഹകരണ സംഘങ്ങൾ | **97** |
| **3** | **7. വിവിധ വിഭാഗങ്ങൾക്കുള്ള ധനസഹായങ്ങൾ** | **120** |
| 12 | 7.1 സാമൂഹ്യനീതി | 120 |
| 13 | 7.2. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ | 129 |
| 14 | 7.3. വിദ്യാഭ്യാസം | 137 |
| 15 | 7.4. വനിതാ വികസനം | 139 |
| 16 | 7.5. പൊതുജനാരോഗ്യം | 139 |

| | | |
|---|---|---|
| 17 | 7.6 കലാ സംസ്കാരം, കായിക വികസനം | 145 |
| 18 | 7.7 പരിസ്ഥിതി സംരക്ഷണം | 147 |
| 19 | 7.8 ദാരിദ്ര്യ ലഘൂകരണം | 149 |
| 20 | 7.9 തെരുവു വിളക്കുകൾ | 150 |
| **4** | **8. അനുബന്ധ വിഷയങ്ങൾ** | **153** |
| 21 | 8.1 സാമൂഹ്യ സംഘടനകളുടെ പങ്കാളിത്തം | 153 |
| 22 | 8.2 ഇന്നൊവേറ്റേഴ്സ് മീറ്റ് | 153 |
| 23 | 8.3 പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം | 153 |
| 24 | 8.6 നൈപുണ്യ വികസനം | 153 |
| 25 | 8.7 തനതു ഫണ്ടിന്റേയും ഗുണഭോക്തൃ വിഹിതത്തിന്റേയും ഉപയോഗം | 154 |
| 26 | 8.8 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിൻജൻസി ചെലവുകൾ | 154 |
| 27 | 8.13 നിയമ സാക്ഷരതാ പരിപാടി | 154 |
| 28 | 8.14 പ്രവാസക്ഷേമം | 154 |
| **V** | **പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിൽ പ്രത്യേകം പ്രതിപാദിച്ചിട്ടുള്ള വിവിധ ഉത്തരവുകൾ** | **155** |

| | |
|---|---|
| **അനുബന്ധം 1** | |
| **പതിമൂന്നാം പദ്ധതി – ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മിറ്റികൾ** | 159 |
| **അനുബന്ധം 2** | |
| **പതിമൂന്നാം പദ്ധതി–ആദ്യ വർഷത്തെ (2017–18) പദ്ധതി മാർഗ്ഗരേഖകൾ–സബ്സിഡി മാനദണ്ഡങ്ങൾ–അനുബന്ധ ഉത്തരവുകൾ–സംക്ഷിപ്തം** | 174 |

# I
# പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖകളും സബ്സിഡി-ധനസഹായ മാർഗ്ഗരേഖയും

## ആമുഖം

പതിമൂന്നാം പദ്ധതിയുടെ ആദ്യ വർഷമായ 2017-18 ൽ ത്രിതല പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രത്യേകം പദ്ധതി മാർഗ്ഗരേഖകളും പൊതുവായ ഒരു സബ്സിഡി മാർഗ്ഗരേഖയും പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 2018-19 വർഷം മുതൽ ശേഷിക്കുന്ന നാലു വർഷങ്ങളിലേക്കുള്ള മാർഗ്ഗരേഖകൾ പ്രത്യേകമായി പുറപ്പെടുവിക്കുകയും ചെയ്തു. സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ സമിതിയുടേയും സർക്കാരിന്റേയും കാലാകാലങ്ങളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി മാർഗ്ഗരേഖകൾക്കും സബ്സിഡി മാർഗ്ഗരേഖയ്ക്കും ധാരാളം തുടർ ഉത്തരവുകൾ ഉണ്ടായിട്ടുണ്ട്.

- **2017-18** വർഷത്തെ പദ്ധതി-സബ്സിഡി മാർഗ്ഗരേഖകളുടേയും തുടർ ഉത്തരവുകളുടേയും സംക്ഷിപ്തം **അനുബന്ധം 2** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2018-19 വർഷം മുതൽക്കുള്ള മാർഗ്ഗരേഖകളുടേയും 11-06-2021 വരെയുള്ള തുടർ ഉത്തരവുകളുടേയും സംക്ഷിപ്തം തുടർന്നുള്ള അധ്യായങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# II

# 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള പദ്ധതി മാർഗ്ഗരേഖകളുടെ സംക്ഷിപ്തം

## 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖകൾ

ത്രിതല പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രത്യേകം പദ്ധതി മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 - ത്രിതല പഞ്ചായത്തുകളുടെ 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലേക്കുള്ള പദ്ധതി മാർഗ്ഗരേഖ.
2. സ.ഉ (കൈ)നം.17/2018/തസ്വഭവ തിയതി 02-02-2018 - നഗരഭരണ സ്ഥാപനങ്ങളുടെ 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലേക്കുള്ള പദ്ധതി മാർഗ്ഗരേഖ.

പദ്ധതി മാർഗ്ഗരേഖകളിലെ പ്രസക്ത ഖണ്ഡികകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

## 2.1 പതിമൂന്നാം പദ്ധതിയുടെ ലക്ഷ്യം

- *തുടർച്ചാ സാദ്ധ്യതയുള്ള, പരിസ്ഥിതിരക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യനീതി മുറുകെ പിടിക്കുന്ന, സാമ്പത്തിക വളർച്ചയുടെ ഒരു ഉയർന്ന തലത്തിലേക്ക് കേരളത്തെ എത്തിക്കുക.*
- *പൊതുജനാരോഗ്യ-പൊതു വിദ്യാഭ്യാസ സൗകര്യങ്ങൾ മികവുറ്റതാക്കുക.*
- *ഉന്നത വിദ്യാഭ്യാസത്തിനും തൊഴിൽ നൈപുണ്യത്തിനും ഉയർന്ന പരിഗണന നൽകുക.*
- *വളർച്ചയോടൊപ്പം പരിസ്ഥിതി രക്ഷയും ഉറപ്പാക്കുവാൻ മണ്ണും ജലവും ഇതര പ്രകൃതി വിഭവങ്ങളും ഒപ്പം കൃഷിയും സംരക്ഷിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുക.*
- *സംസ്ഥാനത്തിന്റെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക.*
- *ഭൂരഹിതരും ഭവനരഹിതരും അഗതികളും ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുക.*
- *സാമൂഹ്യ സുരക്ഷാ സംവിധാനത്തെ സമഗ്രമാക്കി മാറ്റുക.*
- *കേവല ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക.*

## നാലു മിഷനുകൾ

പ്രാദേശിക സർക്കാരുകൾ പദ്ധതി പ്രവർത്തനത്തിലൂടെ സർക്കാർ വിഭാവനം ചെയ്യുന്ന താഴെ പറയുന്ന നാല് മിഷനുകളും ഏകോപിപ്പിക്കേണ്ടതാണ്.

- ആർദ്രം
- ലൈഫ്
- പൊതു വിദ്യാഭ്യാസ സംരക്ഷണം
- ഹരിത കേരളം

## 2.2 പതിമൂന്നാം പദ്ധതി – പൊതു മുൻഗണന

- *ഉത്പാദന മേഖലയുടെ സ്ഥായിയായ വളർച്ച*
- *പരിസ്ഥിതിയുടേയും പ്രകൃതി വിഭവങ്ങളുടേയും സംരക്ഷണം*
- *മാനവിക വികസനം*
- *അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ*
- *സേവനപ്രദാന സംവിധാനത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തലും സദ്ഭരണ നിർവ്വഹണവും*
- *സാമൂഹ്യനീതി ഉറപ്പാക്കൽ*
- *ആസ്തി പരിപാലനം*

### നഗര ഭരണ സ്ഥാപനങ്ങൾക്കു മാത്രം

- ***നഗര ഗതാഗതം:*** *റോഡ്, ഫുട്ട്പാത്തുകൾ, ഓടകൾ, പാർക്കിംഗ് സൗകര്യങ്ങൾ, സൈക്കിൾ ട്രാക്കുകൾ, സൈൻ ബോർഡുകൾ, കവലകളുടെ നവീകരണം*
- *പാർക്കുകൾ, പ്ലേ ഗ്രൗണ്ടുകൾ, സമ്മേളനങ്ങളും എക്സിബിഷനുകളും നടത്തുന്നതിനുള്ള മൈതാനങ്ങൾ*
- *ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള സൗകര്യങ്ങൾ*
- *പ്ലാസ്റ്റിക് മാലിന്യത്തിന്റെ പുനരുപയോഗം*
- *ചേരിപ്രദേശങ്ങളുടെ വികസനം*
- *പൊതു സ്ഥലങ്ങളുടെ സംരക്ഷണം*
- *കുളങ്ങളുടേയും ജലാശയങ്ങളുടേയും സംരക്ഷണം*
- *ശുചിത്വം*
- *പൊതു ശൗചാലയങ്ങൾ*
- *വഴിയോര കച്ചവടക്കാർക്കുള്ള സൗകര്യം*
- *കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും*
- *ദുരന്ത നിവാരണ തയ്യാറെടുപ്പ്*
- *ഊർജ്ജ സംരക്ഷണം*
- *സദ്ഭരണം*
- *ഷീ ലോഡ്ജ്*

## 2.3 പദ്ധതികളും പ്രോജക്റ്റുകളും

- ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും ആവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാപരമായ ചുമതലയാണ്.
- 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പട്ടിക 3, 4, 5 പ്രകാരവും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ ഒന്നാം പട്ടിക പ്രകാരവും ഏൽപ്പിക്കപ്പെട്ട ചുമതലകളും സർക്കാർ ഏൽപ്പിക്കുന്ന ചുമതലകളും നിറവേറ്റുന്നതിനുള്ള പ്രോജക്റ്റുകൾ അതാത് സ്ഥാപനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതാണ്.
- *ചുമതലകൾ നിറവേറ്റുന്നതിനുള്ള പ്രോജക്റ്റുകൾ, അവ ആസൂത്രണ മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ലെങ്കിൽപോലും, ആവിഷ്കരിച്ചു നടപ്പാക്കുന്നതിനുള്ള ഉപാധിയാണ് പദ്ധതി.*
- *സമഗ്ര വികസനവും പുരോഗതിയും ലക്ഷ്യമിട്ട്, ലഭ്യമായ വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി വിവിധ വിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.* ***(പങ്കാളിത്ത ആസൂത്രണത്തിലൂടെയുള്ള സമഗ്ര വികസനം).***
- *വികസന പ്രവർത്തനങ്ങൾ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുമായി സംയോജിപ്പിക്കേണ്ടതാണ്.*
- തദ്ദേശ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ (Status Report) പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരമായിട്ടാണ് പ്രോജക്റ്റുകൾക്ക് രൂപം നൽകേണ്ടത്.
- ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്റ്റുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്റ്റുകളുടെ എണ്ണം കുറയ്ക്കേണ്ടതാണ്.
- കൂടിയാലോചനകൾ നടത്തേണ്ടതും വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുമാണ്.

### 2.4 ജില്ലാ പദ്ധതി

ജില്ലാ ആസൂത്രണ സമിതിയുടെ (ഡി.പി.സി) ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ജില്ലാ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ പ്രതി ഫലിക്കേണ്ടതുണ്ട്.

### 3.1 ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ, അവസ്ഥാ രേഖ, വികസന രേഖ, സ്റ്റാന്റിംഗ് കമ്മിറ്റികൾ

**അനുബന്ധം 1 ൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.**

### 3.1.3 റിസോഴ്സ് പേഴ്സന്റെ സേവനം

- ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ആവശ്യമെങ്കിൽ ഒരു സന്നദ്ധ പ്രവർത്തകന്റെ സേവനം ഉപയോഗിക്കാവുന്നതാണ്. പദ്ധതി ആസൂത്രണ, മോണിറ്ററിംഗ് ചെലവിനായി മാറ്റി വെക്കുന്ന ഫണ്ടിൽ നിന്നും പ്രതിമാസം 5000 രൂപ നൽകാവുന്നതാണ്.

### 3.2 ഗ്രാമസഭകൾ/വാർഡ്സഭകൾ, ഊരുകൂട്ടങ്ങൾ

### ഗ്രാമസഭകൾ/വാർഡ്സഭകൾ

- ഗ്രാമസഭകൾ/വാർഡ്സഭകൾ യോഗം ചേർന്ന് കരട് പ്രോജക്റ്റ് നിർദ്ദേശങ്ങ ളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്.
- പ്രാദേശികാസൂത്രണത്തിനുള്ള ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങൾക്കു മുമ്പ് വ്യാപകമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- സ്ഥാപനത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്ന രീതിയിൽ ഗ്രാമസഭാ/വാർഡ്സഭാ യോഗത്തിന്റെ കാര്യപരിപാടി രൂപപ്പെടുത്തേണ്ടതാണ്.
- യോഗത്തിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ/വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പ് ചർച്ചകൾ നടത്തേണ്ടതാണ്.
- വികസന പ്രശ്നങ്ങൾക്ക് മുൻഗണന നിശ്ചയിക്കണം.
- ഗ്രാമസഭയിൽ/വാർഡ്സഭയിൽ പങ്കെടുക്കുന്നവരിൽ നിന്നും അഭിപ്രായം ആരായാവുന്നതാണ്.

## ഊരുകൂട്ടങ്ങൾ

- പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾ പദ്ധതി ആസൂത്രണ ഗ്രാമസഭകൾ/വാർഡ്സഭകൾ ചേരുന്നതിനു മുമ്പായി പട്ടികവർഗ്ഗ ഊരുകളിൽ ഊരു മൂപ്പന്റെ അദ്ധ്യക്ഷതയിൽ ഊരുകൂട്ട യോഗങ്ങൾ ചേരേണ്ടതാണ്.
- ഊരിലെ ആകെ വോട്ടർമാരിൽ 50% ൽ അധികം അംഗങ്ങൾ ഊരുകൂട്ട യോഗത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ബന്ധപ്പെട്ട അംഗം നിർബന്ധമായും പങ്കെടുക്കണം.
- ഊരുകൂട്ടം വിളിക്കുന്നതിനായി എസ്.റ്റി പ്രൊമോട്ടർമാർ സഹായിക്കേണ്ടതും ട്രൈബൽ എക്സ്ടൻഷൻ ഓഫീസർ നേതൃപരമായ പങ്കു വഹിക്കേണ്ടതുമാണ്.
- വ്യാപകമായ പ്രചാരണം നടത്തേണ്ടതാണ്.
- എസ്.റ്റി പ്രൊമോട്ടർമാർ നിർബന്ധമായും യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.
- ഊരുകളിൽ നടപ്പാക്കേണ്ട പ്രോജക്റ്റുകളുടെ മുൻഗണന അതാത് ഊരുകൂട്ടങ്ങളിൽ നിശ്ചയിക്കണം. ഊരുകൂട്ടം നിശ്ചയിക്കുന്ന മുൻഗണനകൾ ഗ്രാമസഭാ/വാർഡ്സഭാ യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## പ്രോജക്റ്റുകളും സുലേഖാ സോഫ്റ്റ്വെയറിലെ ഡാറ്റാ എൻട്രിയും

- അന്തിമ പദ്ധതിരേഖയിലെ എല്ലാ നിർദ്ദേശങ്ങളും നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കേണ്ടതും തുടർന്ന് സുലേഖാ സോഫ്റ്റ്വെയറിൽ ഡാറ്റാ എൻട്രി നടത്തേണ്ടതുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിച്ചിട്ടുള്ള യൂസർ നെയിം, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് മാത്രമേ ഡാറ്റാ എൻട്രി നടത്തുവാനും മാറ്റം വരുത്തുവാനും കഴിയുകയുള്ളൂ.

## 3.2.4 ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലെ യോഗങ്ങൾ

- ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ ഗ്രാമസഭയ്ക്കു സമാനമായ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. *(അസ്സൽ ഖണ്ഡിക കാണുക).*

## 3.3 വികസന സെമിനാർ, കരട് പദ്ധതിരേഖ

- ഗ്രാമസഭാ/വാർഡ്സഭാ യോഗത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഭരണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.
- മുൻഗണനകളും വിഭവ ലഭ്യതയും പരിഗണിച്ചുകൊണ്ട് ഭരണ സമിതി കരട് പദ്ധതിരേഖ തയ്യാറാക്കി വികസന സെമിനാറിൽ അവതരിപ്പിക്കേണ്ടതാണ്.
- വാർഷിക പദ്ധതിയിലെ മുൻഗണനകൾക്കും വികസന തന്ത്രങ്ങൾക്കും മൂർത്തരൂപം നൽകുന്നതിനായി ചേരുന്ന വികസന സെമിനാറിൽ വിവിധ വിഭാഗങ്ങളുടെ പരമാവധി പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
- കരട് പദ്ധതിരേഖ യോഗത്തിൽ അച്ചടിച്ച് വിതരണം ചെയ്യേണ്ടതാണ്.

### വാർഷിക പദ്ധതിരേഖ

വാർഷിക പദ്ധതിരേഖയ്ക്ക് താഴെ പറയും പ്രകാരം 10 അധ്യായങ്ങൾ ഉണ്ടാകേണ്ടതാണ്.

1. തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസനസ്ഥിതി അവസ്ഥ
2. നടപ്പു വാർഷിക പദ്ധതി അവലോകനം
3. പ്രശ്ന വിശകലനവും പ്രശ്നപരിഹാര സാധ്യതകളും
4. വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

*(മേൽ അധ്യായങ്ങൾ അവസ്ഥാരേഖയെ (Status Report) അടിസ്ഥാനമാക്കി തയ്യാറാക്കാവുന്നതാണ്).*

5. വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും
6. പ്രോജക്റ്റുകളും അവയുടെ വിശദാംശങ്ങളും
7. പ്രത്യേക പദ്ധതികൾ/പരിപാടികൾ
8. വായ്പാ ബന്ധങ്ങൾ
9. സമഗ്ര പരിപാടികളും സംയോജന സാധ്യതകളും
10. മോണിറ്ററിംഗ്

## 3.4 വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ

### വാർഷിക പദ്ധതിയുടെ അടങ്കൽ നിശ്ചയിക്കൽ, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പങ്ക്

- വിഭവ പരിധികൾക്ക് ഉള്ളിൽ നിന്നുകൊണ്ട് മുൻഗണനാടിസ്ഥാനത്തിൽ പ്രോജക്റ്റുകൾ തെരഞ്ഞെടുത്തു വേണം വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകേണ്ടത്.

- ○ വികസന ഫണ്ട്, മെയ്ന്റനൻസ് ഫണ്ട് വിഹിതങ്ങൾ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള തുകയ്ക്ക് അനുസൃതമായിരിക്കണം.
- ○ ഭരണസമിതിയുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും അതിന്റെ നിയന്ത്രണത്തിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിശ്ചിത മാതൃകയിൽ പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.
- ○ വർക്കിംഗ് ഗ്രൂപ്പുകൾ വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ സുലേഖാ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കേണ്ടതാണ്.
- ○ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന ഓരോ പ്രോജക്റ്റും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം.

പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ അനുബന്ധം-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 3.4.3 ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണം

- ഗ്രാമപഞ്ചായത്തുകളുടെ എല്ലാ നടപടിക്രമങ്ങളും അനുയോജ്യമായ മാറ്റങ്ങളോടെ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പാലിക്കേണ്ടതാണ്.
- ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിരേഖ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തിനും നൽകേണ്ടതാണ്.
- ജില്ലാ പഞ്ചായത്തിന്റെ പദ്ധതിരേഖ ബന്ധപ്പെട്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്.

### 3.5 പ്രോജക്റ്റുകൾ തയ്യാറാക്കൽ

അന്തിമ പദ്ധതിരേഖയിലെ എല്ലാ പ്രോജക്റ്റ് നിർദ്ദേശങ്ങളും നിശ്ചിത ഫോറത്തിൽ എഴുതിയതിനുശേഷം സുലേഖാ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ നിർവ്വഹണ ഉദ്യോഗസ്ഥനാണ് യൂസർ നെയിമും പാസ്‌വേർഡും ഉപയോഗിച്ച് ഡാറ്റാ എൻട്രി നടത്തേണ്ടത്.

## നിർവ്വഹണ ഉദ്യോഗസ്ഥൻ

- ○ നിർവ്വഹണ ഉദ്യോഗസ്ഥരായി നിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിക്കൊണ്ട് ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് പദവി നൽകിയിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനേയും നിർവ്വഹണ ചുമതല ഏൽപ്പിക്കാവുന്നതാണ്.
- ○ ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ സെക്രട്ടറിക്കോ വൈവിദ്ധ്യമേഖല കണക്കിലെടുത്ത് അനുയോജ്യരായ മറ്റ് ഉദ്യോഗസ്ഥർക്കോ ഭരണ സമിതിയുടെ തീരുമാന പ്രകാരം നിർവ്വഹണ ചുമതല നൽകാവുന്നതാണ്.

## 3.5.1 പ്രോജക്റ്റ് സംഗ്രഹം

- ➢ സുലേഖയിൽ പ്രോജക്റ്റിന്റെ വിവരം നൽകുന്നതോടൊപ്പം പ്രോജക്റ്റിനെക്കുറിച്ച് ഒരു ഏകദേശ ധാരണ ലഭിക്കുന്നതിനുവേണ്ടി ലളിതമായ ഭാഷയിൽ ഒരു പ്രോജക്റ്റ് സംഗ്രഹം കൂടി തയ്യാറാക്കേണ്ടതാണ്.
- ➢ ഓരോ പ്രോജക്റ്റിന്റേയും യുക്തി, ക്ഷമത, പ്രായോഗികത, നിയമ സാധുത, വിജയ സാധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പാക്കേണ്ടതാണ്. പ്രോജക്റ്റുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുക എന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.

## 3.5.2 ബഹുവർഷ പ്രോജക്റ്റുകൾ

- ➢ പതിമൂന്നാം പദ്ധതിക്കാലയളവിൽ പൂർത്തീകരിക്കുവാൻ കഴിയുന്നവ മാത്രമേ ബഹുവർഷ പ്രോജക്റ്റുകളായി ആവിഷ്കരിക്കുവാൻ പാടുള്ളൂ.
- ➢ ബഹുവർഷ നിർമ്മാണ പ്രോജക്റ്റിനോടൊപ്പം വിവിധ വർഷങ്ങളിലായി ചെയ്യുവാനുദ്ദേശിക്കുന്ന മൊത്തം പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ആദ്യവർഷം തന്നെ സാങ്കേതികാനുമതി വാങ്ങേണ്ടതാണ്.

### 3.5.3 സ്പിൽഓവർ പ്രോജക്റ്റുകൾ

- അംഗീകാരം ലഭിച്ച് നിർവ്വഹണ നടപടികൾ ആരംഭിച്ചെങ്കിലും ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം നടത്താൻ കഴിയാത്തതിനാൽ പൂർത്തീകരണത്തിനായി അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്റ്റുകളെയാണ് സ്പിൽഓവർ പ്രോജക്റ്റുകളായി പരിഗണിക്കേണ്ടത്.

### 3.5.4 സംയുക്ത പ്രോജക്റ്റുകൾ

- ഒന്നിലധികം തദ്ദേശ സ്ഥാപനങ്ങൾ വിഹിതം വകയിരുത്തി ഒരു തദ്ദേശ സ്ഥാപനത്തെ മുഖ്യ പങ്കാളിയാക്കി നിർവ്വഹണം നടത്തുന്നതാണ് സംയുക്ത പ്രോജക്റ്റ്.
- അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ എന്നിവരുടെ യോഗം ഡി.പി.സി വിളിച്ചു ചേർക്കേണ്ടതാണ്.
- വകയിരുത്തേണ്ട വിഹിതം നിശ്ചയിച്ച് ഓരോ സ്ഥാപനവും പ്രോജക്റ്റ് ആവിഷ്കരിക്കേണ്ടതാണ്. മുഖ്യ പങ്കാളിയായ സ്ഥാപനം വിശദമായ പ്രോജക്റ്റ് തയ്യാറാക്കേണ്ടതാണ്.
- പങ്കാളികളാകുന്ന സ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിനുമുമ്പ് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.
- **23-01-2017 ലെ ജി.ഒ(പി)നം.07/2017/ധന** നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

*(സംയുക്ത പദ്ധതിക്കുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് ആരംഭിക്കൽ, തുക കൈമാറൽ, തുക പിൻവലിക്കൽ, ബാലൻസ് തുക തിരിച്ചടയ്ക്കൽ തുടങ്ങിയ നടപടിക്രമങ്ങൾ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്).*

### 3.5.5 സമഗ്ര പരിപാടികൾ

- കേന്ദ്ര-സംസ്ഥാന പരിപാടികൾ, മിഷനുകൾ, ഏജൻസികൾ തുടങ്ങിയവയുടെ സംയോജന സാധ്യതകൾ പരിഗണിച്ച് വികസന പ്രശ്നങ്ങൾ അതിന്റെ സമഗ്രതയിൽ പരിഹരിക്കുന്നതിനായി ആവിഷ്കരിക്കുന്നതാണ് സമഗ്രപരിപാടികൾ. ഇതിൽ വിവിധ മേഖലകളിലെ പ്രോജക്റ്റുകൾ ഉണ്ടാകാവുന്നതാണ്.

- വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു നോഡൽ ഓഫീസർ ഉണ്ടാകേണ്ടതാണ്. അനുയോജ്യമായ മോണിറ്ററിംഗ് സംവിധാനവും ഉണ്ടാകാവുന്നതാണ്.

### 3.5.6 പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രോജക്റ്റുകളുടെ അടങ്കൽ

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾക്ക് 5 ലക്ഷം രൂപയെങ്കിലും അടങ്കൽ ഉണ്ടാകണം. |
| | ഘടക സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കോ, പൂർത്തീകരണത്തിനോ, നിർമ്മാണത്തിനോ, വാങ്ങലുകൾക്കോ പരിധി ബാധകമല്ല. |
| ജില്ലാ പഞ്ചായത്തുകൾ | ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾക്ക് 10 ലക്ഷം രൂപയെങ്കിലും അടങ്കൽ ഉണ്ടാകണം. |
| | • റോഡുകളുടേയും ഘടക സ്ഥാപനങ്ങളുടെയും അറ്റകുറ്റപ്പണികൾക്കും പൂർത്തീകരണ പ്രവർത്തനങ്ങൾക്കും പരിധി ബാധകമല്ല.<br>• ഘടക സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കോ, വാങ്ങലുകൾക്കോ വേണ്ടിയുള്ള പ്രോജക്റ്റുകൾക്കും നിബന്ധന ബാധകമല്ല. |
| ○ അടങ്കൽ തുകയുടെ പരിധി പാലിക്കുവാൻ വേണ്ടി വ്യത്യസ്ഥ പ്രദേശങ്ങളിൽ നടത്തുന്ന പ്രവൃത്തികൾ ഒരു പ്രോജക്റ്റായി തയ്യാറാക്കുന്ന രീതി അനുവദനീയമല്ല. | |

**സബ്സിഡി–ധനസഹായ മാനദണ്ഡങ്ങൾ**

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വാർഷിക പദ്ധതിക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14-02-2018 പ്രകാരം പ്രത്യേകം പുറപ്പെടുവിച്ചിട്ടുണ്ട്. അധ്യായം-IV ൽ സംക്ഷിപ്തം ഉൾപ്പെടുത്തിയിട്ടുണ്ട്.

### 3.6 വാർഷിക പദ്ധതി, പ്രോജക്റ്റുകൾ എന്നിവയുടെ അംഗീകാരം

- വാർഷിക പദ്ധതിയും പ്രോജക്റ്റുകളും ഭരണസമിതി അംഗീകരിക്കേണ്ടതാണ്.
- ആദ്യം അച്ചടിച്ച കരട് പദ്ധതിരേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ പദ്ധതിരേഖ അച്ചടിക്കേണ്ടതാണ്.

## 3.7 ജില്ലാ ആസൂത്രണ സമിതി(ഡി.പി.സി) യുടെ അംഗീകാരം

- വാർഷിക പദ്ധതിക്ക് **ഡി.പി.സി** യുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

ഡി.പി.സി ക്ക് താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

- പരിഷ്കരിച്ച അവസ്ഥാരേഖ (Status Report) (രണ്ട് കോപ്പികളും സോഫ്റ്റ് കോപ്പിയും)
- അന്തിമ പദ്ധതിരേഖ (20 കോപ്പി)
- തനതു ഫണ്ട് സ്റ്റേറ്റ്മെന്റ്, ഭരണസമിതി തീരുമാനം
- വാർഷിക പദ്ധതിയിലെ പ്രോജക്റ്റുകളും അനുബന്ധ റിപ്പോർട്ടുകളും (ഓൺലൈൻ)

## പ്രോജക്റ്റുകളുടെ വിശദമായ പരിശോധനയും അംഗീകാരവും സാങ്കേതികാനുമതിയും

- ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്നത് വാർഷിക പദ്ധതിക്കാണ്.
- ഏതെങ്കിലും പ്രോജക്റ്റിന്മേൽ ഡി.പി.സി ക്ക് ഉചിതമായ തീരുമാനം എടുക്കുന്നതിന് തടസ്സമില്ല.
- പ്രോജക്റ്റുകളുടെ വിശദമായ പരിശോധന നടത്തി അംഗീകാരവും സാങ്കേതികാനുമതിയും നൽകുന്നത് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ആണ്. വാർഷിക പദ്ധതിയുടെ അംഗീകാരത്തിന് ശേഷമാണ് ഈ പ്രക്രിയ നടത്തേണ്ടത്.

## 3.8 പ്രോജക്റ്റുകളുടെ അംഗീകാരം

### 3.8.1 പ്രോജക്റ്റ് പരിശോധനയും വെറ്റിംഗ് ഓഫീസർമാരും

- വാർഷിക പദ്ധതി ഡി.പി.സി അംഗീകരിച്ചതിനുശേഷം ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തിനായി സെക്രട്ടറി പ്രോജക്റ്റുകൾ അയയ്ക്കേണ്ടതാണ്.
- നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥനോ, ജില്ലാതല/സംസ്ഥാനതല ഉദ്യോഗസ്ഥൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആണ് വെറ്റിംഗ് നടത്തേണ്ടത്.

- ഒരു പ്രോജക്റ്റിന് യാതൊരു കാരണവശാലും ആ പ്രോജക്റ്റ് നിർവ്വഹണം നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ തന്നെ അംഗീകാരം നൽകാൻ പാടില്ല.
- പ്രോജക്റ്റ് സമർപ്പിച്ച് ഒരാഴ്ചയ്ക്കകം അംഗീകാരമോ സാങ്കേതികാനുമതിയോ നൽകുവാൻ കഴിയുന്നില്ലെങ്കിൽ വെറ്റിംഗ് ഓഫീസർ കാരണം രേഖപ്പെടുത്തി തിരിച്ചയയ്ക്കണം.
- **വിഹിതം ഡെപ്പോസിറ്റ് ചെയ്യുന്നതിനും കൈമാറുന്നതിനുമുള്ള പ്രോജക്റ്റുകൾക്ക് വെറ്റിംഗ് ആവശ്യമില്ല.**
- നിർമ്മാണ പ്രവൃത്തികൾക്ക് സാമ്പത്തിക പരിധി കൂടി കണക്കിലെടുത്ത് ഉന്നത തസ്തികയിലുള്ള എഞ്ചിനിയർമാരുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

### 3.8.2 നിർമ്മാണ പ്രവൃത്തികളുടെ അംഗീകാരവും സാങ്കേതികാനുമതിയും

നിർമ്മാണ പ്രവൃത്തികൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയർമാരാണ് വെറ്റിംഗ് ഓഫീസർ എന്ന നിലയ്ക്ക് അംഗീകാരം നൽകേണ്ടതാണ്. പ്രോജക്റ്റിന് അംഗീകാരം നൽകുന്നതോടൊപ്പം തന്നെ സാങ്കേതികാനുമതിയും നൽകേണ്ടതാണ്. വെറ്റിംഗ് ഓഫീസറെ തീരുമാനിക്കുന്നതിന് താഴെ പറയുന്ന പട്ടികയിലെ സാമ്പത്തിക പരിധി കൂടി പരിഗണിക്കേണ്ടതാണ്.

| ഉദ്യോഗസ്ഥൻ | സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാര പരിധി (ലക്ഷം രൂപ) | | |
|---|---|---|---|
| | റോഡ് പ്രവൃത്തികൾ | കെട്ടിട നിർമ്മാണം | ഇലക്ട്രിഫിക്കേഷൻ/ ഇലക്ട്രോണിക് ജോലികൾ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 15 | 15 | 2 |
| എക്സിക്യൂട്ടീവ് എഞ്ചിനിയർ | 50 | 100 | 6.5 |
| സൂപ്രണ്ടിംഗ് എഞ്ചിനിയർ | 200 | 200 | പരിധിയില്ല |
| ചീഫ് എഞ്ചിനിയർ | പരിധിയില്ല | | |

- *ഒന്നിലധികം എഞ്ചിനിയർമാരുള്ള നഗരസഭകളിൽ നിർവ്വഹണ ഉദ്യോഗസ്ഥനെ കൗൺസിലിന് തീരുമാനിക്കാവുന്നതാണ്.*

**സോളാർ എനർജി പ്രോജക്റ്റുകളുടെ സാങ്കേതികാനുമതി**

പ്രോജക്റ്റുകൾ പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിന് കെ.എസ്.ഇ.ബി യിലെ ഒരു എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ എഞ്ചിനിയർ, അനർട്ട് പ്രോജക്റ്റ് മാനേജർ, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർ (കൺവീനർ) എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി ജില്ലാ കളക്ടർ രൂപീകരിക്കേണ്ടതാണ്.

**ഇലക്ട്രിക്കൽ, സ്ട്രീറ്റ് ലൈറ്റ്, എൽ.ഇ.ഡി പ്രോജക്റ്റുകളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം**

ഇലക്ട്രിക്കൽ പ്രോജക്റ്റുകളുടേയും സ്ട്രീറ്റ് ലൈറ്റ്, എൽ.ഇ.ഡി തുടങ്ങിയ പ്രോജക്റ്റുകളുടേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും 22-09-2015 ലെ സ.ഉ(സാധാ)നം.2878/2015/തസ്വഭവ പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ സേവനം ഉപയോഗിക്കേണ്ടതാണ്.

**നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്**

നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് PRICE Software ഉപയോഗിച്ച് തയ്യാറാക്കേണ്ടതാണ്.

**അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾ**

- ധനവകുപ്പ് നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുവർത്തിക്കേണ്ടതാണ്.
- ഉത്തരവിൽ പ്രതിപാദിക്കുന്ന പ്രവൃത്തികൾ മാത്രമേ ബന്ധപ്പെട്ട അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കുവാൻ പാടുള്ളൂ.

### റിവൈസ്ഡ് എസ്റ്റിമേറ്റ്-നിബന്ധനകൾ

ഒരു നിർമ്മാണ പ്രവൃത്തി നടപ്പാക്കി വരുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങളിൽ ഏതെങ്കിലും മുൻകൂട്ടി കാണുന്നുവെങ്കിൽ, പൊതുമരാമത്ത് മാന്വലിലെ നിബന്ധനകൾ പാലിച്ചു കൊണ്ട് പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്.

- അസ്സൽ പ്രോജക്റ്റിൽ വിഭാവനം ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ, കൂട്ടിച്ചേർക്കുകയോ, മാറ്റം വരുത്തുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യം.
- അസ്സൽ പ്രവൃത്തിയുടെ രൂപകൽപ്പനയിൽ ഘടനാപരമായ വലിയ മാറ്റം ആവശ്യമാണെങ്കിൽ.
- ഒരു പ്രവൃത്തിയുടെ ചെലവ് സാങ്കേതികാനുമതി ലഭിച്ച തുകയുടെ 5 ശതമാനത്തിൽ അധികരിക്കുവാൻ സാധ്യതയുണ്ടെങ്കിൽ.

- *റിവൈസ്ഡ് എസ്റ്റിമേറ്റിന് കാലതാമസം കൂടാതെ സാങ്കേതികാനുമതി തേടേണ്ടതാണ്. പ്രവൃത്തി പൂർത്തിയായതിനുശേഷമോ, നിർമ്മാണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനുശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടുള്ളതല്ല.*

### 3.8.3 വെറ്റിംഗ് ഓഫീസർമാരുടെ ചുമതലകൾ

- പ്രോജക്റ്റുകൾ നിയമാനുസൃതമാണോ എന്ന് പരിശോധിക്കേണ്ട ചുമതല വെറ്റിംഗ് ഓഫീസർമാർക്കുണ്ട്. *(അസ്സൽ ഖണ്ഡിക കാണുക)*

### 3.8.4 നൂതന പ്രോജക്റ്റുകളുടെ (Innovative Projects) അംഗീകാരം

- മാർഗ്ഗരേഖ പ്രകാരമോ, സർക്കാർ വകുപ്പുകളിലെ ഉത്തരവുകളിലോ, സബ്സിഡി മാനദണ്ഡങ്ങൾ അനുസരിച്ചോ തയ്യാറാക്കുവാൻ സാധിക്കാത്ത പ്രോജക്റ്റുകൾ പരിശോധിക്കുന്നതിനായി ഡി.പി.സി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കേണ്ടതാണ്. ജില്ലാ കളക്ടർ സമിതിയുടെ ചെയർ പേഴ്സനും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറുമായിരിക്കും.

- പ്രോജക്റ്റിന്റെ സാധുത സമിതി പരിശോധിച്ച് സാങ്കേതിക മികവുള്ളതാണെന്ന് ഉറപ്പാക്കിയ ശേഷം അംഗീകാരം നൽകേണ്ടതാണ്.
- തദ്ദേശ സ്ഥാപനങ്ങൾ ഇടപെട്ട് സഹായിക്കാതെതന്നെ സ്വകാര്യ വ്യക്തി കൾ/സ്ഥാപനങ്ങൾ വിജയകരമായി പ്രവർത്തിക്കുന്ന മേഖലയാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം ഇടപെടേണ്ടതില്ല.
- നിർദ്ദേശിക്കപ്പെടുന്ന നൂതനാശയം പ്രോൽസാഹിപ്പിക്കേണ്ടതിന്റെ ആവശ്യക തയും ചെലവും സബ്സിഡിയും നീതീകരിക്കുന്നതിനുള്ള യുക്തിയും മിനി റ്റ്സിൽ രേഖപ്പെടുത്തേണ്ടതാണ്.

## 4.1 പ്രോജക്റ്റ് അംഗീകാരം – പരാതി പരിഹാര സംവിധാനങ്ങൾ

1. **ജില്ലാതല അപ്പലേറ്റ് കമ്മിറ്റി** – ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും

ഡി.പി.സി യുടെ ചെയർപേഴ്സൻ – അധ്യക്ഷൻ

ജില്ലാ കളക്ടർ – സെക്രട്ടറി

ജില്ലാ പ്ലാനിംഗ് ഓഫീസർ – കൺവീനർ

2. **സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി** – ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി – അധ്യക്ഷൻ

സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് – കൺവീനർ

വെറ്റിംഗ് ഓഫീസർമാരുടെ തീരുമാനത്തിന്മേൽ അപ്പലേറ്റ് കമ്മിറ്റി മുമ്പാകെ പരാതി സമർപ്പിക്കാവുന്നതാണ്. 14 ദിവസത്തിനകം കമ്മിറ്റി തീരുമാനമെടുക്കേണ്ടതാണ്.

## 4.2 ജില്ലാ ആസൂത്രണ സമിതിയുടേയും അപ്പലേറ്റ് കമ്മിറ്റിയുടേയും തീരുമാനങ്ങളിന്മേലുള്ള പരാതികൾ

- പരാതികൾ എൽ.എസ്.ജി.ഡി സെക്രട്ടറി മുഖേന വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

- പരാതികളിൽ കോ-ഓർഡിനേഷൻ കമ്മിറ്റി തീർപ്പ് കൽപ്പിക്കുന്നതാണ്.
- വെറ്റിംഗ് ഓഫീസർ അനുമതി നിരസിച്ച ഒരു പ്രോജക്റ്റ് ബന്ധപ്പെട്ട അപ്പീൽ കമ്മിറ്റിയുടെ പരിശോധനയും തീരുമാനവും ഇല്ലാതെ കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് സമർപ്പിക്കുവാൻ പാടില്ല.

## 5. വിഭവ സമാഹരണം, അനിവാര്യ വകയിരുത്തൽ, മേഖലാ വിഭജനം

### 5.1 വാർഷിക പദ്ധതിയും തനതു ഫണ്ട് സ്രോതസ്സും

- തനത്/പൊതു ആവശ്യ ഫണ്ടിൽ നിന്നും നിർവ്വഹിക്കേണ്ട അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും മാറ്റി വെച്ച ശേഷം മിച്ചമുള്ള തുക തനതു ഫണ്ട് എന്ന സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
- *വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ തനതു ഫണ്ട് പ്രോജക്റ്റുകൾ ഏറ്റെടുക്കുവാൻ പാടില്ലായെങ്കിലും പെറ്റി വർക്കുകൾ ഉൾപ്പെടെയുള്ള, അനിവാര്യ ചെലവുകൾ കഴിച്ച് ബാക്കിയുള്ള തുകയുടെ പരമാവധി 25% വരെ വാർഷിക പദ്ധതിയുടെ ഭാഗമായല്ലാതെ മരാമത്ത് പ്രവൃത്തിയുടെ നടത്തിപ്പ് ചട്ടങ്ങൾ പാലിച്ചുകൊണ്ട് അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾക്ക് വിനിയോഗിക്കാവുന്നതാണ്.*
- തനതു ഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രോജക്റ്റുകളിൽ തനതു ഫണ്ടിന് പകരം മറ്റ് സ്രോതസ്സുകൾ വകയിരുത്തുന്ന രീതിയിൽ ഭേദഗതി ചെയ്യാൻ പാടില്ല.

### 5.2 അനിവാര്യ വകയിരുത്തലുകൾ

- അങ്കണവാടി പോഷകാഹാരം
- പോഷകാഹാര വിതരണത്തിന് എസ്.സി.എസ്.പി, ടി.എസ്.പി വിഹിതം ഉപയോഗിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പ്രോജക്റ്റുകൾ തയ്യാറാക്കണം.
- എസ്.എസ്.എ, ആർ.എം.എസ്.എ വിഹിതം നൽകൽ

- പാലിയേറ്റീവ് കെയർ പ്രോജക്റ്റിനുള്ള വിഹിതം
- ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും
- പി.എം.എ.വൈ വിഹിതം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 25:40:35 അനുപാതത്തിൽ വകയിരുത്തണം.
- അഗതി രഹിത കേരളം(ആശ്രയ) പദ്ധതിയുടെ വിഹിതം (ത്രിതല പഞ്ചായത്തുകൾ)
- ഐ.കെ.എം വിഹിതം.

## അഗതി രഹിത കേരളം പദ്ധതി

*സ.ഉ(എം.എസ്) നം.252/2017/ തസ്വഭവ തിയതി 12-12-2017 പ്രകാരം അഗതി രഹിത കേരളം പദ്ധതിയുടെ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.*

## 5.3 പ്രോജക്റ്റുകളുടെ മേഖലാ തരംതിരിവ്

1. ഉത്പാദന മേഖലാ പ്രോജക്റ്റുകൾ
2. സേവന മേഖലാ പ്രോജക്റ്റുകൾ
3. പശ്ചാത്തല മേഖലാ പ്രോജക്റ്റുകൾ

*(ഓരോ മേഖലയുടേയും ഘടകങ്ങൾ ഏതൊക്കെയെന്ന് മനസ്സിലാക്കുവാൻ അസ്സൽ ഖണ്ഡിക കാണുക).*

## 5.4 വികസന ഫണ്ട് വകയിരുത്തലും പ്രത്യേക പദ്ധതികൾക്കുള്ള വിഹിതവും

| ക്രമ നം. | പദ്ധതി | വകയിരുത്തേണ്ട വിഹിതം |
|---|---|---|
| 1 | ലൈഫ് പാർപ്പിട സുരക്ഷാ പദ്ധതി, പി.എം. എ.വൈ അധിക വിഹിതം മുതലായ പാർപ്പിട പദ്ധതികൾ. | • സാധാരണ വിഹിതം, SCSP, TSP വിഹിതം - ആകെ തുകയുടെ 20% ൽ കുറയാത്ത തുക. |
| 2 | ഉത്പാദന മേഖല | • പൊതു വിഭാഗം ഫണ്ടിന്റെ സാധാരണ വിഹിതത്തിന്റെ 30 ശതമാനമെങ്കിലും<br>• നഗരസഭകൾക്ക് - 10% |

| | | |
|---|---|---|
| 3 | മാലിന്യ സംസ്കരണം, ജലസംരക്ഷണം എന്നിവയ്ക്ക് മുൻഗണന നൽകിക്കൊണ്ടുള്ള ഹരിത കേരള മിഷൻ പ്രോജക്റ്റുകൾ | • പൊതു വിഭാഗം ഫണ്ടിന്റെ സാധാരണ വിഹിതത്തിന്റെ 10 ശതമാനമെങ്കിലും<br>• നഗരസഭകൾക്ക് - 15% |
| 4 | പശ്ചാത്തല മേഖല | **ഗ്രാമപഞ്ചായത്ത്** - പൊതു വിഭാഗം ഫണ്ടിന്റെ സാധാരണ വിഹിതത്തിന്റെ 30 ശതമാനം വരെ<br>**ബ്ലോക്ക് പഞ്ചായത്ത്** - പൊതു വിഭാഗം ഫണ്ടിന്റെ സാധാരണ വിഹിതത്തിന്റെ 25 ശതമാനം വരെ<br>**ജില്ലാ പഞ്ചായത്ത്** - പൊതു വിഭാഗം ഫണ്ടിന്റെ സാധാരണ വിഹിതത്തിന്റെ 45 ശതമാനം വരെ<br>**നഗരസഭ** - പൊതു വിഭാഗം ഫണ്ടിന്റെ സാധാരണ വിഹിതത്തിന്റെ 50 ശതമാനം വരെ |
| 5 | പശ്ചാത്തല മേഖല-പട്ടികജാതി ഉപപദ്ധതി | SCSP യുടെ 30 ശതമാനം വരെ |
| 6 | പശ്ചാത്തല മേഖല-പട്ടികവർഗ്ഗ ഉപപദ്ധതി | TSP യുടെ 30 ശതമാനം വരെ |
| 7 | വനിതാ ഘടക പദ്ധതി | ആകെ പദ്ധതി വിഹിതത്തിന്റെ (സാധാരണ വിഹിതം+SCSP+TSP) കുറഞ്ഞത് 10 ശതമാനം |
| 8 | കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് | ആകെ പദ്ധതി വിഹിതത്തിന്റെ (സാധാരണ വിഹിതം+SCSP+TSP) കുറഞ്ഞത് 5 ശതമാനം |
| 9 | വയോജന ക്ഷേമം, പാലിയേറ്റീവ് കെയർ | ആകെ പദ്ധതി വിഹിതത്തിന്റെ (സാധാരണ വിഹിതം+SCSP+TSP) കുറഞ്ഞത് 5 ശതമാനം |

## 6. പ്രത്യേക വിഭാഗങ്ങൾക്കും പ്രത്യേക മേഖലകൾക്കുമുള്ള പദ്ധതികൾ

| ക്ര. നം. | ഉപപദ്ധതികളും പ്രധാന നിർദ്ദേശങ്ങളും |
|---|---|
| 6.1 | **പട്ടികജാതി ഉപപദ്ധതി (Scheduled Caste Sub Plan)**<br>• *പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വക മാറ്റാനോ പാടില്ല.*<br>• പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യ വികസനം എന്നിവ കൈവരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.<br>• കുറഞ്ഞത് 5 പട്ടികജാതി കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന പ്രദേശം പട്ടികജാതി സങ്കേതമായി കണക്കാക്കി പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.<br>• 50% ൽ അധികം പട്ടികജാതിക്കാരുള്ള പ്രദേശത്ത് വൈദ്യുതി, കുടിവെള്ളം, റോഡ്, നടപ്പാത എന്നിവയ്ക്ക് പട്ടികജാതി വിഹിതം വകയിരുത്താവുന്നതാണ്. എണ്ണം 25% നും 50% നും ഇടയിലാണെങ്കിൽ ആനുപാതികമായി പട്ടികജാതി വിഹിതം വകയിരുത്താവുന്നതാണ്. എണ്ണം 25% ൽ താഴെയാണെങ്കിൽ പട്ടികജാതി വിഹിതം വകയിരുത്താൻ പാടില്ല. മറ്റു ഫണ്ടുകൾ വകയിരുത്താവുന്നതാണ്.<br>• പ്രദേശത്തിന്റെ സാമൂഹ്യ ഭൂപടം, ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടിക എന്നിവ തയ്യാറാക്കേണ്ടതാണ്. പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. |
| 6.2 | **പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub Plan)**<br>• പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന സ്ഥാപനങ്ങൾ പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കണം.<br>• പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം പാഴാക്കാനോ വക മാറ്റാനോ പാടില്ല. |

| | |
|---|---|
| | • പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യ വികസനം എന്നിവ കൈവരിക്കുക എന്നതായിരിക്കണം ലക്ഷ്യം.<br>• *അഗതി രഹിത കേരളം (ആശ്രയ) പദ്ധതി തയ്യാറാക്കിയിട്ടില്ലെങ്കിലോ, തയ്യാറാക്കിയ പദ്ധതിയിൽ നിന്നും അർഹരായ അഗതികൾ ഒഴിവായി പോയിട്ടുണ്ടെങ്കിലോ അവർക്കു വേണ്ടി പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഭാഗമായി പദ്ധതി മാർഗ്ഗരേഖയുടെ അനുബന്ധം-5 അനുസരിച്ച് പരിചരണ സേവനങ്ങളുടെ പാക്കേജ് തയ്യാറാക്കേണ്ടതാണ്.*<br>• കുറഞ്ഞത് അഞ്ച് പട്ടികവർഗ്ഗ കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന പ്രദേശം പട്ടികവർഗ്ഗ സങ്കേതമായി കണക്കാക്കി പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. 50% ൽ അധികം പട്ടികവർഗ്ഗക്കാരുള്ള പ്രദേശത്ത് വൈദ്യുതി, കുടിവെള്ളം, നടപ്പാത എന്നിവയ്ക്ക് പൂർണ്ണമായും പട്ടികവർഗ്ഗ വിഹിതം വകയിരുത്താവുന്നതാണ്. എണ്ണം 25% നും 50% നും ഇടയിലാണെങ്കിൽ ആനുപാതികമായി പട്ടികവർഗ്ഗ വിഹിതം വകയിരുത്താവുന്നതാണ്. എണ്ണം 25% ൽ താഴെയാണെങ്കിൽ പട്ടികവർഗ്ഗവിഹിതം വകയിരുത്താൻ പാടില്ല. മറ്റു ഫണ്ടുകൾ ഉപയോഗിക്കാവുന്നതാണ്.<br>• പ്രദേശത്തിന്റെ സാമൂഹ്യ ഭൂപടം, ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടിക എന്നിവ തയ്യാറാക്കേണ്ടതാണ്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.<br>• പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം റോഡ് നിർമ്മാണത്തിന് വകയിരുത്തുവാൻ പാടില്ല. ഊരുകൾക്കുള്ളിലും ഊരുകളിലേക്ക് എത്തിച്ചേരുന്നതിനും മൂന്നു മീറ്റർ വീതിയിൽ അധികരിക്കാത്ത നടപ്പാതകളും നടപ്പാലങ്ങളും നിർമ്മിക്കാവുന്നതാണ്. |

• *പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള വ്യക്തിഗത, ഗ്രൂപ്പ് ആനുകൂല്യങ്ങൾ സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖ.7.2 ലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് കൂടി കാണുക.*

## പട്ടികജാതി, പട്ടികവർഗ്ഗ വികസനം-തുടർ ഉത്തരവുകൾ (ഖ. 6.1 & 6.2)

### 1. കുടുംബശ്രീ തയ്യാറാക്കുന്ന ഊരുതല പദ്ധതികൾ

- **സ.ഉ(സാധാ)നം.64/2020/തസ്വഭവ തിയതി 06-01-2020**

കുടുംബശ്രീ തയ്യാറാക്കുന്ന ഊരുതല പദ്ധതികൾ ഊരുകൂട്ടങ്ങളുടെ അംഗീകാരത്തിന് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി.

### 2. ഗോത്രസാരഥി പദ്ധതി

- **സ.ഉ(സാധാ)നം.725/2020/തസ്വഭവ തിയതി 01-04-2020**

ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി പഞ്ചായത്തുകൾക്കും നഗരസഭകൾക്കും തങ്ങളുടെ ടി.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് തയ്യാറാക്കാവുന്നതാണ്. ഫണ്ട് തികയാതെ വന്നാൽ ജില്ലാ പഞ്ചായത്തിന് ഈ പദ്ധതിയിലേക്ക് വിഹിതം നൽകാവുന്നതാണ്.

### 3. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ശ്മശാനങ്ങളുടെ നവീകരണം

- **സ.ഉ(സാധാ)നം.982/2020/തസ്വഭവ തിയതി 26-05-2020**

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുൾപ്പെടുന്ന സമുദായത്തിന്റെ വക ശ്മശാനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുന്നവയല്ലെങ്കിലും അവയ്ക്ക് അവശ്യം വേണ്ട അറ്റകുറ്റപ്പണികൾ, മറ്റ് സൗകര്യമൊരുക്കൽ തുടങ്ങിയവയ്ക്ക് ആവശ്യമായ പ്രോജക്റ്റുകൾ വയ്ക്കാവുന്നതാണ്.

| 6.3 | **വനിതാ ഘടക പദ്ധതി** |
|---|---|
| | . വനിതകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി തയ്യാറാക്കേണ്ടതാണ്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ജന്റർ ബജറ്റിംഗ് അഭികാമ്യമമായിരിക്കും. |
| | **വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രോജക്റ്റുകൾ** |
| | • കുടുംബശ്രീയുടെ സഹായത്തോടെ ഉത്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ പ്രോജക്റ്റുകൾ. |

- സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പുറമേ, ലേബർ ബാങ്ക്, സ്വയംതൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾ.
- ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെടുത്തി ലബോറട്ടറി.
- ഗ്രാമപഞ്ചായത്തുകളിലെ/നഗരസഭകളിലെ ജാഗ്രതാ സമിതികൾ ശക്തി പ്പെടുത്തൽ, കൗൺസലിംഗ്.
- കേരള വനിതാ വികസന കോർപ്പറേഷന്റെ മാർഗ്ഗരേഖ അവലംബിച്ച് യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ പെൺകുട്ടി കൾക്കായി നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കൽ.
- ഗ്രാമപഞ്ചായത്തുകളിൽ/നഗരസഭകളിൽ തായ്ക്കൊണ്ട, ജൂഡോ, കരാ ട്ടെ, യോഗ പരിശീലന പ്രോജക്റ്റുകൾ.
- സ്ത്രീകൾ ധാരാളമായി എത്തുന്ന പൊതു സ്ഥലങ്ങളിൽ സ്ത്രീകൾക്ക് മാത്രമായി മൂത്രപ്പുരകളും കക്കൂസുകളും മുലയൂട്ടുന്ന അമ്മമാർക്ക് സുരക്ഷിതമായ മുറികളും.

## വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടില്ലാത്ത പ്രോജക്റ്റുകൾ:

- കക്കൂസ് നിർമ്മാണം, കുടിവെള്ളം ലഭ്യമാക്കൽ, വീട് വൈദ്യുതീകര ണം, അങ്കണവാടി കെട്ടിട നിർമ്മാണം, അങ്കണവാടി പോഷകാഹാരം മുതലായവയും സമാന സ്വഭാവമുള്ളവയും.
- വനിതകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്റ്റുകൾ.
- പട്ടികജാതി വിഭാഗത്തിലെ വിവാഹ ധനസഹായം.

- *സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖ.7.4-വനിതാ വികസനം എന്ന ഭാഗം കൂടി കാണുക.*

| 6.4 | **കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെന്റേഴ്സ് എന്നിവരുടെ പ്രത്യേക പദ്ധതി** |
|---|---|
| | മൂന്ന് വിഭാഗങ്ങൾക്കും വേണ്ടി ഒരു പദ്ധതി ഉണ്ടാകേണ്ടതാണ്. |
| | **കുട്ടികൾക്കായി ഏറ്റെടുക്കാവുന്നത്** |
| | • കുടുംബശ്രീയുടെ ഭാഗമായുള്ള ബാല പഞ്ചായത്ത്/ബാല നഗരസഭ, ബാലസഭ മുതലായവ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കുടംബശ്രീ മാനദണ്ഡങ്ങൾക്ക് വിധേയമായി. |
| | • സർക്കാർ സ്കൂളുകളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുര, വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ. എയ്ഡഡ് വിദ്യാലയങ്ങളിലും ഇത്തരം സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഇടപെടൽ നടത്താവുന്നതാണ്. |
| | • കുട്ടികളിലെ വൈകല്യങ്ങൾ നേരത്തേ കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ സ്ഥാപനങ്ങളിലൂടെ നടത്തേണ്ടതാണ്. |
| | • സ്പോർട്സ് കൗൺസിൽ അംഗീകരിച്ച പരിശീലകരുടെ സഹായത്തോടെ കുട്ടികൾക്ക് കായിക പരിശീലനങ്ങൾ. |
| | • ആയുഷ് വകുപ്പുമായി സഹകരിച്ച് കുട്ടികൾക്ക് യോഗ പരിശീലനം. |
| | **ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെന്റേഴ്സ് എന്നിവർക്കായി ഏറ്റെടുക്കാവുന്നത്** |
| | • ഭിന്നശേഷിയുള്ളവർക്കും ട്രാൻസ് ജെന്റേഴ്സിനും വേണ്ടിയുള്ള ക്ഷേമ പരിപാടികൾ, പുനരധിവാസ-വികസന പരിപാടികൾ. |
| | • ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയം സർക്കാർ സർവ്വീസിലുള്ള മെഡിക്കൽ ഓഫീസർ നടത്തേണ്ടതാണ്. |
| | • ഭിന്നശേഷിയുള്ളവർക്ക് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക്/നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്. |

- *സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖ.7.1-സാമൂഹ്യ നീതി എന്ന ഭാഗം കൂടി കാണുക.*

| 6.5 | **വയോജനക്ഷേമവും പാലിയേറ്റീവ് കെയർ സംവിധാനവും.** |
|---|---|
| | വൃദ്ധരുടെ ക്ഷേമത്തിനുവേണ്ടി സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി പ്രോജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്.<br>• വയോജനങ്ങൾക്ക് ശാരീരിക-മാനസിക, സാംസ്കാരിക പിന്തുണാ സംവിധാനം, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തൽ.<br>• ആയുഷുമായി ചേർന്ന് യോഗ പരിശീലനം.<br>• വിനോദകേന്ദ്രം ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ.<br>• പൊതു ഇടങ്ങളിൽ പ്രത്യേക സംവിധാനങ്ങൾ. |
| | **പകൽവീട്** |
| | • *പകൽവീട് ആരംഭിക്കുന്നതിനുവേണ്ടി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കിയതിനുശേഷം മാത്രമേ ഇതിനായി പുതിയ പ്രോജക്റ്റുകൾ ഏറ്റെടുക്കുവാൻ പാടുള്ളൂ.* |
| | **വൃദ്ധസദനം** |
| | • *വൃദ്ധസദനം ആരംഭിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്ക്/നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്. അതിന്റെ നടത്തിപ്പ് സംവിധാനം, ആവർത്തനച്ചെലവുകൾ എങ്ങിനെ കണ്ടെത്തും തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ വിശദമായ പദ്ധതി റിപ്പോർട്ട് കൂടി സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.* |
| | **സാന്ത്വന പരിചരണം (Paliative Care)** |
| | • വയോജനങ്ങളായ കിടപ്പ് രോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം എന്നിവ സാന്ത്വന പരിചരണ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഏറ്റെടുക്കാവുന്നതാണ്.<br>• *സ.ഉ(സാധാ)നം.3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം പുറപ്പെടുവിച്ച പാലിയേറ്റീവ് മാർഗ്ഗരേഖ സ.ഉ(എം.എസ്)നം.553/2019/തസ്വഭവ തിയതി 07-03-2019 പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.* |

| | |
|---|---|
| | • ശാരീരിക പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങൾക്ക് അനുയോജ്യ മായ ഉപകരണങ്ങൾ, പരിഹാര സംവിധാനങ്ങൾ മുതലായവ ഏർപ്പെടു ത്തുന്നതിനുള്ള പ്രോജക്റ്റ് ഗ്രാമപഞ്ചായത്തിന്/നഗരസഭകൾക്ക് ഏറ്റെടു ക്കാവുന്നതാണ്. |

• *സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖ.7.1-സാമൂഹ്യ നീതി, 7.8-ദാരിദ്ര്യ ലഘൂകരണം എന്നീ ഭാഗങ്ങൾ കൂടി കാണുക.*

**6.6 അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപപദ്ധതി (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച്)**

**പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്** ഉപയോഗിച്ച് സേവനങ്ങൾ ഉറപ്പാ ക്കുവാൻ ഉപപദ്ധതി തയ്യാറാക്കേണ്ടതാണ്. *(നിലവിൽ പതിനഞ്ചാം ധന കാര്യ കമ്മീഷൻ).*

**അനുവദനീയമായ ഇനങ്ങൾ**

- കുടിവെള്ള പ്രോജക്റ്റുകൾ
- ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം
- മലിനജല നിർഗ്ഗമനം, ഖരമാലിന്യ പരിപാലനം
- ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ തുടങ്ങിയ സാമൂഹ്യ ആസ്തികളുടെ നിർമ്മാണവും അറ്റകുറ്റപ്പണിയും
- റോഡുകൾ, നടപ്പാതകൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണി യും
- തെരുവു വിളക്കുകൾ സ്ഥാപിക്കലും മെയ്ന്റനൻസും
- ശ്മശാനങ്ങൾ സ്ഥാപിക്കലും മെയ്ന്റനൻസും

## ധനകാര്യ കമ്മീഷൻ ഗ്രാന്റ് -തുടർ ഉത്തരവുകൾ (ഖ. 6.6)

### 1. അടിസ്ഥാന ഗ്രാന്റ് ഉപയോഗിക്കുന്നതിനുള്ള മാനദണ്ഡം

- **സ.ഉ(എം.എസ്)നം.300/2018/ധന തിയതി 17-8-2018**

- കേരള പഞ്ചായത്ത് രാജ് ആക്റ്റും കേരള മുനിസിപ്പാലിറ്റി ആക്റ്റും പ്രകാരം നിർവ്വഹിക്കേണ്ട പൗരസേവനങ്ങളായ കുടിവെള്ള വിതരണം, ശുചീകരണം, അഴുക്കുചാൽ ശുചീകരണം, മാലിന്യ നിർമ്മാർജ്ജനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, ഗതാഗതം, തെരുവു വിളക്കുകൾ കത്തിക്കൽ, മറ്റ് അടിസ്ഥാന ചെലവുകൾക്ക് മാത്രമേ അടിസ്ഥാന ഗ്രാന്റ് ഉപയോഗിക്കാവൂ.
- അടിസ്ഥാന ഗ്രാന്റ് ഉപയോഗിച്ചുള്ള പദ്ധതികൾ വികസന ഫണ്ട് പദ്ധതികളുടെ ഭാഗമായിരിക്കും.

### 2. പെർഫോമൻസ് ഗ്രാന്റ്

- **സ.ഉ(പി)നം. 15/2019/തസ്വഭവ തിയതി 27-2-2019**
- പതിനാലാം കേന്ദ്ര ധനകാര്യ കമ്മീഷൻ-2018-19, 2019-20 വർഷത്തേക്കുള്ള പെർഫോമൻസ് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഭേദഗതി ചെയ്തു.

### 3. പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ബാക്കി വിഹിതം

- **സ.ഉ(പി)നം.1512/2021/ഫിൻ തിയതി 18-02-2021**

പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയ 2019-20 ലെ ബില്ലുകൾ മാറുന്നതിനും സ്പിൽ ഓവർ പ്രവൃത്തികൾക്കുമായി തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി.

## 4. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം

### എ. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ഭേദഗതി വരുത്തിയ തുക അനുവദിച്ചു

- **സ.ഉ(അച്ചടി)നം.87/2020/ധന തിയതി 29-6-2020**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയ സാധാരണ വിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ ഭേദഗതി വരുത്തി.

### ബി. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - വിനിയോഗ മാനദണ്ഡങ്ങൾ

- **സ.ഉ(കൈ)നം.103/2020/തസ്വഭവ തിയതി 30-6-2020**

*2020-21 വർഷം മുതൽ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ മാനദണ്ഡങ്ങൾ പ്രകാരമാണ് ഗ്രാന്റ് അനുവദിച്ചു വരുന്നത്. ത്രിതല പഞ്ചായത്തുകൾക്കും 10 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരസഭകൾക്കും(86 എണ്ണം) അടിസ്ഥാന വിഹിതം (Basic Grant), പ്രത്യേക ഉദ്ദേശ ഗ്രാന്റ് (Special Purpose Grant/Tied Grant) എന്നിങ്ങനെ രണ്ട് ശീർഷകങ്ങളിലായി 50% വീതം തുക അനുവദിക്കുന്ന രീതി നിലവിൽ വന്നു. 10 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം മുനിസിപ്പാലിറ്റി ഉൾപ്പെടെയുള്ള ഏഴ് നഗര സഞ്ചയങ്ങൾക്ക് (Urban Agglomerations) പ്രത്യേക ഉദ്ദേശ ഗ്രാന്റ് മാത്രമാണ് (Tied Grant) അനുവദിച്ചിട്ടുള്ളത്.*

#### 1. ത്രിതല പഞ്ചായത്തുകൾ

#### (i) അടിസ്ഥാന വിഹിതം (50%)

- വികസന ഫണ്ട് ഉപയോഗിക്കുന്ന ഏത് ആവശ്യത്തിനും അടിസ്ഥാന വിഹിതം ഉപയോഗിക്കാവുന്നതാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ മുൻവർഷങ്ങളിൽ ഏറ്റെടുത്ത സ്പിൽ ഓവർ ബാധ്യത വഹിക്കുന്നതിനും വിഹിതം ഉപയോഗിക്കാം.
- *ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും അനുവദനീയമല്ല.*

### (ii) പ്രത്യേക ഉദ്ദേശ ഗ്രാന്റ് (50%)

താഴെ പറയുന്ന രണ്ടു ഘടകങ്ങൾക്കു മാത്രം ഉപയോഗിക്കേണ്ടതാണ്.

എ. ശുചിത്വം, ഖര-ദ്രവ മാലിന്യ സംസ്കരണം, വെളിയിട വിസർജ്ജന വിമുക്ത സ്ഥിതി (ODF status) നിലനിർത്തുന്നതിനും ODF+ പദവി കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കും.

ബി. കുടിവെള്ള പ്രോജക്റ്റുകൾ, മഴവെള്ളക്കൊയ്ത്ത്, ജലസംരക്ഷണവും ജലസ്രോതസ്സുകളുടെ പരിപോഷണവും; ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലത്തിന്റെ പുനരുപയോഗവും പുന:ചംക്രമണവും(reuse/recycling of water).

- ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുകളുമായി കൂടിയാലോചിച്ച് ശുചിത്വ-മാലിന്യ പൊതു പ്രോജക്റ്റുകൾ ഏറ്റെടുക്കാവുന്നതാണ്.
- ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപപദ്ധതി തയ്യാറാക്കുന്നതിനും അത് വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുമുള്ള സമയക്രമം നിശ്ചയിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

*(അസ്സൽ മാർഗ്ഗരേഖ കൂടി കാണുക)*

## 2. 10 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾ

### i. അടിസ്ഥാന വിഹിതം (50%)

- വികസന ഫണ്ട് ഉപയോഗിക്കുന്ന ഏത് ആവശ്യത്തിനും ഉപയോഗിക്കാം. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ മുൻവർഷങ്ങളിൽ ഏറ്റെടുത്ത സ്പിൽ ഓവർ ബാധ്യത വഹിക്കുന്നതിനും വിഹിതം ഉപയോഗിക്കാം.
- *ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും അനുവദനീയമല്ല.*

## ii. പ്രത്യേക ഉദ്ദേശ ഗ്രാന്റ് (50%)

താഴെ പറയുന്ന രണ്ടു ഘടകങ്ങൾക്കു മാത്രം ഉപയോഗിക്കേണ്ടതാണ്.

| | |
|---|---|
| എ. | കുടിവെള്ള പ്രോജക്റ്റുകൾ, മഴവെള്ളക്കൊയ്ത്ത്, ജലസംരക്ഷണവും ജല സ്രോതസ്സുകളുടെ പരിപോഷണവും; ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലത്തിന്റെ പുനരുപയോഗവും പുന:ചംക്രമണവും |
| ബി. | ശുചിത്വം, ഖര-ദ്രവ മാലിന്യ സംസ്കരണം, വെളിയിട വിസർജ്ജന വിമുക്ത സ്ഥിതി (ODF status) നിലനിർത്തുന്നതിനും ODF+, ODF++, ODF-SS തുടങ്ങിയ പദവികൾ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കും. |

## 3. 10 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗര സഞ്ചയങ്ങൾ

- *തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കോർപ്പറേഷനുകളും മലപ്പുറം മുനിസിപ്പാലിറ്റിയും.*

## പ്രത്യേക ഉദ്ദേശ ഗ്രാന്റ്

കുടിവെള്ള പ്രോജക്റ്റുകൾ, കുടിവെള്ള പ്രോജക്റ്റുകളുടെ നടത്തിപ്പ്, മഴവെള്ള ക്കൊയ്ത്ത്, ജലസംരക്ഷണവും ജലസ്രോതസ്സുകളുടെ പരിപോഷണവും; ജലാശ യങ്ങളുടെ പുനരുജ്ജീവനം, ജലത്തിന്റെ പുനരുപയോഗവും പുന:ചംക്രമണവും, ശുചിത്വം, കാര്യക്ഷമമായ ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ, വെളിയിട വിസർജ്ജന വിമുക്ത സ്ഥിതി (ODF status) നിലനിർത്തു ന്നതിനും ODF+, ODF++, ODF-SS തുടങ്ങിയ പദവികൾ കൈവരിക്കുന്നതിനു മുള്ള പ്രവർത്തനങ്ങൾക്കും.

(അസ്സൽ മാർഗ്ഗരേഖ കൂടി കാണുക)

## സി. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം-ഉന്നതതല കമ്മിറ്റി

- **ജി.ഒ(ആർടി)നം.2138/2020/തസ്വഭവ തിയതി 12-11-2020**

പ്രത്യേക ഉദ്ദേശ ഗ്രാന്റിന്റെ വിനിയോഗവും നഗരഭരണ സ്ഥാപനങ്ങളിൽ പതിന ഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനും ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചു.

## ഡി. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിനുള്ള 2021-22 ലെ ഉപപദ്ധതിയുടെ (CFC Sub Plan) മാർഗ്ഗരേഖ

- **സ.ഉ(സാധാ)നം.591/2021/തസ്വഭവ തിയതി 25-02-2021**

സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണ സമിതിയും ചേർന്ന് സി.എഫ്.സി ഉപപദ്ധതി പ്രകാര മുള്ള പ്രോജക്റ്റുകൾക്ക് അന്തിമ രൂപം നൽകണം.

യഥാർത്ഥ വിഹിതം അറിവാകുമ്പോൾ ഭരണ സമിതിയുടെ അംഗീകാരത്തോടെ സുലേഖാ സോഫ്റ്റ്‌വെയറിൽ പ്രോജക്റ്റുകൾ തയ്യാറാക്കി ഡി.പി.സിക്ക് സമർപ്പി ക്കേണ്ടതാണ്.

## ഇ. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - പ്രത്യേക ബാങ്ക് അക്കൗണ്ട്

- **ജി.ഒ(ആർടി)നം.2260/2021/ഫിൻ തിയതി 12-03-2021**

PFMS പ്ലാറ്റ്ഫോമിലൂടെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് സ്വീകരിക്കുന്നത നായി തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി.

## എഫ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ധനവിനിയോഗം- പുതുക്കിയ നിർദ്ദേശങ്ങൾ

- **ജി.ഒ(പി)നം.50/2021/ഫിൻ തിയതി 12-03-2021**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഒരു സർക്കാർ ഉത്തരവിലൂടെ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതാണ്. ആയതനുസരിച്ച് കേന്ദ്ര സർക്കാർ തുക കൈമാറി പത്തു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ സഞ്ചിതനിധിയിൽ നിന്നും തദ്ദേശ സ്ഥാപനങ്ങൾ തുറന്നിട്ടുള്ള പി.എഫ്.എം.എസ് അക്കൗണ്ടിലേക്ക് മാറ്റേണ്ട തുമാണ്.

## ജി. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 2021-22 ലെ ബജറ്റ് പ്രകാരമുള്ള വിഹിതം

- **ജി.ഒ(പി)നം.53/2021/ഫിൻ തിയതി 18-03-2021**

2021-22 ലെ ബജറ്റ് പ്രകാരമുള്ള സി.എഫ്.സി വിഹിതം തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ചു. ത്രിതല പഞ്ചായത്തുകൾക്കും 10 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾക്കും അനുവദിച്ച വിഹിതത്തിൽ 40% അടിസ്ഥാന ഗ്രാന്റും 60% പ്രത്യേക ഉദ്ദേശ ഗ്രാന്റുമാണുള്ളത്. 10 ലക്ഷത്തിനു മുകളിൽ ജനസംഖ്യയുള്ള 7 നഗര സഞ്ചയങ്ങൾക്ക് പ്രത്യേക ഉദ്ദേശ ഗ്രാന്റ് മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

## 6.7 ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan)

- മെയ്ന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതു ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്റ്റുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.
- തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലേയും സർക്കുലറുകളിലേയും നിബന്ധനകൾ പാലിക്കേണ്ടതാണ്.
- ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണ്.
- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക തുടങ്ങിയവയ്ക്കു വേണ്ടി ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്.
- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് പുറമേ സ്ഥാപനങ്ങളിൽ ആധുനിക സംവിധാനങ്ങളും സജ്ജീകരണങ്ങളും ഏർപ്പെടുത്തുവാനും സേവനം മെച്ചപ്പെടുത്തുന്നതിനുള്ള ഉപകരണങ്ങളും വാങ്ങാവുന്നതാണ്.
- ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. ഉപകരണങ്ങൾ വാങ്ങുക, അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ടോയ്ലറ്റുകൾ നിർമ്മിക്കുക, മോർച്ചറി സൗകര്യം വർദ്ധിപ്പിക്കുക, ഫർണീച്ചറും കമ്പ്യൂട്ടറും വാങ്ങുക മുതലായ പ്രവൃത്തികൾക്ക് റോഡിതര മെയ്ന്റനൻസ് വിഹിതം ഉപയോഗിക്കാവുന്നതാണ്.
- പൊതു സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണികളുടെ പുനരുദ്ധാരണത്തിന് റോഡിതര മെയ്ന്റനൻസ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

| | |
|---|---|
| | • സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പ് പൂർത്തീകരിക്കുന്ന വിധത്തിൽ ക്രമീകരിക്കേണ്ടതാണ്. |

| 6.8 | **സദ്ഭരണ പദ്ധതി** |
|---|---|
| | • സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സദ്ഭരണ നിർവ്വഹണം സാധ്യമാക്കുന്നതിനും പദ്ധതി തയ്യാറാക്കേണ്ടതാണ്.<br>• സുതാര്യത, ജനപങ്കാളിത്തം തുടങ്ങിയ സദ്ഭരണ തത്വങ്ങൾ ഉൾക്കൊണ്ടുള്ള കാര്യക്ഷമവും നീതിയുക്തവുമായ ഭരണം കാഴ്ചവെക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉണ്ടാകണം.<br>• പൗരാവകാശരേഖ, അറിയാനുള്ള അവകാശ നിയമം, സേവനാവകാശ നിയമം മുതലായവ പദ്ധതിയിൽ പരിഗണിക്കേണ്ടതാണ്.<br>• അയൽ സഭകൾ, ഗ്രാമസഭകൾ/വാർഡ്സഭകൾ/വാർഡ് കമ്മിറ്റികൾ, തദ്ദേശഭരണ സ്ഥാപനതല ആസൂത്രണ സമിതി, ജനകീയ സമിതികൾ മുതലായവ ഉപയോഗപ്പെടുത്തിയും ഭൗതിക സൗകര്യങ്ങൾ, ഇ-ഗവർണൻസ്, രേഖകളുടെ സൂക്ഷിപ്പ് തുടങ്ങിയവ മെച്ചപ്പെടുത്തി എങ്ങനെ സദ്ഭരണം സാധ്യമാക്കാം എന്ന് പരിശോധിച്ച് നിർദ്ദേശങ്ങൾ പദ്ധതിയുടേയും പദ്ധതിരേഖയുടേയും ഭാഗമാക്കേണ്ടതാണ്.<br>• പൊതുജനങ്ങളുടെ പരാതികൾ കേൾക്കുവാനും പരിഹാരം കാണുന്നതിനുമുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്. |

## 7. വികസന മേഖലകൾക്കുള്ള നിർദ്ദേശങ്ങൾ

ഓരോ വികസന മേഖലയ്ക്കുമുള്ള നിർദ്ദേശങ്ങൾ കഴിയുന്നിടത്തോളം പാലിച്ചു കൊണ്ട് പ്രോജക്റ്റുകൾ തയ്യാറാക്കേണ്ടതാണ്.

| ക്രമ നം. | മേഖലയും പ്രധാന നിർദ്ദേശങ്ങളും |
|---|---|
| 7.1 | **ഹരിത കേരളം മിഷൻ**<br>• നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി നാല് വികസന മിഷനുകളിൽ ഒന്നാണ് ഹരിത കേരള മിഷൻ.<br>• കൃഷി വികസനം, ജല സംരക്ഷണം, ശുചിത്വ-മാലിന്യ സംസ്കരണം എന്നീ മൂന്ന് ഉപദൗത്യങ്ങളാണ് ഹരിതകേരള മിഷനുള്ളത്.<br>• ഹരിത കേരള മിഷന്റെ ഭാഗമായി പുറപ്പെടുവിച്ച മേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ  പരിഗണിച്ചു വേണം ഈ മേഖലകളിലെ പദ്ധതി തയ്യാറാക്കേണ്ടത്.<br>• മൂന്ന് മേഖലകളിലേയും ലക്ഷ്യം കൈവരിക്കുന്നതിനുള്ള പിന്തുണാ സംവിധാനമായി ഹരിത കേരള മിഷൻ പ്രവർത്തിക്കുന്നതാണ്. |
| | **എ. കൃഷി വികനം**<br>• സംയോജിത നീർത്തട പരിപാലന സമീപനം ഉണ്ടാകണം.<br>• ഭക്ഷ്യോത്പാദനം, സംയോജിത കൃഷി രീതികൾ, മണ്ണ്-ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, വനവത്കരണം, ഭക്ഷ്യ വിളകളുടെ വിള വിസ്തൃതി വർദ്ധിപ്പിക്കൽ, ജൈവകൃഷി, ജൈവവളം, ജൈവ കീടനാശിനി, മൂല്യ വർദ്ധിത ഉത്പ്പന്നങ്ങൾ, വിപണന ചന്തകൾ, തരിശൂഭൂമിയിൽ കൃഷി തുടങ്ങിയ വിഷയങ്ങൾ പരിഗണിക്കേണ്ടതാണ്.<br>• കാർഷിക പദ്ധതികൾ, മഹാത്മാഗാന്ധി/അയ്യങ്കാളി തൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം.<br>*(അസ്സൽ ഖണ്ഡിക കൂടി കാണുക)* |

## ബി. ജല സംരക്ഷണം

- ജലസേചന പ്രോജക്റ്റുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖര സമിതി/ കർഷക കൂട്ടായ്മ/ ഗുണഭോക്തൃ സമിതി എന്നിവയുടെ ചുമതലയായി പ്രോജക്റ്റിൽ വിഭാവനം ചെയ്യണം.
- എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം എന്നത് ലക്ഷ്യമായിരിക്കണം.
- ജല വിതരണത്തേക്കാൾ ജല സംരക്ഷണത്തിന് മുൻഗണന.
- ജലലഭ്യത ഉറപ്പാക്കി വിദഗ്ദ്ധരെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയതിനു ശേഷം മാത്രമേ കുടിവെള്ള പ്രോജക്റ്റുകൾ തയ്യാറാവാൻ പാടുള്ളൂ.
- ഗാർഹിക കണക്ഷനുകൾക്ക് സബ്സിഡി നൽകാവുന്നതാണ്.
- എല്ലാ കുടിവെള്ള പ്രോജക്റ്റുകൾക്കും പരമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രോജക്റ്റിൽ ഉൾപ്പെടുത്തണം.
- കുടിവെള്ള പ്രോജക്റ്റുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണെന്ന് പ്രോജക്റ്റിൽ വ്യവസ്ഥ ചെയ്യണം.
- പട്ടികജാതി, പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ ആവർത്തനച്ചെലവുകളിലെ വിഹിതം അതാത് മേഖലകളിലെ വിഹിതത്തിൽ നിന്നും ആവശ്യമെങ്കിൽ വകയിരുത്താവുന്നതാണ്.
- അങ്കണവാടികൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ എന്നിവയിലേക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രോജക്റ്റുകൾക്ക് മുൻഗണന നൽകണം.
- ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ കുടിവെള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കാവുന്നതാണ്.

| | **സി. ശുചിത്വം, മാലിന്യ സംസ്കരണം**<br>• ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കേണ്ടതും അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കേണ്ടതുമാണ്.<br>• ആവർത്തന ചെലവുകൾ തനതു ഫണ്ടിൽ നിന്നും കണ്ടെത്തണം.<br>• ഗ്രാമപഞ്ചായത്തുകൾക്ക്/നഗരസഭകൾക്ക് കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകാവുന്നതാണ്.<br>• മാലിന്യ സംസ്കരണ പ്രോജക്റ്റുകളുടെ ചുമതല എഞ്ചിനിയറിംഗ് വിഭാഗത്തിനാണ്.<br>• ലളിതമായ പ്രോജക്റ്റുകളുടെ ചുമതല വി.ഇ.ഒ മാരെ/ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരെ ഏൽപ്പിക്കാവുന്നതാണ്.<br>• ശുചിത്വ മിഷൻ, ക്ലീൻ കേരള മിഷൻ എന്നിവരുടെ സാങ്കേതിക സഹായം തേടാവുന്നതാണ്. |
|---|---|

- *സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖ.6.1-കൃഷി, 6.5-മണ്ണ്-ജലസംരക്ഷണം, 6.8-ഖര-ദ്രവ മാലിന്യ സംസ്കരണം എന്നീ ഭാഗങ്ങൾ കൂടി കാണുക.*

## കൃഷി വികസനം - തുടർ ഉത്തരവുകൾ (ഖ. 7.1.എ)

### 1. നാളികേര വികസനം

- **സ.ഉ(സാധാ)നം. 1510/2018/തസ്വഭവ തിയതി 2-6-2018**

- നാളികേര വികസനവുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ നടപ്പാക്കുന്ന ഇംപ്ലിമെന്റിംഗ് ഏജൻസിയായി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളുടെ കൺസോർഷ്യത്തെ അംഗീകരിച്ചു.

## 2. കോവിഡ്-19-സുഭിക്ഷ കേരളം-ഭക്ഷ്യോത്പാദന വർദ്ധനവിനുള്ള മഹായജ്ഞം-മാർഗ്ഗരേഖ

- **സ.ഉ(കൈ)നം.14/2020/ആ.സാ.വ തിയതി 18-05-2020**

➢ *കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക എന്നതാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം.*

➢ കേരളത്തിന്റെ ഭക്ഷ്യോത്പ്പന്ന വിപണിയെ ഉപയോഗിച്ചുകൊണ്ട് ഉത്പാദനം വർദ്ധിപ്പിക്കുവാനും വരുമാനവും സംരംഭങ്ങളും തൊഴിലും സൃഷ്ടിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്.

➢ ജനപങ്കാളിത്തത്തോടെ വിപുലമായ കാമ്പയിൻ മാതൃകയിലാണ് പദ്ധതി നടപ്പാക്കുക.

➢ കൃഷി, തദ്ദേശ സ്വയംഭരണം, ക്ഷീരവികസനം, ഫിഷറീസ്, ജലവിഭവം, സഹകരണം, വ്യവസായം എന്നീ വകുപ്പുകളുടേയും പ്രാദേശിക സർക്കാരുകളുടേയും നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുക.

➢ കേരളത്തിലെ ഓരോ വ്യക്തിയും കുടുംബവും കൃഷിയിൽ പങ്കെടുത്തുകൊണ്ടുള്ള സംഭാവനയാണ് ലക്ഷ്യമിടുന്നത്.

### ലക്ഷ്യങ്ങൾ

➢ നെല്ല്, പഴ വർഗ്ഗങ്ങൾ, മരച്ചീനി ഉൾപ്പെടെയുള്ള കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറി പയർ വർഗ്ഗങ്ങൾ, മുട്ടക്കോഴി, പാൽ, ആട്, പോത്ത്, പന്നി, മത്സ്യം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക.

➢ ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ (safe to eat) ഉത്പാദനം വർദ്ധിപ്പിക്കുകയും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുകയും ചെയ്യുക.

- പരമ്പരാഗത കൃഷിവിജ്ഞാനം ഉൾക്കൊണ്ടുതന്നെ നവീന കൃഷിരീതികൾ പ്രോൽസാഹിപ്പിക്കുന്നതിലൂടെ കാർഷിക-അനുബന്ധ മേഖലകൾക്ക് പുതുജീവൻ നൽകുകയും അതുവഴി കർഷകരുടേയും കർഷക തൊഴിലാളികളുടേയും വരുമാനം വർദ്ധിപ്പിക്കുകയും ക്ഷേമം ഉറപ്പാക്കുകയും ചെയ്യുക.
- യുവജനങ്ങൾ, തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിവരുന്ന പ്രവാസികൾ, വിശ്രമ ജീവിതം നയിക്കുന്നവർ തുടങ്ങി കൂടുതൽ പേരെ കൃഷി അനുബന്ധ മേഖലകളിലേക്ക് ആകർഷിക്കുക, അവർക്ക് ന്യായമായ വരുമാനം ഉറപ്പാക്കുക.
- സമ്പദ് വ്യവസ്ഥയിൽ കാർഷികാനുബന്ധ മേഖലകളുടെ സംഭാവന വർദ്ധിപ്പിക്കുക, ഭക്ഷ്യോത്പന്ന വിപണിയെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉപയോഗപ്പെടുത്തുക.
- കാർഷികോത്പന്നങ്ങളിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകുക.
- പരിസ്ഥിതി സംരക്ഷിക്കുക.

## സമീപനം

- തരിശ് നിലവും തരിശ് ഭൂമിയും പുരയിടങ്ങളും വീട്ടുവളപ്പും ടെറസുകളും എല്ലാം ഉത്പാദന കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാന തത്വം. അത് യാഥാർത്ഥ്യമാക്കുന്നതിന് കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം ഫിഷറീസ്, ജലവിഭവം തുടങ്ങിയ വകുപ്പുകളുടേയും ഹരിത കേരളം-കുടുംബശ്രീ-തൊഴിലുറപ്പു മിഷനുകളുടേയും ബന്ധപ്പെട്ട മറ്റു വികസന സ്ഥാപനങ്ങളുടേയും എല്ലാം പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനതലത്തിൽ കേന്ദ്രീകരിക്കുന്ന രീതിയിലുള്ള ഏകോപനം അത്യാവശ്യമാണ്.
- വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രത്യേകം പ്രത്യേകം പദ്ധതികൾ എന്ന പതിവ് രീതിക്ക് പകരം ഈ മേഖലകളിൽ തദ്ദേശ ഭരണ സ്ഥാപനത്തിനുവേണ്ടി ഒറ്റ പദ്ധതി (single plan) തയ്യാറാക്കുകയും തുടർന്ന് പദ്ധതിയിലെ വിവിധ ഘടകങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളും വകുപ്പുകളും

നിർവ്വഹണം നടത്തുക എന്നതാണ് സുഭിക്ഷ കേരളം പദ്ധതിയുടെ മുഖ്യ സമീപനം.

- *ഭക്ഷ്യോത്പന്ന വർദ്ധനവിനൊപ്പം തൊഴിലും വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ.ഉ(കൈ)നം.45/2020/തസ്വഭവ തിയതി 6-3-2020 പ്രകാരം പ്രഖ്യാപിച്ച 12 ഇന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം എന്ന പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്.*
- *ഇതേ ഉത്തരവിലെ ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടുവളർത്തൽ പദ്ധതി സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്.*

*(കൂടുതൽ വിശദാംശങ്ങൾക്ക് അസ്സൽ മാർഗ്ഗരേഖ പരിശോധിക്കുക).*

## 3. സുഭിക്ഷ കേരളം പദ്ധതി-വിളകൾക്ക് ന്യായവില ഉറപ്പാക്കൽ

- **സർക്കുലർ നം.ഡി.എ.1/140/2020-തസ്വഭവ തിയതി 03-08-2020**

സുഭിക്ഷ കേരളം പദ്ധതി പ്രകാരം ഉത്പാദിപ്പിക്കുന്ന പച്ചക്കറിക്കും മറ്റു കാർഷിക വിളകൾക്കും ന്യായമായ വില ഉറപ്പാക്കുവാനും വിപണന സൗകര്യം ഒരുക്കുവാനും തദ്ദേശ സ്ഥാപനങ്ങൾ ഇടപെടേണ്ടതാണെന്ന് നിർദ്ദേശിച്ചു. ഡി.ഡി.പി, എ.ഡി.സി(ജനറൽ) എന്നിവർ ജില്ലാതലത്തിലും നഗരപ്രദേശങ്ങളിൽ ആർ.ജെ.ഡിയും അവലോകനം നടത്തേണ്ടതാണ്.

## 4. സുഭിക്ഷ കേരളം പദ്ധതി-അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതിക്കു കീഴിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളിലെ മാനദണ്ഡങ്ങളിൽ താത്കാലിക ഇളവ്

- **സ.ഉ(സാധാ)നം. 1953/2020/ത.സ്വ.ഭ.വ തിയതി 19-10-2020**

സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതിക്കു കീഴിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളിൽ ദുർബല വിഭാഗങ്ങൾക്ക് നൽകിയിരുന്ന മുൻഗണന ആവശ്യമെങ്കിൽ ഒഴിവാക്കുവാൻ നഗരസഭകൾക്ക് നടപ്പു സാമ്പത്തിക വർഷത്തേക്കുമാത്രം അനുമതി നൽകി.

✓ *സ.ഉ(സാധാ)നം.1009/2020/തസ്വഭവ തിയതി 29-05-2020 ൽ സുഭിക്ഷ കേരളം പദ്ധതി പ്രകാരം അനുവദനീയമായ സബ്സിഡിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്*

## ജലസംരക്ഷണം –തുടർ ഉത്തരവുകൾ (7.1.ബി)

### 1. കിണർ റീചാർജ്ജിംഗ്

- **സ.ഉ(സാധാ)നം. 2867/2018/തസ്വഭവ തിയതി 8-11-2018**

- കിണർ റീചാർജ്ജിംഗിന് പ്രോജക്റ്റുകൾ ഏറ്റെടുക്കുമ്പോൾ പരമാവധി എം.ജി. എൻ.ആർ.ഇ.ജി.എസ് പദ്ധതിയുമായി ബന്ധിപ്പിച്ച് നടപ്പാക്കണമെന്ന നിബന്ധന യോടെ ഡി.പി.സി തെരഞ്ഞെടുക്കുന്ന അംഗീകൃത ഏജൻസികളെക്കൊണ്ട് നട പ്പാക്കുന്നതിനും ബന്ധപ്പെട്ട ഓവർസിയർ/എഞ്ചിനിയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ഏജൻസിക്ക് നേരിട്ട് ബിൽ തുക നൽകുന്നതിനും അനുമതി നൽകി.

- *സർക്കുലർ നം. ഡി.സി.2/343/2017/ത.സ്വ.ഭ.വ തിയതി 22-8-2017 പ്രകാരം കിണർ റീചാർജ്ജിംഗിനായി നിർദ്ദേശിച്ചിട്ടുള്ള നിരക്ക് ഉയർന്ന പരിധിയായി കണക്കാക്കേണ്ടതാണ്.*

## ശുചിത്വ മാലിന്യ സംസ്കരണം –തുടർ ഉത്തരവുകൾ (7.1.സി)

### 1. ശുചിത്വ-മാലിന്യ സംസ്കരണ ഉപമേഖലയിൽപെടുന്ന ഖര-ദ്രവ മാലിന്യ സംസ്കരണ പ്രോജക്റ്റുകൾക്ക് സാങ്കേതികാനുമതി

- **ജി.ഒ(ആർടി)നം.1898/2020/തസ്വഭവ തിയതി 14-10-2020**

വികസന ഫണ്ട്, തനത് ഫണ്ട്, ഇതര ഗ്രാന്റുകൾ, സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട്, സി.എസ്.ആർ ഫണ്ട് എന്നിവയിൽ നിന്നും തുക വകയി രുത്തി തയ്യാറാക്കുന്ന പ്രോജക്റ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം പുതുക്കി നിശ്ചയിച്ചു. (അസ്സൽ ഉത്തരവ് കാണുക)

### 2. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി - പെർഫോമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റിന്റെ വിനിയോഗം

- **ജി.ഒ(ആർടി)നം.174/2021/തസ്വഭവ തിയതി 22-01-2021**

ഗ്രാമപഞ്ചായത്തുകൾ എം.സി.എഫുകൾ, ആർ.ആർ.എഫ് കെട്ടിടങ്ങൾ, എയ്റോ ബിക് കമ്പോസ്റ്റ് യൂണിറ്റുകൾ മുതലായവയ്ക്ക് മുൻഗണന നൽകി ഏറ്റെടുക്കു ന്നത് പരിഗണിക്കേണ്ടതാണ്.

വ്യക്തിഗത കക്കൂസുകളുടേയും കമ്പോസ്റ്റ് പിറ്റ്/സോക്ക് പിറ്റുകളുടേയും നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റ്

നൽകുന്നതിനുള്ള ചുമതല എഞ്ചിനിയർക്കു പുറമേ ഓവർസിയർ, എം.എൻ.ആർ. ഇ.ജി.എസ് എഞ്ചിനിയർ/ ഓവർസിയർ എന്നിവർക്കും കൂടി നൽകി.

**3. സ്വച്ഛ് ഭാരത് മിഷൻ (അർബൻ)-ശുചിത്വ മാലിന്യ സംസ്കരണം - അവബോധം സൃഷ്ടിക്കുന്നതിന് തുക ചെലവഴിക്കൽ**

- **ജി.ഒ(ആർഡി)നം.828/2021/തസ്വഭവ തിയതി 31-03-2021**

ശുചിത്വ-മാലിന്യ പരിപാലന രീതികൾ പൊതുജനങ്ങളെ പരിചയപ്പെടുത്തി അനുകൂല മനോഭാവം വളത്തുന്നതിനുള്ള ബോധവത്ക്കരണവുമായി ബന്ധപ്പെട്ട് സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയിലെ Information Education and Communication (IEC) ഘടകത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിന് ശുചിത്വ മിഷൻ അനുമതി നൽകി.

## 7.2 മൃഗസംരക്ഷണം, ക്ഷീര വികസനം

- പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുക.
- മൃഗസംരക്ഷണ മേഖലയിലെ തൊഴിൽ പ്രോൽസാഹനം.
- വായ്പാബന്ധിത പ്രോജക്റ്റുകളിൽ ബാക്ക് എൻഡഡ് സബ്സിഡി നൽകുന്ന രീതി അവലംബിക്കണം.

- *സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖ.6.2-മൃഗസംരക്ഷണം-ക്ഷീര വികസനം എന്ന ഭാഗം കൂടി കാണുക.*

## 7.3 മത്സ്യബന്ധനം

- മത്സ്യ സമ്പത്തിന്റെ സുസ്ഥിര പ്രോൽസാഹനം, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനവും നിലനിൽപ്പും സാമൂഹ്യ-സാമ്പത്തിക വികസനവും പുനരധിവാസവും ഉറപ്പു വരുത്തുക.

- *സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖ.6.3-മത്സ്യബന്ധന മേഖല എന്ന ഭാഗം കൂടി കാണുക.*

## തുടർ ഉത്തരവുകൾ

### 1. സുഭിക്ഷ കേരളം-മത്സ്യമേഖലയിലെ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ

- *സ.ഉ(സാധാ)നം.159/2021/തസ്വഭവ തിയതി 20-01-2021*

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രോജക്റ്റ് നിർവ്വഹണം സുഗമമാക്കുന്നതിന് ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ചുമതല നൽകി.

| സ്ഥാപനം | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|
| ഗ്രാമപഞ്ചായത്ത് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ/അസി. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ/ഫിഷറീസ് ഓഫീസർ |
| ബ്ലോക്ക് പഞ്ചായത്ത് | അസി.ഡയറക്ടർ, ഫിഷറീസ് |
| ജില്ലാ പഞ്ചായത്ത് | 1. അസി.ഡയറക്ടർ, ഫിഷറീസ് (പത്തനംതിട്ട, ഇടുക്കി, വയനാട്)/ ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് (പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളിൽ ഒഴികെ)<br>2. ഹെഡ് മാസ്റ്റർ, ഫിഷറീസ് സ്കൂൾ |
| മുനിസിപ്പാലിറ്റി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| കോർപ്പറേഷൻ | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് |

| 7.4 | **ചെറുകിട വ്യവസായവും പരിശീലനവും** |
|---|---|
| | • ചെറുകിട വ്യവസായങ്ങൾ. സൂക്ഷ്മ സംരംഭങ്ങൾ, തൊഴിൽ പരിശീലനങ്ങൾ.<br>*(വിശദാംശങ്ങൾക്ക് അസ്സൽ മാർഗ്ഗരേഖ കാണുക)* |

## ചെറുകിട വ്യവസായം-തുടർ ഉത്തരവുകൾ

### 1. കുടുംബശ്രീയുടെ സാനിറ്ററി നാപ്കിൻ യൂണിറ്റുകളെ ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കി

- **ജി.ഒ(ആർടി)നം. 1872/2021/തസ്വഭവ തിയതി 12-10-2020**

കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന സാനിറ്ററി നാപ്കിനുകളുടെ വില, നിലവിൽ മാർക്കറ്റിൽ ലഭ്യമാകുന്ന നിലവാരമുള്ള പോപ്പുലർ ബ്രാന്റുകളിൽ ഏറ്റവും താഴ്ന്ന മാർക്കറ്റ് നിരക്ക് ഏതാണോ, ആ നിരക്കിന്റെ പരമാവധി 25% വരെ ഉയർന്ന നിരക്കിൽ (L1+25%) വിതരണം ചെയ്യുന്നതിന് സാനിറ്ററി നാപ്കിൻ യൂണിറ്റുകളെ ഒരു വർഷത്തേക്ക് ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കി.

| 7.5 | **ഊർജ്ജം** |
| --- | --- |
| | • പ്രാദേശികമായി സാധ്യമായ ഊർജ്ജോൽപാദന യൂണിറ്റുകൾ ജില്ലാ പഞ്ചായത്തുകൾ/നഗരസഭകൾ ഏറ്റെടുക്കണം.<br>• വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കണം.<br>• ത്രിതല പഞ്ചായത്തുകൾക്ക് കൂട്ടായോ ഒറ്റയ്ക്കോ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള പ്രോജക്റ്റുകൾ എറ്റെടുക്കാവുന്നതാണ്.<br>• സ്ഥാപനങ്ങൾക്ക് സ്വന്തമായി സൗരോർജ്ജ ഉൽപാദന യൂണിറ്റുകൾ അനർട്ടിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സ്ഥാപിക്കാവുന്നതാണ്. അധിക വൈദ്യുതി, വൈദ്യുതി ബോർഡിന് നൽകുന്ന സ്ഥാപനങ്ങൾക്ക് ഓഫീസുകളിൽ എയർ കണ്ടീഷണർ സ്ഥാപിക്കാവുന്നതാണ്.<br>• പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പ്രോൽസാഹനം.<br>• അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനം. |

- *സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖ.6.9-അക്ഷയ ഊർജ്ജം, ഖ. 7.9-തെരുവു വിളക്കുകൾ എന്നീ ഭാഗങ്ങൾ കൂടി കാണുക.*

## ഊർജ്ജം-തുടർ ഉത്തരവുകൾ (ഖ. 7.5)

### 1. ഊർജ്ജ കേരള മിഷൻ-ഇ-സേഫ് പദ്ധതി-SC, ST, BPL കുടുംബങ്ങൾക്ക് ELCB-റീവയറിംഗിന് സഹായം

- **സ.ഉ(സാധാ)നം.192/2020/തസ്വഭവ തിയതി 24-1-2020**
- SC, ST, BPL വിഭാഗത്തിൽപ്പെട്ടവർക്ക് റീ വയറിംഗ് ചെയ്ത് ELCB അടക്കമുള്ള സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഒരു കുടുംബത്തിന് 12,287 രൂപ ചെലവ് വരുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുമതി നൽകി.
- കണക്റ്റഡ് ലോഡ് 500 വാട്ടിൽ താഴെയും മാസ ഉപഭോഗം 20 യൂണിറ്റിൽ കുറവുമുള്ള കുടുംബത്തിന് ധനസഹായം നൽകാവുന്നതാണ്.

| 7.6 | **വിദ്യാഭ്യാസം** |
|---|---|
| | • **പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ** മാർഗ്ഗരേഖകൾ കണക്കിലെടുത്ത് പ്രോജക്റ്റുകൾ നടപ്പാക്കാവുന്നതാണ്.<br>• സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ സൗകര്യം ഒരുക്കൽ.<br>• എസ്.എസ്.എ, ആർ.എം.എസ്.എ പ്രോജക്റ്റുകൾക്ക് തുക വകയിരുത്തണം.<br>• പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ പ്രോജക്റ്റുകൾ എസ്.എസ്.എ, ആർ.എം.എസ്.എ, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പാക്കിയതിനുശേഷം ഏറ്റെടുക്കാവുന്നതാണ്.<br>• സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ കാര്യത്തിൽ അവയുടെ നടത്തിപ്പിന് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുക.<br>• സ്കൂളുകളിൽ ഫർണീച്ചർ ലഭ്യമാക്കുന്നതിന് മുൻഗണന.<br>• സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതാണ്.<br>• സന്നദ്ധ പ്രവർത്തകരെ പങ്കെടുപ്പിച്ച് പഠന പരിപോഷണം ഉൾപ്പെടെയുള്ള പരിപാടികൾ.<br>• എല്ലാ സർക്കാർ സ്കൂളുകളിലും യൂറിനലുകളും ടോയ്‌ലറ്റുകളും വാഷ്ബെയ്സിനും അവയിൽ ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിനുശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്.<br>• സർക്കാർ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളിനോട് ചേർന്നുള്ള എൽ.പി/യു.പി സ്കൂളുകളിലെ പശ്ചാത്തല വികസന പ്രോജക്റ്റുകൾ |

| | |
|---|---|
| | ജില്ലാ പഞ്ചായത്തിന്റെ സമ്മതത്തോടെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.<br>• ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള എൽ.പി/യു.പി സ്കൂളുകളിലെ പശ്ചാത്തല വികസന പ്രോജക്റ്റുകൾ ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടെ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം.<br>• സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ലൈബ്രറികളുടെ പശ്ചാത്തല സൗകര്യം.<br>• ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണീച്ചർ, കെട്ടിടം എന്നിവയ്ക്കുള്ള പ്രോജക്റ്റുകൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്<br>• സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, പാഠപുസ്തകങ്ങളുടെ വില നൽകൽ, ഫീസ് നൽകൽ എന്നിവ ഏറ്റെടുക്കാവുന്നതാണ്.<br>• **നിർഭയ പദ്ധതി** പ്രകാരമുള്ള തായ്ക്വണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന ഇത്തരം പരിപാടികളുടെ പരിശീലകരായി സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള അദ്ധ്യാപകരെ നിയമിക്കേണ്ടതാണ്.<br>• ***നഗരസഭകൾക്ക്*** *വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം നൽകുന്നതിനുള്ള പ്രോജക്റ്റ് ആയുഷ് വകുപ്പിന്റെ സഹകരണത്തോടെ ഏറ്റെടുക്കാവുന്നതാണ്.*<br>• വിവിധ പദ്ധതികളുടെ ഭാഗമായി വാങ്ങിയ വാഹനങ്ങളുടെ ഇന്ധനച്ചെലവ്, ഡ്രൈവറുടെ വേതനം, മറ്റ് ആവർത്തനച്ചെലവുകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുവാൻ പാടില്ല. |

- *സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖ.7.3-വിദ്യാഭ്യാസം എന്ന ഭാഗം കൂടി കാണു.*

## വിദ്യാഭ്യാസം -തുടർ ഉത്തരവുകൾ (ഖ. 7.6)

### 1. സാക്ഷരതാ മിഷൻ പദ്ധതികൾ

- **സ.ഉ(സാധാ)നം. 1173/2018/തസ്വഭവ തിയതി 24-04-2018**
- സാക്ഷരതാ മിഷന്റെ സാമൂഹ്യ സാക്ഷരതാ പദ്ധതികൾ ഉൾപ്പെടെ എല്ലാ പദ്ധതികൾക്കും കോഴ്സുകൾക്കും തുക വകയിരുത്തുവാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി.

### 2. സാക്ഷരതാ മിഷൻ പ്രവർത്തനങ്ങൾക്കുള്ള വിഹിതം

- **സർക്കുലർ നം. ഡി.എ1/286/2019-തസ്വഭവ തിയതി 25-09-2019**
- മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ ഇനങ്ങൾക്ക് പൊതുവിഭാഗം വികസന ഫണ്ടിനോടൊപ്പം പട്ടികജാതി, പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ആവശ്യമായ തുക എസ്.സി.പി/ടി.എസ്.പി വിഹിതത്തിൽ നിന്നും വകയിരുത്താവുന്നതാണ്.

### 3. ലൈബ്രറികളോടനുബന്ധിച്ച് പൊതു ശൗചാലയങ്ങൾ

- **സ.ഉ(സാധാ)നം.171/2020/തസ്വഭവ തിയതി 22-01-2020, ജി.ഒ(ആർടി)നം.1731/2020/തസ്വഭവ തിയതി 23-09-2020 & ജി.ഒ(ആർടി)നം.15/2021/തസ്വഭവ തിയതി 04-01-2021**
- സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളോടനുബന്ധിച്ച് പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി. സാങ്കേതിക സഹായം കോസ്റ്റ് ഫോർഡ് നൽകേണ്ടതാണ്. (ഉത്തരവ് കാണുക). 23-09-2020 ലെ ഉത്തരവു പ്രകാരം നിർവ്വഹണ കാലാവധി 31-03-2021 വരെ ദീർഘിപ്പിച്ചു. 04-01-2021 ലെ ഉത്തരവു പ്രകാരം ശൗചാലയ നിർമ്മാണത്തിനായി അധിക നിബന്ധനകൾ പുറപ്പെടുവിച്ചു.

<table>
<tr><td>7.7</td><td>ആരോഗ്യ സുരക്ഷ</td></tr>
<tr><td></td><td>
1. ആരോഗ്യ സംരക്ഷണം<br>
• ആരോഗ്യ പ്രോജക്റ്റുകൾ ആർദ്രം മിഷനുമായി സംയോജിപ്പിച്ച് നടപ്പാക്കുന്ന രീതിയിൽ തയ്യാറാക്കണം.<br>
• കൈമാറിക്കിട്ടിയ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം ഉയർത്തണം.<br>
• പാലിയേറ്റീവ് പരിചരണ പ്രവർത്തനം ഏറ്റെടുക്കണം.<br>
• ജീവിത ശൈലീ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കാം.<br>
• പ്രത്യേക സാഹചര്യത്തിൽ കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ലാബ് ടെക്നീഷ്യൻ എന്നിവർക്ക് തനത്/വികസന ഫണ്ടിൽ നിന്നും വേതനം നൽകാവുന്നതാണ്.
</td></tr>
<tr><td></td><td>
2. രോഗ പ്രതിരോധ നടപടികൾ<br>
• ക്യാൻസർ പരിശോധനാ ക്യാമ്പുകൾ<br>
• ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കും യുവതീ യുവാക്കൾക്കും കൗൺസലിംഗ്.<br>
• രോഗപ്രതിരോധ പ്രവർത്തനങ്ങൾ.<br>
• മാലിന്യ പരിപാലനത്തിനുള്ള സംയോജിത പ്രോജക്റ്റുകൾ.<br>
• സ്കൂൾ ആരോഗ്യ പരിപാടി.<br>
ബോധവത്കരണ പരിപാടികൾ, സർവ്വേകൾ<br>
• ബോധവത്കരണ പരിപാടികൾ, സർവ്വേകൾ, മറ്റ് വിവരശേഖരണം എന്നിവയ്ക്കു മാത്രമായി പ്രോജക്റ്റുകൾ അനുവദനീയമല്ലെങ്കിലും ഒരു പ്രോജക്റ്റിന്റെ അനിവാര്യ ഘടകമാണെങ്കിൽ മാത്രം ഏറ്റെടുക്കാവുന്നതാണ്.<br>
വാഹനം<br>
• സ്വന്തമായി വാഹനം ഇല്ലാത്തവർക്ക് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്.
</td></tr>
</table>

| | **മെഡിക്കൽ ക്യാമ്പുകൾ**<br>• പകർച്ച വ്യാധികൾ പടർന്ന് പിടിക്കുന്ന സാഹചര്യങ്ങളിലും ദുരന്ത നിവാരണത്തിന്റെ ഭാഗമായും പകർച്ചേതര വ്യാധികളുടെ സമഗ്ര നിയന്ത്രണത്തിനും വേണ്ടി രോഗപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്ക്/നഗരസഭകൾക്ക് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്.<br>• ആരോഗ്യ ജാഗ്രതാ പരിപാടിക്കുള്ള വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് വകയിരുത്താം. |
|---|---|

• *സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖ.7.5-പൊതുജനാരോഗ്യം എന്ന ഭാഗം കൂടി കാണുു.*

## ആരോഗ്യ സുരക്ഷ-തുടർ ഉത്തരവുകൾ (ഖ. 7.7)

### 1. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ

- **സ.ഉ(സാധാ)നം.553/2019/തസ്വഭവ തിയതി 7-3-2019**

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചു. 1-4-2019 മുതൽ പ്രാബല്യം.

### 2. ആശുപത്രികളിലെ മരാമത്ത് പ്രവൃത്തികൾ

- **സർക്കുലർ നം. 22-09-2019 ലെ PL-A4-73745/19/ആ.വ.ഡ & സർക്കുലർ നം. ഡി.ബി2/10/2020-തസ്വഭവ തിയതി 11-03-2020**
- സി.എച്ച്.സി/പി.എച്ച്.സി/താലൂക്ക് അശുപത്രി/മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണിക്കും/കൂട്ടിച്ചേർക്കലിനും അതത് ഓഫീസ് മേധാവികളുടെ അനുമതി വാങ്ങിയാൽ മതി.
- വകുപ്പു മേധാവിയുടെ അനുമതി ആവശ്യമുള്ള കേസുകളിൽ ഓഫീസ് മേധാവി(മെഡിക്കൽ ഓഫീസർ/സൂപ്രണ്ട്) ആരോഗ്യ വകുപ്പു ഡയറക്ടറുടെ അനുമതി താമസം കൂടാതെ വാങ്ങി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

## 7.8 സാമൂഹ്യ നീതി

### 7.8.1 പൊതു നിർദ്ദേശങ്ങൾ

- ശിശുക്കൾ, കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന മാതാക്കൾ, വിവാഹ മോചിതരായ സ്ത്രീകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, അവിവാഹിത രായ അമ്മമാർ, 50 വയസ് കഴിഞ്ഞ അവിവാഹിതർ, ചൂഷണത്തിനും അതിക്രമത്തിനും ഇരയായ സ്ത്രീകൾ, ട്രാൻസ് ജെന്റേഴ്സ്, വയോജന ങ്ങൾ, ഭിന്നശേഷിയുള്ളവർ, ഗുരുതര രോഗം ബാധിച്ചവർ, എച്ച്.ഐ.വി ബാധിതർ, അഗതികൾ, കിടപ്പു രോഗികൾ, ഇതര സംസ്ഥാന തൊഴിലാ ളികൾ, യാചകർ, ജയിൽ മോചിതർ, മാനസിക വെല്ലുവിളികൾ നേരിടു ന്നവർ, പ്രവാസ ജീവിതം കഴിഞ്ഞ് തിരിച്ചെത്തിയവർ മുതലായവരെ പരിഗണിക്കേണ്ടതാണ്.

**ബഡ്സ് സ്കൂളുകൾ/ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ**

- ബഡ്സ് സ്കൂളുകൾ/ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ കുടുംബശ്രീ മിഷന്റെ കുടുംബശ്രീ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ആരംഭിക്കാവുന്നതാണ്.

**സാമൂഹ്യ തിന്മകൾക്കെതിരെയുള്ള ബോധവത്ക്കരണം**

സാമൂഹ്യ തിന്മകളെ നിരുത്സാഹപ്പെടത്തുന്നതിനും ലഹരി ഉപയോഗ വിപ ത്തുക്കൾക്കെതിരെ ബോധവത്ക്കരണം നടത്തുന്നതിനുള്ള പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതാണ്.

**ശ്മശാനം ഏറ്റെടുത്തു പരിപാലിക്കൽ**

ഏതെങ്കിലും സംഘടനയുടേയോ, സമുദായത്തിന്റേയോ നിയന്ത്രണത്തി ലോ, ഉടമസ്ഥതയിലോ ഉള്ള ശ്മശാനം ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് വിട്ടു തരികയാണെങ്കിൽ വസ്തു ആർജ്ജിക്കൽ ചട്ടങ്ങൾ പ്രകാരം അത് ഏറ്റെടുത്ത് വികസന പരിപാലന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

### 7.8.2 അങ്കണവാടികളുടെ പരിപാലനം

അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

പതിമൂന്നാം പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്ത മായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുവാൻ പ്രവർത്തിക്കേണ്ടതാണ്.

**പോഷകാഹാര വിതരണം**

- മുടങ്ങാതെ ഹാജരാകുന്ന കുട്ടികൾ, മറ്റ് അർഹരായവർ എന്നിവർക്കു മാത്രം.
- പോഷകാഹാര വിതരണം ഫലപ്രദമാക്കുവാൻ അങ്കണവാടി വെൽഫയർ കമ്മിറ്റി, നിരീക്ഷണ കമ്മിറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്. ഇതിനായി ഭരണസമിതി ഇടപെടേണ്ടതാണ്.

### 7.8.3 ഭക്ഷണവിതരണ പരിപാടികൾ

**ജില്ലാ പഞ്ചായത്തുകൾക്ക്/നഗരസഭകൾക്ക്**

എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന എച്ച്.ഐ.വി ബാധിതർക്ക്.

**ഗ്രാമപഞ്ചായത്തുകൾക്ക്/നഗരസഭകൾക്ക്**

- സർക്കാർ സ്കൂളുകളിൽ ഏഴാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം.
- പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലുള്ള പ്രദേശങ്ങളിലേയും തീരദേശങ്ങളിലേയും സ്കൂളുകളിൽ നിർബന്ധമായും നടപ്പാക്കണം. പി.ടി.എ യുടെ ചുമതലയിൽ നടപ്പാക്കുന്ന പ്രോജക്റ്റിന് സ്പോൺസർഷിപ്പിലൂടെ വിഭവ സമാഹരണം നടത്താവുന്നതാണ്.
- പട്ടികവർഗ്ഗ പരിചരണ സേവന പാക്കേജ്, ആശ്രയ പരിചരണ പാക്കേജ് പ്രകാരം അർഹരായവർക്ക് അങ്കണവാടികൾ മുഖേന പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള പ്രോജക്റ്റ്.
- നിർദ്ധനരായ രോഗികൾക്ക് അവർ ആശുപത്രിയിൽ കഴിയുന്ന ദിവസങ്ങളിൽ കുടുംബശ്രീ മുഖേന ഭക്ഷണം പാകം ചെയ്ത് നൽകാവുന്നതാണ്.
- ബഡ്സ് സ്കൂളിലെ കുട്ടികൾക്കും ബഡ്സ് പുനരധിവാസ കേന്ദ്രത്തിലെ അന്തേവാസികൾക്കും അനുപൂരക പോഷകാഹാരവും ഉച്ചഭക്ഷണവും കുടുംബശ്രീ മുഖേന പാകം ചെയ്ത് നൽകാവുന്നതാണ്.
- പകൽവീട് സൗകര്യം പ്രയോജനപ്പെടുത്തുന്നവരിൽ അർഹതയുള്ളവർക്ക് പാകം ചെയ്ത ഉച്ചഭക്ഷണം നൽകാവുന്നതാണ്.

- *സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖ.7.1-സാമൂഹ്യനീതി എന്ന ഭാഗം കൂടി കാണു.*

## സാമൂഹ്യ നീതി – തുടർ ഉത്തരവുകൾ (ഖ.7.8)

### 1. അമൃതം ന്യൂട്രിമിക്സിന്റെ വില പുനർ നിർണ്ണയിച്ചു

- **സ.ഉ(സാധാ)നം.758/2018/തസ്വഭവ തിയതി 21-03-2018**
- 7/2018 മുതൽ 10/2018 വരെ – 83 രൂപ.
- 11/2018 മുതൽ 73.50 രൂപ.

### 2. അനുപൂരക പോഷകാഹാര പദ്ധതി-പച്ചക്കറിയുടെ നിരക്ക് ഉയർത്തി

- **സ.ഉ(സാധാ)നം.2172/2019/തസ്വഭവ തിയതി 3-10-2019**
- 3 മുതൽ 6 വരെ വയസ്സുള്ള പ്രീസ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണത്തിന് ഒരു കുട്ടിക്ക് പച്ചക്കറിക്ക് 1 രൂപ എന്നത് 2 രൂപയാക്കി ഉയർത്തി. ട്രാൻസ്പോർട്ടേഷന് 1 കിലോക്ക് 50 പൈസ എന്ന നിരക്ക് തുടരുന്നതാണ്.

### 3. സ്കോളർഷിപ്പും ബത്തയും

- **സർക്കുലർ നം. ഡി.എ-1/19/2019/തസ്വഭവ തിയതി 25-01-2019**

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. മതിയായ തുക നീക്കി വയ്ക്കുന്നുവെന്ന് ICDS/CDPO ഉറപ്പു വരുത്തണം.

### 4. അങ്കണവാടി അദ്ധ്യാപകർക്കും ആയമാർക്കും നൽകേണ്ട അധിക ഓണറേറിയം

#### എ. ഓണറേറിയം കുടിശ്ശിക – തനതു ഫണ്ട്

- **സ.ഉ(കൈ)നം. 47/2019/തസ്വഭവ തിയതി 7-5-2019**

അങ്കണവാടി അദ്ധ്യാപകർക്കും ആയമാർക്കും നൽകേണ്ട അധിക ഓണറേറിയ ത്തിന്റെ കുടിശ്ശിക തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി.

## ബി. അധിക ഓണറേറിയം-പദ്ധതി ഫണ്ട്

- സർക്കുലർ നം.167/ഇപിഎ-3/2019/തസ്വഭവ തിയതി 11-08-2020

അങ്കണവാടി ടീച്ചർമാർക്കും ആയമാർക്കും അധിക ഓണറേറിയം സാമൂഹ്യ നീതി വകുപ്പിന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടി വന്നാൽ ഇതിന് വികസന ഫണ്ടു തന്നെ ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകി.

## 5. നിർവ്വഹണ-വെറ്റിംഗ് ഉദ്യോഗസ്ഥർ

- **സർക്കുലർ നം. ഡി.എ-1/223/2019/തസ്വഭവ തിയതി 10-07-2019**

സാമൂഹ്യ നീതിയുടേയും വനിതാ-ശിശു വികസനത്തിന്റേയും പ്രോജക്റ്റുകളുടെ നിർവ്വഹണത്തിനും വെറ്റിംഗിനുമുള്ള ഉദ്യോഗസ്ഥരെ നിശ്ചയിച്ചു. *(സർക്കുലർ കാണുക)*

## 6. ഭിന്നശേഷിക്കാർക്ക് പ്രത്യേക ഗ്രാമസഭ

- **സർക്കുലർ നം. ഡിഎ1/408/2019-തസ്വഭവ തിയതി 23-01-2020**

2020-21 ലെ വാർഷിക പദ്ധതി രൂപീകരണത്തിന് ഗ്രാമസഭ ചേരുമ്പോൾ ഭിന്നശേഷിക്കാരുടെ പ്രത്യേക ഗ്രാമസഭകളും ചേരേണ്ടതാണ്. സാമൂഹ്യനീതി വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും ചേർന്ന് നടപ്പാക്കുന്ന ഭിന്നശേഷി സൗഹൃദ കേരളം പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉണ്ടാകേണ്ടതാണ്.

## 7. അങ്കണവാടി കെട്ടിടങ്ങളുടെ വാടക പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

- **സ.ഉ(സാധാ)നം.514/2020/സാ.നീ.വ തിയതി 28-09-2020**

വാടക പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ചു. വാടക നിശ്ചയിക്കുന്നതിനുള്ള ചുമതല സി.ഡി.പി.ഒ വാടക അംഗീകരിക്കുന്നതിനുമുള്ള അധികാരം പ്രോഗ്രാം ഓഫീസർക്കും നൽകി

## 8. അനുപൂരക പോഷകാഹാരത്തിൽ പുതിയ ഇനങ്ങൾ ഉൾപ്പെടുത്തുന്നതിന് അനുമതി

- സ.ഉ(സാധാ)നം.1636/2020/തസ്വഭവ തിയതി 10-09-2020

അങ്കണവാടികളിൽ കുട്ടികൾക്കുള്ള അനുപൂരക പോഷകാഹാരത്തിൽ കേരളത്തിൽ ഉത്പാദിപ്പിക്കുന്ന റാഗി, തിന, മില്ലറ്റ് എന്നിവ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി.

### 10. കൗമാരക്കാരായ കുട്ടികളിലെ വിളർച്ച/അനീമിയയുടെ തോത് കുറയ്ക്കൽ

- **സർക്കുലർ നം. ഡി.എ.1/39/2021/തസ്വഭവ തിയതി 25-03-2021**

ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി പ്രാദേശിക സർക്കാരുകളുടെ സഹകരണം ഉറപ്പാക്കണം.

തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ അനീമിയ നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ ഊന്നൽ നൽകേണ്ടതാണ്.

വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും ഫലവൃക്ഷതൈകൾ നട്ടു പിടിപ്പിക്കേണ്ടതാണ്.

(അസ്സൽ ഉത്തരവു കൂടി കാണുക)

| 7.9 | **പാർപ്പിടം** |
|---|---|
| | • **സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്)** മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പാർപ്പിട മേഖലയിൽ ഇടപെടൽ നടത്തേണ്ടതാണ്. |
| | **പി.എം.ഏ.വൈ**<br>• വീടുകൾക്ക് കേന്ദ്ര-സംസ്ഥാന ഫണ്ടുകൾക്ക് ഉപരിയായി നൽകേണ്ട അധിക വിഹിതം വകയിരുത്തുക. |

- *സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖ.6.7-വീട്, വീട് പുന:രുദ്ധാരണം, വയറിംഗ് എന്ന ഭാഗം കൂടി കാണുക.*

## പാർപ്പിടം-തുടർ ഉത്തരവുകൾ (ഖ. 7.9)

### 1. ലൈഫ് മിഷൻ

✓ ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഓരോ ഘട്ടത്തിനും പ്രത്യേകം മാർഗ്ഗരേഖകളും തുടർ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

## 2. HIV ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം

- **സ.ഉ(സാധാ)നം.2028/2018/ തസ്വഭവ തിയതി 23-07-2018**
- ഭൂമിയുള്ള ഭവന രഹിതരായ HIV ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്തിന് പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിന് അനുമതി.

## 3. ലക്ഷം വീട് പദ്ധതിയിൽ നിർമ്മിച്ച ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കൽ

- **സ.ഉ(സാധാ)നം.36/2021/തസ്വഭവ തിയതി 06-01-2021**

ലൈഫ് മിഷൻ പദ്ധതിക്ക് വികസന ഫണ്ടിന്റെ (സി.എഫ്.സി ഒഴിവാക്കി) കുറഞ്ഞത് 20 ശതമാനം തുക മാറ്റി വെച്ചതിനുശേഷം അധിക തുക വകയിരുത്തി ലക്ഷം വീട് പദ്ധതിയിൽ നിർമ്മിച്ച ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്ന പ്രോജക്റ്റുകൾ നടപ്പാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി.

| | |
|---|---|
| 7.10 | **കായിക വിനോദ സൗകര്യങ്ങൾ** |
| | • കായിക രംഗത്ത് സംസ്ഥാനത്തിന് നഷ്ടപ്പെട്ട മുൻകൈ തിരിച്ചു പിടിക്കാനും ജനങ്ങളുടെ കായികയും മാനസികവുമായ ആരോഗ്യം ഉറപ്പുവരുത്താനും ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രിക്കാനും തദ്ദേശ സ്ഥാപനങ്ങൾ ഇടപെടേണ്ടതാണ്.<br>• സ്ഥാപനതല സ്പോർടസ് കൗൺസിൽ രൂപീകരിക്കൽ<br>• കളിസ്ഥലം, സ്റ്റേഡിയം നിർമ്മിക്കൽ.<br>• പരിശീലനം, കോച്ചിംഗ് ക്യാമ്പുകൾ, മത്സരങ്ങൾ നടത്തൽ.<br>• യുവജന ക്ഷേമ ബോർഡുമായി സഹകരിച്ചുകൊണ്ടുള്ള പ്രോജക്റ്റുകൾ. |
| 7.11 | **കലയും സംസ്കാരവും** |
| | • കലാ-സാംസ്കാരിക രംഗത്ത് ഇടപെടേണ്ടതാണ്.<br>• സാംസ്കാരിക നിലയങ്ങൾ, വായനശാലകൾ, വിദ്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കണം. |

| | |
|---|---|
| | • ജനകീയ സമിതികളുടേയും, സന്നദ്ധ സംഘടനകളുടേയും നേതൃത്വത്തിൽ പ്രാദേശികമായ വിഭവ സമാഹരണം നടത്തണം. |

- *സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖ.7.6-കലാ സംസ്കാരം-കായിക വികസനം എന്ന ഭാഗം കൂടി കാണുക.*

**തുടർ ഉത്തരവുകൾ**

**1. ഉപജീവനം/ഗ്രാമീണ കലാകേന്ദ്രം പദ്ധതി**

- **സ.ഉ(സാധാ)നം.977/2020/തസ്വഭവ തിയതി 26-05-2020**
- സാംസ്കാരിക വകുപ്പിന്റെ കലാകാരന്മാരുടെ ഉപജീവനം/ഗ്രാമീണ കലാകേന്ദ്രം പദ്ധതി - പ്രോജക്റ്റ് ഉൾപ്പെടുത്തൽ.
- സാസ്കാരിക വകുപ്പ് കണ്ടെത്തിയ 22 പൈതൃക ഗ്രാമങ്ങളിലുള്ള കരകൗശല മേഖലകളെ പ്രോൽസാഹിപ്പിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്റ്റ് ആവിഷ്കരിക്കാവുന്നതാണ്. *(ഗ്രാമങ്ങളുടെ പട്ടിക സർക്കുലറിന്റെ അനുബന്ധമായി നൽകിയിട്ടുണ്ട്).*

**2. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, എം.ആർ.എസ് ഹോസ്റ്റൽ എന്നിവിടങ്ങളിലെ കുട്ടികളുടെ സർഗ്ഗവാസന പ്രോൽസാഹിപ്പിക്കൽ**

- **സർക്കുലർ നം. ഡി.എ1/259/2019/തസ്വഭവ തിയതി 7-9-2019**
- പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, എം.ആർ.എസ് ഹോസ്റ്റൽ എന്നിവിടങ്ങളിലെ കുട്ടികളുടെ സർഗ്ഗവാസന പ്രോൽസാഹിപ്പിക്കുന്നതിന് ആവശ്യമായ വാദ്യോപകരണങ്ങൾ വാങ്ങി നൽകുവാൻ അനുമതി. സ്ഥാപനങ്ങളിൽ വജ്രജൂബിലി കലാകാരന്മാരുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

| 7.12 | **സഹകരണം** |
|---|---|
| | • സഹകരണ സംഘങ്ങൾക്ക് ധനസഹായം, അടിസ്ഥാന സൗകര്യങ്ങൾ, ആധുനികവത്ക്കരണം എന്നിവയ്ക്ക് ഊന്നൽ നൽകണം. |

- *സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖ.6.10 മുതൽ 6-15 (സഹകരണം, സഹകരണ സംഘങ്ങൾ) വരെയുള്ള ഭാഗങ്ങൾ കൂടി കാണുക.*

| 7.13 | ഗതാഗതം |
|---|---|
| | • ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം.<br>• അതാത് തദ്ദേശ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമേ സ്ഥാപനത്തിന്റെ റോഡ് മെയ്ന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളൂ.<br>• ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ റോഡുകളും പൂർണ്ണമായി ഗതാഗതയോഗ്യമാക്കിയതിനുശേഷം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുള്ള 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതാണ്.<br>• ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുള്ള 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതാണ്.<br>• ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങണം.<br>• റോഡ് ടാറിംഗ് പ്രവൃത്തികൾ ചെയ്യുമ്പോൾ നാറ്റ് പാക്ക് (National Transportation Planning and Research Centre) നിർദ്ദേശിച്ചിട്ടുള്ള അളവ് പ്രകാരം ടാറിൽ ആവശ്യമായ പ്ലാസ്റ്റിക് ചേർക്കേണ്ടതാണ്.<br>• ഗതാഗത തിരക്കേറിയ റോഡുകളിൽ കാൽനടയാത്രക്കാർക്കായി നടപ്പാതകൾ നിർമ്മിക്കേണ്ടതാണ്.<br>• ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരണ്ടിയോടുകൂടി നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്. |

***********************************

# പദ്ധതി നിർവ്വഹണം, പൂർത്തീകരണം, മോണിറ്ററിംഗ്

## 8. പദ്ധതി ആസൂത്രണ, നിർവ്വഹണ, മോണിറ്ററിംഗ് ചെലവുകൾ

- ഇതേ പേരിൽ ഒരു പ്രോജക്റ്റ് ആവിഷ്കരിക്കേണ്ടതാണ്.
- വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, ആസൂത്രണ സമിതി യോഗങ്ങൾ, പദ്ധതി പ്രവർത്തനങ്ങൾക്കുള്ള യോഗങ്ങൾ എന്നിവയിൽ പങ്കെടുക്കുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് യാത്രാബത്ത നൽകാവുന്നതാണ്.
- പദ്ധതി ആസൂത്രണ, നിർവ്വഹണ, മോണിറ്ററിംഗ് എന്നിവയുമായി ബന്ധപ്പെട്ട ഫീൽഡ്തല ചെലവുകൾ (ഭക്ഷണച്ചെലവ് ഉൾപ്പെടെ) നൽകാവുന്നതാണ്.

## പദ്ധതി ആസൂത്രണ, നിർവ്വഹണ, മോണിറ്ററിംഗ്-ആകെ വികസനഫണ്ടിന്റെ അടിസ്ഥാനത്തിലുള്ള ചെലവ് പരിധി

| തദ്ദേശ സ്ഥാപനം | പദ്ധതി രൂപീകരണം (തുക, %) | നിർവ്വഹണം, മോണിറ്ററിംഗ് (തുക, %) |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 3 ലക്ഷം (പരമാവധി 2%) | 1.5 ലക്ഷം (പരമാവധി 1%) |
| ബ്ലോക്ക് പഞ്ചായത്ത് | 2 ലക്ഷം (പരമാവധി 1%) | 1.5 ലക്ഷം (പരമാവധി 1%) |
| ജില്ലാ പഞ്ചായത്ത് | 3 ലക്ഷം (പരമാവധി 0.1%) | 4 ലക്ഷം (പരമാവധി 0.2%) |
| മുനിസിപ്പാലിറ്റി | 1% (പരമാവധി 7 ലക്ഷം) | 0.5% (പരമാവധി 3 ലക്ഷം) |
| കോർപ്പറേഷൻ (100 കോടിക്ക് താഴെ പദ്ധതി വിഹിതം) | 0.3% (പരമാവധി 10 ലക്ഷം) | 0.2% (പരമാവധി 5 ലക്ഷം) |
| കോർപ്പറേഷൻ (100 കോടിക്ക് മുകളിൽ പദ്ധതി വിഹിതം) | 0.1% (പരമാവധി 20 ലക്ഷം) | 0.05% (പരമാവധി 10 ലക്ഷം) |

- *ഒരു പ്രോജക്റ്റ് ആണ് തയ്യാറാക്കുന്നതെങ്കിലും ഓഡിറ്റ് ആവശ്യങ്ങൾക്കായി വൗച്ചറുകൾ നൽകുമ്പോൾ രണ്ട് പ്രവർത്തനങ്ങളുടേയും കണക്കുകൾ പ്രത്യേകം തയ്യാറാക്കി നൽകേണ്ടതാണ്.*

## 9. വാർഷിക പദ്ധതിയും ബജറ്റും

തദ്ദേശ സ്ഥാപനം അംഗീകരിക്കുന്ന വാർഷിക ബജറ്റിൽ/പുതുക്കിയ ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്.

## 10. സ്പിൽഓവർ പ്രോജക്റ്റുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കൽ

- സ്പിൽഓവർ പ്രോജക്റ്റുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കി മെയ് 15 നകം ഡി.പി.സി യുടെ അംഗീകാരം ലഭ്യമാക്കണം.
- മാർച്ച് 31 നകം ഭാഗികമായി പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ നിർവ്വഹണം പാഴ്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കാവുന്നതാണ്.
- നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന ഭേദഗതിയില്ലാത്ത പ്രോജക്റ്റുകൾ ഏപ്രിൽ 1 മുതൽ തുടർന്ന് നടപ്പാക്കാവുന്നതാണ്. അവയ്ക്ക് വെറ്റിംഗ് ആവശ്യമില്ല. പിന്നീട് വാർഷിക പദ്ധതിയുടെ ഭാഗമാക്കിയാൽ മതി.
- സ്പിൽഓവറായി അടുത്ത വർഷം തുടരേണ്ട ഒരു പ്രോജക്റ്റിന്റെ അടങ്കൽ തുകയിലോ പ്രവർത്തനങ്ങളിലോ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ വെറ്റിംഗ് ഓഫീസറുടെ അംഗീകാരം ലഭ്യമാക്കിയതിനുശേഷം ഡി.പി.സി യുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. ആയതിനുശേഷം മാത്രമേ നിർവ്വഹണം നടത്തുവാൻ പാടുള്ളൂ. അത്തരം സ്പിൽഓവർ പ്രോജക്റ്റുകൾക്ക് ക്യാരി ഓവർ വിഹിതം അനുവദിക്കുന്നതല്ല.

## 11. പദ്ധതി നിർവ്വഹണം

### 11.1 നിർവ്വഹണം ആരംഭിക്കൽ

- ഡി.പി.സി യുടേയും വെറ്റിംഗ് ഓഫീസറുടേയും അംഗീകാരവും സാങ്കേതികാനുമതി ആവശ്യമെങ്കിൽ ആയതും ലഭിച്ചു കഴിഞ്ഞാൽ ഭരണ സമിതി യോഗം ചേർന്ന് സാമ്പത്തികാനുമതി നൽകുന്ന പ്രമേയം പാസാക്കി പ്രോജക്റ്റുകൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറാവുന്നതാണ്.
- നിർവ്വഹണ ഉദ്യോഗസ്ഥൻ വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ ഒരു നിർവ്വഹണ പരിപാടി തയ്യാറാക്കേണ്ടതാണ്. എല്ലാ പ്രോജക്റ്റുകളുടേയും നിർവ്വഹണ പരിപാടി ക്രോഡീകരിച്ച് ഒരു നിർവ്വഹണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ആയത്

നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും മോണിറ്ററിംഗിനും അവലംബി ക്കേണ്ടതാണ്.

- നിർവ്വഹണത്തിലെ ഓരോ ഘട്ടവും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാ ക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും സ്ഥാപനവും ഉറപ്പാക്കേണ്ട താണ്.

## 11.2 നിർമ്മാണ പ്രോജക്റ്റുകളുടെ നിർവ്വഹണ നടപടികൾ

- പഞ്ചായത്തുകളിൽ 1997 ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണി കളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരവും, നഗരസഭകളിൽ 1997 ലെ കേരള മുനി സിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ പ്രകാരവും ആയിരിക്കണം നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കേ ണ്ടത്.
- എസ്റ്റിമേറ്റ് ഡി.എസ്.ആർ (Delhi Schedule of Rate) പ്രകാരം പ്രൈസ് (PRICE) സോഫ്റ്റ്‌വെയറിൽ തയ്യാറാക്കേണ്ടതാണ്.
- നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന മറ്റെല്ലാ നിർവ്വഹണ രീതികളിലും നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേ ണ്ടതാണ്.

**മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ രീതികൾ**

**എ. ഗുണഭോക്തൃ സമിതി**

- 50000 രൂപ വരെ എസ്റ്റിമേറ്റ് തുക ഉള്ള പ്രവൃത്തികൾ മാത്രം.

**ബി. അംഗീകൃത സമിതികൾ**

- അടങ്കൽ തുകയുടെ പരിധി 25 ലക്ഷം രൂപയായിരിക്കും.
- സാമ്പത്തിക, സാങ്കേതിക ശേഷിയും സംഘടനാ ശേഷിയും സന്നദ്ധ തയുമുള്ള പി.ടി.എ, അങ്കണവാടി ക്ഷേമ സമിതികൾ മുഖേന നിർവ്വഹണം നട ത്താവുന്നതാണ്.
- ഗുണഭോക്തൃ സമിതിക്ക് ബാധകമായ നിബന്ധനകൾ പാലിക്കേണ്ടതാണ്.

**സി. അക്രഡിറ്റഡ് ഏജൻസികൾ**

- ധനകാര്യ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി.
- ഓരോ സ്ഥാപനത്തിനും അനുവാദം നൽകിയിട്ടുള്ള പ്രവൃത്തികളും പരിധിയും കണക്കിലെടുത്ത് നിർവ്വഹണം ഏൽപ്പിക്കാവുന്നതാണ്.

**ഡി. ഡെപ്പോസിറ്റ് പ്രവൃത്തികൾ**

- വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ - കെ.എസ്.ഇ. ബി മുഖേന
- കുടിവെള്ള പദ്ധതികൾ - ജല അതോറിറ്റി, ഭൂജല വകുപ്പ്
- ബന്ധപ്പെട്ട സ്ഥാപനം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി തദ്ദേശ സ്ഥാപനത്തിന് നൽകേണ്ടതാണ്.
- **പ്രവൃത്തികൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരം ആവശ്യമില്ല.**
- കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രം തുക മുൻകൂറായി നൽകേണ്ടതാണ്.
- സെന്റേജ് ചാർജ്ജ് ഉണ്ടെങ്കിൽ വികസന ഫണ്ടിൽ നിന്നും നൽകാവുന്നതാണ്.
- ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

**ഇ. ഇ-ടെണ്ടർ/ടെണ്ടർ**

- 5 ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾ നിർബന്ധമായും ഇ-ടെണ്ടർ ചെയ്യണം.
- 50000 മുതൽ 5 ലക്ഷം വരെയുള്ള പ്രവൃത്തികൾ സാധാരണ ടെണ്ടർ മുഖേനയോ, ഇ-ടെണ്ടർ മുഖേനയോ നടപ്പാക്കാവുന്നതാണ്.
- ഗുണഭോക്തൃ സമിതികളേയോ മറ്റ് ഏജൻസികളേയോ ഏൽപ്പിക്കുന്നതിനായി പ്രവൃത്തികൾ വിഭജിക്കരുത്.
- ടെണ്ടർ ചെയ്യുന്നതിനുള്ള വർദ്ധിച്ച പരസ്യച്ചെലവ് ഒഴിവാക്കുന്നതിനായി കഴിവതും ഒരുമിച്ച് ടെണ്ടർ ചെയ്യേണ്ടതാണ്. ടെണ്ടർ നോട്ടീസ് ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാക്കണം.
- ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കേണ്ടതാണ്.

# നിർമ്മാണ പ്രോജക്റ്റുകൾ-തുടർ ഉത്തരവുകൾ

## 1. ഇലക്ട്രിക് പ്രവൃത്തികളുടെ സാങ്കേതികാനുമതി

- **സ.ഉ(സാധാ)നം.2137/2018/തസ്വഭവ തിയതി 3-8-2018**

ഇലക്ട്രിക് പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനും മറ്റും ജില്ലാ തലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ സാമ്പത്തിക പരിധി 20 ലക്ഷം രൂപയായി ഉയർത്തി.

## 2. കാലവർഷക്കെടുതി-ആസ്തികളുടെ പുനർനിർമ്മാണം

- **സ.ഉ(സാധാ)നം.2313/2018/ തസ്വഭവ തിയതി 23-8-2018**

കാലവർഷക്കെടുതി-ആസ്തികളുടെ പുനർനിർമ്മാണ പ്രവൃത്തികളും മെയ്ന്റനൻസ് പ്രവൃത്തികളും തദ്ദേശ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് അനുമതി നൽകി.

## 3. നിർമ്മാണ പ്രവൃത്തികൾ - പാർട്ട് ബിൽ നൽകൽ

- **സർക്കുലർ നം. ഡി.എ.1/26/2019/തസ്വഭവ തിയതി 25-1-2019**

നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി പാലിക്കേണ്ടതാണ്.

## 4. ഡെപ്പോസിറ്റ് പ്രവൃത്തികൾ-എസ്റ്റിമേറ്റ്

- **സർക്കുലർ നം. ഡി.എ.1/881/2018/തസ്വഭവ തിയതി 28-12-2018**

കേരള വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നത് കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം. പ്രോജക്റ്റ് നിർവ്വഹണവും തുകയുടെ ഉപയോഗവും തദ്ദേശ സ്വയംഭരണ സ്ഥാപനം മോണിറ്റർ ചെയ്യേണ്ടതാണ്.

## 5. കോർപ്പറേഷൻ തലത്തിലെ ഇലക്ട്രിക് പ്രവൃത്തികൾ

- **സ.ഉ(ആർടി)നം.3277/2018/തസ്വഭവ തിയതി 31-12-2018**

കോർപ്പറേഷൻ തലത്തിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി കോർപ്പറേഷനിലെ സൂപ്രണ്ടിംഗ് എഞ്ചിനിയർ കൺവീനറായി കോർപ്പറേഷൻതല സാങ്കേതിക കമ്മിറ്റികൾ രൂപീകരിക്കുന്നതിന് അനുമതി നൽകി.

## 7. ലോക ബാങ്ക് വിഹിതം ചെലവഴിക്കൽ

- **സർക്കുലർ നം. ഡി.എ.1/23/2019/ തസ്വഭവ തിയതി 25-1-2019**
- ലോക ബാങ്ക് വിഹിതം ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ-തുകയുടെ വിനിയോഗം-മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

## 8. ഡെപ്പോസിറ്റ് പ്രവൃത്തികൾ, പൊതുടാപ്പ്, തെരുവു വിളക്കുകൾ - തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലുള്ള യോഗം-നിർദ്ദേശങ്ങൾ

- **സർക്കുലർ നം. ഡി.എ.1/17/2019/തസ്വഭവ തിയതി 21-2-2019**
- KWA, KSEB, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, മറ്റ് ഏജൻസികൾ എന്നിവയിലേക്ക് ഡെപ്പോസിറ്റ് ചെയ്ത തുകകൾ-തുടർനടപടികൾ.
- വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾ വേഗത്തിലാക്കി പൂർത്തീകരിക്കണം.
- മഴക്കാലത്തിനുശേഷം പൊതുടാപ്പുകളുടെ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തേണ്ടതും ഇതിനായി തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.
- നിലവിലുള്ള തെരുവു വിളക്കുകളുടെ എണ്ണം കണക്കാക്കുന്നതിനായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തേണ്ടതാണ്.
- ഗ്രൗണ്ട് വാട്ടർ വകുപ്പുമായി ബന്ധപ്പെട്ട ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 9. ആവശ്യമായ സ്ഥലത്ത് വൃത്തിയുള്ള പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്റ്റ്

- **സർക്കുലർ നം. 129/ഡി.സി.1/2020/തസ്വഭവ തിയതി 25-02-2020**
- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2020-21 വർഷത്തിൽ പ്രോജക്റ്റ് തയ്യാറാക്കി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 10. ഫർണീഷിംഗ് പ്രവൃത്തികളുടെ നോഡൽ ഏജൻസികൾ

### എ. സിഡ്കോ

- **സ.ഉ(സാധാ)നം.1696/2018/ തസ്വഭവ തിയതി 22-6-2018**
- SIDCO യുടെ ചെറുകിട യൂണിറ്റുകളിൽ (MSME) ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ വാങ്ങുന്നതിനും ഫർണീഷിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനും സിഡ്കോയെ നോഡൽ ഏജൻസിയായി നിശ്ചയിച്ചു.

### ബി. ആർട്ട്കോ

- **സ.ഉ(സാധാ)നം.2092/2018/ തസ്വഭവ തിയതി 01-08-2018**
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ARTCO യിലെ ഉൽപ്പന്നങ്ങൾക്ക് വാങ്ങുന്നതിന് അനുമതി നൽകിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫർണീഷിംഗ് പ്രവൃത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ARTCO യെ അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിച്ചു.

### സി. കാഡ്കോ

- **സ.ഉ(സാധാ)ന.3161/2017/തസ്വഭവ തിയതി 27-09-2017**
- മറ്റ് സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതുപോലെ കാഡ്കോയേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് ഫർണീഷിംഗ്, ആധുനികവത്ക്കരണം തുടങ്ങിയവ) ഒരുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പരിഗണിക്കുന്നതിന് അനുമതി നൽകി.

## 11.3 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ/ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കൽ

- വ്യക്തികൾ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ, കുടുംബങ്ങൾ

| ക്രമ നം. | നടപടിക്രമം | വിശദാംശം |
|---|---|---|
| 1 | അപേക്ഷകൾ | വ്യാപകമായ പ്രചാരണം നൽകി വിവിധ സംവിധാനങ്ങളിലൂടെ അപേക്ഷാ ഫോറം വിതരണം ചെയ്യണം. |
| 2 | കരട് പട്ടിക | അർഹരായവരുടെ കരട് പട്ടിക അതാത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തദ്ദേശ സ്ഥാപനം തയ്യാറാക്കണം. |

| | | |
|---|---|---|
| 3 | കരട് മുൻഗണനാ പട്ടിക | മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി കരട് മുൻഗണനാ പട്ടിക തയ്യാറാക്കണം. ഒരേ മാർക്ക് വന്നാൽ വയസ്സ് കണക്കിലെടുക്കണം. |
| 4 | ഫീൽഡ് ലെവൽ പരിശോധന | അപേക്ഷകരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. |
| 5 | കരട് മുൻഗണനാ പട്ടിക പുതുക്കൽ | പരിശോധനയുടേയും സാക്ഷ്യപ്പെടുത്തലിന്റേയും അടിസ്ഥാനത്തിൽ പട്ടിക പുതുക്കണം. |
| 6 | കരട് പട്ടിക പ്രസിദ്ധീകരിക്കൽ | ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പട്ടിക പ്രസിദ്ധീകരിക്കണം.<br>10 ദിവസത്തെ സമയം നൽകാം. |
| 7 | പട്ടികയുടെ പരിഷ്കരണം, ഗ്രാമസഭയുടെ/ വാർഡ്സഭയുടെ/ വാർഡ് കമ്മിറ്റിയുടെ അംഗീകാരം | ആക്ഷേപങ്ങൾ കണക്കിലെടുത്ത് പരിഷ്കരിച്ച പട്ടിക അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ/വാർഡ്സഭയിൽ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് അംഗീകരിക്കേണ്ടതാണ്.<br>തീരുമാനം മിനിറ്റ്സിൽ രേഖപ്പെടുത്തേണ്ടതാണ്. |
| 8 | ഭരണ സമിതിയുടെ അംഗീകാരം | ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ് മുൻഗണനാക്രമം മാറ്റാതെ ഭരണസമിതി അംഗീകരിക്കേണ്ടതാണ്. |
| 9 | ലിസ്റ്റ് പ്രസിദ്ധീകരിക്കൽ | ലിസ്റ്റ് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം. |
| 10 | ലിസ്റ്റ് കൈമാറൽ | അംഗീകരിച്ച ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്. |
| 11 | ഗുണഭോക്താക്കളുടെ എണ്ണം പരിമിതപ്പെടുത്തൽ | • പ്രോജക്റ്റ് പ്രകാരം ആനുകൂല്യം നൽകുവാൻ ഉദ്ദേശിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം കുറവാണെങ്കിൽ ഓരോ വാർഡിലേയും അർഹരായ ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി ആനുകൂല്യം നൽകേണ്ടതാണ്. |
| | • *ഒരു വാർഡിലെ അർഹരായ അപേക്ഷകരുടെ എണ്ണത്തെ എല്ലാ വാർഡുകളിലേയും അർഹരായ അപേക്ഷകരുടെ ആകെ എണ്ണം കൊണ്ട് ഭാഗിച്ചാൽ കിട്ടുന്ന സംഖ്യയെ പ്രോജക്റ്റ് പ്രകാരം തൻവർഷം ആനുകൂല്യം വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിച്ചാൽ ആ വാർഡിൽ ആനുകൂല്യം നൽകാവുന്ന ഗുണഭോക്താക്കളുടെ എണ്ണം കിട്ടും. ഇപ്രകാരം ഓരോ വാർഡിലേയും എണ്ണം കണക്കാക്കേണ്ടതാണ്.* | |

| | | |
|---|---|---|
| 12 | പുതിയ ഗുണ ഭോക്തൃ ലിസ്റ്റ് | • അംഗീകരിച്ച ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയ ശേഷം മാത്രമേ വീണ്ടും പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാവൂ.<br>• സമാന സ്വഭാവമുള്ള പ്രോജക്റ്റ് തുടർ വർഷങ്ങളിൽ ഉൾപ്പെടുത്തിയാൽ ആദ്യം അംഗീകരിച്ച ലിസ്റ്റിൽ നിന്നും ഗുണഭോക്താക്കളെ പരിഗണിക്കേണ്ടതാണ്. |
| 13 | മുൻഗണനാ ലിസ്റ്റിലെ മാറ്റം | • അനർഹർ ഉണ്ടെന്ന് കണ്ടെത്തിയാലോ, അർഹർ ഒഴിവായെന്ന് കണ്ടെത്തിയാലോ ഗുണഭോക്തൃ ലിസ്റ്റിൽ മാറ്റം വരുത്താവുന്നതാണ്.<br>• അനർഹരെ ഒഴിവാക്കുവാൻ ഗ്രാമസഭയുടെ/വാർഡ് സഭയുടെ/വാർഡ് കമ്മിറ്റിയുടെ സാധൂകരണം തേടിയാൽ മതിയാകും.<br>• അർഹരെ കൂട്ടിച്ചേർക്കുന്നതിന് ഗ്രാമസഭയുടെ/ വാർഡ്സഭയുടെ/വാർഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്. |

## 11.4 പദ്ധതി പൂർത്തീകരണം

| | |
|---|---|
| പൂർത്തീകരണ പത്രം | ○ നിർവ്വഹണം പൂർത്തിയാകുമ്പോൾ തന്നെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്റ്റുകളുടെ പൂർത്തീകരണ പത്രം സുലേഖാ സോഫ്റ്റ്വെയറിൽ തയ്യാറാക്കേണ്ടതാണ്.<br>○ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തേണ്ടതാണ്. |
| ആസ്തി രജിസ്റ്റർ | ○ പൂർത്തീകരണപത്രം തയ്യാറാക്കുന്നതിനൊപ്പംതന്നെ, നിർമ്മിച്ച ആസ്തിയുടെ വിവരം ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. |

## മോണിറ്ററിംഗ് (ഖ. 13)

| | |
|---|---|
| മോണിറ്ററിംഗ് | ○ അതാത് വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്റ്റ് നിർവ്വഹണത്തിനുശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. |
| മോണിറ്ററിംഗ് റിപ്പോർട്ട് | ○ മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. |
| പദ്ധതി ആസൂത്രണ രേഖകളുടെ സൂക്ഷിപ്പ് | ○ **പദ്ധതി ആസൂത്രണ രേഖകൾ** സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. |

| | |
|---|---|
| പദ്ധതി നിർവ്വഹണ രേഖകളുടെ സൂക്ഷിപ്പ് | ○ **പദ്ധതി നിർവ്വഹണ രേഖകൾ** നിർവ്വഹണ ഉദ്യോഗസ്ഥർ സൂക്ഷിക്കേണ്ടതാണ്. |
| മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രദർശിപ്പിക്കൽ | ○ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിനം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്രദർശിപ്പിക്കണം.<br>○ ഡിസ്പ്ലേ ബോർഡുകൾക്കു വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്. |

## കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - തുടർ ഉത്തരവുകൾ

### 1. കാർഷിക മേഖലയിലെ (ഉത്പാദന മേഖല) ഗുണഭോക്തൃ തെരഞ്ഞെടുപ്പ്

- **സ.ഉ(സാധാ)നം. 794/2020/തസ്വഭവ തിയതി 29-04-2020**

കോവിഡിന്റെ പശ്ചാത്തലത്തിൽ ഗ്രാമസഭ/വാർഡ്സഭ വിളിച്ചു ചേർക്കുവാൻ പറ്റാത്ത സാഹചര്യത്തിൽ 2020-21 കാർഷിക പദ്ധതി-കാർഷിക മേഖലയിലെ പ്രോജക്റ്റുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള പുതുക്കിയ നടപടിക്രമങ്ങൾ നിശ്ചയിച്ചു.

നെൽകൃഷി, പച്ചക്കറി കൃഷി തുടങ്ങിയ ആവർത്തന സ്വഭാവമുള്ള പ്രോജക്റ്റുകളുടെ കാര്യത്തിൽ മുൻവർഷത്തെ ഗുണഭോക്തൃ പട്ടിക അടിസ്ഥാനമാക്കി അതിൽ ഒഴിവാക്കലുകളും കൂട്ടിച്ചേർക്കലുകളും വരുത്തി പുതിയ ഗുണഭോക്തൃ പട്ടിക തയ്യാറാക്കാവുന്നതാണ്. ആവർത്തന സ്വഭാവം ഇല്ലാത്ത പ്രോജക്റ്റുകൾക്ക് പുതുതായി അപേക്ഷ സ്വീകരിച്ച് ഗുണഭോക്തൃ പട്ടിക തയ്യാറാക്കേണ്ടതാണ്.

നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും നവമാധ്യമങ്ങളിലും ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തേണ്ടതും ആദ്യം ചേരുന്ന ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതുമാണ്.

## 2. സേവന മേഖലയിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ്

- **സ.ഉ(സാധാ)നം.1450/2020/തസ്വഭവ തിയതി 4-8-2020**

കോവിഡിന്റെ പശ്ചാത്തലത്തിൽ ഉത്പാദന മേഖലയിലെ പ്രോജക്റ്റുകളുടെ ഗുണ ഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 29-04-2020 ന് പുറപ്പെടുവിച്ച ഉത്തരവിലെ പ്രത്യേക നടപടിക്രമങ്ങൾ സേവന മേഖലയിലെ പ്രോജക്റ്റുകൾക്കും കൂടി ബാധ കമാക്കി.

**കുറിപ്പ്:** *അസ്സൽ മാർഗ്ഗരേഖകളും ഉത്തരവുകളും പരിശോധിച്ച് കൃത്യത ഉറപ്പാക്കി മാത്രം തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്.*

# III
# പദ്ധതി ആസൂത്രണം-തുടർ മാർഗ്ഗരേഖകളും നിർദ്ദേശങ്ങളും

## ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് പുന:സംഘടന

1. **സ.ഉ(എം.എസ്)നം.224/2017/ തസ്വഭവ തിയതി 16-11-2017**

**ത്രിതല പഞ്ചായത്തുകളുടെ 2018-19 ലെ വാർഷിക പദ്ധതി** തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ-ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് പുന:സംഘടന-നിർദ്ദേശങ്ങൾ

2. **സ.ഉ(എം.എസ്)നം.223/2017/ തസ്വഭവ തിയതി 16-11-2017**

**മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും 2018-19 ലെ വാർഷിക പദ്ധതി** തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ-ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് പുന:സംഘടന-നിർദ്ദേശങ്ങൾ.

2018-19 മുതൽക്കുള്ള നാലു വർഷങ്ങളിലേക്കുള്ള പദ്ധതി മാർഗ്ഗരേഖകൾക്കു ശേഷം പുറപ്പെടുവിച്ച പ്രധാന ഉത്തരവുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

### 1. തുക പിൻവലിക്കൽ-ഭേദഗതി

- **സ.ഉ(അ)നം.46/2018/ധന തിയതി 20-3-2018**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക പിൻവലിക്കുന്നതിനുള്ള 21-03-2015 ലെ സ.ഉ(പി)നം.119/2015/ഫിൻ ഉത്തരവിലെ ഭേദഗതികൾ റദ്ദു ചെയ്തു.

### 2. 2019-20 വാർഷിക പദ്ധതി

- **സ.ഉ(സാധാ)നം.2462/2018/തസ്വഭവ തിയതി 19-9-2018**
- 2019-20 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നിർദ്ദേശം നൽകി.

## 3. 2019-20 വാർഷിക പദ്ധതി-സമയക്രമം

- **സ.ഉ(സാധാ)നം.2710/2018/തസ്വഭവ തിയതി 23-10-2018**

- 2019-20 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം നിശ്ചയിച്ചു.

## പുതിയ വർക്കിംഗ് ഗ്രൂപ്പ്

*'ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം'* എന്ന വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്.

(അസ്സൽ മാർഗ്ഗരേഖ കാണുക)

## 4. കക്കൂസ് നിർമ്മാണം, കക്കൂസ് അറ്റകുറ്റപ്പണി

- **സർക്കുലർ നം. ഡി.എ.1/72/2019/ തസ്വഭവ തിയതി 23-2-2019**
- കക്കൂസ് നിർമ്മാണം, കക്കൂസ് അറ്റകുറ്റപ്പണി എന്നിവ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി അത്തരം പ്രോജക്റ്റുകൾ സമർപ്പിക്കുമ്പോൾ ആയതിന്റെ ആവശ്യകത, മറ്റ് വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച് ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ റിപ്പോർട്ടും ഉൾപ്പെടുത്തേണ്ടതാണ്. അല്ലാത്തവ പരിഗണിക്കുന്നതല്ല.

## 5. നിർവ്വഹണ ഉദ്യോഗസ്ഥരും ജി.എസ്.ടി രജിസ്ട്രേഷനും

- **സർക്കുലർ നം. ഡി.എ.1/87/2019/ തസ്വഭവ തിയതി 8-3-2019**
- മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സാധനങ്ങൾ പർച്ചേസ് ചെയ്യുമ്പോൾ സെക്രട്ടറിയുടെ GSTIN ലേക്ക് തന്നെ തുക ഒടുക്കാവുന്നതാണ്.

- ഉദ്യോഗസ്ഥർ പ്രത്യേക GST രജിസ്ട്രേഷൻ എടുക്കേണ്ടതില്ല.

## 6. 2018-19 ലെ ക്യൂ ബില്ലുകൾ

- **സ.ഉ(സാധാ)നം. 3002/2019/തസ്വഭവ തിയതി 12-4-2019**

- 2018-19 ലെ ക്യൂ ബില്ലുകൾ മാറുന്നതിനും സ്പിൽ ഓവർ പദ്ധതികൾക്കുള്ള തുക ചെലവഴിക്കുന്നതിനും അനുമതി.

**7. 2019-20 ലെ പദ്ധതി-സ്പിൽ ഓവർ പദ്ധതി ഉൾപ്പെടുത്തൽ**

- **സ.ഉ(സാധാ)നം. 990/2019/തസ്വഭവ തിയതി 15-5-2019**
- 2019-20 ലെ വാർഷിക പദ്ധതി-സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ ഭേദഗതി ഉത്തരവ്.

**8. 2019-20-സ്പിൽ ഓവർ പദ്ധതി**

- **സ.ഉ(സാധാ)നം. 1209/2019/തസ്വഭവ തിയതി 12-6-2019**
- 2019-20 ലെ വാർഷിക പദ്ധതി-സ്പിൽ ഓവർ പദ്ധതി-ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കുമുള്ള നിർദ്ദേശം.

**9. പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കൽ**

- **സർക്കുലർ നം. ഡി.എ.1/221/2019/ തസ്വഭവ തിയതി 10-7-2019**
- പാർട്ട് ബിൽ നൽകൽ, തുക നേരത്തേ ഡെപ്പോസിറ്റ് ചെയ്യൽ എന്നീ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

**10. 2019-20 ലെ പദ്ധതി-പരിഷ്കരിച്ച പദ്ധതി നിർവ്വഹ കലണ്ടർ**

- **സർക്കുലർ നം. ഡി.എ.1/222/2019/ തസ്വഭവ തിയതി 10-7-2019**
- പരിഷ്കരിച്ച വാർഷിക പദ്ധതി സമർപ്പിക്കുവാനുള്ള തിയതി 29-06-2019 വരെ ദീർഘിപ്പിച്ചു.

**11. 2019-20 മികവിന്റെ വർഷമാക്കൽ**

- **സർക്കുലർ നം. ഡി.എ.1/222/2019/ തസ്വഭവ തിയതി 10-7-2019**
- നികുതി പിരിവ്, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ, മറ്റു ഭരണപരമായ കാര്യങ്ങൾ എന്നിവയിൽ ഇടപെടൽ നടത്തുവാൻ വകുപ്പു മേധാവികൾക്ക് നിർദ്ദേശം നൽകി. പദ്ധതി നിർവ്വഹണ അവലോകനത്തിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

**12. 2018-19 ലെ ക്യൂ ബില്ലുകൾ**

- **സ.ഉ(സാധാ)നം.8228/2019/ധന തിയതി 19-10-2019**
- 2018-19 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ-സിസ്റ്റത്തിൽ നിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിനുള്ള വിവിധ ഫണ്ടുകൾ അനുവദിച്ചു.

## 13. 2020-21 ലെ പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള അധിക മാർഗ്ഗ നിർദ്ദേശങ്ങൾ

- **സ.ഉ(കൈ)നം.157/2019/തസ്വഭവ തിയതി 5-12-2019**
- കേരള പുനർ നിർമ്മാണ പരിപാടിയുടെ (Rebuild Kerala Initiative) കാഴ്ച പ്പാട് ഉൾക്കൊണ്ടുവേണം 2020-21 ലെ വാർഷിക പദ്ധതി രൂപീകരിക്കേണ്ടത്.
- സ്കൂൾ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള കൈമാറിക്കിട്ടിയ ആസ്തികളുടെ അറ്റകു റ്റപ്പണികൾ ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തീകരിക്കേണ്ടതാണ്.
- ദുരന്ത മാനേജ്മെന്റ് പ്ലാൻ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കണം.
- പുതിയ ബഹു വർഷ പ്രോജക്റ്റുകൾ ഏറ്റെടുക്കുവാൻ പാടില്ല.
- കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 2020-21 ലെ പദ്ധതി രൂപീകരണത്തിന് മുന്നോടിയായി നടക്കുന്ന മിഷൻ അന്ത്യോദയ സർവ്വേയിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ ആസൂത്രണ പ്രക്രിയയുടെ തുടക്ക ത്തിൽ എല്ലാ വർക്കിംഗ് ഗ്രൂപ്പുകൾക്കും സെക്രട്ടറി ലഭ്യമാക്കേണ്ടതാണ്. സർവ്വേയിലെ കണ്ടെത്തലുകൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി അവ വിശകലനം ചെയ്ത് പദ്ധതി നിർദ്ദേശങ്ങൾ രൂപപ്പെടുത്തേണ്ടതാണ്. സർവ്വേ യിലെ കണ്ടെത്തലുകൾ ഗ്രാമസഭകളിൽ അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതാണ്.
- വാർഷിക പദ്ധതി രൂപീകരണ വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ പോർട്ടലി ലേക്ക് അപ്‌ലോഡ് ചെയ്യേണ്ടതാണ്.
- പദ്ധതി തയ്യാറാക്കുന്നതിനുള്ള 12/2019 മുതൽ 3/2020 വരെയുള്ള സമയക്രമം നിശ്ചയിച്ചു.

## 14. പ്രളയ ദുരിതാശ്വാസം-മാർഗ്ഗരേഖകൾ

### എ. പ്രളയ ബാധിത സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രത്യേക വിഹിതം വിനിയോഗിക്കുന്നതിനള്ള മാർഗ്ഗരേഖ

- **സ.ഉ(കൈ)നം.170/2019/തസ്വഭവ തിയതി 23-12-2019**
- പ്രത്യേകമായി ലഭിക്കുന്ന തുക പരമാവധി ജീവനോപാധി പരിപാടികൾ നടപ്പാ ക്കുന്നതിന് വിനിയോഗിക്കേണ്ടതാണ്.

- പ്രകൃതി ദുരന്തത്താൽ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് സബ്സിഡി മാർഗ്ഗരേഖ അനുസരിച്ചുള്ള യൂണിറ്റ് കോസ്റ്റിന്റെ 100% വരെ സബ്സിഡി അനുവദിക്കാവുന്നതാണ്. മറ്റുള്ളവർക്ക് നിലവിലുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം സബ്സിഡി നൽകേണ്ടതാണ്.
- അടിയന്തിര പ്രാധാന്യം അർഹിക്കുന്ന ജീവനോപാധി ഇതര പ്രവൃത്തികളും നിർവ്വഹിക്കാവുന്നതാണ്. *(ഉത്തരവ് കാണുക.)*

## ബി. പ്രളയ ദുരിതാശ്വാസം-യൂണിറ്റ് നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത ജീവനോപാധികൾക്കുള്ള പ്രോജക്റ്റ്-അധിക നിർദ്ദേശങ്ങൾ

- **സ.ഉ(സാധാ)നം.400/2020/തസ്വഭവ തിയതി 17-2-2020**

ഉപകരണങ്ങൾ/മെഷീനറികൾ തുടങ്ങിയവയ്ക്ക് ധനസഹായം നൽകാൻ മാർഗ്ഗരേഖ പ്രകാരം നൂതന പ്രോജക്റ്റുകൾ എന്ന നിലയിൽ പ്രോജക്റ്റ് തയ്യാറാക്കേണ്ടതാണ്. ജില്ലാതല കമ്മിറ്റി അംഗീകാരം നൽകേണ്ടതാണ്. യൂണിറ്റ് നിരക്കും പരമാവധി സബ്സിഡി നിരക്കും കമ്മിറ്റിക്ക് തീരുമാനിക്കാവുന്നതാണ്.

## സി. പ്രളയ ദുരിതാശ്വാസം-2019-20 ലെ പ്രോജക്റ്റുകൾ സ്പിൽ ഓവർ ആക്കുന്നതിന് അനുമതി

- **സ.ഉ(സാധാ)നം.1219/2020/തസ്വഭവ തിയതി 22-6-2020**

2019-20 വരെ അനുവദിച്ച വിഹിതത്തിൽ നിന്നും മാർച്ച് 31 വരെ ചെലവഴിച്ചത് കഴിച്ചുള്ള ബാക്കി തുക എന്ന പരിധിക്ക് വിധേയമായി തുക അനുവദിക്കുന്നതാണ്.

## 15. നഗരസഭകളുടെ പ്ലാൻ ഫണ്ട് - മാലിന്യ സംസ്കരണ സംവിധാനങ്ങൾ/ഉപാധികൾ നൽകുന്നതിന് നിയന്ത്രണം

- **ജി.ഒ(ആർടി)നം.345/2020/തസ്വഭവ തിയതി 10-02-2020**
- 2020-21 സാമ്പത്തിക വർഷം മുതൽ നഗരസഭകൾ പ്ലാൻ ഫണ്ടിൽ നിന്ന് ബി.പി.എൽ വിഭാഗക്കാർക്ക് ഒഴികെ സൗജന്യമായോ, സബ്സിഡി നിരക്കിലോ മാലിന്യ സംസ്കരണ സംവിധാനങ്ങൾ/ഉപാധികൾ വാങ്ങി വിതരണം ചെയ്യുന്ന തരത്തിലുള്ള പദ്ധതികൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

## 16. 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പന്ത്രണ്ടിന പരിപാടി

### എ. പന്ത്രണ്ടിന പരിപാടി - മാർഗ്ഗരേഖ

- **സ.ഉ(കൈ)നം.45/2020/തസ്വഭവ തിയതി 6-3-2020**

| |
|---|
| *1. വിശപ്പുരഹിത കേരളം-ജനകീയ ഹോട്ടൽ* |
| *2. വയോ ക്ലബ്ബുകൾ* |
| *3. ശുചിത്വ കേരളം* |
| *4. പൊതു ടോയ്‌ലറ്റുകളും ടേക് എ ബ്രേക് വിശ്രമ കേന്ദ്രങ്ങളും* |
| *5. തോടുകളുടെ ശുചീകരണം* |
| *6. ഫലവൃക്ഷ തൈകൾ നട്ടു പരിപാലിക്കൽ* |
| *7. ജൈവ പച്ചക്കറി കൃഷി* |
| *8. ലോക്കൽ എംപ്ലോയ്മെന്റ് അഷുറൻസ് പ്രോഗ്രാം (LEAP)* |
| *9. പൊതു വിദ്യാഭ്യാസ യജ്ഞം* |
| *10. പാലിയേറ്റീവ് പരിചരണം* |
| *11. പട്ടിക വിഭാഗങ്ങളുടെ വികസനം* |
| *12. ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ (നമ്മൾ നമുക്കായ്)* |

*(അസ്സൽ മാർഗ്ഗരേഖ കൂടി കാണുക)*

### ബി. പന്ത്രണ്ടിന പരിപാടി ഉൾപ്പെടുന്ന സ്ഥാപനങ്ങളുടെ 2020-21 ലെ വാർഷിക പദ്ധതി-ചെക്ക് ലിസ്റ്റ്

- **സർക്കുലർ നം. ഡിഎ.1/83/2020-തസ്വഭവ തിയതി 20-3-2020**

- 2020-21 വർഷത്തെ പന്ത്രണ്ടിന പരിപാടി ഉൾപ്പെടുന്ന വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുന്നതിനുള്ള ചെക്ക് ലിസ്റ്റ് പുറപ്പെടുവിച്ചു.

## സി. പന്ത്രണ്ടിന പരിപാടി–പൊതു കുളങ്ങൾ മത്സ്യകൃഷി നടത്തുന്നതിനായി നൽകൽ

- **സർക്കുലർ നം. ആർ.സി.4/149/2020/തസ്വഭവ തിയതി 15–07–2020**

പൊതു കുളങ്ങൾ മത്സ്യകൃഷി നടത്തുന്നതിനായി പാട്ടത്തിനു നൽകുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചു. ഭരണസമിതി തീരുമാന പ്രകാരം സെക്രട്ടറി ലേലം, പാട്ടം എന്നീ മാർഗ്ഗങ്ങളിലൂടെ പൊതു കുളങ്ങൾ മത്സ്യകൃഷിക്കായി കൈമാറേണ്ടതാണ്. വ്യവസ്ഥകളും ഫീസും നിശ്ചയിക്കേണ്ടതാണ്. ഫിഷറീസ് വകുപ്പിലെ/മത്സ്യഭവനിലെ ഉദ്യോഗസ്ഥർ സഹായം നൽകേണ്ടതാണ്. (അസ്സൽ മാർഗ്ഗരേഖ കൂടി കാണുക).

## ഡി. പന്ത്രണ്ടിന പരിപാടികൾ – പൊതു ടോയ്‌ലറ്റുകളും ടേക് എ ബ്രേക് വിശ്രമ കേന്ദ്രങ്ങളും നിർമ്മിക്കൽ – മാർഗ്ഗരേഖ

- സ.ഉ(സാധാ)നം.1401/2020/തസ്വഭവ തിയതി 27–07–2020

ദേശീയ-സംസ്ഥാന പാതയോരങ്ങൾ, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചി മുറികളും ടേക് എ ബ്രേക് വിശ്രമ കേന്ദ്രങ്ങളും 2020–21 ലെ പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചു.

*(അസ്സൽ മാർഗ്ഗരേഖ കാണുക)*

## 17. 2020–21 വാർഷിക പദ്ധതി–അടിയന്തിര സ്വഭാവമുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിന് അനുമതി

- **സ.ഉ(കൈ)നം. 59/2020/തസ്വഭവ തിയതി 31–3–2020**

- കോവിഡ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാ പ്രവർത്തനങ്ങൾ-സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രോജക്റ്റുകൾ
- കോവിഡ് കെയർ സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ, വെള്ളം, ശുചിത്വ -മാലിന്യ സംസ്കരണ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
- നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്നു വാങ്ങി നൽകൽ.

- കമ്മ്യൂണിറ്റി കിച്ചനിലൂടെ ലഭ്യമാക്കുന്ന സൗജന്യ ഊണിനുള്ള സഹായം.
- പന്ത്രണ്ടിന പരിപാടിയിലെ വിശപ്പു രഹിത കേരളം-ജനകീയ ഹോട്ടൽ പ്രാവർത്തികമാക്കുന്നതിനുള്ള പ്രോജക്റ്റുകൾ.
- അങ്കണവാടി പോഷകാഹാര പ്രോജക്റ്റുകൾ.
- പാലിയേറ്റീവ് കെയർ പ്രോജക്റ്റ്
- സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് അടിയന്തിര പ്രോജക്റ്റുകൾ

## നടപടിക്രമങ്ങൾ

- സ്റ്റിയറിംഗ് കമ്മിറ്റി വിളിച്ചു ചേർത്ത് തീരുമാനം എടുക്കാവുന്നതാണ്. ആദ്യം ചേരുന്ന ഭരണ സമിതി യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്.
- പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിന് സുലേഖാ സോഫ്റ്റ്‌വെയറിലെ “അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾ” (ജി.ഒ പ്രകാരമുള്ള പ്രോജക്റ്റുകൾ) എന്ന സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.
- പ്രോജക്റ്റുകൾക്ക് വെറ്റിംഗ് ആവശ്യമില്ല.
- ഡി.പി.സി യുടെ മുൻകൂർ അനുമതിയും ആവശ്യമില്ല.
- നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിൽ നിർവ്വഹണ നടപടികൾ ആരംഭിക്കാവുന്നതാണ്.
- എസ്റ്റിമേറ്റ് ആവശ്യമുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സോഫ്റ്റ്‌വെയറിലൂടെ അല്ലാതെ സാങ്കേതികാനുമതി വാങ്ങി നിർവ്വഹണം ആരംഭിക്കാവുന്നതാണ്.
- പ്രോജക്റ്റുകൾ പിന്നീട് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

## 18. 2019-20 വർഷത്തെ നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്റ്റുകൾ 2020-21 ൽ സ്പിൽഓവറായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

- **സ.ഉ(സാധാ)നം. 724/2020/തസ്വഭവ തിയതി 31-3-2020**
- 2019-20 ൽ ഉൾപ്പെടുത്തിയതും ഭൗതികവും സാമ്പത്തികവുമായ നിർവ്വഹണം പൂർത്തിയാകാത്തതുമായ പ്രോജക്റ്റുകൾ 2020-21 സാമ്പത്തിക വർഷത്തിൽ ഭരണസമിതി തീരുമാനപ്രകാരം തുടർന്ന് നിർവ്വഹണം നടത്താവുന്നതാണ്.

### 19. 2020-21-വിവിധ ശീർഷകങ്ങളിൽ ധനകാര്യ വകുപ്പ് അനുവദിച്ച ഒന്നാം ഗഡു ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

- **സർക്കുലർ നം. 116/ഡിഎ-1/2020/തസ്വഭവ തിയതി 3-4-2020**
- പെന്റിംഗ് ബില്ലുകൾ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, അടിയന്തിര സ്വഭാവമുള്ള പ്രോജക്റ്റുകൾ മുതലായവയ്ക്കായി ഉപയോഗിക്കാവുന്നതാണ്. (സർക്കുലർ കൂടി കാണുക).

### 20. 2020-21 വാർഷിക പദ്ധതി-അംഗീകാര നടപടികൾ പൂർത്തീകരിക്കൽ

- **സ.ഉ(കൈ)നം.62/2020/തസ്വഭവ തിയതി 11-4-2020**
- വാർഷിക പദ്ധതി അന്തിമമാക്കി സർപ്പിക്കൽ, ഡി.പി.സി യുടെ അംഗീകാരം, നിർവ്വഹണ നടപടികൾ ആരംഭിക്കൽ, അടിയന്തിര സ്വഭാവമുള്ള പ്രോജക്റ്റുകൾ, സ്പിൽ ഓവർ പ്രോജക്റ്റുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കൽ, സ്പിൽ ഓവർ പ്രോജക്റ്റുകൾ സംബന്ധിച്ച തീരുമാനമെടുക്കൽ, 2019-20 ലെ ബില്ലുകൾ തയ്യാറാക്കി ട്രഷറിക്ക് സമർപ്പിക്കൽ 2019-20 ൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ചെലവിൽ രേഖപ്പെടുത്തൽ മുതലായ നടപടിക്രമങ്ങൾ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. *(അസ്സൽ ഉത്തരവ് കാണുക)*

### 21. 2020-21 വാർഷിക പദ്ധതി-അംഗീകാര നടപടികളുടെ സമയപരിധി ദീർഘിപ്പിച്ചു

- **സ.ഉ(സാധാ)നം.1043/2020/തസ്വഭവ തിയതി 3-6-2020**

2020-21 വാർഷിക പദ്ധതിയിൽ സുഭിക്ഷ കേരളം പരിപാടിയിൽ വരുന്ന പ്രോജക്റ്റുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി ഭേദഗതി ചെയ്ത് ഡി.പി.സിക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി 10-6-2020 വരെ ദീർഘിപ്പിച്ചു.

### 22. വി.ഇ.ഒ മാർക്ക് ലാപ്ടോപ്പ്

- **സ.ഉ(സാധാ)നം.1168/2020/തസ്വഭവ തിയതി 16-6-2020**

ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് വി.ഇ.ഒ മാർക്ക് മിഡിൽ ലെവൽ സ്പെസിഫിക്കേഷനിലുള്ള ഒരു ലാപ്ടോപ്പ് വാങ്ങി നൽകുവാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകി.

- ലാപ്ടോപ്പ് cpcrs പോർട്ടലിൽ നിന്നുതന്നെ വാങ്ങേണ്ടതാണ്.

## 23. 2020-21 വാർഷിക പദ്ധതി പുതുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

- **സ.ഉ(കൈ)നം.104/2020/തസ്വഭവ തിയതി 01-7-2020**

വികസന ഫണ്ട് വിഹിതം പുതുക്കിയതിന് അനുസൃതമായി വാർഷിക പദ്ധതി പുതുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

- **സ.ഉ(സാധാ)നം.1403/2020/തസ്വഭവ തിയതി 27-07-2020** പ്രകാരം പരിഷ്കരിച്ച വാർഷിക പദ്ധതി ഡി.പി.സി ക്ക് നൽകുന്നതിനുള്ള സമയപരിധി 1-8-2020 വരെ ദീർഘിപ്പിച്ചു നൽകി.

## 24. 2020-21 വാർഷിക പദ്ധതി-കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായുള്ള അടിയന്തിര പ്രോജക്റ്റുകൾ

- **സ.ഉ(സാധാ)നം.1382/2020/തസ്വഭവ തിയതി 21-7-2020**

- കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ (CFLTC)
- കോവിഡ് കെയർ സെന്ററുകൾ, ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റയിൻ സെന്ററുകൾ
- ശുചീകരണ പ്രവർത്തനങ്ങൾ, പൊതു സ്ഥലങ്ങൾ അണുവിമുക്തമാക്കൽ
- കമ്മ്യൂണിറ്റി കിച്ചൻ
- വാർഡ്തല സമിതികളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ
- കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങൾ
- ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ
- സർക്കാർ നിർദ്ദേശ പ്രകാരം കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ഏറ്റെടു ക്കേണ്ടി വരുന്ന മറ്റു പ്രവർത്തനങ്ങൾ

സുലേഖാ സോഫ്റ്റ്വെയറിലെ 'അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുക്കുന്ന പ്രോജ ക്റ്റുകൾ' എന്ന സൗകര്യം ഉപയോഗിക്കാവുന്നതാണ്. സാധാരണ വിഹിതം, തനത് ഫണ്ട്, സംഭാവന എന്നിവ വകയിരുത്താവുന്നതാണ്.

(അസ്സൽ മാർഗ്ഗരേഖ കൂടി കാണുക)

## 25. 2020-21 ലെ വാർഷിക പദ്ധതിയുടെ നിർവ്വഹണം ത്വരിതപ്പെടുത്തൽ

- **സ.ഉ(സാധാ)നം.63/2021/തസ്വഭവ തിയതി 10-01-2021**

ഒഴിവാക്കാനാകാത്തതും അടിയന്തിര പ്രാധാന്യമുള്ളതുമായ ഏതാനും വിഭാഗങ്ങളിലെ പ്രോജക്റ്റുകളിൽ ഭേദഗതി വരുത്തി 25-01-2021 നകം ഡി.പി.സി ക്കു സമർപ്പിക്കുന്നിനുള്ള നിർദ്ദേശം നൽകി.

(അസ്സൽ മാർഗ്ഗരേഖ കാണുക)

## 26. 2020-21 ലെ വാർഷിക പദ്ധതി - സ്പിൽ ഓവർ പ്രോജക്റ്റുകൾക്ക് ക്യാരി ഓവർ വിഹിതം

- **സ.ഉ(സാധാ)നം.622/2021/തസ്വഭവ തിയതി 26-02-2021**

ഓരോ വിഭാഗത്തിലേയും 2020-21 ലെ വികസന ഫണ്ട് വിഹിതത്തിൽ ബജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് സ.ഉ(സാധാ)നം.724/2020/തസ്വഭവ തിയതി 31-03-2020 പ്രകാരം ലഭിക്കുവാൻ അർഹതയുള്ള ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കാവുന്നതാണ്.

## 27. ബജറ്റ് വിഹിതം 2020-21-തുക പൂർണ്ണമായും ചെലവഴിച്ച സ്ഥാപനങ്ങൾക്ക് അധിക തുക

- **സ.ഉ(സാധാ)നം.2247/2021/ധന തിയതി 12-03-2021**

2020-21 ൽ അനുവദിച്ച ധനകാര്യ കമ്മീഷൻ തുക ഒഴികെയുള്ള വികസന ഫണ്ട് 90 ശതമാനത്തിനു മുകളിൽ ചെലവ് എത്തുന്ന സ്ഥാപനങ്ങളുടെ വിവരം ഓരോ ആഴ്ചയിലും ഐ.കെ.എം ൽ നിന്നും ശേഖരിച്ച് അപ്പപ്പോൾ വികസന ഫണ്ടിനത്തിൽ താഴെ പറയും പ്രകാരം അധിക ധനാനുമതി അനുവദിക്കുന്നതാണ്.

- ഗ്രാമപഞ്ചായത്തുകൾ - 2020-21 ലെ വികസന ഫണ്ട് വിഹിതത്തിന്റെ 25%
- മുനിസിപ്പാലിറ്റികളും ബ്ലോക്ക് പഞ്ചായത്തുകളും - 2020-21 ലെ വികസന ഫണ്ട് വിഹിതത്തിന്റെ 30%

- കോർപ്പറേഷനുകളും ജില്ലാ പഞ്ചായത്തുകളും - 2020-21 ലെ വികസന ഫണ്ട് വിഹിതത്തിന്റെ 35%

## 28. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നടപ്പാക്കൽ-സ്പഷ്ടീകരണം

- **സർക്കുലർ നം. ഡി.എ.1/599/2018-തസ്വഭവ തിയതി 20-4-2021**

കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണെന്നും അപ്രകാരം നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ഉദ്യോഗസ്ഥരുടെ വീഴ്ചയായി കാണുന്നതാണെന്നും കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 1-2-2017 ലെ തീരുമാനം നം. 2.17 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. 'പ്രത്യേക സർക്കാർ ഉത്തരവുകൾ ആവശ്യമില്ലാത്ത വിഷയങ്ങളിന്മേൽ' കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കേണ്ടതാണെന്ന് 15-02-2017 ലെ തീരുമാനം. 2.17 ലും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത തിയതിക്കുശേഷം വളരെ പ്രാധാന്യമുള്ള വിഷയങ്ങളിൽ മാത്രം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു വരുന്നുണ്ട്.

കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം പദ്ധതികളുടെ നിർവ്വഹണം നടപ്പാക്കുന്നതിന് പ്രത്യേക സർക്കാർ ഉത്തരവുകൾ അടിസ്ഥാനമാക്കേണ്ടതില്ലെന്നും കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തന്നെ നടപ്പാക്കാവുന്നതാണെന്നും സ്പഷ്ടീകരണം നൽകി.

# പതിമൂന്നാം പദ്ധതിയുടെ അവസാന വർഷമായ 2021-22 ലെ വാർഷിക പദ്ധതി തയ്യാറാക്കൽ-അധിക മാർഗ്ഗനിർദ്ദേശങ്ങൾ

## എ. 2021-22 ലെ വാർഷിക പദ്ധതി രൂപീകരണം, സമയക്രമം

- **സ.ഉ(കൈ)നം.4/2021/തസ്വഭവ തിയതി 11-01-2021**

15-01-2021 നു മുമ്പ് ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കേണ്ടതാണ്.

2021 ജനുവരി പകുതിയോടെ പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്. ഫെബ്രുവരി 25 നു മുമ്പ് ഡി.പി.സി യുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. ഫെബ്രുവരി 27 നു മുമ്പ് വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കേണ്ടതാണ്.

താഴെ പറയുന്ന പ്രവർത്തനങ്ങൾക്കുള്ള പ്രോജക്റ്റുകൾ ഉണ്ടാകേണ്ടതാണ്.

1. സുഭിക്ഷ കേരളം പദ്ധതി (സ.ഉ(കൈ)നം.14/2020/ആ.സാ.വ തിയതി 18-05-2020 (മാർഗ്ഗരേഖ) & സ.ഉ(സാധാ)നം.1009/2020/തസ്വഭവ തിയതി 29-05-2020 (സബ്സിഡി))
2. പന്ത്രണ്ടിന പരിപാടി (സ.ഉ(കൈ)നം.45/2020/തസ്വഭവ തിയതി 06-03-2020)

- *തൊഴിലവസര സൃഷ്ടി-Local Employment Assurance Programme-LEAP)*
- *വിശപ്പു രഹിത കേരളം - ജനകീയ ഹോട്ടൽ*
- *പൊതു ടോയ്‌ലറ്റുകളും ടേക് എ ബ്രേക് വിശ്രമ കേന്ദ്രങ്ങളും (സ.ഉ(സാധാ) നം. 1401/2020/തസ്വഭവ തിയതി 27-07-2020)*
- *ശുചിത്വ കേരളം*
- *ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ (സ.ഉ(കൈ)നം.156/2019/തസ്വഭവ തിയതി 4-12-2019)*

3. നിലാവ് പ്രോജക്റ്റ് (സ.ഉ(കൈ)നം. 202/2020/തസ്വഭവ തിയതി 25-12-2020)
4. ജലജീവൻ മിഷൻ പ്രോജക്റ്റുകൾ
5. കൃഷിയും മണ്ണു സംരക്ഷണവും
6. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർ ഷിപ്പും ബത്തയും
7. മെയ്ന്റനൻസ് പ്ലാൻ
8. പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിനുള്ള മുന്നൊരുക്കം

- *ഗ്രാമ പഞ്ചായത്തുകൾക്ക് 2 ലക്ഷം രൂപ വരെയും മുനിസിപ്പാലിറ്റികൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും 3 ലക്ഷം രൂപ വരെയും കോർപ്പറേഷനുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും 5 ലക്ഷം രൂപ വരെയും വകയിരുത്തി ഒരു പ്രോജക്റ്റ് നിർബന്ധമായി രൂപീകരിക്കേണ്ടതാണ്.*

9. സംയോജിത പരിപാടികൾ
10. മിഷൻ അന്ത്യോദയ സർവ്വേയിൽ (2020) കണ്ടെത്തിയ വികസന വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രോജക്റ്റുകൾ
11. ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ പുതുക്കൽ
12. ബഹു വർഷ പ്രോജക്റ്റുകൾ
13. വികസന മിഷനുകളും കേന്ദ്ര-സംസ്ഥാന പദ്ധതികളുമായുള്ള സംയോജനം
14. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായുള്ള സംയോജനം.
15. കുടുംബശ്രീയുടെ സേവനം പ്രയോജനപ്പെടുത്തൽ

## വർക്കിംഗ് ഗ്രൂപ്പ്

മാർഗ്ഗരേഖകൾ പ്രകാരമുള്ള വർക്കിംഗ് ഗ്രൂപ്പുകൾക്കു പുറമേ, 'ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം' എന്ന മേഖലയ്ക്ക് ഒരു വർക്കിംഗ് ഗ്രൂപ്പ് ഉണ്ടാകേണ്ടതാണ്. (സ.ഉ(സാധാ) നം.2710/2018/തസ്വഭവ തിയതി 23-10-2018)

അദ്ധ്യക്ഷൻ - പ്രസിഡണ്ട്/ചെയർപേഴ്സൻ/മേയർ

കൺവീനർ - സെക്രട്ടറി.

## ബി. 2021-22 ലെ വാർഷിക പദ്ധതി രൂപീകരണം - പദ്ധതി അടങ്കൽ

- **സ.ഉ(സാധാ)നം.210/2021/തസ്വഭവ തിയതി 26-01-2021**

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയ്ന്റനൻസ് ഫണ്ട് എന്നിവയുടെ താത്കാലിക വിഹിതം അടിസ്ഥാനമാക്കി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകി.

## സി. 2021-22-വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം- കമ്മിറ്റി രൂപീകരിച്ചു

- **സ.ഉ(സാധാ)നം.340/2021/തസ്വഭവ തിയതി 08-02-2021**

പദ്ധതി രൂപീകരണം, അംഗീകാരം എന്നീ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറായി ജില്ലാ തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായി.


## ഡി. 2021-22 ലെ വാർഷിക പദ്ധതി-അംഗീകാര നടപടികൾ പൂർത്തിയാക്കൽ

- **സ.ഉ(സാധാ)നം.955/2021/തസ്വഭവ തിയതി 28-04-2021**

ഡി.പി.സി അംഗീകാരം, വെറ്റിംഗ്, സി.എഫ്.സി ഫണ്ട് ഉപപദ്ധതി തുടങ്ങിയ നട പടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിച്ചു.

യോഗങ്ങൾ ഓൺലൈൻ ആയി ചേരാവുന്നതാണ്.

- വാർഷിക പദ്ധതിയും സി.എഫ്.സി ഉപപദ്ധതിയും 10-5-2021 നകം ഡി.പി.സിക്കു സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും സ.ഉ(സാധാ) നം.973/2021/തസ്വഭവ തിയതി 07-05-2021 പ്രകാരം തിയതി 20-5-2021 ലേക്ക് ദീർഘിപ്പിച്ചു നൽകി.



# IV
# 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ സബ്സിഡി-ധനസഹായങ്ങൾക്കുള്ള മാർഗ്ഗരേഖ സംക്ഷിപ്തം

**സ.ഉ(കൈ) നം.22/2018/തസ്വഭവ തിയതി 14-02-2018** പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ത്രിതല പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ബാധകമായ സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ പ്രസക്ത ഭാഗങ്ങളും തുടർ ഉത്തരവുകളുമാണ് താഴെ ചേർത്തിട്ടുള്ളത്.

## 1
## സബ്സിഡി-ധനസഹായം - പൊതു മാനദണ്ഡങ്ങളും നിയന്ത്രണങ്ങളും

### പൊതു മാനദണ്ഡങ്ങൾ

| | |
|---|---|
| | പരിസ്ഥിതി സൗഹൃദ, പ്രാദേശിക വിഭവാധിഷ്ഠിത, തൊഴിലധിഷ്ഠിത, സാമ്പത്തിക വികസന സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള ഉപാധിയാണ് സബ്സിഡി. വ്യക്തിഗതമായ സബ്സിഡി, ഗുണഭോക്താക്കൾ മുതൽ മുടക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടിയാണ്. |
| | മാർഗ്ഗരേഖയിൽ സൂചിപ്പിക്കാത്ത മറ്റേതെങ്കിലും ഇനത്തിനോ മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ സബ്സിഡി അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. (ഖ.2.2) |
| | സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണ്. (ഖ.2.3) |
| | ഒരിനത്തിന് മറ്റേതെങ്കിലും സർക്കാർ സഹായം ലഭിക്കുന്നവർക്ക് അതേ ഇനത്തിന് സർക്കാർ പ്രത്യേകമായി നിർദ്ദേശിച്ചിട്ടില്ലെങ്കിൽ മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി നൽകാവുന്നതല്ല. |
| | *മുൻ വർഷങ്ങളിൽ ധനസഹായം ലഭിച്ചവർക്ക് സർക്കാർ നിശ്ചയിക്കുന്ന കാലാവധിക്കു ശേഷം മാത്രമേ അതേ ഇനത്തിന് വീണ്ടും ധനസഹായത്തിന് അർഹതയുണ്ടാവുകയുള്ളൂ.* |

| | |
|---|---|
| | പ്രത്യേകം അനുവദിച്ചിട്ടുള്ള സംഗതികളിൽ ഒഴികെ സബ്സിഡി മുൻകൂറായി നൽകാവുന്നതല്ല. ഖ.(2.11) |
| | പ്രൊക്യുർമെന്റ് മാർഗ്ഗരേഖ (ഖ.2.7)<br>• പ്രോജക്റ്റിൽ പ്രത്യേകം സൂചിപ്പിച്ചിട്ടില്ലെങ്കിൽ വാങ്ങലുകൾക്ക് സ.ഉ(പി) നം.259/2010/തസ്വഭവ തിയതി 08-11-2010 പ്രകാരമുള്ള പ്രൊക്യുർമെന്റ് മാർഗ്ഗരേഖ ബാധകമായിരിക്കും.<br>കുറിപ്പ്: *പ്രൊക്യുർമെന്റ് മാർഗ്ഗരേഖയിൽ സൂചിപ്പിക്കാത്ത കാര്യങ്ങൾക്ക് 2013ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്. ഇ-പ്രൊക്യുർമെന്റ്, GeM, cprcs തുടങ്ങിയ വാങ്ങൽ മാർഗ്ഗങ്ങൾ നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാണ്.* |

## 2.12 ആനുകൂല്യങ്ങൾ നൽകുന്നതിന് ബാധകമായ കുടുംബ വാർഷിക വരുമാനം

| മേഖല | പൊതു വിഭാഗം | പട്ടികജാതി വിഭാഗം | പട്ടികവർഗ്ഗ വിഭാഗം |
|---|---|---|---|
| വ്യക്തിഗത ആനുകൂല്യങ്ങൾക്ക്/ പരിശീലന പരിപാടികൾക്ക് | രണ്ട് ലക്ഷം രൂപ വരെ | മൂന്ന് ലക്ഷം രൂപ വരെ | വരുമാന പരിധി ബാധകമല്ല |
| കാർഷിക മേഖല | • കാർഷിക മേഖലയിൽ ആനുകൂല്യം നൽകുന്നതിന് വരുമാനപരിധി മാനദണ്ഡമാക്കേണ്ടതില്ല.<br>• നാമമാത്ര കർഷകർ (2.5 ഏക്കർ (ഒരു ഹെക്ടർ) ഭൂമി/നിലം ഉള്ളവർ)<br>• ചെറുകിട കർഷകർ (5 ഏക്കർ(2 ഹെക്ടർ) ഭൂമി/നിലം ഉള്ളവർ)<br>• രണ്ട് ഹെക്ടറിൽ അധികം നെൽകൃഷി നടത്തുന്നവർക്കും രണ്ട് ഹെക്ടർ വരെയുള്ള നെൽകൃഷിക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നൽകാവുന്നതാണ്. | | |
| മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യ വികസനം | കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപ വരെ | | വരുമാന പരിധി ബാധകമല്ല |
| ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് ലഭിക്കുന്നതിന് | കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കൂടുവാൻ പാടില്ല. | | വരുമാന പരിധി ബാധകമല്ല |

- *7.2.10 എസ്.സി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിന് വരുമാന പരിധി ബാധകമല്ല.*

## 2.14 വരുമാന സർട്ടിഫിക്കറ്റ്

- ഈ ആവശ്യത്തിനോ മറ്റ് ആവശ്യത്തിനോ ആറ് മാസക്കാലയളവിനുള്ളിൽ റവന്യു അധികാരികളിൽ നിന്നും വാങ്ങിയതോ, റേഷൻ കാർഡിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിലോ, നിർവ്വഹണ ഉദ്യോഗസ്ഥർ സ്വയം അന്വേഷിച്ച് സാക്ഷ്യപ്പെടുത്തിയതോ ആയിരിക്കണം.
- അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർബന്ധിക്കേണ്ടതില്ല. ആനുകൂല്യം വിതരണം ചെയ്യുന്നതിനു മുമ്പ് വരുമാനം സാക്ഷ്യപ്പെടുത്തിയ രേഖ ഹാജരാക്കിയാൽ മതി.

**ജാതി സർട്ടിഫിക്കറ്റുകളുടെ കാലാവധി മൂന്ന് വർഷം**

- സ.ഉ(കൈ)നം.264/2017/ആർ.ഡി തിയതി 4-8-2017 പ്രകാരം വില്ലേജ് ഓഫീസർമാരും തഹസിൽദാർമാരും നൽകുന്ന ജാതി സർട്ടിഫിക്കറ്റുകൾ ഒരു പ്രത്യേക ആവശ്യത്തിനു മാത്രം എന്ന വ്യവസ്ഥ റദ്ദാക്കി എല്ലാ ജാതി സർട്ടിഫിക്കറ്റുകളുടേയും കാലയളവ് 3 വർഷമാക്കി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

## 2.15 എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള മുദ്രപത്രം

- 25000 രൂപയിൽ കുറവുള്ള ആനുകൂല്യങ്ങൾക്ക് എഗ്രിമെന്റ് വയ്ക്കുന്നതിന് മുദ്രപത്രം ആവശ്യമില്ല.

## 3. ജില്ലാതല യൂണിറ്റ് കോസ്റ്റ്

- വ്യക്തിഗത ഗുണഭോക്താക്കൾക്ക് വിവിധ ആസ്തികൾക്ക് ആനുകൂല്യം നൽകുന്നതിനായി ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിക്കേണ്ടതാണ്. ആസ്തിയുടെ യൂണിറ്റ് കോസ്റ്റും ഗുണഭോക്താവിന് നൽകേണ്ട സബ്സിഡി തുകയും സമിതി നിശ്ചയിക്കേണ്ടതാണ്. ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കേണ്ട ഇനങ്ങൾ മാർഗ്ഗരേഖയിലെ ഖ.3.3 ൽ നൽകിയിട്ടുണ്ട്.

- ജില്ലാ കൃഷി ഓഫീസർ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ, ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് എന്നീ ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും ജില്ലാതല യൂണിറ്റ് കോസ്റ്റ് ലഭ്യമാക്കാവുന്നതാണ്.

## സബ്സിഡി/ധനസഹായം നൽകുന്നതിന് നിയന്ത്രണങ്ങളുള്ള ഇനങ്ങൾ

### എ) 5. വ്യക്തികൾക്കും കുടുംബങ്ങൾക്കും ഗ്രൂപ്പുകൾക്കും സബ്സിഡി നൽകുന്നതിൽ നിയന്ത്രണങ്ങളുള്ള ഇനങ്ങൾ

| ക്രമ നം. | നിയന്ത്രണങ്ങൾ ഉള്ള ഇനം | കുറിപ്പ് |
|---|---|---|
| 1 | പ്രഷർ കുക്കർ | - |
| 2 | പാചക പാത്രങ്ങൾ/സംഭരണ പാത്രങ്ങൾ | - |
| 3 | ഫർണീച്ചർ | SC/ST വിദ്യാർത്ഥികൾ, പരമ്പരാഗത മത്സ്യതൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ, വൃദ്ധർക്ക് കട്ടിൽ എന്നിവ മാർഗ്ഗ രേഖ പ്രകാരം നൽകാവുന്നതാണ്. |
| 4 | ടെലിവിഷൻ/റേഡിയോ/ മൈക്ക് സെറ്റ് | സ്വയം തൊഴിൽ സംരംഭത്തിന് ഒഴികെ. |
| | വിളക്ക്/റാന്തൽ/സൗര റാന്തൽ | വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ എസ്.സി/എസ്.ടി വിഭാഗത്തിലെ വീടുകൾക്ക് ഒഴികെ. |
| 5 | ബാഗ്/ചെരുപ്പ്/ഷൂസ്/കുട/നോട്ട് ബുക്ക് മുതലായവ | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒഴികെ |
| 6 | വസ്ത്രങ്ങൾ/യൂണിഫോമുകൾ/ പുസ്തകങ്ങൾ | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കൂൾ യൂണിഫോം, സ്പോർട്സ് ജേഴ്സി ഒഴികെ. |
| 7 | പണമായി നൽകുന്ന സഹായം/ പെൻഷൻ/സംഭാവന/ പരസ്യം | പ്രത്യേകമായി നിർദ്ദേശിച്ചിട്ടുള്ളവ ഒഴികെ |
| 8 | ചികിത്സ/വിവാഹം/മരണാനന്തര ചടങ്ങുകൾ/കുട്ടികളുടെ ജനനം എന്നിവയ്ക്കുള്ള സഹായം | പ്രത്യേകം അനുവദിക്കപ്പെട്ടിട്ടില്ലെങ്കിൽ |
| 9 | തയ്യൽ മെഷീൻ | സംരംഭകത്തിൽ ഉൾപ്പെടുത്തേണ്ടത് ഒഴികെ |

| | | |
|---|---|---|
| 10 | കോടാലി/പിക്കാസ്/മൺകോരി/ മൺവെട്ടി/കത്തി എന്നിവയും മറ്റ് പൂന്തോട്ട നിർമ്മാണ ഉപകരണ ങ്ങളും | – |
| 11 | കൃഷിഭൂമി | – |
| 12 | പലിശ സബ്സിഡി | പ്രത്യേകമായി നിർദ്ദേശിച്ചിട്ടുള്ളത് ഒഴികെ |
| 13 | എൽ.പി.ജി കണക്ഷൻ | – |
| • *സബ്സിഡി നൽകുന്ന കാര്യത്തിൽ തർക്കങ്ങൾ ഉണ്ടായാൽ സർക്കാർ തലത്തിൽ സ്പഷ്ടീകരണം തേടേണ്ടതാണ്.* | | |

## ബി) 8.4 ബോധവത്കരണ ക്യാമ്പുകൾ, മേളകൾ, കമാന നിർമ്മാണം മുതലായവയ്ക്ക് നിയന്ത്രണം

| വികസ ഫണ്ട് ഉപയോഗിക്കുന്നതിന് നിയന്ത്രണങ്ങൾ ഉള്ള ഇനങ്ങൾ | അനുവദനീയമായവ |
|---|---|
| ഉത്പാദനപരമല്ലാത്ത പരിപാടികളായ താഴെ പറയുന്ന ഇനങ്ങൾ:<br>➢ ബോധവത്ക്കരണ ക്യാമ്പയിനുകൾ<br>➢ ക്യാമ്പുകൾ<br>➢ മേളകൾ<br>➢ ഉത്സവങ്ങൾ<br>➢ സെമിനാറുകൾ<br>➢ ഉല്ലാസ-പഠന യാത്രകൾ<br>➢ സമ്മേളനങ്ങൾ<br>➢ കമാനങ്ങളുടെ നിർമ്മാണം | ➢ വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ മെഡിക്കൽ ക്യാമ്പുകൾ.<br>➢ സർക്കാർ പ്രത്യേകമായി അനുവ ദിച്ചിട്ടുള്ള പ്രവർത്തനങ്ങൾ.<br>➢ തദ്ദേശ സ്വയംഭരണ സ്ഥാപന ത്തിന്റെ അനിവാര്യ ചുമതലയിൽ വരുന്ന പ്രവർത്തനങ്ങൾ.<br>➢ ക്യാൻസർ, കിഡ്നി രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള ആരോഗ്യ ക്യാമ്പുകൾ<br>➢ അവയവദാനം സംബന്ധിച്ച ബോധവത്കരണ പ്രവർത്തന ങ്ങൾ. |

## സി) 8.5 പരിശീലന പരിപാടികൾക്ക് നിയന്ത്രണം

- പരിശീലനത്തിനു മാത്രമായി പ്രോജക്റ്റ് പാടുള്ളതല്ല.
- സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി വികസന പ്രോജ ക്റ്റുകൾ പ്രകാരം പരിശീലനം ആകാവുന്നതാണ്.
- പരിശീലനാർത്ഥിക്ക് യാത്രാപ്പടിയും സ്റ്റൈഫന്റും അനുവദനീയമല്ല.
- കമ്പ്യൂട്ടർ പരിശീലന പരിപാടികൾ ഏറ്റെടുക്കാവുന്നതല്ല.

**പരിശീലനപരിപാടികൾക്കുള്ള വരുമാന പരിധി**

| | |
|---|---|
| ജനറൽ | 2 ലക്ഷം |
| പട്ടികജാതി | 3 ലക്ഷം |
| പട്ടികവർഗ്ഗം | വരുമാന പരിധിയില്ല |

## ഡി) 8.9 MP/MLA ഫണ്ട് മുഖേനയും മറ്റ് രീതിയിലും ആർജ്ജിച്ച ബസുകളുടെ ചെലവിന് നിയന്ത്രണം

- വിവിധ സ്കൂളുകളിൽ MP/MLA ഫണ്ട് മുഖേനയും മറ്റു രീതിയിലും ആർജ്ജിച്ച ബസുകളുടെ ഡ്രൈവറുടെ വേതനം, ഇന്ധന ചെലവ്, മറ്റു ആവർത്തനച്ചെലവ് എന്നിവയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം തുക ചെലവഴിക്കുവാൻ പാടില്ല.

## ഇ) 8.10 ശമ്പളം/ഹോണറേറിയം നൽകുന്നതിൽ നിയന്ത്രണം

- പ്രോജക്റ്റിൽ തുക വകയിരുത്തി ശമ്പളം/ഹോണറേറിയം നൽകുവാൻ പാടില്ല.

***താഴെ പറയുന്നവർക്ക് വേതനം നൽകുന്നതിന് മേൽ നിബന്ധനയിൽ ഇളവ് നൽകിയിട്ടുണ്ട്.***

- ✓ *ബഡ്സ് സ്കൂൾ, റീഹാബിലിറ്റേഷൻ സെന്റർ അദ്ധ്യാപകർ, ഹെൽപ്പർമാർ, സ്പെഷ്യലിസ്റ്റുകൾ, തെറാപ്പിസ്റ്റുകൾ*
- ✓ *പാലിയേറ്റീവ് കെയർ നഴ്സ്, ഫിസിയോ തെറാപ്പിസ്റ്റ്*
- ✓ *ടെക്നിക്കൽ അസിസ്റ്റന്റ്*
- ✓ *അങ്കണവാടി വർക്കർ, ഹെൽപ്പർ*
- ✓ *സ്കൂൾ ലൈബ്രേറിയൻ, കൗൺസിലേഴ്സ്, ജാഗ്രതാ സമിതി ഉദ്യോഗസ്ഥ*
- ✓ *പി.എച്ച്.സി/സി.എച്ച്.സി ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ലാബ് ടെക്നീഷ്യൻ*

- ✓ *ഊരുകൂട്ട വളണ്ടിയർമാർ*
- ✓ *സ്കൂളുകളിൽ നിയോഗിക്കുന്ന കായികാദ്ധ്യാപകർ*
- ✓ *ഹോസ്പിറ്റൽ കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ*
- ✓ *പകൽവീട്/വൃദ്ധസദനം കെയർ ഗിവർ*
- ✓ *യോഗ പരിശീലകൻ*
- ✓ *ജനകീയാസൂത്രണ റിസോഴ്സ് പേഴ്സൻ*
- ✓ *എ.ബി.സി പ്രോഗ്രാമിന്റെ ഭാഗമായി നിയോഗിക്കുന്ന ഡോക്ടർമാരും സഹായികളും*

## ഡി) 8.11 വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം

- 31-03-2006 ലെ സ.ഉ(എം.എസ്)നം.86/2006/തസ്വഭവ ഉത്തരവ് പാലിക്കേണ്ടതാണ്. ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമല്ലാതെ മറ്റാവശ്യങ്ങൾക്ക് വാഹനം വാങ്ങുവാൻ സർക്കാർ അനുമതി ആവശ്യമാണ്. പഴയത് ലേലം ചെയ്ത് പുതിയത് വാങ്ങുവാൻ സർക്കാർ അനുമതി ആവശ്യമില്ല.

**കുറിപ്പ്:** വാഹനങ്ങൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government e Marketplace) മുഖേന വാങ്ങേണ്ടതാണ്.

- കൂടുതൽ വിശദാംശങ്ങൾക്ക് 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ അധ്യായം 19 കാണുക.

## ഇ) 8.12. ഇൻഷുറൻസ് പദ്ധതികൾക്ക് നിയന്ത്രണം (ഖ.8.12)

- വ്യക്തികൾക്കോ കുടുംബങ്ങൾക്കോ വേണ്ടി ഇൻഷുറൻസ് പരിപാടികൾ ഏറ്റെടുക്കുവാൻ പാടില്ല. ഏതെങ്കിലും ഇൻഷുറൻസ് പരിപാടി നടപ്പാക്കുവാൻ സർക്കാർ അനുമതി ആവശ്യമാണ്.

## 2

# 6. വിവിധ മേഖലകളിൽ അനുവദനീയമായ സബ്സിഡി – തുടർ ഉത്തരവുകൾ

**സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14–02–2018** പ്രകാരം പതിമൂന്നാം പദ്ധതിയിലെ അവശേഷിക്കുന്ന വർഷങ്ങളിലെ (2018–19 മുതൽ 2021–22 വരെ) സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം പഞ്ചായത്ത് രാജ്/നഗരപാലികാ സ്ഥാപനങ്ങൾക്ക് സബ്സിഡിക്ക് അർഹമായ മേഖലകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| ഖ. നം. | മേഖല | ഭേദഗതി വരുത്തിയ ഖണ്ഡികകൾ |
|---|---|---|
| 6.1 | കൃഷി | 6.1.5, 6.1.6, 6.1.7, 6.1.9, 6.1.20 (6.1.27 & 6.1.28 –ഒഴിവാക്കി) |
| 6.2 | മൃഗസംരക്ഷണം/ക്ഷീര വികസനം | 6.2.1, 6.2.6, 6.2.7, 6.2.8, 6.2.10, 6.2.12, 6.2.15, 6.2.16, 6.2.19 |
| 6.3 എ, ബി, സി | മത്സ്യബന്ധന മേഖല-സമുദ്ര മേഖല, ഉൾനാടൻ മത്സ്യബന്ധനം, മത്സ്യ തൊഴിലാളി ക്ഷേമം | സുഭിക്ഷ കേരളം പദ്ധതി പ്രകാരം പ്രകാരം 3 ഇനങ്ങൾ കൂടി കൂട്ടിച്ചേർത്തിട്ടുണ്ട്. |
| 6.4 | ചെറുകിട വ്യവസായം-വ്യക്തിഗതം, ഗ്രൂപ്പ് സംരംഭങ്ങൾ | – |
| 6.5 | മണ്ണ്-ജലസംരക്ഷണം | – |
| 6.6 | കുടിവെള്ളം | – |
| 6.7 | വീട്/വീട് പുനരുദ്ധാരണം/വീട് വയറിംഗ് | 6.7.6 |
| 6.8 | ഖര-ദ്രവ മാലിന്യം സംസ്കരണം-ഗാർഹികതലം, സ്ഥാപനതലം, കമ്മ്യൂണിറ്റിതലം | 6.8.1 |
| 6.9 | അക്ഷയ ഊർജ്ജം | – |
| 6.10 | സഹകരണം | – |
| 6.11 | ക്ഷീര സഹകരണ സംഘങ്ങൾ | – |
| 6.12 | മത്സ്യ സഹകരണ സംഘങ്ങൾ | – |
| 6.13 | പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ | – |
| 6.14 | മത്സ്യം, ക്ഷീരം, പട്ടികജാതി/പട്ടിക വർഗ്ഗം എന്നീ സഹകരണ സംഘങ്ങൾ ഒഴികെയുള്ളവ | – |
| 6.15 | കയർ | – |

- ഓരോ മേഖലയുടേയും സബ്സിഡി മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾക്ക് അസ്സൽ മാർഗ്ഗരേഖ പരിശോധിക്കേണ്ടതാണ്. റഫറൻസ് എളുപ്പമാക്കുന്നതിനായി ഓരോ വിഷയത്തിലേയും വിവിധ ഖണ്ഡികകളിൽ ഉണ്ടായിട്ടുള്ള തുടർ ഉത്തരവുകളാണ് തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

# സബ്സിഡി മാർഗ്ഗരേഖ - തുടർ ഉത്തരവുകൾ

## 6.1 കൃഷി

### 1. കൃഷി ആവശ്യത്തിനു വാങ്ങുന്ന രാസവളങ്ങൾക്കുള്ള സബ്സിഡി- സ്പഷ്ടീകരണം

- **സർക്കുലർ നം. ഡി.എ.1/553/2018/തസ്വഭവ തിയതി 30-07-2018**

കൃഷി ആവശ്യത്തിനുള്ള രാസവളങ്ങൾ സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്. ഇങ്ങനെ വളം വാങ്ങിയതിനുശേഷം ഒറിജിനൽ ബിൽ ബന്ധപ്പെട്ട കൃഷി ഓഫീസർക്ക് നൽകുന്ന മുറയ്ക്ക് സബ്സിഡി മാർഗ്ഗരേഖയിൽ പറയും പ്രകാരം അനുവദനീയമായ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്. വളം കൃഷി ആവശ്യത്തിന് ഗുണഭോക്താവ് ഉപയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

### 2. പെട്ടിയും പറയും - അനുമതി (ഖ. 6.1.9)

- **സ.ഉ(സാധാ)നം.166/2019/ തസ്വഭവ തിയതി 25-1-2019**

പാടശേഖരങ്ങളിൽ പെട്ടിയും പറയും (പമ്പ് സെറ്റ്) സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പുറമേ നഗരസഭകൾക്ക് കൂടി അനുമതി നൽകി.

### 10. ഹരിത ഭവനം പദ്ധതി - കിണൽ റീ-ചാർജ്ജിംഗ് നിർവ്വഹണ ഉദ്യോഗസ്ഥൻ ((ഖ. 6.1.20)

- **സർക്കുലർ നം. ഡി.ഡി.2/71/2019/തസ്വഭവ തിയതി 25-02-2019**

ഹരിത ഭവനം പദ്ധതിക്കു കീഴിലെ കിണർ റീചാർജ്ജിംഗ് നിർവ്വഹിക്കുന്നത് നിർബന്ധമായും ബന്ധപ്പെട്ട കൃഷി ഓഫീസർ ആയിരിക്കേണ്ടതാണ്.

### 11. അട്ടപ്പാടി മേഖലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സബ്സിഡി മാർഗ്ഗരേഖയിൽ ഇളവുകൾ അനുവദിച്ചു

- **സ.ഉ(സാധാ)നം. 2124/2018/തസ്വഭവ തിയതി 2-8-2018**

നൂതന പ്രൊജക്റ്റുകൾക്കുള്ള ജില്ലാതല കമ്മിറ്റിയുടെ പരിശോധനയ്ക്ക് കൂടി വിധേയമാക്കേണ്ടതാണെന്ന നിബന്ധനയോടെ താഴെ പറയുന്ന ഇളവുകൾ അനുവദിച്ചു.

**കാർഷിക മേഖയിലെ വ്യക്തിഗത സബ്സിഡി ലഭിക്കുവാൻ** റവന്യു വകുപ്പ് നൽകുന്ന ഭൂമിയുടെ കൈവശ രേഖയ്ക്ക് പകരം ട്രൈബൽ എക്സ്ടൻഷൻ ഓഫീസർമാർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകാവുന്നതാണ്.

### 12. ഗ്രാമപഞ്ചായത്തിലെ കർഷകർ മറ്റു ഗ്രാമപഞ്ചായത്തുകളിൽ കൃഷി ചെയ്യുമ്പോൾ ധനസഹായം നൽകൽ

- **സർക്കുലർ നം. ഡി.എ.1/553/2018/തസ്വഭവ തിയതി 30-07-2018**

ഏത് പഞ്ചായത്തിൽ/നഗരസഭയിൽ താമസിക്കുന്നു എന്ന് കണക്കിലെടുക്കാതെ കൃഷിഭൂമി ഏത് സ്ഥാപന പരിധിയിലാണോ ആ സ്ഥാപനത്തിന് ആ കർഷകന് ആനുകൂല്യം നൽകാവുന്നതാണ്.

### 13. വിത്ത്, നടീൽ വസ്തുക്കൾ, ഗ്രോബാഗ് വാങ്ങൽ

- **സ.ഉ(സാധാ)നം.1087/2020/തസ്വഭവ തിയതി 10-06-2020**
- VFPCK യിൽ നിന്നും വിത്ത്, നടീൽ വസ്തുക്കൾ, ഗ്രോബാഗ് എന്നിവ വാങ്ങുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി.

### 14. കൃഷി പ്രോജക്റ്റുകൾക്കാവശ്യമായ സാധനങ്ങൾ കർഷക സേവന കേന്ദ്രങ്ങളിൽ നിന്നും നേരിട്ടു വാങ്ങുന്നതിന് അനുമതി

- **സ.ഉ(സാധാ)നം.616/2021/തസ്വഭവ തിയതി 26-02-2021**

സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കർഷക സേവന കേന്ദ്രങ്ങളിൽ നിന്നും കൃഷി പ്രോജക്റ്റുകൾക്കാവശ്യമായ നടീൽ വസ്തുക്കൾ, വിത്ത്, വളം മുതലായ സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ടു വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി.

സാധനങ്ങളുടെ ഗുണനിലവാരം കൃഷി അസി. ഡയറക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 15. സുഭിക്ഷ കേരളം പദ്ധതി-കൃഷി-സബ്സിഡി മാനദണ്ഡങ്ങൾ

- **സ.ഉ(സാധാ)നം.1009/2020/തസ്വഭവ തിയതി 29-05-2020**

സുഭിക്ഷ കേരളം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങളിൽ ഏതാനും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും അംഗീകരിച്ച് ഉത്തരവായി. സുഭിക്ഷകേരളം സബ്സിഡി മാർഗ്ഗരേഖയിലെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട സബ്സിഡി മാനദണ്ഡങ്ങൾ തുടർന്ന് ചേർക്കുന്നു.

### ഖ.2. കൃഷി

സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14-2-2018 ലെ **ഖ. 6.1.6** (നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി) നു പകരമായി താഴെ പറയുന്ന സബ്സിഡി നിബന്ധനകൾ ഉൾപ്പെടുത്തി.

### 2.1 തരിശു കൃഷിക്ക് അനുവദിക്കാവുന്ന പരമാവധി സഹായം (രൂപ)

| ക്രമ നം. | ഇനം | നിരക്ക് (ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക) | | |
|---|---|---|---|---|
| | | കർഷകന് | ഉടമയ്ക്ക് | ആകെ |
| 1 | നെല്ല് | 35000 | 5000 | 40000 |
| 2 | പച്ചക്കറി | 37000 | 3000 | 40000 |
| 3 | വാഴ | 32000 | 3000 | 35000 |
| 4 | പയർ വർഗ്ഗങ്ങൾ (Pulses) | 27000 | 3000 | 30000 |
| 5 | ചെറുധാന്യം (Millets) | 27000 | 3000 | 30000 |
| 6 | മരച്ചീനിയും മറ്റു കിഴങ്ങു വർഗ്ഗങ്ങളും | 27000 | 3000 | 30000 |
| 7 | മുകളിൽ പരാമർശിക്കാത്ത മറ്റ് വിളകൾ | 10000 | -- | 10000 |

- മൂന്നു വർഷത്തിൽ അധികമായി കാർഷിക പ്രവൃത്തികൾ ചെയ്യാത്ത ഭൂമി/പുരയിടം തരിശുഭൂമിയായി പരിഗണിക്കാവുന്നതാണ്. കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണം.
- തരിശുഭൂമിയിലെ ആദ്യ കൃഷിക്കു മാത്രമേ ആനുകൂല്യം നൽകാവൂ.
- ആനുകൂല്യം രണ്ട് തവണകളായി നൽകാം-പ്ലാന്റിംഗ് നടക്കുമ്പോളും സീസന്റെ പകുതിയിലുള്ള പരിശോധനയ്ക്ക് ശേഷവും.
- തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്.
- ഉടമയ്ക്കുള്ള തുക പ്ലാന്റിംഗ് നടക്കുന്ന സമയത്ത് നൽകാവുന്നതാണ്.

*(സുഭിക്ഷ കേരളം സബ്സിഡി മാർഗ്ഗരേഖയിലെ ഖ.2.5 ലെ പൊതു മാർഗ്ഗനിർദ്ദേശങ്ങളും ബാധകമാണ്).*

## 2.3 സ്ഥിരം കൃഷിക്ക് (Regular farming) അനുവദിക്കാവുന്ന പരമാവധി ധനസഹായം-കൃഷിചെലവ്/കൂലിചെലവ് സബ്സിഡി

*സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14-2-2018 ലെ* ***ഖ. 6.1.7*** *(പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി) നു പകരമായി താഴെ പറയുന്ന സബ്സിഡി നിബന്ധനകൾ ഉൾപ്പെടുത്തി.*

| ക്രമ നം. | ഇനം/കൃഷി | | നിരക്ക് (ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക-രൂപ) |
|---|---|---|---|
| 1 | നെല്ല് (ഒരു പൂ കൃഷിക്ക്) | | 22000 |
| 2 | പച്ച ക്കറി | പന്തൽ ഉൾപ്പെടെ | 25000 |
| | | പന്തൽ ഇല്ലാതെ | 20000 |
| | | ശീതകാല പച്ചക്കറി (ഇടുക്കി, വയനാട് ജില്ലകളിലെ ശീതകാല പച്ചക്കറി കൃഷി നടത്തുന്ന പ്രദേശങ്ങൾക്ക് മാത്രം) | 30000 |
| 3 | പയർ വർഗ്ഗങ്ങൾ (Pulses) | | 20000 |
| 4 | മരച്ചീനിയും മറ്റു കിഴങ്ങു വർഗ്ഗങ്ങളും (Topioca and other tubers) | | 20000 |
| 5 | വാഴ | | 30000 |
| 6 | ചെറുധാന്യങ്ങൾ (Millets) | | 20000 |
| 7 | നിലക്കടല (Groundnut) | | 20000 |
| 8 | എള്ളും മറ്റു എണ്ണക്കുരുക്കളും (Sesamum & other oil seeds) | | 10000 |
| 9 | മുകളിൽ പരാമർശിക്കാത്ത മറ്റു വിളകൾ | | 10000 |

- ഹ്രസ്വകാല വിളകൾക്കും നെൽകൃഷിക്കും ഒരു വർഷം പരമാവധി രണ്ട് സീസണിൽ ധനസഹായം നൽകാം.
- തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തൊഴിലുറപ്പു പദ്ധതിയിൽ നിർവ്വഹിക്കുകയാണെങ്കിൽ സ്ഥിരം കൃഷിക്കുള്ള സഹായം നൽകാവുന്നതാണ്.
- ആനുകൂല്യം സീസന്റെ പകുതിയിലുള്ള പരിശോധനയ്ക്ക് ശേഷം ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്.

*(സുഭിക്ഷ കേരളം സബ്സിഡി മാർഗ്ഗരേഖയിലെ ഖ.2.5 ലെ പൊതു മാർഗ്ഗനിർദ്ദേശങ്ങളും ബാധകമാണ്).*

## തരിശു കൃഷിക്കും സ്ഥിരം കൃഷിക്കും ബാധകമായ പൊതുനിർദ്ദേശങ്ങൾ (സുഭിക്ഷ കേരളം സബ്സിഡി മാർഗ്ഗരേഖ – ഖ. 2.5)

### 1) സഹായത്തിന് അർഹരായവർ

നാമമാത്ര-ചെറുകിട കർഷകർ, കർഷക കൂട്ടായ്മ/ഗ്രൂപ്പുകൾ, കുടുംബശ്രീ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വയം സഹായം സംഘങ്ങൾ, പ്രവാസികൾ, പ്രവാസി കൂട്ടായ്മകൾ, സഹകരണ സംഘങ്ങൾ, പ്രൊഡ്യൂസർ കമ്പനികൾ, ചാരിറ്റബിൾ സംഘങ്ങൾ, യുവജന ക്ലബ്ബുകൾ തുടങ്ങി കൃഷി ചെയ്യുന്ന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും നൽകാം. പൊതു മേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കമ്പനികൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥാപനത്തിന്റെ സഹായമില്ലാതെ കർഷകർ/ഗ്രൂപ്പുകൾ കൃഷി ചെയ്യുന്ന അവസരത്തിലും സഹായം അനുവദിക്കാവുന്നതാണ്.

### 2) കൃഷി വകുപ്പിൽ നിന്നുള്ള അധിക സഹായം

- **സുസ്ഥിര നെൽകൃഷി വികസനത്തിന്** ഉൽപാദനോപാദികൾക്കുള്ള സഹായം (പ്ലാൻ) ആയി ഹെക്ടറിന് 5500 രൂപ സഹായം നൽകുന്നതാണ്.
- നെല്ലുൽപാദനത്തിന് പ്രോൽസാഹായം എന്ന സ്കീമിന്റെ (നോൺ-പ്ലാൻ) ഭാഗമായി ഹെക്ടറിന് 1000 രൂപ നൽകുന്നതാണ്.
- കിലോഗ്രാമിന് 8 രൂപ നിരക്കിൽ ഉൽപാദന ബോണസ് നൽകുന്നതാണ്.

3) വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയവയ്ക്ക് സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം സബ്സിഡി അനുവദിക്കുകയാണെങ്കിൽ അവയുടെ വില കുറവു ചെയ്ത് (ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ തുക) ബാക്കി തുക സഹായമായി അനുവദിക്കാവുന്നതാണ്.

- കൃഷി വകുപ്പ് അനുവദിക്കുന്ന അധിക സഹായം പട്ടികയിൽ പറഞ്ഞിട്ടുള്ള ധനസഹായത്തിന് പുറമേ നൽകാവുന്നതാണ്.

4) **ഒരു പ്ലോട്ടിൽ വ്യത്യസ്ഥ വിളകൾ വെവ്വേറെയായി കൃഷി ചെയ്യുമ്പോൾ:** ഓരോ വിളയും കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായി അതത് വിള കൾക്ക് അനുവദനീയമായ നിരക്കിൽ സഹായം നൽകാവുന്നതാണ്.

   **ഒരു പ്ലോട്ടിൽ ബഹുവിള കൃഷി** (multiple crops) **ചെയ്യുമ്പോൾ:** മുഖ്യ വിളയ്ക്ക് ബാധകമായ സഹായം നൽകാവുന്നതും മുഖ്യവിള ഒഴികെയുള്ള ഇട വിളകൾക്ക് വിത്തുകളും തൈകളും മേൽപറഞ്ഞ സഹായത്തിന് പുറമേ മാർഗ്ഗരേഖ അനുസരിച്ച് അധികമായി നൽകാവുന്നതുമാണ്.

5) വിളകളെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷുറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ്.

6) ഉടമയുടെ പ്രതിഫലം എത്രയെന്ന് തുടക്കത്തിൽ തന്നെ ധാരണയിലെത്തണം. തരിശുഭൂമിയുടെ കാര്യത്തിൽ ഖ. 2.1 പ്രകാരം നിശ്ചയിച്ചിട്ടുള്ള തുക ഉടമയ്ക്കു നൽകേണ്ടതാണ്. ഉടമ തന്നെയാണ് കൃഷി ചെയ്യുന്നതെങ്കിൽ ഉടമയ്ക്കുള്ള തുക ഉൾപ്പെടെയുള്ള മൊത്തം തുകയും ഉടമയ്ക്ക് നൽകാവുന്നതാണ്.

7) തണ്ണീർത്തടങ്ങളും നെൽവയലുകളും മണ്ണിട്ടുയർത്തി കൃഷി ചെയ്യുന്ന രീതി പ്രോൽസാഹിപ്പിക്കരുത്.

8) ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താം. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് താരതമ്യേന വലിയ പ്ലോട്ടുക ളിലോ, പാടശേഖരം മൊത്തത്തിലോ കൃഷി ചെയ്യുന്നതിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കാവുന്നതാണ്.

9) ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്റ്റു കൾക്ക് വിഹിതം നൽകാവുന്നതാണ്.

10) സഹായം അനുവദിക്കുമ്പോൾ ഇരട്ടിപ്പ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കണം.

### ഖ. 5. നെൽകൃഷി-സഹായത്തിന് അർഹരായവർ

കാർഷിക മേഖലയിൽ ചെറുകിട-നാമമാത്ര കർഷകർക്കാണ് അർഹതയെങ്കിലും നെൽകൃഷിയുടെ കാര്യത്തിൽ രണ്ട് ഹെക്ടറിലധികം കൃഷി ചെയ്യുന്ന കർഷകർക്കും രണ്ട് ഹെക്ടർ വരെയുള്ള ആനുകൂല്യം നൽകാവുന്നതാണ്.

### ഖ.2.7 ഫലവൃക്ഷ തൈകൾ (പുഷ്പ-ഔഷധ സസ്യ കൃഷിക്കുള്ള വിത്തുകളും തൈകളും ജാതിതൈകളും ഉൾപ്പെടെ)

സ.ഉ(കൈ)നം.45/2020/തസ്വഭവ തിയതി 06-03-2020 പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടിന പരിപാടിയിലെ **ഒരു കോടി ഫലവൃക്ഷതൈകൾ നട്ടുവളർത്തൽ** പദ്ധതി സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിച്ചാണ് നടപ്പാക്കുന്നത്. **ഫലവൃക്ഷ തൈകളുടേയും തെങ്ങിൻ തൈകളുടേയും ജാതി തൈകളുടേയും സബ്സിഡി എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും 100 ശതമാനമായി പുതുക്കി നിശ്ചയിച്ചു.** *(അസ്സൽ സബ്സിഡി മാർഗ്ഗരേഖയിലെ ഖ.6.1.5 ൽ ഈ ഭേദഗതികൾ കൂടി ഉൾപ്പെടുത്തി പുതുക്കി).*

*സുഭിക്ഷ കേരളം സബ്സിഡി മാർഗ്ഗരേഖ പ്രകാരം അസ്സൽ സബ്സിഡി മാർഗ്ഗരേഖയിലെ (സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14-2-2018) ഖ. 6.1.5(മറ്റു ഫല-പുഷ്പ ഔഷധ സസ്യകൃഷി), **ഖ. 6.1.6**(നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി), **ഖ. 6.1.7** (പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി) എന്നിവ പരിഷ്കരിക്കുകയും, **ഖ. 6.1.27**(തരിശു ഭൂമിയിൽ പാട്ടകൃഷി), **ഖ. 6.1.28** (എള്ളു കൃഷി) എന്നിവ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.*

## 6.2 മൃഗസംരക്ഷണം - തുടർ ഉത്തരവുകൾ

### 1. പശു വാങ്ങൽ - ഗുണഭോക്തൃ വിഹിതം പലിശ (ഖ. 6.2.1)

- **സർക്കുലർ നം. ഡി.എ-1/718/ 2018/തസ്വഭവ തിയതി 15-10-18**

- കറവപ്പശുക്കളെ വാങ്ങുന്നതിന് മാർഗ്ഗരേഖ പ്രകാരം സബ്സിഡി ലഭിച്ചിട്ടുള്ള ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം കണ്ടെത്തുന്നതിന് ബാങ്ക് ലോൺ എടുത്തിട്ടുണ്ടെങ്കിൽ അതിന്റെ പലിശ നൽകാവുന്നതല്ല.
- സബ്സിഡി രഹിതമായി പശുക്കളെ വാങ്ങുന്നവർക്ക് ബാങ്ക് ലോണിന്റെ പലിശ നൽകാവുന്നതാണ്.

### 2. മുട്ടക്കോഴികൾക്കുള്ള ഹൈ ഡെൻസിറ്റി ഫ്രെയിം ഉപയോഗിച്ചുള്ള കൂട് (ഖ.6.2.7)

**എ. സ.ഉ(സാധാ)നം. 1582/2018/തസ്വഭവ തിയതി 11-06-2018**

മുട്ടക്കോഴികൾക്കുള്ള ഹൈ ഡെൻസിറ്റി ഫ്രെയിം ഉപയോഗിച്ചുള്ള കൂടിന് നിലവിൽ നൽകിവരുന്ന ചെലവിന്റെ 25% സബ്സിഡി എന്നത് 50% ആയി വർദ്ധിപ്പിച്ചു. കൂട് ഉള്ളവർക്ക്, നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ കൂട് നിർബന്ധമായും വാങ്ങണമെന്ന നിബന്ധന ഒഴിവാക്കി.

*നിബന്ധനയിൽ തുടർ ഭേദഗതി ഉണ്ടായിട്ടുണ്ട്.*

**ബി. സ.ഉ(സാധാ)നം. 2638/2018/തസ്വഭവ തിയതി 15-10-2018**

- കോഴി വളർത്തുന്നതിന് സുരക്ഷിതമായ കൂട് കൈവശമുണ്ടെന്ന ഗുണഭോക്താവിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കൂട് ഒഴിവാക്കി മുട്ടക്കോഴി വിതരണം നടത്താവുന്നതാണ്. കൂടിന്റെ സബ്സിഡി നിരക്ക് 50% ആയി വർദ്ധിപ്പിച്ചത് 25% ത്തിലേക്ക് പരിമിതപ്പെടുത്തുകയും ചെയ്തു.

### 3. ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയിലല്ലാത്ത മറ്റു ക്ഷീര കർഷകർക്കുള്ള സബ്സിഡി (ഖ.6.2.8)

- **സ.ഉ(സാധാ)നം.545/2019/ തസ്വഭവ തിയതി 7-3-2019**

- പാൽ ഉൽപ്പാദനത്തിന് ആനുപാതികമായി വെറ്ററിനറി സർജ്ജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ ഒരു വർഷം പരമാവധി 15000 രൂപ വരെ നൽകാവുന്നതാണ്.

### 4. ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനുള്ള കാലിത്തീറ്റ വാങ്ങൽ-നിബന്ധനകൾ (6.2.15)

- **സ.ഉ(സാധാ)നം. 1466/2020/തസ്വഭവ തിയതി 06-08-2020**
- **സ.ഉ(സാധാ)നം. 1090/2021/തസ്വഭവ തിയതി 03-06-2021**
- കേരള ഫീഡ്സ് കാലിത്തീറ്റയും മിൽമ ഉത്പാദിപ്പിക്കുന്ന കാലിത്തീറ്റയും പ്രാദേശിക സർക്കാരുകൾക്ക് വാങ്ങാവുന്നതാണ്. കേരള ഫീഡ്സ്, മിൽമ എന്നിവിടങ്ങളിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നിർബന്ധമായും വാങ്ങിയതിനുശേഷം ഈ സ്ഥാപനങ്ങളുടെ നിരക്കിനേക്കാൾ കുറവാണെന്ന് ഉറപ്പാക്കി ടെണ്ടർ/ഇ-ടെണ്ടർ മുഖേന മറ്റിടങ്ങളിൽ നിന്നും കാലിത്തീറ്റ വാങ്ങാവുന്നതാണ്.
- ക്ഷീര കർഷകർക്ക് കാലിത്തീറ്റ ധനസഹായം പണമായി നൽകാവുന്നതല്ല. കാലിത്തീറ്റയായി തന്നെ ക്ഷീര സംഘങ്ങൾ മുഖേന കർഷകർക്ക് നൽകേണ്ടതാണ്.

### 5. കന്നുകുട്ടി പരിപാലന പദ്ധതി (എസ്.എൽ.ബി.പി)-തദ്ദേശ സ്ഥാപങ്ങളുടെ വിഹിതം കൈമാറൽ (6.2.6)

- ജി.ഒ(ആർടി)നം.1696/2020/തസ്വഭവ തിയതി 20-09-2020
- സ.ഉ(സാധാ)നം.127/2021/തസ്വഭവ തിയതി 18-01-2021

എസ്.എൽ.ബി.പി ക്കായി തദ്ദേശ സ്ഥാപനങ്ങൾ വകയിരുത്തുന്ന തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള PSTSB/STSB അക്കൗണ്ടിലേക്ക് കൈമാറുന്നതിന് അനുമതി നൽകി.

## 6. സുഭിക്ഷ കേരളം പദ്ധതി-മൃഗ സംരക്ഷണം-സബ്സിഡി മാനദണ്ഡങ്ങൾ

- **സ.ഉ(സാധാ)നം.1009/2020/തസ്വഭവ തിയതി 29-05-2020**

സുഭിക്ഷ കേരളം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങളിൽ ഏതാനും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും അംഗീകരിച്ച് ഉത്തരവായി. സുഭിക്ഷ കേരളം സബ്സിഡി മാർഗ്ഗരേഖയിലെ മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട സബ്സിഡി മാനദണ്ഡങ്ങൾ തുടർന്ന് ചേർക്കുന്നു.

## ഖ.3.സുഭിക്ഷകേരളം പദ്ധതി-മൃഗസംരക്ഷണം-സബ്സിഡി മാനദണ്ഡങ്ങൾ

<table>
<tr><th>ഖ. നം.</th><th>ഇനം</th><th>അനുവദനീയമായ സബ്സിഡിയും മറ്റ് നിബന്ധനകളും</th></tr>
<tr><td rowspan="2">3.1</td><td>കറവയുള്ള പശു/കറവ യുള്ള എരുമ</td><td>യൂണിറ്റ് കോസ്റ്റ് 60000 രൂപയായി പുതുക്കി നിശ്ചയിച്ചു.<br><u>സബ്സിഡി</u><br>പൊതു വിഭാഗത്തിന് - 50% വരെ<br>പട്ടികജാതി വിഭാഗക്കാർക്ക് - 75% വരെ<br>പട്ടികവർഗ്ഗ വിഭാഗക്കാർക്ക് -100%</td></tr>
<tr><td colspan="2">• രണ്ടു പശുക്കൾ/എരുമ, കാലിത്തൊഴുത്ത് എന്നിവ ഒരു പാക്കേജായി നൽകുന്നതും പരിഗണിക്കാവുന്നതാണ്.<br>• ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗുണഭോക്തൃപട്ടിക വാങ്ങി ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും പ്രോജക്റ്റുകൾ ഏറ്റെടുക്കാം.<br>• ഉദാര പലിശ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുന്നത് പരിഗണിക്കണം.<br>(അസ്സൽ സബ്സിഡി മാർഗ്ഗരേഖയിലെ ഖ. 6.2.1 ൽ മേൽ സൂചിപ്പിച്ച പ്രകാരം ഭേദഗതി വരുത്തി. ഖ. 6.2.1 ലെ മറ്റു നിബന്ധനകളിൽ മാറ്റമില്ല.)</td></tr>
<tr><td>3.2</td><td>ശുചിത്വ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സഹായം</td><td>യൂണിറ്റ് ചെലവ് - 50000 രൂപ.<br>• കറവപ്പശു/എരുമ അനുവദിക്കുന്നതോടൊപ്പം ശുചിത്വ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും ധനസഹായം നൽകാം.<br><u>സബ്സിഡി നിരക്ക്</u><br>പൊതു വിഭാഗത്തിന് ചെലവിന്റെ 50%, പരമാവധി 25000 രൂപ.<br>പട്ടികജാതി വിഭാഗത്തിന് ചെലവിന്റെ 75%, പരമാവധി 37500 രൂപ.<br>പട്ടികവർഗ്ഗ വിഭാഗത്തിന് ചെലവിന്റെ 100%, പരമാവധി 50000 രൂപ.</td></tr>
<tr><td>3.3</td><td>മിനി ഡയറി ഫാമുകളുടെ ആധുനികവത്കരണം</td><td>യൂണിറ്റ് ചെലവ് - 100000 രൂപ.<br>അഞ്ചോ അതിൽ കൂടുതലോ പശുക്കളുള്ള ഡയറി ഫാമുകൾക്ക് കറവയന്ത്രം, റബ്ബർമാറ്റ്, ഓട്ടോമാറ്റിക് ഡ്രിങ്കർ: ഹാന്റ് ഷവർ(പമ്പ് ഉൾപ്പെടെ), വീൽ ബാരോ, ഡംഗ് സ്ക്രാപ്പർ, ചാഫ് കട്ടർ, സ്ലറി പമ്പ് എന്നിവ ഒരുമിച്ചോ ഭാഗികമായോ നൽകാം.<br><u>സബ്സിഡി നിരക്ക്</u><br>പൊതു വിഭാഗത്തിന് ചെലവിന്റെ 50%, പരമാവധി 50000 രൂപ.<br>പട്ടികജാതി വിഭാഗത്തിന് ചെലവിന്റെ 75%, പരമാവധി 75000 രൂപ.<br>പട്ടികവർഗ്ഗ വിഭാഗത്തിന് ചെലവിന്റെ 100%, പരമാവധി 100000 രൂപ.<br>(അസ്സൽ മാർഗ്ഗരേഖയിലെ ഖ. 6.2.12 ൽ മേൽ സൂചിപ്പിച്ച പ്രകാരം ഭേദഗതി വരുത്തി. 6.2.12 ലെ മറ്റു നിബന്ധനകളിൽ മാറ്റമില്ല.)</td></tr>
</table>

| | | |
|---|---|---|
| 3.4 | തീറ്റപ്പുൽ കൃഷി | യൂണിറ്റ് ചെലവ് - ഒരു ഹെക്ടറിന് 30000 രൂപ<br>• നാമമാത്ര, ചെറുകിട കർഷകർക്ക് സ്വന്തം ഭൂമിയിലോ, വ്യക്തികൾക്ക്/ഗ്രൂപ്പുകൾക്ക് പാട്ടകൃഷി ചെയ്യുന്നതിനോ സബ്സിഡി നൽകാം.<br>**<u>സബ്സിഡി</u>**<br>ഒരു ഹെക്ടറിന് 15000 രൂപ നിരക്കിൽ (50%) കൃഷി സ്ഥലത്തിന് ആനുപാതികമായി പരമാവധി 30000 രൂപ വരെ അനുവദിക്കാം.<br>*(അസ്സൽ മാർഗ്ഗരേഖയിലെ ഖ. 6.2.10 ൽ മേൽ സൂചിപ്പിച്ച പ്രകാരം ഭേദഗതി വരുത്തി. 6.2.10 ലെ മറ്റ് നിബന്ധനകളിൽ മാറ്റ മില്ല.)* |
| 3.5 | അടുക്കള മുറ്റത്തെ കോഴി വളർത്തൽ | **സ്വന്തമായി കൂട് സ്ഥാപിച്ചവർ/തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ചവർക്ക്**: യൂണിറ്റ് ചെലവ് - 600 രൂപ<br>**<u>സബ്സിഡി</u>**<br>അഞ്ച് കോഴിക്കുഞ്ഞുകളുടെ ഒരു യൂണിറ്റിന് 100%, പരമാവധി 600 രൂപ. |
| | | **സ്വന്തമായി കൂട് സ്ഥാപിക്കാത്തവർ/തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കാത്തവർക്ക്**: 5 കോഴിക്കുഞ്ഞുങ്ങളുടെ യൂണിറ്റ് ചെലവ് - 600 രൂപ, 5 കോഴിക്കുഞ്ഞുങ്ങളുടെ കൂടിന്റെ യൂണിറ്റ് ചെലവ് - 2000 രൂപ.<br>**<u>സബ്സിഡി</u>**(അഞ്ച് കോഴിക്കുഞ്ഞുകളുടെ ഒരു യൂണിറ്റിന്)<br>ജനറൽ–50%, പരമാവധി 300 രൂപ<br>പട്ടികജാതി വിഭാഗം– ചെലവിന്റെ 75%, പരമാവധി 450 രൂപ.<br>പട്ടികവർഗ്ഗ വിഭാഗം– ചെലവിന്റെ 100%, പരമാവധി 600 രൂപ.<br>**കൂടിന്റെ സബ്സിഡി (എല്ലാ വിഭാഗക്കാർക്കും)**<br>ചെലവിന്റെ 25%, പരമാവധി 500 രൂപ. |
| | • അഞ്ചിന്റെ ഗുണിതങ്ങളായി പരമാവധി 25 കോഴിക്കുഞ്ഞുങ്ങൾ വരെയുള്ള യുണിറ്റുകൾ അനുവദിക്കാവുന്നതാണ്. കോഴിക്കുഞ്ഞുങ്ങൾക്ക് 45 മുതൽ 60 ദിവസം വരെ പ്രായമുണ്ടാകണം.<br>• കാട, താറാവ് എന്നിവ നൽകുന്നതിനും കോഴിക്കുഞ്ഞുങ്ങളെ അഞ്ചിന്റെ ഗുണതങ്ങൾ അല്ലാതെ നൽകുന്നതിനും അസ്സൽ സബ്സിഡി മാർഗ്ഗരേഖ യിലെ ഖ. 6.2.7 ൽ നിലവിലുള്ള നിബന്ധനകൾ ബാധകമായിരിക്കും.<br>• *(അസ്സൽ മാർഗ്ഗരേഖയിലെ ഖ. 6.2.7 ൽ മേൽ സൂചിപ്പിച്ച പ്രകാരം ഭേദഗതി വരുത്തി. 6.2.7 ലെ മറ്റ് നിബന്ധനകളിൽ മാറ്റമില്ല.)* | |
| 3.6 | പന്നി വളർത്തൽ | യൂണിറ്റ് ചെലവ് - 90000 രൂപ (5 പന്നിക്കുട്ടികൾക്ക് - 27500, കൂട് - 35000, തീറ്റ ഒരു ദിവസം 500 ഗ്രാം നിരക്കിൽ ഒരു പന്നിക്ക് 100 ദിവസത്തേക്ക്– 6250, ബയോഗ്യാസ് പ്ലാന്റ് - 20000, മരുന്ന്, മറ്റ് ചെലവുകൾ - 1250)<br>മൂന്ന് മാസം വരെ പ്രായമുള്ള ക്രോസ്ബ്രീഡ് പന്നിക്കുട്ടിയുടെ ഒരു യൂണിറ്റിനുള്ള സബ്ഡിസി:<br>പൊതു വിഭാഗം - 50%, പരമാവധി - 45000 രൂപ<br>പട്ടികജാതി വിഭാഗത്തിന് - 75%, പരമാവധി 67500 രൂപ.<br>പട്ടികവർഗ്ഗ വിഭാഗത്തിന് - 100%, പരമാവധി 90000 രൂപ. |

| | |
|---|---|
| | • ആവശ്യമായ ലൈസൻസുകൾ നേടിയിരിക്കണം.<br>• കൂട് നിർമ്മാണം തൊഴിലുറപ്പു പദ്ധതിയിൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം. തൊഴിലുറപ്പു പദ്ധതിയിൽ നിർവ്വഹിക്കുകയാണെങ്കിൽ കൂടിന്റെ ചെലവ് കുറവു ചെയ്തതിനുശേഷം സബ്സിഡി നൽകേണ്ടതാണ്. *(അസ്സൽ മാർഗ്ഗരേഖയിലെ ഖ. 6.2.16 ൽ മേൽ സൂചിപ്പിച്ച പ്രകാരം ഭേദഗതി വരുത്തി. 6.2.16 ലെ മറ്റ് നിബന്ധനകളിൽ മാറ്റമില്ല.)* |

- *സുഭിക്ഷ കേരളം സബ്സിഡി മാർഗ്ഗരേഖ പ്രകാരം അസ്സൽ സബ്സിഡി മാർഗ്ഗ രേഖയിലെ ഖ. 6.2.1, 6.2.7, 6.2.10, 6.2.12, 6.2.16, 6.2.19 എന്നിവ മേൽ സൂചിപ്പിച്ച പ്രകാരം പരിഷ്കരിച്ചു. ഈ ഇനങ്ങളിലെ മറ്റ് നിബന്ധനകൾ മാറ്റമില്ലാതെ തുട രുന്നതാണ്.*

## 6.3 മത്സ്യബന്ധനം – തുടർ ഉത്തരവുകൾ

### 1. മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും നൽകൽ ഖ.6.3(6)

- **സ.ഉ(സാധാ)നം. 2083/2018/തസ്വഭവ തിയതി 30-7-2018**
- മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും നൽകൽ – സബ്സിഡി 75% ആയി വർദ്ധിപ്പിച്ചു. പരമാവധി 30000 രൂപയിൽ പരിമിതപ്പെടുത്തണം.

## 2. സുഭിക്ഷ കേരളം പദ്ധതി– ഫിഷറീസ്–സബ്സിഡി മാനദണ്ഡങ്ങൾ

- **സ.ഉ(സാധാ)നം.1009/2020/തസ്വഭവ തിയതി 29-05-2020**

സുഭിക്ഷ കേരളം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങളിൽ ഏതാനും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും അംഗീകരിച്ച് ഉത്തരവായി. സുഭിക്ഷ കേരളം സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഫിഷറീസ് മേഖലയിലെ സബ്സിഡി മാനദണ്ഡങ്ങളിൽ മൂന്ന് ഇനങ്ങൾ അധികമായി കൂട്ടിച്ചേർത്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

## ഖ.4. ഫിഷറീസ്

### 4.2. വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി

**യൂണിറ്റ് ചെലവ്: 123000 രൂപ** (എ. അടിസ്ഥാന സൗകര്യ വികസനം - 74000 (കുളം കുഴിക്കൽ-18400, പോളിത്തീൻ ഷീറ്റും അനുബന്ധ സാമഗ്രികളും-38000, വാട്ടർ പമ്പ്-വെഞ്ചറി പമ്പ്-സംരക്ഷിത വല-മറ്റ് ഉപകരണങ്ങൾ-17600) & ബി. പ്രവർത്തന ചെലവുകൾ-49000 (മത്സ്യവിത്ത്-6000 രൂപ, തീറ്റ-41000 രൂപ, മെഡിസിൻ-2000 രൂപ))

80 ച.മീ (രണ്ട് സെന്റ്) വിസ്തീർണ്ണമുള്ള കുളം. 40 സെ.മീ ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിനു ചുറ്റുമായി 110 സെ.മീ ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം കുളത്തിൽ പടുത വിരിക്കൽ, അടിത്തട്ട് ഒരുക്കൽ, 125 സെ.മീ ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിത വല സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നിർവ്വഹിച്ച് 1000 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രോജക്റ്റ്.

### സബ്സിഡി

പൊതുവിഭാഗത്തിന് - യൂണിറ്റ് ചെലവിന്റെ 40%

പട്ടികജാതി വിഭാഗത്തിന് - 75%

പട്ടികവർഗ്ഗ വിഭാഗത്തിന് - 100%

സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്.

### യൂണിറ്റ് കോസ്റ്റും സബ്സിഡിയും

| വിഭാഗം | യൂണിറ്റ് നിരക്ക് | പരമാവധി സബ്സിഡി (രൂപ) | | | ഗുണഭോക്തൃ വിഹിതം/ വായ്പ |
|---|---|---|---|---|---|
| | | തദ്ദേശ സ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | |
| പൊതുവിഭാഗം | 123000 | 32800 | 16400 | 49200 | 73800 |
| പട്ടികജാതി | 123000 | 61500 | 30750 | 92250 | 30750 |
| പട്ടികവർഗ്ഗം | 123000 | 82000 | 41000 | 123000 | ഇല്ല |

ഒരു ഗുണഭോക്താവിന് പരമാവധി 4 യൂണിറ്റുകൾ വരെ അനുവദിക്കാവുന്നതാണ്.

## 4.3. ബയോഫ്ളോക്ക് മത്സ്യകൃഷി

5.6 മീ. വ്യാസമുള്ള പ്ലാറ്റ്ഫോമിൽ 1.2 മീ. ഉയരമുള്ളതും 5 മീ. വ്യാസമുള്ളതുമായ ടാങ്ക് ഇരുമ്പ് ചട്ടക്കൂടിൽ നിർമ്മിച്ച് അതിനുള്ളിൽ 550 ജി.എസ്.എം കനമുള്ള പി.വി.സി ആവരണം ചെയ്ത എച്ച്.ഡി.പി.ഇ ഷീറ്റ് വിരിച്ചശേഷം, ടാങ്കിൽ 4-6 സെ.മീ വലിപ്പമുള്ള 1250 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു വളർത്തുന്നതാണ് പ്രോജക്റ്റ്.

ആകെ യൂണിറ്റ് ചെലവ് - 138000 രൂപ. (എ. മൂലധന ചെലവ് - 92000 രൂപ (ടാങ്ക്, പി.വി.സി ആവരണം ചെയ്ത എച്ച്.ഡി.പി.ഇ ഷീറ്റ് വിരിച്ചത്-35000, മേൽക്കൂര - 5600, വൈദ്യുതീകരണം-പ്ലംബിംഗ്-എയർപമ്പ്-ജനറേറ്റർ-മറ്റ് സൗകര്യങ്ങൾ-51400 & ബി. പ്രവർത്തന ചെലവുകൾ - 46000 രൂപ (മത്സ്യക്കുഞ്ഞ്-10000, തീറ്റ-23300, മരുന്ന്-മറ്റ് ചെലവുകൾ-12700))

## സബ്സിഡി

പൊതുവിഭാഗത്തിന് - യൂണിറ്റ് ചെലവിന്റെ 40%

പട്ടികജാതി വിഭാഗത്തിന് - 75%

പട്ടികവർഗ്ഗ വിഭാഗത്തിന് - 100%

സബിസിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്.

### യൂണിറ്റ് കോസ്റ്റും സബ്സിഡിയും

| വിഭാഗം | യൂണിറ്റ് നിരക്ക് | പരമാവധി സബ്സിഡി (രൂപ) | | | ഗുണഭോക്തൃ വിഹിതം/ വായ്പ |
|---|---|---|---|---|---|
| | | തദ്ദേശ സ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | |
| പൊതുവിഭാഗം | 138000 | 36800 | 18400 | 55200 | 82800 |
| പട്ടികജാതി | 138000 | 69000 | 34500 | 103500 | 34500 |
| പട്ടികവർഗ്ഗം | 138000 | 92000 | 46000 | 138000 | ഇല്ല |

ഒരു ഗുണഭോക്താവിന് പരമാവധി 4 യൂണിറ്റുകൾ വരെ അനുവദിക്കാവുന്നതാണ്.

## 4.4. കുളത്തിലെ കരിമീൻ കൃഷി

കുറഞ്ഞത് 50 സെന്റ് വിസ്തൃതിയുള്ള സ്ഥലത്തിനുള്ളിൽ ഒരു മീറ്റർ ആഴമുള്ള കുളത്തിൽ ബണ്ട് നിർമ്മിച്ച് അതിനുള്ളിൽ 1500 കരിമീൻ കുഞ്ഞുങ്ങളേയും 6 കിലോഗ്രാം പൊരുന്ന മത്സ്യങ്ങളേയും നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രോജക്റ്റ്.

ആകെ യൂണിറ്റ് ചെലവ് - 150000 രൂപ. (എ. അടിസ്ഥാന സൗകര്യവികസനം - 65000 രൂപ (നിലവിലുള്ള കുളത്തിന്റെ ബണ്ട് നന്നാക്കൽ-16100, ജലവിനിമയ പൈപ്പുകൾ-സംരക്ഷിതവല തുടങ്ങിയവ-48900) & ബി. പ്രവർത്തന ചെലവുകൾ - 85000 രൂപ (മത്സ്യവിത്ത്-15000, പൊരുന്ന മത്സ്യം-3000, തീറ്റ-50000, കുമ്മായം-ഡോളോമൈറ്റ്-17000))

**<u>സബ്സിഡി</u>**

പൊതുവിഭാഗത്തിന് - യൂണിറ്റ് ചെലവിന്റെ 40%
പട്ടികജാതി വിഭാഗത്തിന് - 75%
പട്ടികവർഗ്ഗ വിഭാഗത്തിന് - 100%
സബിസിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്.

### യൂണിറ്റ് കോസ്റ്റും സബ്സിഡിയും

| വിഭാഗം | യൂണിറ്റ് നിരക്ക് | പരമാവധി സബ്സിഡി (രൂപ) | | | ഗുണഭോക്തൃ വിഹിതം/ വായ്പ |
|---|---|---|---|---|---|
| | | തദ്ദേശ സ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | |
| പൊതുവിഭാഗം | 150000 | 40000 | 20000 | 60000 | 90000 |
| പട്ടികജാതി | 150000 | 75000 | 37500 | 112500 | 37500 |
| പട്ടികവർഗ്ഗം | 150000 | 100000 | 50000 | 150000 | ഇല്ല |

ഒരു ഗുണഭോക്താവിന് ഒരു യൂണിറ്റ് അനുവദിക്കാവുന്നതാണ്.

## 4.5 വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ളോക് മത്സ്യകൃഷി, കുളത്തിലെ കരിമീൻ കൃഷി-പൊതു മാർഗ്ഗനിർദ്ദേശങ്ങൾ

**ഗുണഭോക്താക്കൾ -** താത്പര്യമുള്ള വ്യക്തികൾ, ഗ്രൂപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തി നിലവിലുള്ള നിബന്ധനകൾ പാലിച്ച്.

**മത്സ്യ വികസനം –** കുടുംബ വാർഷിക വരുമാനം 5 ലക്ഷം വരെയുള്ളവർക്ക് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഫിഷറീസ് വകുപ്പ് ഡയറക്ടർ പുറപ്പെടുവിക്കുന്നതാണ്.

കുളം നിർമ്മിക്കൽ തൊഴിലുറപ്പു പദ്ധതിയിൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം. അപ്രകാരം നിർവ്വഹിച്ചാൽ യൂണിറ്റ് തുക കുറവു ചെയ്യേണ്ടതാണ്.

കുളങ്ങളുടെ നിർമ്മാണം ഗുണഭോക്താവ് നിർവ്വഹിച്ചാൽ ഗുണഭോക്തൃവിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

**വ്യക്തികൾക്കുള്ള പ്രോജക്റ്റുകൾ** - ഗ്രാമപഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾ.

**ഗ്രൂപ്പുകൾക്കുള്ള പ്രോജക്റ്റുകൾ** - ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ/ നഗരഭരണ സ്ഥാപനങ്ങൾ.

ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്റ്റുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്ന് വിഹിതം നൽകാവുന്നതാണ്.

## സാധന സാമഗ്രികൾ, മത്സ്യക്കുഞ്ഞുങ്ങൾ വാങ്ങൽ

### എ. നേരിട്ടുള്ള വാങ്ങൽ

- സർക്കാർ ഏജൻസികളായ ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള(ADAD)
- മത്സ്യ കർഷക വികസന ഏജൻസി (FFDA)
- കാർഷിക/ക്ഷീര/മത്സ്യ സഹകരണ സംഘങ്ങൾ

## ബി. സ്വകാര്യ വിതരണക്കാരിൽ നിന്നും

ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് ചെലവുകൾ യൂണിറ്റ് കോസ്റ്റിലെ ഇനം തിരിച്ചുള്ള ചെലവിൽ പരിമിതപ്പെടുത്തി ഗുണഭോക്തൃ വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതും ഗുണഭോക്തൃ വിഹിതം കഴിച്ച് ബാക്കി തുക ഉണ്ടെങ്കിൽ സബ്സിഡിയിൽ ഉൾപ്പെടുത്തി നൽകാവുന്നതുമാണ്.

മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷുറൻസ് സ്കീമിന്റെ ഭാഗമാക്കണം.

ഗുണഭോക്തൃ വിഹിതം ഉദാര പലിശ വ്യവസ്ഥയിൽ വായ്പയായി ലഭ്യമാക്കാവുന്നതാണ്.

(അസ്സൽ സബ്സിഡി മാർഗ്ഗരേഖയിൽ മത്സ്യബന്ധന മേഖലയിലെ ഉൾനാടൻ മേഖലയിൽ മേൽ സൂചിപ്പിച്ച വിഷയങ്ങൾ കൂട്ടിച്ചേർത്തു.)

ഉത്പാദന മേഖലയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സ.ഉ(സാധാ) നം.928/2020/തസ്വഭവ തിയതി 18-5-2020, സ.ഉ(കൈ)നം.14/2020/ആ.സാ.വ തിയതി 20-5-2020 എന്നിവയിലെ മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമാണ്.

(**************

## 6.4 ചെറുകിട വ്യവസായം - തുടർ ഉത്തരവുകൾ

### 1. ഒരു വീട്ടിൽ ഒരു തറി പദ്ധതി

- **സ.ഉ(സാധാ)നം.1719/2018/തസ്വഭവ തിയതി 25-06-2018**

2018-19 ൽ ഒരു വീട്ടിൽ ഒരു തറി എന്ന പദ്ധതി വകുപ്പ് നടപ്പാക്കുന്നുണ്ടെങ്കിൽ 75% തുക വകുപ്പും 10% തദ്ദേശഭരണ സ്ഥാപനവും, 15% ഗുണഭോക്താവ്/ബാങ്ക് വിഹിതവും ഉൾപ്പെടുത്തി നടപ്പാക്കാവുന്നതാണ്.

### 2. ഖാദി ഗ്രാമ വ്യവസായം-പ്രോജക്റ്റുകൾ

- **സ.ഉ(സാധാ)നം1400/2020/ത.സ്വ.ഭ.വ തിയതി 26-7-2020**

ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റേയും കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് സ്വന്തമായുള്ളതും മറ്റു ഏജൻസികൾ വിട്ടു നൽകിയതുമായ സ്ഥലത്ത് നിലവിലുള്ള യൂണിറ്റുകൾക്ക് ഖാദി ഗ്രാമ വ്യവസായ കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചർക്കകളും തറികളും മറ്റ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും 100% സബ്സിഡി നൽകാവുന്നതാണ്. മറ്റു സ്ഥാപനങ്ങൾക്ക്/സംഘങ്ങൾക്ക് നിലവിലെ മാർഗ്ഗരേഖ പ്രകാരമുള്ള 80% സബ്സിഡി തുടർന്നും നൽകേണ്ടതാണ്.

## 6.5 മണ്ണ്-ജലസംരക്ഷണം - തുടർ ഉത്തരവുകൾ

### 1. കിണർ റീചാർജ്ജിംഗ്

- **സ.ഉ(സാധാ)നം.1105/2020/തസ്വഭവ തിയതി 11-06-2020**

കിണർ റീചാർജ്ജിന് പ്രോജക്റ്റ് ഏറ്റെടുക്കുമ്പോൾ പരമാവധി, എം.എൻ.ആർ.ഇ.ജി.എസുമായി യോജിപ്പിച്ച് നടപ്പാക്കണമെന്ന നിബന്ധനയോടെ ഡി.പി.സി തെരഞ്ഞെടുക്കുന്ന അംഗീകൃത ഏജൻസികളെക്കൊണ്ട് നടപ്പാക്കുന്നതിന് അനുമതി നൽകി. ഓവർസിയർ/എഞ്ചിനിയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ഏജൻസിക്ക് നേരിട്ട് ബിൽ തുക നൽകാവുന്നതാണ്.

## 6.7 വീട്/വീട് പുനരുദ്ധാരണം/വീട് വയറിംഗ് – തുടർ ഉത്തരവുകൾ

### 1. വീട് വാസയോഗ്യമാക്കുന്നതിനുള്ള സബ്സിഡി– ബാങ്ക് അക്കൗണ്ട് (ഖ.6.7.6)

- **സർക്കുലർ നം. ഡി.എ.1/881/2018/ തസ്വഭവ തിയതി 26–12–2018**

വീട് വാസയോഗ്യമാക്കുന്നതിനുള്ള ധനസഹായം നൽകുന്നത് ഭാര്യയുടേയും ഭർത്താവിന്റേയും ജോയിന്റ് അക്കൗണ്ടിലൂടെയാകണമെന്ന നിബന്ധന ഒഴിവാക്കി. ഗൃഹനാഥന്റേയോ ഗൃഹനാഥയുടേയോ അക്കൗണ്ടിലേക്ക് തുക മാറ്റാവുന്നതാണ്.

### 2. ഭവന പദ്ധതി – കരാർ റദ്ദാക്കൽ

**എ. സർക്കുലർ നം. ഡിബി4/10/2018/ തസ്വഭവ തിയതി 31–1–2019**

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ധനസഹായത്തോടെ ഭവനനിർമ്മാണം നടത്തിയ ഗുണഭോക്താക്കൾ ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കുമ്പോൾ 12% പലിശ സഹിതം തുക തിരിച്ചടയ്ക്കേണ്ടതാണ്.

ഇക്കാര്യം ജില്ലാ കളക്ടർ ഉറപ്പാക്കിയതിനുശേഷം കരാർ റദ്ദു ചെയ്യുന്നതിനുള്ള അനുമതി നൽകേണ്ടതാണ്.

*സർക്കുലർ നം. 92/ഡിബി.1/17/തസ്വഭവ തിയതി 25–5–17 ലെ വ്യവസ്ഥകൾ ബാധകം. (ആവശ്യമായ രേഖകൾ പരിശോധിച്ച് കരാർ റദ്ദു ചെയ്യുന്നതിന് ജില്ലാ കളക്ടർക്ക് ചുമതല നൽകി).*

**ബി. സർക്കുലർ നം. ഡിബി–1/286/17–തസ്വഭവ തിയതി 4–7–2019**

സർക്കുലർ നം. 92/ഡിബി.1/17/തസ്വഭവ തിയതി 25–5–17 ലെ അപേക്ഷകൻ വീട് വിറ്റതിനുശേഷവും ഭവനരഹിതനാകുന്നില്ല എന്ന് സൂചിപ്പിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ റിപ്പോർട്ട് ഹാജരാക്കണമെന്ന നിബന്ധനയ്ക്ക് പകരം അപേക്ഷകൻ വീട് വിറ്റതിനുശേഷവും ഭവനരഹിതനാകുന്നില്ല എന്ന് അപേക്ഷകൻ സമർപ്പിക്കുന്ന സത്യവാങ്മൂലം ഹാജരാക്കണം എന്ന് ഭേദഗതി ചെയ്തു.

### 3. ഭവനങ്ങൾ പണയപ്പെടുത്തി വായ്പ എടുക്കൽ-സ്ഥാപനങ്ങൾ

**എ. ജി.ഒ(ആർ.ടി)നം.1174/2019/തസ്വഭവ തിയതി 10-06-2019**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന ഭവനങ്ങൾ പണയപ്പെടുത്തി വായ്പ എടുക്കുന്നതിന് അനുവദിച്ചിരുന്ന ഷെഡ്യൂൾഡ് ബാങ്കുകൾ, പൊതുമേഖലാ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നീ സ്ഥാപനങ്ങളോടൊപ്പം കേരള പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ കൂടി ഉൾപ്പെടുത്തി.

**ബി. സ.ഉ(സാധാ)നം. 2095/2019/തസ്വഭവ തിയതി 26-09-2019**
വായ്പ എടുക്കുന്നതിന് സർക്കാർ അധീനതയിലുള്ള ബോർഡുകൾ/കോർപ്പറേഷനുകൾ എന്നിവയെക്കൂടി ഉൾപ്പെടുത്തി.

**സി. സ.ഉ(സാധാ)നം. 157/2020/തസ്വഭവ തിയതി 18-01-2020**
വായ്പ എടുക്കുന്നതിന് സർക്കാർ കമ്പനികളെക്കൂടി (കെ.എസ്.എഫ്.ഇ,...) ഉൾപ്പെടുത്തി.

### 4. പട്ടികവർഗ്ഗ വകുപ്പ് മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണം, പുനരുദ്ധാരണം-വാല്യുവേഷൻ

- **സ.ഉ(സാധാ)നം. 1758/2020/തസ്വഭവ തിയതി 27-09-2020**

പട്ടികവർഗ്ഗ വകുപ്പ് മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണം, പുനരുദ്ധാരണം എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്കായി പ്രവൃത്തികളുടെ പൂർത്തീകരണ മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റ് നൽകുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഓവർസിയർമാരെ ചുമതലപ്പെടുത്തി.

## 6.8 മാലിന്യ സംസ്കരണം

### 1. കൈമാറിക്കിട്ടിയ ആശുപത്രികളിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റ്

- **സ.ഉ(സാധാ)നം.2141/2018/ തസ്വഭവ തിയതി 3-8-2018**

- കൈമാറിക്കിട്ടിയ ആശുപത്രികളിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ശുചിത്വ മിഷൻ മുഖേന 100% വരെ സർക്കാർ ധനസഹായം വകയിരുത്തുന്നതിന് അനുമതി നൽകി.

## 2. സർക്കാർ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം

- **സ.ഉ(സാധാ)നം.2142/2018/ തസ്വഭവ തിയതി 3-8-2018**
- മതിയായ സാമ്പത്തിക സ്രോതസ്സുകൾ ലഭ്യമല്ലാത്തതിനാൽ സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് നേരിടുന്ന തടസ്സം ഒഴിവാക്കുന്നതിന് 100% തുകയും ശുചിത്വ മിഷൻ വിഹിതമായി വകയിരുത്തുവാൻ അനുമതി നൽകി.

## 3. സ്വച്ച് ഭാരത് മിഷൻ(ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ട്

- **സ.ഉ(സാധാ)നം.2159/2018/ തസ്വഭവ തിയതി 5-8-2018**
- സ്വച്ച് ഭാരത് മിഷൻ(ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്കുള്ള കേന്ദ്ര വിഹിതമായതിനാൽ പ്രസ്തുത ഫണ്ട് 100% (പരമാവധി 20 ലക്ഷം രൂപ വരെ) ഈ മേഖലയിലെ സ്ഥാപനതല, കമ്മ്യൂണിറ്റി തല പ്രോജക്റ്റുകൾക്ക് കേന്ദ്ര വിഹിത പദ്ധതിയിൽ ഉൾപ്പെടുത്തി വിനിയോഗിക്കുന്നതിന് അനുമതി നൽകി.

## 4. ബയോഗ്യാസ് പ്ലാന്റ് സബ്സിഡി (2019-20 മുതൽ) (ഖ. 6.8.1)

- **സ.ഉ(സാധാ)നം.3281/2018/ തസ്വഭവ തിയതി 31-12-2018**
- ബയോഗ്യാസ് പ്ലാന്റുകളുടെ സബ്സിഡി നിരക്ക് (2019-20 മുതൽ) പുതുക്കി നിശ്ചയിച്ചു.

| ക്രമ നം. | ഗാർഹികം/ സ്ഥാപനം/ കമ്മ്യൂണിറ്റി | സബ് സിഡി ഗ്രാന്റ് | തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം | | ശുചിത്വ മിഷൻ വിഹിതം | | ഗുണഭോക്തൃ വിഹിതം |
|---|---|---|---|---|---|---|---|
| | | | റൂറൽ | അർബൻ | റൂറൽ | അർബൻ | |
| 1 | വീടുകൾക്കുള്ള വിവിധ തരത്തിലുള്ള കംപോസ്റ്റിംഗ് യൂണിറ്റുകൾ | യൂണിറ്റ് കോസ്റ്റിന്റെ 90% | 60% മുതൽ 90% വരെ | 60% മുതൽ 90% വരെ | പരമാവധി 30% | പരമാവധി 30% | 10% |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ | യൂണിറ്റ് കോസ്റ്റിന്റെ 90% അല്ലെങ്കിൽ 7200 രൂപ, ഇതിൽ ഏതാണോ കുറവ് അത്. | 60% മുതൽ 90% വരെ | 60% മുതൽ 90% വരെ | പരമാവധി 30% | പരമാവധി 30% | 10% |

## മാനദണ്ഡങ്ങൾ/ വ്യവസ്ഥകൾ

- അംഗീകൃത സംവിധാനങ്ങളുടെ യൂണിറ്റ് നിരക്കുകളും സ്റ്റാന്റേർഡുകളും സ്പെസിഫിക്കേഷനുകളും **20-09-2012 ലെ സ.ഉ(കൈ)നം.239/2012/തസ്വഭവ** പ്രകാരമോ കാലാകാലങ്ങളിൽ സർക്കാർ/ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്.
- അഞ്ച് സെന്റോ അതിൽ കുറവോ ഉള്ള ഗണഭോക്താക്കൾക്ക് മുൻഗണന.
- ബയോ ഗ്യാസ് പ്ലാന്റുകൾക്ക് അനുവദനീയമായ പരമാവധി സബ്സിഡി തുകയായ 7200 രൂപയ്ക്ക് അധികരിച്ചു വരുന്ന തുക ഗുണഭോക്താവ് വഹിക്കേണ്ടതാണ്.

3

# 7 വിവിധ വിഭാഗങ്ങൾക്കുള്ള ധനസഹായങ്ങൾ

| ഖ. നം. | മേഖല | ഭേദഗതി വരുത്തിയ ഖണ്ഡികകൾ |
|---|---|---|
| 7.1 | സാമൂഹ്യ നീതി | 7.1.2(ബി), 7.1.2(ഡി), 7.1.8(1) |
| 7.2 | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ | 7.2.1, 7.2.8, 7.2.17 |
| 7.3 | വിദ്യാഭ്യാസം | ഓൺലൈൻ പഠനത്തിനായി ലാപ്ടോപ്പ്, ടി.വി, കമ്പ്യൂട്ടർ എന്നിവ വാങ്ങി നൽകുന്നതിന് അനുമതി നൽകി. |
| 7.4 | വനിതാ വികസനം | - |
| 7.5 | പൊതുജനാരോഗ്യം | 7.5.2, 7.5.3, 7.5.5 മാസ്ക്, സാനിറ്റൈസർ എന്നിവ വാങ്ങുന്നതിന് അനുമതി നൽകി. |
| 7.6 | കലാസംസ്കാരം-കായികവികസനം | 7.6.13 |
| 7.7 | പരിസ്ഥിതി സംരക്ഷണം | - |
| 7.8 | ദാരിദ്ര്യ ലഘൂകരണം | 7.8.2 |
| 7.9 | തെരുവു വിളക്ക് | 7.9.2 |

ധനസഹായം അനുവദനീയമായ മേഖലകളിലെ പ്രധാന നിബന്ധനകളും ഓരോ മേഖലയിലേയും നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള തുടർ ഉത്തരവുകളും താഴെ ചേർക്കുന്നു.

## 7.1 സാമൂഹ്യനീതി

| ഇനം | ഖണ്ഡിക നം. | കുറിപ്പ് |
|---|---|---|
| ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്ക് ധനസഹായം | 7.1.1 | • ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർക്ക് 100% സഹായം നൽകാവുന്നതാണ്.<br>• ഏറ്റവും കുറഞ്ഞത് 40% എങ്കിലും വൈകല്യം ഉണ്ടാകേണ്ടതാണ്.<br>• ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. |

| | | |
|---|---|---|
| ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്കുള്ള ഉപ കരണങ്ങൾ | 7.1.2 | • ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും കേഴ്‌വിശക്തി കുറഞ്ഞവർക്കും കാഴ്ച കുറഞ്ഞ വർക്കും സൗജന്യമായി ഉപകരണങ്ങൾ നൽകാവുന്നതാണ്.<br>• മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഡോക്ടറുടെ നിർദ്ദേശാനുസരണമുള്ള കൗൺസലിംഗ്, ചികിത്സ, മരുന്നുകൾ എന്നിവ നൽകണം.<br>• സർക്കുലർ നം. ഡി.എ.1/718/2018/തസ്വഭവ തിയതി 15-10-2018, സ.ഉ(സാധാ)നം.426/ 2019/തസ്വഭവ തിയതി 26-2-2019 എന്നിവ കൂടി കാണുക.<br>• കോക്ലിയാർ ഇംപ്ലാന്റിനുശേഷമുള്ള ഉപകരണങ്ങൾ റിപ്പയർ ചെയ്യുവാൻ 50000 രൂപ അനുവദനീയമാണ്. |
| ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കൽ | 7.1.3 | • *മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധനകൾ മനസ്സിലാക്കുവാൻ അസ്സൽ ഖണ്ഡികകൾ പരിശോധിക്കുക.* |
| ഉപകരണങ്ങൾ വാങ്ങൽ | 7.1.4 | |
| ജില്ലാതലത്തിൽ ഉപകരണങ്ങളുടെ റിപ്പയർ & സർവ്വീസ് സെന്റർ | 7.1.5 | |

## 7.1.6 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായങ്ങൾ

### എ. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | സ്റ്റാന്റേർഡ്/ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത |
|---|---|---|---|---|
| | | ഡേകെയർ | ഹോസ്റ്റൽ | |
| 1 | 1-4/നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9, 10, +1, +2 | 600 | 800 | 800 |

| | | | | |
|---|---|---|---|---|
| 4 | ബിരുദം | 1000 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷണൽ പരിശീലനം | 1000 | 1500 | 1500 |
| 7 | കാലുകളുടെ വൈകല്യം മൂലം ചലന വൈകല്യമുള്ളവർക്ക്+യാത്രാബത്ത (സ്കൂളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |
| 8 | കാലുകളുടെ വൈകല്യം മൂലം ചലന വൈകല്യമുള്ളവർ സ്ഥാപനത്തിന്റെ സൗകര്യം ഉപയോഗിക്കുകയാണെങ്കിൽ യാത്രാബത്ത (സ്കൂളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | യഥാർത്ഥ ചെലവ് (സ്ഥാപനത്തിന് നൽകണം) | - | - |

## ബി. മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | ഇനം | സ്കോളർഷിപ്പ് / ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1500 |
| 3 | പഠനസഹായികൾക്ക്/വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) | 2000 |
| 4 | ഡേ സ്കോളർഷിപ്പ് യാത്രാബത്ത (പ്രതിമാസം) | 1000 |
| 5 | ഉല്ലാസയാത്രാ ചെലവുകൾ, പഠനപര്യടനം മുതലായവയ്ക്ക്-രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ | 1000 |

## സി. ഡേ കെയർ സെന്ററുകളിൽ പോകുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായം

| ക്രമ നം. | ഇനം | പ്രതിമാസ ബത്ത (രൂപ) |
|---|---|---|
| 1 | വിദ്യാലയങ്ങളിൽ പോകാത്ത വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് പകൽ സമയം ഡേകെയർ സെന്ററുകളിൽ കഴിയുന്നതിനുള്ള ബത്ത | 1000 (സൗകര്യങ്ങൾ തദ്ദേശ സ്ഥാപനം ഉറപ്പാക്കണം) |
| 2 | യാത്രാബത്ത (പ്രതിമാസം) | 1000 |

## ഡി. ഡേ കെയർ സെന്ററിലോ, വിദ്യാലയത്തിലോ പോകാത്ത മാനസിക വെല്ലുവിളികൾ നേരിടുന്ന 18 വയസ്സിൽ താഴെയുള്ളവർക്കുള്ള സഹായം

| ക്രമ നം. | ഇനം | പ്രതിമാസ ബത്ത (രൂപ) |
|---|---|---|
| 1 | മാനസിക വെല്ലുവിളികൾ, വളർച്ചാ സംബന്ധമായ വെല്ലുവിളികൾ, മസ്തിഷ്ക തളർവാതം (Cerebral Plasy), ഓട്ടിസം (Autism) മുതലായവ നേരിടുന്നവർ | 1000 |

- *ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളായവരും അല്ലാത്തവരും ഏത് തദ്ദേശഭരണ സ്ഥാപനത്തിലെ സ്ഥിരതാമസക്കാരാണോ ആ സ്ഥാപനമാണ് അവർക്ക് ധനസഹായം നൽകേണ്ടത്.*
- *പ്രതിമാസ സ്കോളർഷിപ്പ് /ബത്ത വർഷത്തിൽ 12 മാസവും നൽകേണ്ടതാണ്.*
- *ധനസഹായ തുക നിർവഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അതാത് മാസം തന്നെ നൽകണം.*
- *ധനസഹായത്തിന് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളായവരുടേയും അല്ലാത്തവരുടേയും പട്ടിക ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും ഗ്രാമ/വാർഡ്സഭയിൽ വായിച്ച് അംഗീകാരം നേടേണ്ടതുമാണ്.*

### 7.1.7 ട്രാൻസ് ജെന്റേഴ്സിനുള്ള പ്രത്യേക പരിപാടികൾ

- സാമൂഹ്യ അംഗീകാരവും തൊഴിലും വരുമാനവും ലഭ്യമാക്കി ട്രാൻസ് ജെൻഡേഴ്സിനുള്ള വികസനത്തിൽ പങ്കാളിത്തം നൽകുന്നതിനായി വ്യക്തി ഗത ഗുണഭോക്തൃ നിർണ്ണയത്തിൽ മുൻഗണന നൽകേണ്ടതാണ്.
- തദ്ദേശഭരണസ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സംരഭക പ്രവർ ത്തനങ്ങളിലും കരാർ നിയമനങ്ങളിലും പരിഗണന നൽകി മുഖ്യധാരയി ലേയ്ക്ക് കൊണ്ടു വരാൻ നടപടി സ്വീകരിക്കണം.

**ട്രാൻസ് ജെൻഡേഴ്സിനുള്ള ആനുകൂല്യങ്ങൾ**

- *ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ അവരുടെ സ്വന്തം തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെയാണ് നൽകേണ്ടത്. എന്നാൽ ട്രാൻസ് ജെൻഡേഴ്സ് അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ വ്യാപകമായി അപേക്ഷിച്ചു തുടങ്ങുന്നതു വരെ, അപേക്ഷ ലഭിക്കുന്ന ബന്ധപ്പെട്ട ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദനീയമല്ലെങ്കിലും ട്രാൻസ് ജെൻഡേഴ്സ് ഒരു പ്രത്യേക വിഭാഗമായതിനാൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും വ്യക്തിഗത ആനുകൂല്യങ്ങൾ നൽകാവുന്നതാണ്.*

## 7.1 സാമൂഹ്യ നീതി-തുടർ ഉത്തരവുകൾ

### 1. കോക്ലിയാർ ഇംപ്ലാന്റേഷൻ (ഖ.7.1.2(ബി))

### എ. ഉപകരണങ്ങളുടെ റിപ്പയർ

- **സർക്കുലർ നം. ഡി.എ.1/718/ 2018/തസ്വഭവ തിയതി 15-10-2018**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, മത്സ്യത്തൊഴിലാളികൾ/അവരുടെ മക്കൾ എന്നിവർക്ക് നൽകുന്ന കോക്ലിയാർ ഇംപ്ലാന്റേഷനു ശേഷമുള്ള ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്ന താണ്. ഇത്തരം ഉപകരണങ്ങൾ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനുമായി ബന്ധപ്പെട്ട് വാങ്ങേണ്ടതാണ്.

### ബി. കോക്ലിയാർ ഇംപ്ലാന്റ് - തുക ട്രാൻസ്ഫർ ചെയ്യൽ

- **സ.ഉ(സാധാ)നം.426/2019/തസ്വഭവ തിയതി 26-2-2019**

തദ്ദേശഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് കോക്ലി യാർ ഇംപ്ലാന്റ് ചെയ്ത **ഒരുകുട്ടിക്ക് 50000 രൂപ** നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി.

## 2. മാനസിക വെല്ലുവിളി നേരിടുന്നവർ-വിശദീകരണം (ഖ. 7.1)

- **സ.ഉ(സാധാ)നം.181/2020/തസ്വഭവ തിയതി 23-1-2020**

ശാരീരിക മാനസിക വെല്ലുവിളികൾ എന്നതിൽ സെറിബ്രൽ പാൾസി, ഓട്ടിസം, മെന്റൽ റിട്ടാർഡേഷൻ, മൾട്ടിപ്പിൾ ഡിസ്എബിലിറ്റി എന്നീ വിഭാഗത്തിൽ ഉൾപ്പെട്ട വർ എന്ന് പ്രത്യേകമായി ചേർത്തു.

## 3. കാഴ്ച പരിമിതർക്കുള്ള ഡെസ്ക്ടോപ്/ലാപ്ടോപ് കമ്പ്യൂട്ടറുകൾ വാങ്ങൽ-നടപടിക്രമങ്ങൾ (ഖ. 7.1.2(ഡി))

- **സ.ഉ(സാധാ)നം.1237/2020/തസ്വഭവ തിയതി 23-6-2020**

പ്രത്യേക സ്പെസിഫിക്കേഷനിൽ ഉള്ളവ cprcs പോർട്ടലിൽ ഇല്ലെങ്കിൽ GeM മുഖേനയോ ഇ-ടെണ്ടർ മുഖേനയോ വാങ്ങാവുന്നതാണ്. *(സ്പെസിഫിക്കേഷൻ ഉത്തരവിൽ നൽകിയിട്ടുണ്ട്).*

## 4. പ്രോസ്തറ്റിക്സ് ആന്റ് ഓർത്തോട്ടിക് ഉപകരണങ്ങൾ നേരിട്ടു വാങ്ങൽ

- **സ.ഉ(സാധാ)നം.1237/2020/തസ്വഭവ തിയതി 23-6-2020**

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (NIPMR) തനതായി ഉത്പാദിപ്പിക്കുന്നതും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ അംഗീകാരം ഉള്ളതുമായ ആവശ്യമുള്ള ഉപകരണങ്ങൾ, വകുപ്പിൽ പ്രാബല്യത്തി ലുള്ള നിരക്കിൽ അധികരിക്കാതെ, ടെണ്ടർ നടപടികൾ കൂടാതെ നേരിട്ടു വാങ്ങു ന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി.

## 5. ഭിന്നശേഷി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് കോവിഡിന്റ് പശ്ചാത്ത ലത്തിൽ മുഴുവൻ സാമ്പത്തികാനുകൂല്യങ്ങളും നൽകുന്നതിന് അനുമതി

- **സ.ഉ(സാധാ)നം.25/2021/തസ്വഭവ തിയതി 05-01-2021**

സമൂഹത്തിലെ ഏറ്റവും അർഹതപ്പെട്ടവർ എന്ന നിലയിൽ പ്രത്യേക പരിഗണന നൽകി, കോവിഡിനു മുമ്പ് അനുവദിച്ചിരുന്ന മുഴുവൻ സാമ്പത്തികാനുകൂല്യ ങ്ങളും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക ധനസഹായം എന്ന നിലയ്ക്ക് അനുവദിക്കുന്നതിന് അനുമതി നൽകി.

### 6. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശം

- **സർക്കുലർ നം.ഡി.എ.1/401/2019-തസ്വഭവ തിയതി 21-04-2021**

ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പോലുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന സംയോജിത പ്രോജക്റ്റുകൾക്ക് തുക വകയിരുത്തിയിട്ടുണ്ടെന്ന് ജില്ലാ ആസൂത്രണ സമിതികൾ ഉറപ്പാക്കുന്നതോടൊപ്പം വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് (നിർവ്വഹണ ചുമതലയുള്ള സ്ഥാപനങ്ങൾക്ക്) യഥാസമയം കൈമാറുന്നുണ്ടോ എന്നതും ഉറപ്പാക്കേണ്ടതാണ്.

## ബഡ്സ് സ്കൂൾ (ഖ.7.1.8)

| | |
|---|---|
| **29-7-2009 ലെ ജി.ഒ(എം.എസ്) നം. 148/2009/തസ്വഭവ** ഉത്തരവിലെ നിബന്ധനകൾ പാലിച്ചു കൊണ്ട് ബഡ്സ് സ്കൂൾ എന്ന പേരിൽ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കാവുന്നതാണ്. | • ഗ്രാമപഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾ<br>• ടീച്ചർമാർക്ക് ഹോണറേറിയം നിശ്ചയിച്ചിട്ടുണ്ട്. |

## ബഡ്സ് സ്കൂൾ-തുടർ ഉത്തരവുകൾ

### 1. ബഡ്സ്/ബി.ആർ.സി അധ്യാപകർക്കുള്ള പ്രതിമാസ ഹോണറേറിയം (7.1.8)

- **സ.ഉ(സാധാ)നം. 1602/2018/തസ്വഭവ തിയതി 12-06-2018 & സ.ഉ(സാധാ) നം. 1716/2018/തസ്വഭവ തിയതി 25-06-2018**
- **നിശ്ചിത യോഗ്യതയുള്ള ബഡ്സ്/ബി.ആർ.സി അധ്യാപകർക്ക്** കരാർ വ്യവസ്ഥയിൽ അനുവദിക്കാവുന്ന പരമാവധി പ്രതിമാസ തുക 30675 രൂപയാണ്. (ദിവസ വേതന/കരാർ ഉത്തരവ് സ.ഉ(പി)നം.56/2017/ധന തിയതി 28-4-2017 ലെ കാറ്റഗറി 9 പ്രകാരം).

- *സ.ഉ(അച്ചടി) നം. 81/2019/ധന തിയതി 9-7-2019 പ്രകാരം പരമാവധി കരാർ വേതനം 31920 ആയി പുതുക്കിയിട്ടുണ്ട്.*

- **നിശ്ചിത യോഗ്യതയില്ലാത്ത ബഡ്സ്/ബി.ആർ.സി അധ്യാപകർക്ക്** പ്രതിമാസം പരമാവധി 23100 രൂപ അനുവദിക്കാവുന്നതാണ്. (ദിവസ വേതന/കരാർ ഉത്തരവ് സ.ഉ(പി)നം.56/2017/ധന തിയതി 28-4-2017 ലെ കാറ്റഗറി 5 പ്രകാരം).

- *സ.ഉ(അച്ചടി) നം. 81/2019/ധന തിയതി 9-7-2019 പ്രകാരം പരമാവധി കരാർ വേതനം 24040 ആയി പുതുക്കിയിട്ടുണ്ട്.*

- **ആയമാർക്ക്** കരാർ അടിസ്ഥാനത്തിൽ അനുവദിക്കാവുന്ന പരമാവധി പ്രതിമാസ തുക 17325 രൂപയാണ്. *(സ.ഉ(എം.എസ്)നം.20/2018/തസ്വഭവ തിയതി 7-2-2018 ഉത്തരവിലെ അനുബന്ധത്തിലെ കാറ്റഗറി 1.)*

**അധ്യാപകരുടെ യോഗ്യത**

- D.Ed Special (Austim Spectrum Disorder)
- Diploma in Early Childhood Special Education(DECSE) (Mental Retardation)
- D.Ed Special Education(Cerebral Palsy)
- D.Ed Special Education(Hearing Impairment)
- D.Ed Special Education(Visual Impairment)
- Diploma in Vocation Rehabilitation
- Diploma in Community Based Rehabilitation (DCBR-1 year course)

## 2. ബഡ്സ്/ബിആർസി സ്ഥാപനങ്ങളുടെ നിലവിലെ മാർഗ്ഗരേഖകൾക്കൊപ്പം പൊതുവായ നിബന്ധനകൾ പുറപ്പെടുവിച്ചു

- **സ.ഉ(എം.എസ്)നം.20/2018/തസ്വഭവ തിയതി 7-2-2018**
- ബിആർസി വർക്കർ എന്നത് ബിആർസി അധ്യാപിക/അധ്യാപകൻ എന്ന് പുനർനാമകരണം ചെയ്തു.

- അധ്യാപകർക്കും ആയമാർക്കും 12 ആകസ്മികാവധി, 15 മധ്യവേനൽ അവധി (റൊട്ടേഷൻ വ്യവസ്ഥയിൽ), സർക്കാർ ഉത്തരവ് പ്രകാരമുള്ള മെറ്റേണിറ്റി ലീവ് എന്നിവയ്ക്ക് അർഹതയുണ്ട്. *(അസ്സൽ ഉത്തരവ് കാണുക).*

| ഇനം | ഖണ്ഡിക നം. | കുറിപ്പ് |
| --- | --- | --- |
| ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ | 7.1.9 | • 6-4-2013 ലെ ജി.ഒ(എം.എസ്) നം.144/2013/തസ്വഭവ ഉത്തരവിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്. |
| ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ | 7.1.10 | • ഗ്രാമ/ബ്ലോക്ക്/നഗരഭരണ സ്ഥാപനങ്ങൾ |
| ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് വൊക്കേഷണൽ ട്രെയ്നിംഗ് സെന്റർ | 7.1.11 | • ബ്ലോക്ക് പഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾ. |
| സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ | 7.1.12 | • ജില്ലാ പഞ്ചായത്ത് |
| വയോജന സൗഹൃദ പരിപാടികൾ-പകൽവീട്, വൃദ്ധസദനം, സായംപ്രഭാ ഹോം | 7.1.13 (1) | പകൽവീട്, വൃദ്ധസദനം, സായംപ്രഭാ ഹോം എന്നിവയുടെ നടത്തിപ്പിന് കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കാവുന്നതാണ്. |
| **വയോജന സൗഹൃദ പരിപാടികൾ-**<br>**വൃദ്ധർക്ക് കട്ടിൽ** | 7.1.13 (2) | • 60 വയസ്സ് കഴിഞ്ഞവർക്ക്.<br>• യൂണിറ്റ് നിരക്ക് പരമാവധി 4350 രൂപ.<br>**സ്പെസിഫിക്കേഷൻ**<br>• 8 മി.മീ കനമുള്ള പ്ലൈവുഡ് ഉറപ്പിച്ച മരത്തടിയിൽ/സ്റ്റീലിൽ പണിത കട്ടിൽ.<br>• നീളം - 1.98 മീ, വീതി - 90 സെ.മീ, മുൻകാൽ - 60 സെ.മീ, പിൻകാൽ - 50 സെ.മീ |
| ഭിന്നശേഷിക്കാരായ കുട്ടികളുടെ തദ്ദേശഭരണ സ്ഥാപനതല കായിക-കലാമത്സരങ്ങൾ | 7.1.14 | ഗ്രാമ/നഗരഭരണ സ്ഥാപനങ്ങളിൽ.<br>പരമാവധി 75000 രൂപ ചെലവഴിക്കാവുന്നതാണ്. |

## 7.2. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ

### 7.2.1 വിവാഹധന സഹായം

- ഗ്രാമപഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾക്ക്.
- 75000 രൂപ (പട്ടികജാതി വിഭാഗം)
- 100000 രൂപ *(പട്ടികവർഗ്ഗ വിഭാഗം – സ.ഉ(സാധാ)നം.1435/2019/തസ്വഭവ തിയതി 10-7-2019 പ്രകാരം)*
- സമയപരിധി 180 ദിവസം
- വരുമാന പരിധി – 3 ലക്ഷം (പട്ടികജാതി)

## വിവാഹ ധനസഹായം – തുടർ ഉത്തരവുകൾ

### പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം-കാലപരിധി വർദ്ധിപ്പിച്ചു (ഖ.7.2.1)

**സ.ഉ(സാധാ)നം.2438/2018/ തസ്വഭവ തിയതി 17-9-2018 &**
**സ.ഉ(സാധാ)നം.2960/2018/ തസ്വഭവ തിയതി 21-11-2018**

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന വിവാഹ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി 90 ദിവസം എന്നത് 6 മാസമായി (180 ദിവസം) വർദ്ധിപ്പിച്ചു.
- കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകൾ പ്രത്യേകം പരിശോധിച്ച് അനുമതി നൽകുവാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.

### 1. പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിവാഹ ധനസഹായം വർദ്ധിപ്പിച്ചു

- **സ.ഉ(സാധാ)നം.1435/2019/തസ്വഭവ തിയതി 10-7-2019**
- പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായം പട്ടികവർഗ്ഗ വികസന വകുപ്പിലെ നിരക്കായി 1 ലക്ഷം രൂപയായി ഏകീകരിച്ചു.

### 7.2.2 മിശ്രവിവാഹിതർ

നിരക്ക് – 75000 രൂപ

വരുമാന പരിധി: പൊതു വിഭാഗം – 2 ലക്ഷം, പട്ടികജാതി വിഭാഗം – 3 ലക്ഷം.

### 7.2.3 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം

- നിരക്ക് – 75000 രൂപ

**പൊതു വിഭാഗത്തിൽപ്പെട്ട വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം (2019-20 മുതൽ)**

- **സ.ഉ(സാധാ)നം.374/2019/ തസ്വഭവ തിയതി 21-2-2019**

2 ലക്ഷം രൂപ വരെ വരുമാനമുള്ള പൊതു വിഭാഗത്തിൽപ്പെടുന്ന വിധവകളുടെ പെൺമക്കൾക്ക് 30000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി.

### 7.2.4 വിദേശത്തേക്ക് പോകുന്നതിനുള്ള ധനസഹായം

- നിരക്ക് – 100000 രൂപ
- തൊഴിൽ വിസയും, വിമാന ടിക്കറ്റും ഹാജരാക്കേണ്ടതാണ്.

### 7.2.5 വിവിധ കോഴ്സുകളിലേക്ക് യോഗ്യത നേടി പഠന നടത്തുന്നവർക്കുള്ള സ്കോളർഷിപ്പ്

### അനുവദനീയമായ നിരക്കുകൾ

| കോഴ്സ് | നിരക്ക് (രൂപ) |
|---|---|
| മെഡിക്കൽ കോഴ്സ് | 30000 |
| എഞ്ചിനിയറിംഗ് കോഴ്സ് | 25000 |
| ബിരുദം | 20000 |
| ബിരദാനന്തര ബിരുദം | 30000 |
| ഗവേഷണം | 30000 |
| പോളി ടെക്നിക് | 20000 |
| മറ്റെല്ലാ സർക്കാർ അംഗീകൃത കോഴ്സുകൾക്കും | 15000 |
| സംസ്ഥാനത്തിന് പുറത്തുള്ള അംഗീകൃത സർവ്വകലാശാലകളുടെ റഗുലർ കോഴ്സുകൾ | 50000 |
| പ്രൊഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസ് കോച്ചിംഗിന് | 5000 |

### നിബന്ധനകൾ

- സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർ ഷിപ്പ് നൽകാവുന്നതാണ്. ലിസ്റ്റ് ഗ്രാമസഭ/വാർഡ് സഭ/വാർഡ് കമ്മിറ്റി സാധൂകരിക്കണം. നിർദ്ധനരായ കുടുംബങ്ങൾക്ക് മുൻഗണന നൽകണം. വിദ്യാർത്ഥികളുടെ കോഴ്സ്, വർഷം എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണം.

### 7.2.6 മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സർവ്വകലാശാലകളിൽ അഡ്മിഷൻ ലഭിച്ചാലുള്ള സഹായം

- സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന തുക. (ഖണ്ഡിക കാണുക).

### 7.2.7 മേശയും കസേരയും വാങ്ങി നൽകൽ

- ഗ്രാമ പഞ്ചായത്തുകൾക്കും, നഗരസഭകൾക്കും വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന്: **പരമാവധി 5000 രൂപ**
- സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം.
- ഫർണീച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം.
- നിർദ്ധനരായ കുടുംബങ്ങളിലെ കുട്ടികൾക്കു മുൻഗണന.
- മറ്റ് വകുപ്പുകളിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചവർക്ക് അർഹതയില്ല.
- ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം.

### 7.2.8, 7.2.9 പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

- ഗ്രാമപഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾക്ക്.

**കോഴ്സുകൾ**

ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക്(ഡിപ്ലോമ), എഞ്ചിനിയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്(ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ്.

**നിബന്ധനകൾ**

- സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും അർഹതയുണ്ട്. സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
- ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

- വകുപ്പിൽ നിന്നും ആനുകൂല്യം നൽകിട്ടില്ലെന്ന് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.
- കേരളത്തിന് പുറത്ത് പഠിക്കുന്നവർക്കും ആനുകൂല്യം നൽകാം. സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം.
- പാരലൽ കോളേജിൽ പഠിക്കുന്നവർക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയതിനുശേഷം മാത്രമേ ആനുകൂല്യം നൽകുവാൻ പാടുള്ളൂ.
- **2018-19 വർഷത്തെ നിരക്ക് - പരമാവധി 30000 രൂപ. *(തുകയിൽ മാറ്റം വരുത്തിയിട്ടുണ്ട്. തുടർ ഉത്തരവുകൾ കാണുക).***

## ലാപ്ടോപ്പ് വാങ്ങൽ-ഭേദഗതി ഉത്തരവുകൾ (ഖ. 7.2.8)

**1. സ.ഉ(സാധാ)നം.2956/2018/തസ്വഭവ തിയതി 21-11-2018**

- *5 year comprehensive onside OEM warranty including battery & charger* എന്നതിൽ വാറണ്ടി കാലയളവ് 5 വർഷം എന്നത് 3 വർഷമായി കുറവു ചെയ്തു.

**2. സ.ഉ(സാധാ)നം.400/19/തസ്വഭവ തിയതി 23-02-19**

- 2019-20 മുതൽ മിഡിൽ ലെവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്ടോപ്പിന്റെ നിരക്ക് 38000 രൂപയാക്കി ഉയർത്തി.

**3. സ.ഉ(ആർടി)നം.1400/2019/തസ്വഭവ തിയതി 6-7-2019 & സ.ഉ(ആർടി) നം.2081/2019/തസ്വഭവ തിയതി 26-9-2019**

- മിഡിൽ ലെവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്ടോപ്പ് നിരക്ക് 38902 രൂപയായി പുതുക്കി നിശ്ചയിച്ചു.
- മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കൂടി ആനുകൂല്യം ബാധകമാക്കി.
- കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ cprcs ലെ നിരക്കുമായി ഏകീകരിച്ചതിനാലാണ് തുക ഉയർത്തിയത്.

### 4. സർക്കുലർ നം. ഡി.എ.1/363/2019/തസ്വഭവ തിയതി 20-01-2020

- **പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥി കൾക്ക് ലാപ്ടോപ്പ്-പുതുക്കിയ നിബന്ധനകൾ**
- ലാപ്ടോപ്പുകൾ cprcs പോർട്ടലിൽ നിന്നുതന്നെ വാങ്ങേണ്ടതാണ്.
- **UBUNDU അധിഷ്ഠിതമായ ലാപ്ടോപ്പിന് 22895 രൂപയും Windows Home അധിഷ്ഠിതമായ ലാപ്ടോപ്പിന് 27722 രൂപയുമാണ്.**
- അനുയോജ്യമായ മോഡൽ തെരഞ്ഞെടുക്കാവുന്നതാണ്.
- ഓൺസൈറ്റ് വാറണ്ടി 3 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്.

***ലാപ്ടോപ്പുകളുടെ സ്പെസിഫിക്കേഷൻ സർക്കുലറിനോടൊപ്പം നൽകിയിട്ടുണ്ട്.***

- ഏതെങ്കിലും കാരണവശാൽ cprcs പോർട്ടലിൽ മിഡിൽ ലെവൽ സ്പെസിഫി ക്കേഷനുള്ള ലാപ്ടോപ്പ് ലഭ്യമല്ലാതെ വന്നാൽ മാത്രം നിശ്ചിത വിലയിൽ അധി കരിക്കാതെ ടെണ്ടർ മുഖേന ലാപ്ടോപ്പ് വാങ്ങാവുന്നതാണ്.
- നിർവ്വഹണ ഉദ്യോഗസ്ഥൻ മാനദണ്ഡം കൃത്യമായി പാലിക്കേണ്ടതാണ്.

### 5. cprcs പോർട്ടലിൽ നിന്നും ലാപ്ടോപ് ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടായാൽ ടെണ്ടർ/ഇ-ടെണ്ടർ മുഖേന വാങ്ങുന്നതിന് അനുമതി

- **സർക്കുലർ നം.ഡിഎ.1/153/2020-തസ്വഭവ തിയതി 07-09-2020**

***(കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12-08-2020 ലെ തീരുമാനം 2.4(3.3) ന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചത്).***

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങൾക്ക് ആവശ്യമായ ലാപ്ടോപ്പ് cprcs പോർട്ടലിൽ നിന്നു തന്നെ വാങ്ങേണ്ടതാണ്. കാലതാമസം കൂടാതെ ലാപ്ടോപ്പ് ലഭ്യമാക്കുവാൻ ഐ.ടി മിഷൻ നടപടി സ്വീകരിക്കേണ്ടതാണ്.

സർക്കുലർ നം. ഡി.എ.1/363/2019/തസ്വഭവ തിയതി 20-01-2020 പ്രകാരമുള്ള സ്പെസിഫിക്കേഷനും വിലയുമുള്ള ലാപ്ടോപ്പ് cprcs പോർട്ടലിൽ നിന്നും ലഭി ക്കുവാൻ ഒരു മാസത്തിലധികം കാലതാമസമുണ്ടായാൽ തദ്ദേശ ഭരണ സ്ഥാപന ങ്ങൾക്ക് ടെണ്ടർ/ഇ-ടെണ്ടർ മുഖേന ലാപ്ടോപ്പ് വാങ്ങാവുന്നതാണ്. അത്തര ത്തിൽ വാങ്ങുന്ന ലാപ്ടോപ്പുകൾക്ക് സർക്കുലർ പ്രകാരം നിശ്ചയിച്ച സ്പെസിഫി ക്കേഷൻ തന്നെ ആയിരിക്കേണ്ടതും വില സർക്കുലറിൽ സൂചിപ്പിച്ച വിലയേക്കാൾ കുറവുമായിരിക്കണം.

| ഇനം | ഖണ്ഡിക നം. | കുറിപ്പ് |
|---|---|---|
| എസ്.സി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള വരുമാന പരിധി | 7.2.10 | • വരുമാന പരിധി ബാധകമല്ല. |
| കോളനികളിലെ കുടിവെള്ള പദ്ധതികൾ, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവയുടെ വൈദ്യുതി ചാർജ്ജ് | 7.2.12 | • വികസന ഫണ്ട് ചെലവഴിക്കാവുന്നതാണ്. |
| വിദ്യാർത്ഥികൾക്ക് വിവിധ പരീക്ഷകൾക്ക് പരിശീലനം | 7.2.13 | • വികസന ഫണ്ട് ചെലവഴിക്കാവുന്നതാണ്. |
| ഊരുകൂട്ട വളണ്ടിയർമാരെ നിയമിക്കാവുന്നതാണ്. | 7.2.14 | • പത്താം ക്ലാസ്സ് വരെയെങ്കിലും പഠിച്ചിരിക്കണം.<br>• ഊരുകൂട്ടം നിർദ്ദേശിക്കുന്ന മൂന്നു പേരിൽ ഒരാളെ ജില്ലാ പഞ്ചായത്ത് അംഗീകരിക്കണം.<br>• കിലയിൽ പരിശീലനം നൽകി നിയോഗിക്കേണ്ടതാണ്.<br>• പ്രതിമാസം 3000 രൂപ |
| **വാദ്യോപകരണങ്ങൾ** | 7.2.15 | • എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും.<br>• യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ സമിതികൾക്കോ ബാന്റ് സെറ്റ്, ചെണ്ട തുടങ്ങയിവ വാങ്ങി നൽകാവുന്നതാണ്.<br>• **5% ഗുണഭോക്തൃ വിഹിതം അടയ്ക്കണം.**<br>• 10-15 അംഗങ്ങൾ.<br>• ഒരിക്കൽ ലഭിച്ചവർക്ക് 3 വർഷത്തിനു ശേഷം |
| പട്ടികജാതി-പട്ടികവർഗ്ഗ പ്രതിഭകൾക്ക് പ്രതിഭാ പിന്തുണ | 7.2.16 | • ജില്ലാ പഞ്ചായത്ത്, നഗരഭരണ സ്ഥാപനങ്ങൾ<br>• അപേക്ഷ സ്വീകരിച്ച് നൂതന പ്രോജക്റ്റുകൾക്കുള്ള കമ്മിറ്റിയിൽ അവതരിപ്പിച്ച് തുക നിശ്ചയിക്കേണ്ടതാണ്. |

### 7.2.17 പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി

- എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും.
- നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠന മുറി നിർമ്മിക്കാവുന്നതാണ്.
- *സ.ഉ(സാധാ)നം.2636/2018/തസ്വഭവ തിയതി 15-10-2018 പ്രകാരമാണ് 100 ച.അടി എന്നത് 120 ചതുരശ്ര അടിയായി വർദ്ധിപ്പിച്ചിച്ചത്.*

**ധനസഹായം: ആകെ 2 ലക്ഷം രൂപ.**

- 50000 രൂപ മുൻകൂർ നൽകാവുന്നതാണ്.
- എ.ഇ യുടെ മൂല്യ നിർണ്ണയം ആവശ്യമാണ്.
- ഒരു വീട്ടിലെ എല്ലാ കുട്ടികൾക്കും കൂടിയാണ് പഠനമുറി നൽകുന്നത്.
- പൊതു വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും അംഗീകരിച്ചിട്ടുള്ള ഏത് കോഴ്സിനു പഠിക്കുന്നവരേയും വിദ്യാർത്ഥികളായി കണക്കാക്കണം.

### പഠനമുറി-തുടർ ഉത്തരവുകൾ

### 7 പഠനമുറി- വിസ്തീർണ്ണം വർദ്ധിപ്പിച്ചു (7.2.17)

- **സ.ഉ(സാധാ)നം.2636/2018/തസ്വഭവ തിയതി 15-10-2018**
- തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന പഠനമുറിയുടെ തറ വിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 100 ചതുരശ്ര അടി എന്നത് പട്ടികജാതി വികസന വകുപ്പിന്റെ വിസ്തീർണ്ണമായ 120 ചതുരശ്ര അടിയായി ഏകീകരിച്ചു.
- *ധനസഹായം 2 ലക്ഷം രൂപ എന്നതിൽ മാറ്റമില്ല.*

### 2. പഠനമുറി - തുക ഗഡുക്കളായി അനുവദിക്കൽ - സ്പഷ്ടീകരണം

- **സ.ഉ(സാധാ)നം. 221/2020/തസ്വഭവ തിയതി 28-01-2020**
- 50000 രൂപ ആദ്യ ഗഡുവായും ശേഷിക്കുന്ന തുക 75000 രൂപയുടെ രണ്ട് ഗഡുക്കളായും നൽകാവുന്നതാണ്.
- ആദ്യ ഗഡു നൽകി നിർമ്മാണം നടത്തി വാല്യുവേഷന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡു നൽകാവുന്നതാണ്. പഠനമുറി പൂർത്തിയാക്കി വാല്യുവേഷന്റെ അടിസ്ഥാനത്തിൽ അവസാന ഗഡുവായ 75000 രൂപയിൽ അർഹതപ്പെട്ടത് നൽകാവുന്നതാണ്.

## 3. പഠനമുറി-വയറിംഗിന്റെ ചെലവ് വാല്യുവേഷനിൽ ഉൾപ്പെടുത്തൽ

- **സ.ഉ(സാധാ)നം. 1216/2020/തസ്വഭവ തിയതി 22-06-2020**
- പഠനമുറി നിർമ്മിക്കുമ്പോൾ വൈദ്യുതീകരണത്തിനായി വയറിംഗ് പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ പ്രത്യേക വാല്യുവേഷൻ കൂടാതെ പരമാവധി 9100 രൂപ കൂടി ഉൾപ്പെടുത്തി വാല്യുവേഷൻ തുകയിൽ ചേർക്കുവാൻ അനുമതി നൽകി. പരമാവധി തുക 2 ലക്ഷത്തിൽ പരിമിതപ്പെടുത്തേണ്ടതാണ്.

| ഇനം | ഖണ്ഡിക നം. | കുറിപ്പ് |
|---|---|---|
| പട്ടികജാതി കോളനികളിൽ/പട്ടികവർഗ്ഗ ഊരുകളിൽ **സാമൂഹ്യ പഠന കേന്ദ്രം** | 7.2.18 | • സ്ഥലത്തെ പ്രത്യേകത അനുസരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കണം.<br>• മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. |
| ബാലവാടി കം ഫീഡിംഗ് സെന്റർ മുതലായവ | 7.2.19 | • എസ്.സി, എസ്.ടി വകുപ്പുകളിൽ നിന്നും കൈമാറിയ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ, ഭക്ഷണം, യൂണിഫോം എന്നിവ നൽകാവുന്നതാണ്.<br>• വകുപ്പുകളിലെ നിബന്ധനകൾ ബാധകം. |
| മികവിന് പിന്തുണ | 7.2.20 | • ഗ്രാമപഞ്ചായത്ത്, നഗരസഭ<br>• സ്കൂൾ, കോളേജ് തലത്തിൽ നടത്തുന്ന കലാ -കായിക മത്സരത്തിൽ പങ്കെടുത്ത് വിജയിച്ച് ജില്ലാ, സംസ്ഥാന തലത്തിലേക്ക് പ്രവേശനം ലഭിക്കുന്നവർക്ക് ധനസഹായം നൽകാവുന്നതാണ്. (ഖണ്ഡിക കൂടി കാണുക.) |
| ജില്ലാ/യൂണിവേഴ്സിറ്റിതല മത്സര വിജയികൾക്ക് ഡാൻസ് കിറ്റ്, സ്പോർട്സ് കിറ്റ്, മറ്റ് ഉപകരണങ്ങൾ | 7.2.21 | • ബ്ലോക്ക് പഞ്ചായത്ത്, നഗരഭരണ സ്ഥാപനങ്ങൾ (ഖണ്ഡിക കൂടി കാണുക) |
| ദേശീയ, അന്തർദേശീയ തലത്തിലെ കലാ, കായിക മത്സര പങ്കാളിത്തത്തിന് ധനസഹായം | 7.2.22 | • ജില്ലാ പഞ്ചായത്ത്, നഗരഭരണ സ്ഥാപനങ്ങൾ (ഖണ്ഡിക കൂടി കാണുക) |

| | | |
|---|---|---|
| പട്ടികജാതി, പട്ടികവർഗ്ഗ എച്ച്.എസ്.എസ് വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ | 7.2.23 | • ജില്ലാ പഞ്ചായത്ത്, നഗരഭരണ സ്ഥാപനങ്ങൾ (ഖണ്ഡിക കൂടി കാണുക) |
| ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ | 7.2.24 | • ജില്ലാ പഞ്ചായത്ത്, നഗരഭരണ സ്ഥാപനങ്ങൾ (ഖണ്ഡിക കൂടി കാണുക) |
| അഭ്യസ്ഥ വിദ്യരായ യുവതീ യുവാക്കൾക്ക് തൊഴിൽ നേടാനുള്ള പരിശീലനം | 7.2.25 | • ജില്ലാ പഞ്ചായത്ത്, നഗരഭരണ സ്ഥാപനങ്ങൾ (ഖണ്ഡിക കൂടി കാണുക) |

## 7.3. വിദ്യാഭ്യാസം

| ഇനം | ഖണ്ഡിക നം. | കുറിപ്പ് |
|---|---|---|
| ലൈബ്രേറിയൻ | 7.3.1 | • ജില്ലാ പഞ്ചായത്ത്/നഗരസഭകൾ<br>• സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ യോഗ്യതയുള്ള ലൈബ്രേറിയനെ 10 മാസത്തേക്ക് നിയോഗിക്കാവുന്നതാണ്.<br>• വേതനം: പ്രതിമാസം 8000 രൂപയിൽ അധികരിക്കരുത്. |
| കായിക അദ്ധ്യാപകരുടെ കരാർ നിയമനം | 7.3.2 | • ജില്ലാ പഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾ<br>• ഒരു അധ്യയന വർഷം 10 മാസത്തേക്ക് നിയോഗിക്കാവുന്നതാണ്.<br>• വേതനം: പ്രതിമാസം 10000 രൂപയിൽ അധികരിക്കരുത്. |
| കായിക ക്ഷമത-എൽ. പി.എസ് കുട്ടികളിൽ | 7.3.3 | • ഗ്രാമപഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾ/ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തിന്<br>• ശാസ്ത്രീയ വ്യായാമ മുറകൾക്കായി<br>• പ്രത്യേകമായി രൂപകൽപന ചെയ്ത ഉപകരണങ്ങളും സ്പോർട്സ് ഉപകരണങ്ങളും വാങ്ങാവുന്നതാണ്. |

## വിദ്യാഭ്യാസം - തുടർ ഉത്തരവുകൾ

### 1. വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായുള്ള ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് അനുമതി

### എ. ടെലിവിഷൻ/ലാപ്ടോപ്പ്/കമ്പ്യൂട്ടർ എന്നിവ വാങ്ങി നൽകൽ

- **സ.ഉ(സാധാ)നം.1114/2020/തസ്വഭവ തിയതി 12-06-2020**

സ്കൂളുകൾ തുറക്കാത്തതിനാൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യത്തിനായി തദ്ദേശ സ്ഥാപനങ്ങൾക്കു കീഴിൽ വരുന്ന പ്രദേശങ്ങളിൽ ആവശ്യകത പരിശോധിച്ച് ടെലിവിഷൻ/ലാപ്ടോപ്പ്/കമ്പ്യൂട്ടർ എന്നിവ വാങ്ങി നൽകുന്നതിന് കമ്മിറ്റി/കൗൺസിൽ തീരുമാനത്തിനു വിധേയമായി തുക ചെലവഴിക്കുന്നതിന് അനുമതി നൽകി.

### ബി. ഓൺലൈൻ പഠനം-ടാബ്/സ്മാർട്ട്ഫോൺ എന്നിവ വാങ്ങി നൽകാവുന്നതല്ല

- **സർക്കുലർ നം. എഫ്.എം.2/148/2020/തസ്വഭവ തിയതി 22-09-2020**

ടെലിവിഷൻ/ലാപ്ടോപ്പ്/കമ്പ്യൂട്ടർ എന്നിവയ്ക്കു പകരമായി ടാബ്, സ്മാർട്ട് ഫോൺ എന്നിവ വാങ്ങി നൽകാവുന്നതല്ലെന്ന് വ്യക്തമാക്കി.

### സി. ഓൺലൈൻ പഠനം-ലാപ്ടോപ്പ് സ്പെസിഫിക്കേഷൻ-തുടർ നിർദ്ദേശം

- **സർക്കുലർ നം. ഡി.എ.1/208/2020-തസ്വഭവ തിയതി 20-10-2020**

ഓൺലൈൻ പഠനത്തിനായി മിഡിൽ ലെവൽ സ്പെസിഫിക്കേഷൻ ഉള്ള ലാപ്ടോപ്പ് വാങ്ങി നൽകേണ്ടതില്ലെന്നും ഏറ്റവും ബേസ് മോഡൽ ആയ ലാപ്ടോപ്പ് വാങ്ങി നൽകിയാൽ മതിയെന്നും നിർദ്ദേശിച്ചു.

### 8 ഓൺലൈൻ പഠന കേന്ദ്രങ്ങളിൽ ടി.വി വാങ്ങൽ-അധിക തുക

- സ.ഉ(സാധാ)നം.1269/2020/തസ്വഭവ തിയതി 25-06-2020

കെ.എസ്.എഫ്.ഇ യുടെ സഹായത്തോടെ നടപ്പാക്കുന്ന വിദ്യാഭ്യാസ സഹായ പദ്ധതിയുടെ ഭാഗമായി ഓൺലൈൻ പഠന കേന്ദ്രങ്ങളിൽ ടി.വി വാങ്ങുന്നതിനും ആയത് സ്ഥാപിച്ചു പ്രവർത്തിപ്പിക്കുന്നതിനു വേണ്ടി വരുന്ന അധിക ചെലവ്

തദ്ദേശ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകി.

സ.ഉ(സാധാ)നം.375/2021/തസ്വഭവ തിയതി 11-02-2021 പ്രകാരം കെ.എസ്.എഫ്.ഇ ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത വിലയിൽ പരിമിതപ്പെടുത്തി ടി.വി വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## 7.4. വനിതാ വികസനം

| ഇനം | ഖണ്ഡിക നം. | കുറിപ്പ് |
|---|---|---|
| ജൻഡർ റിസോഴ്സ് സെന്റർ | 7.4.1 | • ജില്ലാ പഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾ<br>• ജില്ലാ തലത്തിൽ ജൻഡർ റിസോഴ്സ് സെന്ററിന് രൂപം നൽകണം.<br>*(ഖണ്ഡിക കൂടി കാണുക)* |
| ജാഗ്രതാ സമിതി, ജൻഡർ ഡെസ്ക് | 7.4.2, 7.4.3 | • എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും.<br>*(ഖണ്ഡിക കൂടി കാണുക)* |
| കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ് | 7.4.4 | • ജില്ലാ പഞ്ചായത്ത്/നഗരസഭകൾ<br>*(ഖണ്ഡിക കൂടി കാണുക)* |

## 7.5. പൊതുജനാരോഗ്യം

| ഇനം | ഖണ്ഡിക നം. | കുറിപ്പ് |
|---|---|---|
| ലാബ് ടെക്നീഷ്യൻ | 7.5.1 | • നാഷണൽ ഹെൽത്ത് മിഷന്റെ മാനദണ്ഡ പ്രകാരം കരാർ അടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യനെ നിയമിക്കാം.<br>• വേതനം വികസന ഫണ്ടിൽ നിന്നും നൽകാം. |
| ഡോക്ടറും പാരാമെഡിക്കൽ സ്റ്റാഫും | 7.5.2 | • നാഷണൽ ഹെൽത്ത് മിഷന്റെ മാനദണ്ഡ പ്രകാരം നിയമിക്കാം.<br>• വേതനം വികസന ഫണ്ടിൽ നിന്നും നൽകാം. |

| | | |
|---|---|---|
| **ഔഷധങ്ങൾ വാങ്ങൽ** | 7.5.3 | • വകുപ്പുകൾ വിതരണം ചെയ്യുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ തദ്ദേശ ഭരണ സ്ഥാപനത്തിന് മരുന്ന് വാങ്ങി നൽകാവുന്നതാണ്.<br>• ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെയും ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയല്ലാതെയും മരുന്നുകൾ വാങ്ങുവാനോ, തുക ചെലവഴിക്കുവാനോ പാടില്ല.<br>**സ്ഥാപനങ്ങൾ**<br>• **അലോപ്പതി മരുന്നുകൾ** – കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ<br>• **ആയുർവേദ മരുന്നുകൾ** – വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കിൽ ഔഷധി, ആയുർധാര, പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നിവിടങ്ങളിൽ നിന്നോ സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ.<br>• കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം),<br><br>കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവിടങ്ങളിൽ നിന്നും മരുന്ന് വാങ്ങാവുന്നതാണ്.<br>• **ഹോമിയോപ്പതി മരുന്നുകൾ**: കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡ്<br>**നിയന്ത്രണങ്ങൾ**<br>• **വൃദ്ധർക്ക് മരുന്ന് കിറ്റ്, കമ്പിളി (ഇടുക്കി/വയനാട് ജില്ലകളിലെ ഉയർന്ന പ്രദേശങ്ങളിൽ ഒഴികെ), ഊന്നുവടി, കസേര മുതലായവ അനുവദനീയമല്ല.**<br>**സമഗ്ര ആരോഗ്യ പരിപാടി**<br>• ആരോഗ്യ സ്ഥാപനങ്ങൾ വഴി രോഗ പ്രതിരോധ മരുന്നുകൾ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്.<br>**ആശ്രയ പദ്ധതിക്കായി മരുന്ന് വാങ്ങൽ**<br>• ആശ്രയ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. |

| | | |
|---|---|---|
| | | **മാരകരോഗങ്ങൾ അടക്കമുള്ളവയുടെ ചികിത്സ**<br>• ഡോക്ടർമാർ നിർദ്ദേശിക്കുന്ന ചികിത്സകളും മരുന്നുകളും ആശുപത്രി മുഖേന രോഗികൾക്ക് നൽകുന്നതിന് പ്രോജക്റ്റ് തയ്യാറാക്കി മരുന്ന് വാങ്ങി നൽകാവുന്നതാണ്.<br>*(തുടർ ഉത്തരവുകൾ കൂടി കാണുക)* |
| അടിയന്തിര ഘട്ടങ്ങളിലെ മരുന്നു വാങ്ങൽ | 7.5.4 | • മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇന്റന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമായില്ലെങ്കിൽ എച്ച്.എം.സി യുടെ ശുപാർശ പ്രകാരം തദ്ദേശ സ്ഥാപനത്തിന് കാരുണ്യ/നീതി/ജെൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്ന് വാങ്ങാവുന്നതാണ്.<br>• കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡ്, ഔഷധി എന്നിവയിൽ നിന്നും മരുന്ന് ലഭ്യമാക്കുവാൻ കാലതാമസം ഉണ്ടായാൽ ടെണ്ടർ ക്വട്ടേഷൻ വിളിച്ച് മരുന്ന് പുറമേനിന്ന് വാങ്ങാവുന്നതാണ്. |
| **യോഗ പരിശീലനം** | 7.5.5 | • വയോജനങ്ങൾക്ക് ആയുഷുമായി ചേർന്ന് യോഗ പരിശീലനം നൽകാം.<br>**പരിശീലകരുടെ യോഗ്യത**<br>• അംഗീകൃത സർവ്വകലാശാലയിൽ നിന്ന് BNYS ബിരുദം/ തത്തുല്യ യോഗ്യത<br>• യോഗ അസോസിയേഷൻ/സ്പോർട്സ് കൗൺസിൽ അംഗീകരിച്ച യോഗ്യതയുള്ളവർ.<br>**(സ.ഉ(സാധാ)നം. 1968/2020/തസ്വഭവ തിയതി 20-10-2020 കൂടി കാണുക)**<br>**വേതനം**<br>• ഒരു സെഷന് 400 രൂപ, ഒരു മാസം പരമാവധി 12000 രൂപ. |
| എച്ച്.ഐ.വി ബാധിതർ/ എയ്ഡ്സ് രോഗികൾ എന്നിവർക്കുള്ള പരിപാടികൾ | 7.5.6 | • ജില്ലാ പഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾ<br>• മാർഗ്ഗരേഖ പാലിക്കേണ്ടതാണ്. |
| ആരോഗ്യ സ്ഥാപനങ്ങളുടെ സമഗ്ര വികസനം | 7.5.7 | • എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും<br>• **ആർദ്രം** മിഷന്റെ ദീർഘകാല ലക്ഷ്യങ്ങൾക്ക് അനുസൃതമായി പ്രോജക്റ്റുകൾ ചിട്ടപ്പെടുത്തേണ്ടതാണ്. |

## പൊതുജനാരോഗ്യം - തുടർ ഉത്തരവുകൾ

### 1. സിദ്ധ മരുന്നു വാങ്ങൽ-ഡിസ്കൗണ്ട്

- **സർക്കുലർ നം. ഡി.എ.1/814/2018/ തസ്വഭവ തിയതി 17-12-2018**

സിദ്ധ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ ഔഷധി വഴി IMPCCS യിൽ നിന്നും വാങ്ങുമ്പോൾ IMPCCS നൽകുന്ന 25% കിഴിവ് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഔഷധി നൽകേണ്ടതാണ്. അല്ലാത്തപക്ഷം IMPCCS ൽ നിന്നും നേരിട്ട് മരുന്നു വാങ്ങാവുന്നതാണ്.

### 2. ആയുർവേദ-സിദ്ധ മരുന്ന് വിതരണം - ഖ.7.5.3(2)

എ. സ.ഉ(സാധാ)നം. 1935/2018/തസ്വഭവ തിയതി 17-07-2018,
സ.ഉ(സാധാ)നം. 1365/2019/തസ്വഭവ തിയതി 03-07-2019 &
സ.ഉ(സാധാ)നം. 566/2020/തസ്വഭവ തിയതി 06-03-2020

- കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം) ഉൽപാദിപ്പിക്കുന്ന മരുന്നുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക് 30 മുതൽ 35 ശതമാനം വരെ വിലക്കിഴിവ് അനുവദിക്കണമെന്ന നിബന്ധനയോടെ ഭേഷജത്തിൽ നിന്നും വാങ്ങുന്നതിനുള്ള കാലാവധി 19-7-18 മുതൽ ഒരു വർഷത്തേക്കും തുടർന്ന് 31-12-2023 വരെയും ദീർഘിപ്പിച്ചു നൽകി.

ബി. സ.ഉ(സാധാ)നം. 78/2019/തസ്വഭവ തിയതി 16-01-2019 &
സ.ഉ(സാധാ)നം. 238/2020/തസ്വഭവ തിയതി 29-01-2020

- കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിർമ്മിക്കുന്ന മരുന്നുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിനുള്ള അനുമതി 24-12-18 മുതൽ ഒരു വർഷത്തേക്കും തുടർന്ന് 24-12-2019 മുതൽ ഒരു വർഷത്തേക്കും കൂടി ദീർഘിപ്പിച്ചു.

## 9 പി.എച്ച്.സി, സി.എച്ച്.സി എന്നിവിടങ്ങളിലെ ഉച്ച കഴിഞ്ഞുള്ള പ്രവർത്തനത്തിന് ഡോക്ടർമാർ, പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിക്കൽ -തുടർ നിർദ്ദേശങ്ങൾ (7.5.2)

- **സർക്കുലർ നം.442/ഡി.ബി.2/18/തസ്വഭവ തിയതി 17-01-2019**

- പഞ്ചായത്തിൽ നിന്നും നേരിട്ട് നിയമനം നടത്തുവാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ മാത്രം ജില്ലാ തലത്തിൽ ഇന്റർവ്യൂ നടത്തി നിയമിക്കുന്ന രീതി (ജില്ലാ കളക്ടർ, ഡി.എം.ഒ, ജില്ലാ പ്രോഗ്രാം മാനേജർ (എൻ.എച്ച്.എം) ) അവലംബിച്ചാൽ മതി.
- ഡോക്ടർമാർക്കും, പാരാ മെഡിക്കൽ സ്റ്റാഫിനും ആരോഗ്യ വകുപ്പിന്റെ അഡ്ഹോക്ക് നിയമന പ്രകാരമുള്ള വേതനം നൽകാവുന്നതാണ്. വേതനം നൽകുന്നതിൽ തടസ്സമുണ്ടാകാതിരിക്കുവാൻ തനതു ഫണ്ടോ, വികസന ഫണ്ടോ ഉപയാഗിക്കാവുന്നതാണ്.
- കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിർബന്ധമായും അധികമായി ഡോക്ടർമാരേയും പാരാ മെഡിക്കൽ സ്റ്റാഫിനേയും നിയമിക്കേണ്ടതാണ്.

## 10 Covid- ഹാന്റ് വീവിൽ നിന്നും മാസ്ക് വാങ്ങുന്നതിന് അനുമതി

- **സ.ഉ(സാധാ)നം.1192/2020/തസ്വഭവ തിയതി 18-06-2020**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹാന്റ്‌വീവിൽ നിന്നും മാസ്ക് വാങ്ങുന്നതിനുള്ള അനുമതി നൽകി.

## 11 Covid- Foot Operated Sanitiser, Soap Dispenser എന്നിവ സിഡ്കോയിൽ നിന്നും നേരിട്ടു വാങ്ങുന്നതിന് അനുമതി

- **സ.ഉ(സാധാ)നം.1379/2020/തസ്വഭവ തിയതി 21-07-2020**

Break the Chain Campaign ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തങ്ങളുടെ പരിധിയിലുള്ള സർക്കാർ ഓഫീസുകൾ/പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനായി Hands-free Sanitiser, Soap Dispenser എന്നിവ സിഡ്കോ യിൽ നിന്ന് ആവശ്യാനുസരണം വാങ്ങുന്നതിന് യഥേഷ്ടാനുമതി നൽകി.

## 12 യോഗ പരിശീലനം - പരിശീലകരുടെ യോഗ്യത-തുടർ ഉത്തരവ് (7.5.5)

- **സ.ഉ(സാധാ)നം. 1968/2020/തസ്വഭവ തിയതി 20-10-2020**

കണ്ണൂർ സർവ്വകലാശാലയുടേയും മറ്റ് അംഗീകൃത സർവ്വകലാശാലകളുടേയും ഒരു വർഷത്തിൽ കുറയാതെയുള്ള സർട്ടിഫിക്കറ്റ് ഇൻ യോഗ ഫിറ്റ്നസ് കോഴ്സ്/പി.ജി ഡിപ്ലോമ പാസായവരെ കൂടി പരിശീലകരായി നിയമിക്കുന്നതിന് തദ്ദേശ സ്ഥാപന ങ്ങൾക്ക് അനുമതി നൽകി.

## 13 വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം

- സർക്കുലർ നം. ഡിഎ.1/321/2020-തസ്വഭവ തിയതി 01-01-2021

ആഴ്ചയിൽ പരമാവധി 1000 രൂപ ക്രമത്തിൽ പ്രതിമാസം 4000 രൂപ വരെ നൽകാ വുന്നതാണ്. ഡയാലിസിസ് നടത്തുന്ന ആശുപത്രിക്ക് അതത് നിർവ്വഹണ ഉദ്യോഗ സ്ഥൻ (മെഡിക്കൽ ഓഫീസർ) മുഖേന കൈമാറേണ്ടതാണ്.

## 7.6 കലാസംസ്കാരം, കായിക വികസനം

| ഇനം | ഖണ്ഡിക നം. | കുറിപ്പ് |
|---|---|---|
| ഗെയിംസ് ഫെസ്റ്റിവൽ | 7.6.1 മുതൽ 7.6.11 വരെ | • യൂത്ത് ക്ലബ്ബുകളുടെ സഹകരണത്തോടെ കായിക വികസനത്തിനുള്ള പ്രോജക്റ്റുകൾ ആവിഷ്കരിക്കാവുന്നതാണ്.<br>• വോളിബോൾ, ക്രിക്കറ്റ്, കബഡി, പ്രാദേശിക പ്രത്യേകതയുള്ള ഒരു ഗെയിം.<br>• ടീം രൂപീകരിച്ച് ചാമ്പ്യൻഷിപ്പ് നടത്തണം.<br>• ഗ്രാമതലം മുതൽ സംസ്ഥാനതലം വരെ ചാമ്പ്യൻഷിപ്പുകൾ.<br>• യൂത്ത് ക്ലബ്ബ് ഏകോപന സമിതി രൂപീകരിക്കണം.<br>• സർട്ടിഫിക്കറ്റ്, ക്യാഷ്, ട്രോഫി.<br>**ഗെയിമിന് അനുവദനീയമായ ചെലവ്**<br>• ഗ്രാമപഞ്ചായത്ത് - 30000 രൂപ<br>• മുനിസിപ്പാലിറ്റി - 40000 രൂപ<br>• കോർപ്പറേഷന് - 50000 രൂപ<br>• ബ്ലോക്ക് പഞ്ചായത്ത് - 30000 രൂപ |

| | | |
|---|---|---|
| കുട്ടികൾക്കുള്ള അത്‌ലറ്റിക്സ് പരിശീലനങ്ങൾ | 7.6.12 | • സ്കൂൾതലത്തിൽ അത്‌ലറ്റിക്സിൽ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തൽ.<br>• കായികാദ്ധ്യാപകരുടേയും സ്പോർട്സ് അക്കാദമിയുടേയും സഹായം ഉപയോഗപ്പെടുത്തണം.<br>• അത്‌ലറ്റിക് മത്സരങ്ങളും പരിശീലന ക്യാമ്പുകളും ബ്ലോക്ക് പഞ്ചായത്ത്/നഗരസഭാതലത്തിൽ നടത്തുന്നതിന് 30000 രൂപ വരെ ചെലവഴിക്കാം.<br>• ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഉപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. |
| രജിസ്റ്റേർഡ് യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് | 7.6.13 | • ഗ്രാമപഞ്ചായത്ത്/നഗരസഭ<br>• ഒരു സംഘടനയ്ക്ക് 4000 രൂപയിൽ അധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ<br>*(സ.ഉ(സാധാ)നം. 811/2018/തസ്വഭവ തിയതി 26-03-2018 പ്രകാരം 4000 രൂപ എന്നത് 5000 രൂപയാക്കി)*<br>• അപേക്ഷ ക്ഷണിച്ച് പട്ടിക തയ്യാറാക്കണം.<br>• സാമ്പത്തിക പരിധി, തീരുമാനം എന്നിവയ്ക്ക് വിധേയമായി വാങ്ങി നൽകേണ്ടതാണ്. |
| ഒരു വാർഡിൽ ഒരു കളിസ്ഥലം, ഒരു ഗ്രാമപഞ്ചായത്തിൽ /നഗരസഭയിൽ മിനി സ്റ്റേഡിയം | 7.6.14 | • ഗ്രാമപഞ്ചായത്ത്/നഗരസഭ<br>• ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കളിസ്ഥല നിർമ്മാണം(മിനി സ്റ്റേഡിയം) ഏറ്റെടുക്കാവുന്നതാണ്.<br>• അനുയോജ്യമായ പൊതു സ്ഥലം കണ്ടെത്തണം.<br>• വിഹിതം സേവന മേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്. |
| ഒരു ഗ്രാമപഞ്ചായത്തിൽ /നഗരസഭയിൽ ഒരു നീന്തൽ കുളവും നീന്തൽ പരിശീലനവും | 7.6.15 | • ഗ്രാമപഞ്ചായത്ത്/നഗരസഭ<br>• നിലവിലുള്ള ഒരു കുളം മികച്ച നിലവാരത്തിലേക്ക് വികസിപ്പിക്കാവുന്നതാണ്.<br>• തൊഴിലുറപ്പ് പദ്ധതി, വാർഷിക പദ്ധതി എന്നിവയുടെ ഭാഗമാക്കാവുന്നതാണ്.<br>• പരിശീലനച്ചെലവിന് പ്രോജക്റ്റ് വെക്കാവുന്നതാണ്. |
| വജ്രജൂബിലി ഫെല്ലോഷിപ്പ് നേടുന്ന കലാകാരൻമാർക്ക് അധിക വിഹിതം | 7.6.16 | • ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്<br>• പ്രതിമാസം 5000 രൂപ |

| | | |
|---|---|---|
| തദ്ദേശ സ്ഥാപ നങ്ങളിലെ ബാലസഭാ പ്രവർത്തനം | 7.6.17 | • സംസ്ഥാനതല നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പ്രോജക്റ്റ് തയ്യാറാക്കണം. (കുടുംബശ്രീ)<br>**ചെലവഴിക്കാവുന്ന പരമാവധി തുക**<br>• **ഗ്രാമപഞ്ചായത്ത്** – വാർഡ് ഒന്നിന് 1000 രൂപ, പഞ്ചായത്ത്തല പ്രവർത്തനത്തിന് – 40000 രൂപ<br>• **മുനിസിപ്പാലിറ്റികൾ** – വാർഡ് ഒന്നിന് 1500 രൂപ, മുനിസിപ്പൽ തല പ്രവർത്തനത്തനത്തിന് – 50000 രൂപ<br>• **കോർപ്പറേഷൻ**–വാർഡ് ഒന്നിന് – 2500 രൂപ, കോർപ്പറേഷൻതല പ്രവർത്തനത്തനത്തിന് – 100000 രൂപ |

## കലാ സംസ്കാരം, കായിക വികസനം–തുടർ ഉത്തരവുകൾ

### 1. ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് (ഖ.7.6.13)

- **സ.ഉ(സാധാ)നം. 811/2018/തസ്വഭവ തിയതി 26-03-2018**
- രജിസ്ട്രേഷനുള്ള ക്ലബ്ബുകൾക്ക് 5000 രുപയുടെ വരെ സ്പോർട്സ് കിറ്റുകൾ നൽകാവുന്നതാണ്.

### 2. വജ്രജൂബിലി ഫെല്ലോഷിപ്പ് നേടുന്ന കലാകാരൻമാർ (ഖ.7.6.16)

- **സർക്കുലർ നം. ഡി.എ.1/881/2018/ തസ്വഭവ തിയതി 28-12-2018**

വജ്രജൂബിലി ഫെല്ലോഷിപ്പ് നേടുന്ന കലാകാരൻമാർക്ക് 5000 രൂപ പ്രതിമാസം നൽകുന്നതിനുള്ള പ്രോജക്റ്റ് ആവിഷ്കരിക്കണം.

- **സ.ഉ(സാധാ)നം.977/2020/തസ്വഭവ തിയതി 26-05-2020**

യുവ കലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി നടപ്പാക്കുന്നതിനുള്ള വിഹിതം വകയിരുത്തുന്നതിനുള്ള ബ്ലോക്ക് പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകളെ സഹായിക്കുന്നതിന് മറ്റ് സ്ഥാപനങ്ങൾക്കും അനുമതി നൽകി.

- **സർക്കുലർ നം.ഡിഎ-1/263/2019-തസ്വഭവ തിയതി 01-01-2021**

ഓൺലൈൻ ആയിട്ടാണ് ക്ലാസ് നടത്തുന്നതെങ്കിലും തദ്ദേശ സ്ഥാപനങ്ങൾ അവരുടെ വിഹിതം കലാകാരന്മാർക്ക് മുടക്കം കൂടാതെ നൽകേണ്ടതാണ്.

## 7.7 പരിസ്ഥിതി സംരക്ഷണം

| ഇനം | ഖണ്ഡിക നം. | കുറിപ്പ് |
|---|---|---|
| സ്കൂൾ പരിസ്ഥിതി ക്ലബ്ബുകളിലൂടെ വൃക്ഷ പരിപാലനം | 7.7.1 | • സ്കൂൾ കോമ്പൗണ്ടുകളിൽ കളിസ്ഥലങ്ങൾക്ക് കോട്ടം തട്ടാതെ വൃക്ഷതൈകൾ വെച്ചു പിടിപ്പിക്കണം.<br>• തൊഴിലുറപ്പു പദ്ധതിയുടേയും കുട്ടികളുടെ ശ്രമദാനവും പി.ടി.എ യുടെ സഹകരണവും ഉറപ്പാക്കണം.<br>• തൈകൾ വനം വകുപ്പ് സൗജന്യമായി നൽകണം.<br>• അടിസ്ഥാന വളം, സംരക്ഷണ വേലി, ബോർഡ് കാമ്പയിൻ ചെലവ് കണക്കാക്കി ഒരോ സ്കൂളിനുമുള്ള തുക കണക്കാക്കി ഒരു പ്രോജക്റ്റ് തയ്യാറാക്കണം. |
| കുളങ്ങളും തോടുകളും സംരക്ഷിച്ച് ഉൾനാടൻ മത്സ്യ കൃഷിയും ജലസംരക്ഷണവും – വാർഷിക ഗ്രാന്റ് നൽകൽ | 7.7.2 | • എല്ലാ വിഭാഗം ജനങ്ങളുടേയും സ്വകാര്യ ഭൂമിയിലും പൊതു സ്ഥലങ്ങളിലുമുള്ള കുളങ്ങളും തോടുകളും (വശങ്ങൾ പാറകെട്ടി സംരക്ഷിക്കാത്തവ) കയർ ഭൂവസ്ത്രം കൊണ്ട് സംരക്ഷിച്ച് വശങ്ങളിൽ രാമച്ചം കൃഷി ചെയ്യുന്നതിനും കുളങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിനുമുള്ള പദ്ധതി.<br>• തൊഴിലുറപ്പു പദ്ധതി, സന്നദ്ധ സേവനം.<br>• കയർ ഭൂവസ്ത്രം തദ്ദേശ സ്ഥാപനം നൽകണം.<br>• രാമച്ചം തദ്ദേശ സ്ഥാപനം നൽകണം. കൃഷി വകുപ്പ് സഹായം നൽകണം.<br>• മത്സ്യ കുഞ്ഞുങ്ങളെ തദ്ദേശ സ്ഥാപനം നൽകണം.<br>• സംരക്ഷണത്തിന് വാർഷിക ഗ്രാന്റ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്റ്റ് ആവിഷ്കരിക്കാവുന്നതാണ്. |
| കാവുകളുടേയും കണ്ടൽകാടുകളുടേയും സംരക്ഷണം | 7.7.3 | • എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും.<br>• ഹരിത കേരള മിഷൻ ടീം കാവുകളുടേയും കണ്ടൽ കാടുകളുടേയും പട്ടിക തയ്യാറാക്കണം. |

| | | |
|---|---|---|
| | | • മുള്ളു വേലി കെട്ടി സംരക്ഷിക്കുന്നതിനുള്ള ഏകദേശ എസ്റ്റിമേറ്റ് തയ്യാറാക്കണം.<br>• എൽ.എസ്.ജി.ഡി എഞ്ചിനിയർ അടങ്കൽ തുക നിശ്ചയിക്കണം.<br>• സ്വകാര്യ കാവുകൾ ഉടമകളേയും പൊതു കാവുകൾ പ്രാദേശിക കൂട്ടായ്മകളേയും ഏൽപ്പിച്ച് നടപ്പാക്കണം.<br>• ചെലവിന്റെ 75% തദ്ദേശ സ്ഥാപനം നൽകണം.<br>• ജൈവ വൈവിദ്ധ്യ രജിസ്റ്റർ കാലാനുസൃതമാക്കണം.<br>• വാർഷിക പരിപാലനത്തിന് ഗ്രാന്റ് നൽകാവുന്നതാണ്. |
| പരിസ്ഥിതി സുരക്ഷയ്ക്ക് മരങ്ങൾ പരിരക്ഷിക്കാൻ-സഹകരണ വായ്പയും ഒറ്റത്തവണ പലിശ സബ്സിഡിയും | 7.7.4 | • ഖണ്ഡിക 6.1 – കൃഷി: ക്രമ നം. 22 കാണുക. |

## 7.8 ദാരിദ്ര്യ ലഘൂകരണം

| ഇനം | ഖണ്ഡിക നം. | കുറിപ്പ് |
|---|---|---|
| തീരദേശം | 7.8.1 | • തീരദേശത്ത് വീടുകൾക്ക് ഓല മേയാൻ 1500 രൂപ സഹായം നൽകാവുന്നതാണ്. |
| **പാലിയേറ്റീവ് പരിചരണം** | 7.8.2 | • ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.<br>• ബ്ലോക്ക് പഞ്ചായത്തുകൾക്ക് സി.എച്ച്.സി മുഖേന ഏറ്റെടുക്കാവുന്നതാണ്.<br>• ഹോം കെയർ ടീമിന്റെ ഭക്ഷണച്ചെലവ് – 250 രൂപവരെ.<br>• പാലിയേറ്റീവ് നേഴ്സുമാരുടെ ഹോണറേറിയം – 15000 രൂപ ക്രമത്തിൽ നൽകാം. (*) |

| | | |
|---|---|---|
| | | • ശയ്യാവലംബർക്ക് മെഡിക്കൽ ഓഫീസർമാർ നിർണ്ണയിക്കുന്ന തരത്തിലുള്ള കട്ടിൽ വാങ്ങി നൽകുവാൻ ബ്ലോക്ക്/നഗരസഭകൾക്ക് പ്രോജക്റ്റ് ആവിഷ്കരിക്കാവുന്നതാണ്.<br>**പാലിയേറ്റീവ് കെയർ നഴ്സുമാരുടെ വേതന വർദ്ധനവ്**<br>**(*) സ.ഉ(സാധാ)നം.2094/2020/തസ്വഭവ തിയതി 06-11-2020** പ്രകാരം പാലിയേറ്റീവ് കെയർ നഴ്സുമാരുടെ പ്രതിമാസ വേതനം 18030 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>*സ.ഉ(സാധാ)നം.897/2021/തസ്വഭവ തിയതി 21-04-2021 പ്രകാരം തദ്ദേശ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് സർക്കാർ ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പള തുല്യത അനുവദിക്കണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.*<br><br>○ *സ.ഉ(എം.എസ്)നം. 553/2019/തസ്വഭവ തിയതി 07-03-2019 പ്രകാരം പാലിയേറ്റീവ് മാർഗ്ഗരേഖ പരിഷ്കരിച്ചിട്ടുണ്ട്.* |
| **കുടുംബശ്രീ-റിവോൾവിംഗ് ഫണ്ട്** | 7.8.3 | • കുടുംബശ്രീ അയൽകൂട്ടങ്ങൾ, സി.ഡി.എസ്, എ.ഡി.എസ് എന്നിവയ്ക്കുമാത്രം വ്യക്തമായ വായ്പാ അധിഷ്ഠിത തൊഴിൽ സംരംഭ പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. റിവോൾവിംഗ് ഫണ്ട് ഗ്രൂപ്പിനുള്ളിൽ റിവോൾവ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.<br>• മറ്റുള്ള സ്വയം തൊഴിൽ സംരംഭങ്ങൾക്ക് മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി നൽകാവുന്നതാണ്. |

**1. കുടുംബശ്രീ സി.ഡി.എസ് മുഖേന വിൽക്കുന്ന കുടകൾക്ക് സബ്സിഡി**

- **സ.ഉ(സാധാ)നം. 1105/2020/തസ്വഭവ തിയതി 11-06-2020**

കുടുംബശ്രീ സി.ഡി.എസ് മുഖേന വിൽക്കുന്ന കുടകൾക്ക് 20 ശതമാനം സബ്സിഡി നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി. വിൽക്കുന്ന കുടകളുടെ എണ്ണമനുസരിച്ച് സബിസിഡി തുക സി.ഡി.എസിന് കൈമാറേണ്ടതാണ്.

## 7.9 തെരുവു വിളക്കുകൾ

| ഇനം | ഖണ്ഡിക നം. | കുറിപ്പ് |
|---|---|---|
| **സോഡിയം വേപ്പർ വിളക്കുകൾ** | 7.9.1 | • സോഡിയം/മെർക്കുറി വേപ്പർ ലാമ്പുകൾ, ഹൈവോൾട്ടേജ് ഇൻകാന്റസന്റ് ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ ഉള്ള പ്രോജക്റ്റുകൾ ആവിഷ്കരിക്കുവാൻ പാടില്ല.<br>• നിലവിൽ സ്ഥാപിച്ചിട്ടുള്ളവയുടെ അറ്റകുറ്റപ്പണികൾ തനത് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കാവുന്നതാണ്. |
| **എൽ.ഇ.ഡി ലാമ്പുകൾ** | 7.9.2 | • സ്ട്രീറ്റ് ലൈറ്റിന് എൽ.ഇ.ഡി ലാമ്പുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകണം.<br>• വിൽപ്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കിയും വാങ്ങൽ നടപടികൾ പാലിച്ചുകൊണ്ടും എൽ.ഇ.ഡി ലാമ്പുകൾ വാങ്ങാവുന്നതാണ്. |

## നിലാവ് - പരമ്പരാഗത തെരുവു വിളക്കുകൾക്കു പകരം എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

**സ.ഉ(കൈ)നം.117/2020/തസ്വഭവ തിയതി 10-08-2020** പ്രകാരം നിലാവ് പദ്ധതി അംഗീകരിച്ചിരുന്നു. എന്നാൽ പദ്ധതി നടപ്പാക്കുവാൻ ചില പ്രായോഗിക പ്രശ്നങ്ങൾ നേരിട്ടതിനാൽ ഉത്തരവ് റദ്ദാക്കുകയും **സ.ഉ(കൈ)നം.202/2020/തസ്വഭവ തിയതി 25-12-2020** പ്രകാരം പദ്ധതി പുനഃക്രമീകരിച്ചുകൊണ്ട് പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും ചെയ്തു.

## പുതിയ നിലാവ് പദ്ധതിയുടെ സവിശേഷതകൾ

- തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ മുൻകൂട്ടിയുള്ള നിക്ഷേപം കൂടാതെ (Kerala Infrastructure Investment Fund Board) യുടെ സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ക്യാപിറ്റൽ കോസ്റ്റ് കിഫ്ബി വഹിക്കുന്നതാണ്.
- പദ്ധതിയുടെ Special Purpose Vehicle (SPV) KSEB Limited ആയിരിക്കും.

- Energy Efficiency Services Ltd. (EESL) ആയിരിക്കും പദ്ധതിയുടെ PMU (Project Management Unit).

## പദ്ധതിച്ചെലവ്

മൊത്തം പ്രോജക്റ്റ് കോസ്റ്റ് കണക്കാക്കിയിട്ടുള്ളത് 28982.91 ലക്ഷം രൂപയാണ്. LED കളുടെ വിതരണം പൂർത്തീകരിക്കുന്നതോടുകൂടി ബൾബുകളുടെ വിലയുടെ 80% തുകയും അനുബന്ധ സാമഗ്രികളുടെ (IDC) 100% തുകയും EESL ന് നൽകുന്നതാണ്. വിതരണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് KSEBL ഉറപ്പാക്കേണ്ടതാണ്. ബൾബുകളുടെ വിലയിൽ ബാക്കി നൽകുവാനുള്ള 20% തുക 7 വർഷം കൊണ്ട് പലിശയില്ലാത്ത വാർഷിക തിരിച്ചടവായി KIIFB നൽകുന്നതാണ്. ആയത് പദ്ധതിയിൽ പങ്കെടുക്കുന്ന തദ്ദേശ സ്ഥാപനത്തിന്റെ വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്നും കുറവു ചെയ്ത് KIIFB ക്ക് നൽകുന്നതാണ്.

## പാക്കേജുകൾ

LED കളുടെ വാട്ടേജ്, എണ്ണം എന്നിവ അടങ്ങുന്ന പാക്കേജുകൾ തദ്ദേശ സ്ഥാപനത്തിന് തെരഞ്ഞെടുക്കാവുന്നതാണ്. ഓരോ പാക്കേജിലും 500 LED വീതം ഉണ്ടായിരിക്കുന്നതാണ്.

## തുക ഈടാക്കൽ

പദ്ധതിയിൽ പങ്കെടുക്കുന്ന തദ്ദേശ സ്ഥാപനങ്ങൾ മുൻകൂറായി ഉറപ്പിച്ച വാർഷിക വരിസംഖ്യ കിഫ്ബിക്ക് നൽകേണ്ടതാണ്. LED കളിലേക്ക് മാറുമ്പോൾ ഉണ്ടാകാവുന്ന സേവിംഗ്സിന്റെ 75% ആയിട്ടാണ് വരിസംഖ്യ നിജപ്പെടുത്തി വികസന ഫണ്ടിൽ നിന്നും തുക കുറവു ചെയ്യുന്നതാണ്.

500 ലാമ്പുകൾ വീതമുള്ള 5 പാക്കേജുകൾ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ കിഫ്ബിക്ക് നൽകേണ്ട പ്രതിവർഷ തുക ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുണ്ട്. ആയതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| Package | Annual Subscription payments to KIIFB (Rs. Lakhs) |
|---|---|
| 1 | 2.64 |
| 2 | 2.58 |

| | |
|---|---|
| 3 | 3.06 |
| 4 | 3.08 |
| 5 | 3.15 |

## LED കളുടെ വാറണ്ടി

പദ്ധതി പ്രകാരം സ്ഥാപിക്കുന്ന LED കളുടെ വാറണ്ടി 7 വർഷം ആയിരിക്കും. ഈ കാലയളവിനുള്ളിൽ കേടാവുന്ന ബൾബുകൾ (പ്രകൃതി ദുരന്തമോ, കൈകാര്യം ചെയ്യുന്നതിലുള്ള അപാകതയോ കാരണം അല്ലാത്തവ) EESL സൗജന്യമായി പുന:സ്ഥാപിക്കേണ്ടതാണ്.

## മീറ്ററുകൾ സ്ഥാപിക്കൽ

വൈദ്യുതി ചാർജ്ജിന്റെ കുറവു വരുന്ന ആനുകൂല്യം കണക്കാക്കുന്നതിനുള്ള മീറ്ററുകൾ വാടക അടിസ്ഥാനത്തിൽ KSEBL നിന്നും ലഭ്യമാക്കാവുന്നതാണ്.

## LED കൾ വാങ്ങുന്നതിന്റെ രണ്ട് ഘട്ടങ്ങൾ

- ആദ്യ ഘട്ടത്തിൽ 18 W, 35 W എന്നീ ഇനങ്ങളിലുള്ള 2 ലക്ഷം LED കളാണ് വാങ്ങുക.
- തദ്ദേശ സ്ഥാപനങ്ങളുടെ ആവശ്യാനുസരണം രണ്ടാം ഘട്ടത്തിൽ 18 W, 35 W, 70 W, 110 W എന്നീ ഇനങ്ങളിലുള്ള ഏകദേശം 8.5 ലക്ഷം LED കളും വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

രണ്ടാം ഘട്ടം 31-03-2021 ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## LED കളുടെ മെയ്ന്റനൻസ്

LED കളുടെ മെയ്ന്റനൻസ് തദ്ദേശ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കും. നിലവിൽ ചെയ്തു വരുന്നതുപോലെ KSEBL നേയോ മറ്റു സർവ്വീസ് കരാറുകാരെയോ സമീപിച്ച് മെയ്ന്റനൻസ് നടപ്പാക്കാവുന്നതാണ്.

# 4
# 8 അനുബന്ധ വിഷയങ്ങൾ

## 8.1 സാമൂഹ്യ സംഘടനകളുടെ പങ്കാളിത്തം

- പദ്ധതി നിർവ്വഹണത്തിൽ സാമൂഹ്യ സംഘടനകളുടെ പ്രവർത്തനശേഷി വിവിധ വിഷയങ്ങളുടെ ബോധവത്കരണത്തിനും കുടുംബ കേന്ദ്രീകൃത പ്രായോഗിക പ്രവർത്തനങ്ങൾക്കും പ്രയോജനപ്പെടുത്തേണ്ടതാണ്. (ഖണ്ഡിക കാണുക).

## 8.2 ഇന്നൊവേറ്റേഴ്സ് മീറ്റ്

- ഉത്പാദന-സേവന-തൊഴിൽ-വിപണന മേഖലകളുമായി ബന്ധപ്പെട്ട നവീന ആശയങ്ങൾ, കാർഷിക രീതികൾ, ശൃംഖലാ പ്രവർത്തനങ്ങൾ, മാനേജ്മെന്റ് സംവിധാനം-പ്രചാരണം-പ്രോൽസാഹനം എന്നിവയ്ക്കായി ജില്ല തലത്തിൽ ഇന്നൊവേറ്റേഴ്സ് മീറ്റ് സംഘടിപ്പിക്കാവുന്നതാണ്. ജില്ലാ പഞ്ചായത്തിന് 2.5 ലക്ഷവും ഓരോ സ്ഥാപനത്തിനും 25000 രൂപയിൽ അധികരിക്കാത്ത തുകയും ചെലവഴിക്കാവുന്നതാണ്. (ഖണ്ഡിക കാണുക).

## 8.3 പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം

- സാധ്യതാ പഠനങ്ങൾക്കും മറ്റും നൂതന പ്രോജക്റ്റുകൾ ആവിഷ്കരിക്കാവുന്നതാണ്.

## 8.6 നൈപുണ്യ വികസനം

- സർക്കാർ സ്ഥാപനങ്ങളെ മാത്രമേ പരിശീലന സ്ഥാപനമായി തെരഞ്ഞെടുക്കാവൂ. ദീർഘകാല പരിശീലനവും നിലവിലെ തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനമാണ് വേണ്ടത്.

- സ്വയം സംരംഭകത്വമിഷൻ, സ്കിൽ ഡെവലപ്മെന്റ് മിഷൻ, PMKVY തുടങ്ങിയ കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതിയുടെ ഭാഗമായി ബ്ലോക്ക്/ജില്ലാ പഞ്ചായത്തിനും നഗരസഭകൾക്കും സ്കിൽ ഡെവലപ്മെന്റ് പരിശീലനങ്ങൾ നൽകാവുന്നതാണ്.

### 8.7 തനതു ഫണ്ടിന്റേയും ഗുണഭോക്തൃ വിഹിതത്തിന്റേയും ഉപയോഗം

- പ്രോജക്റ്റിന്റെ ആകെ അടങ്കലിന്റെ അടിസ്ഥാനത്തിലായിരിക്കണം ഗുണഭോക്തൃ വിഹിതം കണക്കാക്കേണ്ടത്.
- ഗുണഭോക്തൃ വിഹിതം മുൻകൂറായി ഈടാക്കി തനത് ഫണ്ടിൽ ഒടുക്കി പിന്നീട് കരാറുകാരന്/ഏജൻസിക്ക് കൈമാറേണ്ടതാണ്.
- തനതു ഫണ്ട് വകയിരുത്തി ആവിഷ്കരിക്കുന്ന പ്രോജക്റ്റുകൾക്ക് സബ്സിഡി-ആസൂത്രണ മാർഗ്ഗരേഖയിലെ എല്ലാ നിബന്ധനകളും ബാധകമായിരിക്കും.
- കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ പറഞ്ഞിട്ടുള്ള, ഗുണഭോക്താക്കൾ നൽകേണ്ട ഗുണഭോക്തൃ വിഹിതം സ്ഥാപനങ്ങൾ നൽകുവാൻ പാടില്ല.

### 8.8 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിൻജൻസി ചെലവുകൾ

- സാമ്പത്തിക വർഷാരംഭത്തിൽ തന്നെ സ്ഥാപന മേധാവികൾ കണ്ടിൻജൻസി ചെലവുകളുടെ പട്ടിക തയ്യാറാക്കി സെക്രട്ടറിക്ക് നൽകേണ്ടതാണ്.
- സെക്രട്ടറി ഒരു നടപടിക്രമ ഉത്തരവിലൂടെ തുക അനുവദിക്കേണ്ടതാണ്.
- തുക തനത്ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ്/മെയ്ന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണ്.
- തുകയുടെ ഉപയോഗ സാക്ഷ്യപത്രം (യു.സി) സെക്രട്ടറിക്ക് നൽകേണ്ടതും ചെലവ് രേഖകൾ സ്ഥാപനമേധാവികൾ സൂക്ഷിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

### 8.13 നിയമ സാക്ഷരതാ പരിപാടി

- കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയമ സാക്ഷരതാ പരിപാടിക്ക് ജില്ലാ പഞ്ചായത്തുകൾക്കും പ്രോജക്റ്റുകൾ ഉൾപ്പെടുത്താവുന്നതാണ്.
- ഒരു സ്കൂളിന് പരമാവധി 5000 രൂപ പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

### 8.14 പ്രവാസക്ഷേമം

- പ്രവാസി കേരളീയൻ(വിദേശം), മുൻ പ്രവാസി കേരളീയൻ (വിദേശം) എന്നിങ്ങനെ രണ്ടായി തിരിച്ച് ആനുകൂല്യങ്ങൾക്ക് പരിഗണിക്കാവുന്നതാണ്.

# VII

# പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിൽ പ്രത്യേകം പ്രതിപാദിച്ചിട്ടുള്ള വിവിധ ഉത്തരവുകൾ

## I. പദ്ധതി മാർഗ്ഗരേഖകളിൽ പ്രതിപാദിച്ചിട്ടുള്ള മറ്റു ഉത്തരവുകൾ

| ക്രമ നം. | വിഷയം | ഉത്തരവ് നം./തിയതി |
|---|---|---|
| 1 | ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ടുള്ള ഉത്തരവ്. ഖ.2.4(2) | സ.ഉ(പി)നം.19/2017/ പ്ലാനിംഗ് തിയതി 23-09-2017 |
| 2 | പ്രോജക്റ്റ് ഫോറങ്ങൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖ.3.5.1(6) | സ.ഉ(എം.എസ്)നം. 233/2012/ത.സ്വ.ഭ.വ തിയതി 7-9-2012 |
| 3 | സംയുക്ത പ്രോജക്റ്റിന്റെ (Joint Venture Projects) വിഭവം വകയിരുത്തലും വിനിയോഗവും-മാർഗ്ഗരേഖ ഖ.3.5.4(7) | ജി.ഒ(പി) നം. 07/2017/ധന തിയതി 23-01-2017 |
| 4 | ഇലക്ട്രിക്കൽ പ്രോജക്റ്റുകളുടേയും സ്ട്രീറ്റ് ലൈറ്റ്, എൽ.ഇ.ഡി തുടങ്ങിയ പ്രോജക്റ്റുകളുടേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള കമ്മിറ്റി ഖ.3.8.2(7) | സ.ഉ(സാധാ)നം. 2878/2015/തസ്വഭവ തിയതി 22-09-2015 |
| 5 | കുടുംബശ്രീ-അഗതിരഹിത കേരളം പദ്ധതി (ആശ്രയ) - ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളും അഗതികൾക്ക് ലഭ്യമാക്കേണ്ട പരിചരണ സേവന പാക്കേജിന്റെ വിശദാംശങ്ങളും - മാർഗ്ഗരേഖ ഖ.5.2.1(6) | സ.ഉ(എം.എസ്) നം.252/2017/ തസ്വഭവ തിയതി 12-12-2017 |
| 6 | സാന്ത്വന പരിചരണ പദ്ധതിയുടെ (പാലിയേറ്റീവ് കെയർ) മാർഗ്ഗരേഖയും പരിഷ്കരിച്ച മാർഗ്ഗരേഖയും. വയോജനങ്ങളായ കിടപ്പ് രോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം എന്നിവ പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കാവുന്നതാണ്. ഖ.6.5(8), 7.7.1(3) | സ.ഉ(എം.എസ്)നം. 3217/2015/ തസ്വഭവ തിയതി 29-10-2015 |
| | • സ.ഉ(എം.എസ്)നം. 553/2019/ തസ്വഭവ തിയതി 07-03-2019 പ്രകാരം പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ പരിഷ്കരിച്ചിട്ടുണ്ട്. | |

| | | |
|---|---|---|
| 7 | ഗ്രാമതല സ്പോർട്സ് കൗൺസിലുകളുടെ രൂപീകരണം. ഖ.7.10(4) | സർക്കുലർ നം. 8378/ഡിഎ-1/2010/ തസ്വഭവ തിയതി 04-02-2010 |
| 8 | ആസൂത്രണ സമിതികളും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കുന്നതിനും അവസ്ഥാരേഖ പരിഷ്കരിക്കുന്നതിനുമുള്ള മാർഗ്ഗരേഖ. ഖ.15.1(എ) | സ.ഉ(എം.എസ്)നം. 224/2017/തസ്വഭവ തിയതി 16-11-2017 |

## II. സബ്സിഡി മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് ഉത്തരവുകൾ

| ക്രമ നം. | വിഷയം | ഉത്തരവ് നം./തിയതി |
|---|---|---|
| 1 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ. ഖ. 2.7 | സ.ഉ(പി)നം. 259/2010/ തസ്വഭവ തിയതി 08-11-2010 |
| 2 | തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഘടക സ്ഥാപനങ്ങളിലെ കിണർ റീചാർജ്ജിംഗ് - യൂണിറ്റ് കോസ്റ്റ് ഖ.6.5.8 | സ.ഉ(സാധാ)നം.3979/2017/ തസ്വഭവ 12-12-2017 |
| 3 | കുടുംബശ്രീയുമായി സഹകരിച്ച് ശുദ്ധജല നിർമ്മാണ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകൾ. ഖ.6.6 കുറിപ്പ് 5 | സ.ഉ(സാധാ)നം.3244/2017/ തസ്വഭവ തിയതി 7-10-2017 |
| 4 | ഗാർഹികതല കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ്-നിരക്ക്, സ്പെസിഫിക്കേഷൻ ഖ.6.8.1 | സ.ഉ(എം.എസ്)നം.239/2012/ തസ്വഭവ തിയതി 20-09-2012 (കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് കൂടി ബാധകമാകുന്നതാണ്) |
| 5 | സ്ഥാപനതല കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ്-നിരക്ക്, സ്പെസിഫിക്കേഷൻ ഖ.6.8.2 | സ.ഉ(എം.എസ്)നം. 73/2011/ തസ്വഭവ തിയതി 01-03-2011 (കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് കൂടി ബാധകമാകുന്നതാണ്) |
| 6 | കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റ്, കംപോസ്റ്റിംഗ്, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് മുതലായവ ഖ.6.8.3 | സ.ഉ(എം.എസ്)നം. 73/2011/ തസ്വഭവ തിയതി 01-03-2011 (കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് കൂടി ബാധകമാകുന്നതാണ്)<br><br>സ.ഉ(എം.എസ്)നം.11/2018/ തസ്വഭവ തിയതി 29-01-2018 പ്രകാരമുള്ള പ്രവൃത്തികൾ |

| | | |
|---|---|---|
| | | ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.<br><br>സ.ഉ(എം.എസ്)നം.17/2018/ തസ്വഭവ തിയതി 02-02-2018 പ്രകാരമുള്ള പ്രവൃത്തികൾ നഗരസഭകൾക്ക് ഏറ്റെടുക്കാ വുന്നതാണ്. |
| 7 | ദ്രവ മാലിന്യം സംസ്കരണം-സ്ഥാപന തലം<br>ഖ. ഖ.6.8.II.1.എ | സ.ഉ(എം.എസ്)നം.11/2018/ തസ്വഭവ തിയതി 29-01-2018 (ഗ്രാമപഞ്ചായത്ത്) |
| 8 | ദ്രവ മാലിന്യം സംസ്കരണം-സ്ഥാപന തലം<br>ഖ. ഖ.6.8.II.1.ബി | സ.ഉ(എം.എസ്)നം.17/2018/ തസ്വഭവ തിയതി 02-02-2018 (നഗരസഭ) |
| 9 | സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ്, കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനുള്ള ഉത്തരവ്.<br>ഖ.7.1.4.3 | സ.ഉ(എം.എസ്)നം.3521/2017/ തസ്വഭവ തിയതി 1-11-2017 |
| 10 | ബഡ്സ് സ്കൂൾ - ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ ബഡ്സ് സ്കൂളുകൾ എന്ന പേരിൽ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകൾ<br>ഖ.7.1.8 | സ.ഉ(എം.എസ്)നം.138/2009/ തസ്വഭവ തിയതി 29-07-2009 |
| 11 | കുടുംബശ്രീ-ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗ രേഖ.<br>ഖ.7.1.9 | സ.ഉ(എം.എസ്)നം. 144/2013/തസ്വഭവ തിയതി 06-04-2013 |
| 12 | പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 5000 രൂപവരെയുള്ള ആനുകൂല്യങ്ങൾക്ക് മുദ്ര പ്പത്രം വേണമെന്ന നിബന്ധന ഒഴിവാക്കി.<br>ഖ.7.2.11 | സ.ഉ(സാധാ)നം.2728/2017/ തസ്വഭവ തിയതി 5-8-2017 |
| 13 | മഴക്കാല രോഗങ്ങൾ പ്രതിരോധിക്കുവാൻ പി.എച്ച്.സി/സി.എച്ച്.സി കളിൽ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കൽ-നിർദ്ദേശങ്ങൾ<br>ഖ.7.5.2 | സ.ഉ(സാധാ)നം.2096/17/ തസ്വഭവ തിയതി 21-06-2017 സർക്കുലർ നം. 337/ഡി. സി.1/16/തസ്വഭവ തിയതി 23-06-2017 |

| | | |
|---|---|---|
| 14 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹോസ്പിറ്റൽ കിയോസ്കുകളിലെ കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ദിവസ വേതനം-നിരക്ക്.<br>ഖ.7.5.2 | സ.ഉ(സാധാ)നം.4079/17/ തസ്വഭവ തിയതി 18-12-2017 |
| 15 | വാഹനങ്ങൾ വാങ്ങൽ<br>ഖ.8.11 | സ.ഉ(എം.എസ്)നം. 86/2006/ തസ്വഭവ തിയതി 31-03-2006 |
| 17 | **എച്ച്.ഐ.വി ബാധിതർ/എയ്ഡ്സ് രോഗികൾ എന്നിവർക്കുള്ള പരിപാടികൾ-മാർഗ്ഗരേഖ** | |
| | • *2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 10.7, 2018-19 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.5.6 എന്നിവയിൽ **സ.ഉ(എം.എസ്)നം.228/2012/തസ്വഭവ തിയതി 23-08-2012** ലെ നിബന്ധനകൾക്ക് വിധേയമായി എച്ച്.ഐ.വി ബാധിതർ/എയ്ഡ്സ് രോഗികൾ എന്നിവർക്കുള്ള പരിപാടികൾ ജില്ലാ പഞ്ചായത്തുകൾക്ക്/ നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖയാണെന്ന് കാണുന്നു.*<br>• ***സ.ഉ(സാധാ)നം.653/13/തസ്വഭവ തിയതി 15-03-2013** പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള എച്ച്.ഐ.വി/എയ്ഡ്സ് കരട് നയവും മാർഗ്ഗരേഖയും അംഗീകരിച്ചിട്ടുണ്ട്. ആയതനുസരിച്ച് പ്രോജക്റ്റുകൾ ആവിഷ്കരിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.* | |

# അനുബന്ധം 1

1. പതിമൂന്നാം പദ്ധതി – ആസൂത്രണ സമിതി

2. വർക്കിംഗ് ഗ്രൂപ്പുകൾ

3. പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ

# 1
# പതിമൂന്നാം പദ്ധതി – ആസൂത്രണ സമിതി

| | വിഷയം | ഉത്തരവ് നം./തിയതി |
|---|---|---|
| • | ജനകീയാസൂത്രണം-**ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ** ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനും വികസന രേഖ തയ്യാറാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ. | ജി.ഒ(എം.എസ്)നം. 10/2017/തസ്വഭവ തിയതി 09-01-2017 |
| • | ജനകീയാസൂത്രണം- **മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ** എന്നിവയിൽ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനും വികസന രേഖ തയ്യാറാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ. | ജി.ഒ(എം.എസ്)നം. 11/2017/തസ്വഭവ തിയതി 09-01-2017 |
| • | പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ (2017-2022) സമീപന രേഖ | മാർച്ച് 2017 ൽ സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ചത്. |

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ (Planning, Execution, Evaluation) എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ, നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം ഉയർത്തുന്നതിന് ഭരണസമിതിയെ സഹായിക്കുവാനുമായി ഒരു ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുവാനും ആസൂത്രണത്തിനാവശ്യമായ പഠനങ്ങളും ചർച്ചകളും നടത്തുവാൻ ഭരണ സമിതിയെ സഹായിക്കുവാനുള്ള ചുമതലയും ആസൂത്രണ സമിതിക്കുണ്ട്.

## ആസൂത്രണ സമിതിയുടെ ഘടനയും ചുമതലകളും

| | |
|---|---|
| അധ്യക്ഷൻ | • പ്രസിഡണ്ട് / മുനിസിപ്പൽ ചെയർ പേഴ്സൻ/ കോർപ്പറേഷൻ മേയർ |
| ഉപാധ്യക്ഷൻ | • ആസൂത്രണ പ്രക്രിയയിൽ സ്ഥാപനത്തെ സഹായിക്കുവാൻ കഴിയുന്ന വിദഗ്ദ്ധൻ |
| അംഗങ്ങൾ | • സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷൻമാർ<br>• സന്നദ്ധ സേവകരായ വിദഗ്ദ്ധർ |
| കൺവീനർ | • സെക്രട്ടറി |

| | |
|---|---|
| അംഗസംഖ്യ | ✓ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് - 12 അംഗങ്ങൾ അഭി കാമ്യം<br>✓ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ - 15 അംഗങ്ങൾ അഭി കാമ്യം |
| പ്ലാൻ കോ-ഓർഡിനേറ്റർ | • സെക്രട്ടറി |
| അസി. പ്ലാൻ കോ-ഓർഡിനേറ്റർ | • ഒരു ഉദ്യോഗസ്ഥൻ |
| കാലാവധി | • ഭരണസമിതിയുടെ കാലാവധി<br>• ഒഴിവുകൾ യഥാസമയം നികത്തേണ്ടതാണ് |
| അംഗങ്ങളുടെ പട്ടിക | • ഫോറം - 1 ൽ. |
| ആസൂത്രണ സമിതിയുടെ ചുമതലകൾ | • വികസനം സംബന്ധിച്ച് സംവാദങ്ങൾ പ്രോൽസാഹിപ്പിക്കുക.<br>• ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുവാൻ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക.<br>• പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിന് സഹായിക്കുക.<br>• പ്രൊജക്റ്റുകൾ തയ്യാറാക്കുവാൻ വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുക.<br>• അധിക വിഭവ സമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക.<br>• പദ്ധതി പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പാക്കുക.<br>• വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഭരണസമിതിയെ സഹായിക്കുക. |

| | |
|---|---|
| | • ആസൂത്രണ ആലോചനാ യോഗങ്ങൾക്ക് ആവശ്യമായ കുറിപ്പുകൾ തയ്യാറാക്കുക.<br>• പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനം നടത്തി റിപ്പോർട്ട് നൽകുക.<br>• സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കിംഗ് സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക.<br>• പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിനുള്ള വിദഗ്ദ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരേയും അക്കാദമിക്-സാങ്കേതിക സ്ഥാപനങ്ങളേയും കണ്ടെത്തുന്നതിന് സഹായിക്കുക. |

## 2
## വർക്കിംഗ് ഗ്രൂപ്പുകൾ

- ✓ പന്ത്രണ്ട് വർക്കിംഗ് ഗ്രൂപ്പുകൾ അനിവാര്യമായും രൂപീകരിക്കേണ്ടതാണ്.
- ✓ പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കാവുന്നതാണ്.
- ✓ ഇരുപതോ അതിലധികമോ പട്ടികവർഗ്ഗ കുടുംബങ്ങളോ ഒരു പട്ടികവർഗ്ഗ ഊരോ ഉണ്ടെങ്കിൽ ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്.
- ✓ വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കേണ്ടത്.

## 2.1. വർക്കിംഗ് ഗ്രൂപ്പുകളും കൺവീനർമാരും സ്റ്റാന്റിംഗ് കമ്മിറ്റികളും

### എ. ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | കൺവീനർ | | സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | |
| 1 | പൊതുഭരണവും ധനകാര്യവും *(കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ മുതലായവ)* | സെക്രട്ടറി | സെക്രട്ടറി | ധന കാര്യം |
| 2 | കൃഷി *(ഉൽപ്പന്ന സംഭരണവും സംസ്കരണവും വിതരണവും ഉൾപ്പെടെ)*, മത്സ്യ ബന്ധനം(*), തൊഴിലുറപ്പു പദ്ധതി, മണ്ണ്-ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം മുതലായവ. | കൃഷി ഓഫീസർ | അസി. ഡയറക്ടർ, കൃഷി | വികസനം |
| 3 | മൃഗസംരക്ഷണവും ക്ഷീര വികസനവും | വെറ്ററിനറി സർജ്ജൻ | സീനിയർ വെറ്ററിനറി സർജ്ജൻ, ക്ഷീര വികസന ഓഫീസർ | |
| 4 | പ്രാദേശിക സാമ്പത്തിക വികസനം *(ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ)*, സഹകരണം മുതലായവ. | വി.ഇ.ഒ | വ്യവസായ വികസന ഓഫീസർ | |
| 5 | പൊതുമരാമത്ത് *(വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)* | അസിസ്റ്റന്റ് എഞ്ചിനിയർ | അസി. എക്സി. എഞ്ചിനിയർ | വികസനം |
| 6 | ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ) | വി.ഇ.ഒ | സെക്രട്ടറി | ക്ഷേമകാര്യം ക്ഷേമകാര്യം |
| 7 | സാമൂഹ്യ നീതി (ഭിന്നശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ഭിന്നലിംഗ വിഭാഗം, മുതലായവ) | ഐ.സി.ഡി.എസ് സൂപ്പർവൈസർ | സി.ഡി.പി.ഒ | |
| 8 | വനിതാ വികസനം | | | |
| 9 | പട്ടികജാതി വികസനം/ പട്ടികവർഗ്ഗ വികസനം(**) | അസിസ്റ്റന്റ് സെക്രട്ടറി | പട്ടികജാതി വികസന ഓഫീസർ | |

<table>
<tr><td>10</td><td>ആരോഗ്യം</td><td>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)</td><td>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി/താലൂക്ക് ആശുപത്രി)</td><td rowspan="3">ആരോഗ്യവും വിദ്യാഭ്യാസവും</td></tr>
<tr><td>11</td><td>കുടിവെള്ളം, ശുചിത്വം മുതലായവ</td><td>അസിസ്റ്റന്റ് എഞ്ചിനിയർ</td><td>അസി.എക്സി. എഞ്ചിനിയർ</td></tr>
<tr><td>12</td><td>വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം</td><td>ഹെഡ്മാസ്റ്റർ, പ്രൈമറി സ്കൂൾ</td><td>സെക്രട്ടറി</td></tr>
</table>

*(*) മത്സ്യ വകുപ്പിലെ ഉദ്യോഗസ്ഥൻ ഉണ്ടെങ്കിൽ പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണം. പ്രസ്തുത ഉദ്യോഗസ്ഥൻ കൺവീനർ ആകണം.*

*(**) പട്ടികവർഗ്ഗ വകുപ്പിലെ ഉദ്യോഗസ്ഥൻ ഉണ്ടെങ്കിൽ പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണം. പ്രസ്തുത ഉദ്യോഗസ്ഥൻ കൺവീനർ ആകണം.*

## ബി. ജില്ലാ പഞ്ചായത്ത്

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | കൺവീനർ | ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|---|
| 1 | പൊതു ഭരണവും ധനകാര്യവും *(കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ, മുതലായവ)* | സെക്രട്ടറി | ധന കാര്യം |
| 2 | കൃഷി *(ഉൽപ്പന്ന സംഭരണവും സംസ്കരണവും വിതരണവും ഉൾപ്പെടെ)*, തൊഴിലുറപ്പു പദ്ധതി, മണ്ണ്-ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം മുതലായവ. | പ്രിൻസിപ്പൽ കൃഷി ഓഫീസർ | വികസനം |
| 3 | മത്സ്യബന്ധനം | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | |
| 4 | മൃഗസംരക്ഷണവും ക്ഷീര വികസനവും | ജില്ലാ മൃഗസംരക്ഷണ ഓഫീസർ | |
| 5 | പ്രാദേശിക സാമ്പത്തിക വികസനം *(ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ)*, സഹകരണം മുതലായവ | ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | |
| 6 | പൊതുമരാമത്ത് *(വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)* | എക്സിക്യൂട്ടീവ് എഞ്ചിനിയർ | മരാമത്ത് |
| 7 | ദാരിദ്ര്യ ലഘൂകരണം *(പാർപ്പിടം ഉൾപ്പെടെ)* | പ്രൊജക്റ്റ് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണം | ക്ഷേമ കാര്യം ക്ഷേമ കാര്യം |
| 8 | സാമൂഹ്യ നീതി *(ഭിന്നശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ഭിന്നലിംഗ വിഭാഗം, മുതലായവ)* | ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ | |
| 9 | വനിതാ വികസനം | ജില്ലാ വനിതാ ക്ഷേമ ഓഫീസർ | |
| 10 | പട്ടികജാതി വികസനം | ജില്ലാ പട്ടികജാതി വികസന ഓഫീസർ | |
| 11 | പട്ടികവർഗ്ഗ വികസനം | ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ/ പ്രൊജക്റ്റ് ഓഫീസർ, ഐ.ടി.ഡി.പി | |

| | | | |
|---|---|---|---|
| 12 | ആരോഗ്യം | ജില്ലാ മെഡിക്കൽ ഓഫീസർ | ആരോഗ്യവും വിദ്യാഭ്യാസവും |
| 13 | കുടിവെള്ളം, ശുചിത്വം മുതലായവ | എക്സിക്യൂട്ടീവ് എഞ്ചിനിയർ | |
| 14 | വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | |

## സി. മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ

| **ക്രമ നം.** | **വർക്കിംഗ് ഗ്രൂപ്പ്** | **കൺവീനർ** | | **മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി** |
|---|---|---|---|---|
| | | **മുനിസിപ്പാലിറ്റി** | **കോർപ്പറേഷൻ** | |
| 1 | പൊതു ഭരണവും ധനകാര്യവും *(കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, സദ്ഭരണം, ജനസേവനം കാര്യക്ഷമമാക്കൽ)* | സെക്രട്ടറി | | ധനകാര്യം |
| 2 | കൃഷിയും അനുബന്ധ മേഖലകളും *(കൃഷി, ജലസേചനം, മണ്ണ്-ജല സംരക്ഷണം, മത്സ്യബന്ധനം (*), പരിസ്ഥിതി ഉൾപ്പെടെ)* | സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൃഷി വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥൻ | | വികസനം |
| 3 | മൃഗസംരക്ഷണവും ക്ഷീര വികസനവും | സീനിയർ വെറ്ററിനറി സർജ്ജൻ/ വെറ്ററിനറി സർജ്ജൻ | | |
| 4 | പ്രാദേശിക സാമ്പത്തിക വികസനം *(ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ)*, സഹകരണം മുതലായവ | വ്യവസായ വികസന ഓഫീസർ/ യു.പി.എ പ്രൊജക്റ്റ് ഓഫീസർ | വ്യവസായ വികസന ഓഫീസർ | |

<table>
<tr><td>5</td><td>ദാരിദ്ര്യ ലഘൂകരണം, ചേരി പരിഷ്കരണം</td><td colspan="2">യു.പി.എ പ്രൊജക്റ്റ് ഓഫീസർ</td><td rowspan="4">ക്ഷേമ കാര്യം</td></tr>
<tr><td>6</td><td>സാമൂഹ്യ നീതി (കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവരുടെ ക്ഷേമം, സാമൂഹ്യ സുരക്ഷാ മിഷൻ ഉൾപ്പെടെ)</td><td rowspan="2">സി.ഡി.പി.ഒ/ ഐ.സി.ഡി.എസ് സൂപ്പർവൈസർ</td><td rowspan="2">സി.ഡി.പി.ഒ</td></tr>
<tr><td>7</td><td>വനിതാ വികസനം</td></tr>
<tr><td>8</td><td>പട്ടികജാതി വികസനം/<br>പട്ടികവർഗ്ഗ വികസനം (**)</td><td colspan="2">പട്ടികജാതി വികസന ഓഫീസർ</td></tr>
<tr><td>9</td><td>ആരോഗ്യം</td><td colspan="2">സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സീനിയർ ഡോക്ടർ</td><td rowspan="2">ആരോഗ്യം</td></tr>
<tr><td>10</td><td>ശുചിത്വം, മാലിന്യ സംസ്കരണം</td><td colspan="2">ആരോഗ്യ വിഭാഗത്തിലെ സീനിയർ ഉദ്യോഗസ്ഥൻ</td></tr>
<tr><td>11</td><td>• വിദ്യാഭ്യാസം, കല, സംസ്കാരം, കായികം, യുവജനക്ഷേമം (മുനിസിപ്പാലിറ്റികളിൽ)<br>• വിദ്യാഭ്യാസം, കായികം, യുവജനക്ഷേമം (കോർപ്പറേഷനുകളിൽ)</td><td>ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ</td><td>ഡി.ഡി. വിദ്യാഭ്യാസം/ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ</td><td>വിദ്യാഭ്യാസ കലാ കായിക കാര്യം</td></tr>
<tr><td>12</td><td>പാർപ്പിടം</td><td colspan="2">യു.പി.എ പ്രൊജക്റ്റ് ഓഫീസർ</td><td rowspan="3">മരാമത്ത്</td></tr>
<tr><td>13</td><td>കുടിവെള്ളം</td><td rowspan="2">മുനിസിപ്പൽ എഞ്ചിനിയർ</td><td rowspan="2">കോർപ്പറേഷൻ എഞ്ചിനിയർ</td></tr>
<tr><td>14</td><td>പൊതുമരാമത്ത്, ഊർജ്ജം</td></tr>
<tr><td>15</td><td>നഗരാസൂത്രണം</td><td>മുനിസിപ്പൽ എഞ്ചിനിയർ</td><td>ടൗൺ പ്ലാനിംഗ് ഓഫീസർ</td><td>*മരാമത്ത് (മുനിസിപ്പാലിറ്റിയിൽ)<br><br>*നഗരാസൂത്രണകാര്യം (കോർപ്പറേഷനിൽ)</td></tr>
</table>

| | | | | |
|---|---|---|---|---|
| 16 | കല, സംസ്കാരം, പുരാവസ്തു സംരക്ഷണം (കോർപ്പറേഷനുകളിൽ മാത്രം) | – | ടൗൺ പ്ലാനിംഗ് ഓഫീസർ | നഗരാസൂത്രണ കാര്യം |

| | |
|---|---|
| (*) | *മത്സ്യ വകുപ്പിലെ ഉദ്യോഗസ്ഥൻ ഉണ്ടെങ്കിൽ പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണം. പ്രസ്തുത ഉദ്യോഗസ്ഥൻ കൺവീനർ ആകണം.* |
| (**) | *പട്ടികവർഗ്ഗ വകുപ്പിലെ ഉദ്യോഗസ്ഥൻ ഉണ്ടെങ്കിൽ പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണം. പ്രസ്തുത ഉദ്യോഗസ്ഥൻ കൺവീനർ ആകണം.* |

## 8.6 'ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം' വർക്കിംഗ് ഗ്രൂപ്പ്

മാർഗ്ഗരേഖകൾ പ്രകാരമുള്ള വർക്കിംഗ് ഗ്രൂപ്പുകൾക്കു പുറമേ, 'ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം' എന്ന മേഖലയ്ക്ക് ഒരു വർക്കിംഗ് ഗ്രൂപ്പ് ഉണ്ടാകേണ്ടതാണ്.

(സ.ഉ(സാധാ)നം.2710/2018/തസ്വഭവ തിയതി 23-10-2018)

അദ്ധ്യക്ഷൻ – പ്രസിഡണ്ട്/ചെയർപേഴ്സൻ/മേയർ

കൺവീനർ – സെക്രട്ടറി.

### 2.3. വർക്കിംഗ് ഗ്രൂപ്പിന്റെ ഘടന

| | |
|---|---|
| ചെയർ പേഴ്സൻ | • ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൻ/മെമ്പർ.<br>• വനിതാ വികസനം, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർ പേഴ്സൻമാർ യഥാക്രമം വനിത, പട്ടികജാതി, പട്ടികവർഗ്ഗ ജനപ്രതിനിധികൾ ആയിരിക്കണം. |
| ഉപാധ്യക്ഷൻ | • ബന്ധപ്പെട്ട വിഷയ മേഖലയിലെ ഒരു വിദഗ്ദ്ധൻ. |
| കൺവീനർ | • ബന്ധപ്പെട്ട മേഖലയിലെ സ്ഥാപനത്തിലെ മുതിർന്ന ഉദ്യോഗസ്ഥൻ. |

| | |
|---|---|
| അംഗം | • ബന്ധപ്പെട്ട മേഖലയിലെ സ്ഥാപനത്തിലെ ഒരു ഉദ്യോഗസ്ഥൻ. |
| അംഗസംഖ്യ | • 10 മുതൽ 15 വരെ.<br>• അതാത് വികസന മേഖലയിലെ വിദഗ്ദ്ധരും ഉൾപ്പെടണം. |
| ഉപസമിതികൾ | • ആവശ്യമെങ്കിൽ രൂപീകരിക്കാവുന്നതാണ്. |
| പ്രാതിനിധ്യം | • വനിത, പട്ടികജാതി, പട്ടികവർഗ്ഗം (ടി.എസ്.പി വിഹിതം ഉണ്ടെങ്കിൽ) |
| | • എസ്.സി/എസ്.ടി പ്രൊമോട്ടർമാർ, സി.ഡി.എസ് അംഗങ്ങൾ, സാക്ഷരതാ പ്രേരക്, യൂത്ത് കോ-ഓർഡിനേറ്റർമാർ, ആശാ പ്രവർത്തകർ, ബാങ്ക് പ്രതിനിധികൾ. |
| ക്വാറം | • ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന്.<br>• യോഗത്തിൽ കൺവീനറുടെ ഹാജർ നിർബന്ധം. |
| പ്രവർത്തനം | • ഭരണസമിതിയുടെ പൊതുവായ മേൽനോട്ടത്തിലും നിയന്ത്രണത്തിലും. |
| | • സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലും. |
| അംഗങ്ങളുടെ പട്ടിക | • ഫോറം 2 ൽ തയ്യാറാക്കി നടപടി ഉത്തരവായി പുറപ്പെടുവിച്ച് പ്രസിദ്ധപ്പെടുത്തണം. |

## 2.4. വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ

| | |
|---|---|
| | • പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുക. |
| | • പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കുക. |
| | • സ്റ്റേക്ക് ഹോൾഡർ കൂടിയാലോചനകൾ, ബാങ്കിംഗ് സ്ഥാപനങ്ങളുമായുള്ള ചർച്ച, ഗ്രാമസഭ/വാർഡ്സഭ, വികസന സെമിനാർ ചർച്ചകൾക്ക് അക്കാദമിക് സഹായവും നേതൃത്വവും നൽകുക. |
| | • ചുമതലപ്പെട്ട മേഖലകളിലെ പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക. |
| | • വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകൾ, ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക. |
| | • കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ പ്രാഥമിക വിവരങ്ങളും പഞ്ചായത്ത്തല സ്ഥിതിവിവര കണക്കുകളിലേയും ജനസംഖ്യാ റിപ്പോർട്ടിലേയും സ്ഥിതിവിവര കണക്കുകളും ശേഖരിച്ച് വിവര അടിത്തറ ഒരുക്കുവാൻ സഹായിക്കുക. |

| | |
|---|---|
| | • ഓരോ മേഖലയിലേയും കഴിഞ്ഞ 20 വർഷങ്ങളിലെ നേട്ടങ്ങളും പോരായ്മകളും വ്യക്തമാക്കുന്ന പ്രാഥമിക, ദ്വിതീയ വിവരങ്ങൾ സമന്വയിപ്പിച്ച് അവസ്ഥാ വിശകലനം നടത്തുക, പ്രശ്നപരിഹാര നിർദ്ദേശങ്ങൾ രൂപീകരിക്കുക. |
| | • **അവസ്ഥാ രേഖ (Status Report)** യഥാസമയം തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കുക.<br>• ഓരോ വികസന മേഖലയും നേരിടുന്ന വെല്ലുവിളികൾ, വികസനത്തിലെ നിലവിലുള്ള വിടവുകൾ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ, സ്വീകരിക്കാവുന്ന തന്ത്രം എന്നിവ അവസ്ഥാ രേഖയിൽ ഉണ്ടാകേണ്ടതാണ്. |
| | • ദീർഘകാല ലക്ഷ്യങ്ങൾ (2030 ൽ വികസന മേഖലയിൽ എന്തൊക്കെ നേടാൻ ശ്രമിക്കണം), പതിമൂന്നാം പദ്ധതിയുടെ ലക്ഷ്യം എന്നിങ്ങനെ നിർവ്വചിക്കണം. |
| | • ഗ്രാമ/വാർഡ് സഭയിലേക്കും, പദ്ധതി രേഖയിലേക്കുമുള്ള വിവരം തയ്യാറാക്കുക. |
| | • പ്രോജക്റ്റുകളുടെ രൂപീകരണത്തിനുള്ള ഉപദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുക. |
| | • **ഹരിത കേരളം, ലൈഫ്, ആർദ്രം, വിദ്യാഭ്യാസ സംരക്ഷണ ദൗത്യം** എന്നിവയുമായി പ്രാദേശിക പദ്ധതികളെ ഏകോപ്പിക്കുന്നതിനുള്ള ഉപദേശം നൽകുക. |
| | • പ്രോജക്റ്റുകൾ നിശ്ചിത ഫോറങ്ങളിൽ എഴുതി തയ്യാറാക്കുക. |
| | • ഭരണസമിതി അംഗീകരിച്ച പ്രോജക്റ്റുകൾ **സുലേഖ സോഫ്റ്റ്‌വെയറിൽ** ഡാറ്റാ എൻട്രി നടത്തുക. |
| | • വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്.<br>• നടപ്പിലാക്കുന്ന പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്.<br>• മോണിറ്ററിംഗ് ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഒഴിവാകേണ്ടതാണ്. |

## 2.5. പ്രോജക്റ്റുകൾ

- പ്രോജക്റ്റുകൾ സാമ്പത്തിക-സാങ്കേതിക-പ്രായോഗിക ക്ഷമതയുള്ളതായിരിക്കേണ്ടതാണ്.
- പ്രോജക്റ്റുകൾ നിയമാനുസൃതമായിരിക്കേണ്ടതാണ്.

## 2.6. വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ഉത്തരവാദിത്തങ്ങൾ

- പ്രോജക്റ്റ് എഴുതി തയ്യാറാക്കൽ.
- വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ചു ചേർക്കൽ.
- മിനിറ്റ്സ് രേഖപ്പെടുത്തൽ.
- മിനിറ്റ്സ് ബുക്ക് സൂക്ഷിക്കൽ.

## 2.7. വികസന രേഖ തയ്യാറാക്കൽ

ഊരുകൂട്ട/ഗ്രാമസഭ/വാർഡ് സഭ യോഗങ്ങളുടേയും വികസന സെമിനാറിന്റേയും മുന്നോടിയായി വികസന രേഖ തയ്യാറാക്കേണ്ടതുണ്ട്. ഒമ്പതാം പദ്ധതിയിലെ വികസന റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പുകളുടെ അവസ്ഥാ രേഖയിലെ സ്ഥിതിവിവര കണക്കുകളും നടപ്പാക്കിയ പ്രോജക്റ്റുകളെ സംബന്ധിച്ച സ്ഥിതിവിവര കണക്കുകളും വികസന രേഖയിൽ ഉണ്ടാകേണ്ടതാണ്.

- **<u>രണ്ടു തരത്തിലുള്ള അവസ്ഥാ വിശകലനങ്ങൾ</u>**
  - വിവിധ മേഖലകളുടെ വികസനാവസ്ഥ.
  - പന്ത്രണ്ടാം പദ്ധതിയിൽ സ്വീകരിച്ച വികസന തന്ത്രവും വർക്കിംഗ് ഗ്രൂപ്പുകളുടെ വിലയിരുത്തലും.
- **<u>വികസന രേഖയുടെ ഉള്ളടക്കം</u>**
  - **ആമുഖം, വികസന തന്ത്രം, വിഭവ സമാഹരണം, വികസന മേഖലകൾ.**
- ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ എന്നിവരുടെ സംയുക്ത പ്രവർത്തനത്തിലൂടെ കരട് വികസന രേഖ തയ്യാറാക്കേണ്ടതാണ്.
- സ്ഥാപനതലത്തിൽ ഒരു ഉപസമിതി രൂപീകരിക്കാവുന്നതാണ്.
- കരട് വികസനരേഖ വികസന സെമിനാറിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് അന്തിമ രൂപം നൽകേണ്ടതാണ്.
- വികസന സെമിനാറിനു ശേഷം കരട് **വികസന രേഖ** ഭരണസമിതി അംഗീകരിക്കേണ്ടതും അച്ചടിച്ച് പ്രസിദ്ധീകരിക്കേണ്ടതുമാണ്.

## 3
## പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ

- ○ സ.ഉ(എം.എസ്)നം.72/2017/തസ്വഭവ തിയതി 29-03-2017 - ത്രിതല പഞ്ചായത്ത്
- ○ സ.ഉ(എം.എസ്)നം.79/2017/തസ്വഭവ തിയതി 03-04-2017 - നഗരസഭ

മേൽ ഉത്തരവുകൾ പ്രകാരം ത്രിതല പഞ്ചായത്തുകളിലേയും നഗരസഭകളിലേയും പദ്ധതി പ്രവർത്തനങ്ങളിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ താഴെ ചേർക്കുന്നു.

| സ്റ്റാന്റിംഗ് കമ്മിറ്റി | പതിമൂന്നാം പദ്ധതി പ്രവർത്തനങ്ങളിലെ ചുമതലകൾ |
|---|---|
| ധനകാര്യം | • പദ്ധതിയുടെ വിഭവ സ്രോതസ്സുകൾ കണ്ടെത്തുക.<br>• അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക.<br>• പദ്ധതിക്കണക്കുകൾ കൃത്യമായി തയ്യാറാക്കുക.<br>• പ്രോജക്റ്റുകൾ ശുപാർശ ചെയ്യുക.<br>• പ്രോജക്റ്റുകളുടെ കൃത്യതയും നിയമസാധുതയും ഉറപ്പുവരുത്തി പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി അംഗീകരിക്കുക, ഭരണസമിതിക്ക് ശുപാർശ ചെയ്യുക. |
| വികസനം | • വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകാരം വരെയുള്ള നടപടികൾ ഫലപ്രദമാക്കുന്നതിനുള്ള മുന്നൊരുക്കങ്ങളും ഇടപെടലും നടത്തുക.<br>• യോഗങ്ങൾ യഥാസമയം വിളിച്ചു ചേർക്കുക.<br>• ഭരണസമിതിയിൽ ആവശ്യമായ തീരുമാനം എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>• വർക്കിംഗ് ഗ്രൂപ്പുകൾക്കും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.<br>• വികസന കാഴ്ച്ചപ്പാട് സംബന്ധിച്ച രേഖ തയ്യാറാക്കി ഭരണസമിതിയിൽ അവതരിപ്പിക്കുക.<br>• പദ്ധതി രൂപീകരണ രേഖകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>• പരിശോധനയ്ക്കായി രേഖകൾ സഹിതം പദ്ധതി സമർപ്പിക്കുക.<br>• പരിശോധനാ ഘട്ടത്തിലെ ന്യൂനതകൾ പരിഹരിച്ച് നൽകുക. |

| | |
|---|---|
| **മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികൾ** | • നിയമപ്രകാരം നൽകപ്പെട്ട വിഷയങ്ങളിൽ മെച്ചപ്പെട്ട പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>• ചുമതലയിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.<br>• വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ആവശ്യാനുസരണം വിളിച്ചു ചേർക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.<br>• വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക.<br>• വിഷയവുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ വർക്കിംഗ് ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് പൂർണ്ണവും കുറ്റമറ്റതുമാക്കുക.<br>• പ്രോജക്റ്റുകളുടെ കൃത്യതയും നിയമസാധുതയും ഉറപ്പുവരുത്തി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അംഗീകരിച്ച് ഭരണസമിതിക്ക് ശുപാർശ ചെയ്യുക. |

# അനുബന്ധം 2

## പതിമൂന്നാം പദ്ധതിയുടെ ആദ്യ വർഷത്തെ (2017-18) പദ്ധതി മാർഗ്ഗരേഖകൾ

## സബ്സിഡി മാനദണ്ഡങ്ങൾ

## അനുബന്ധ ഉത്തരവുകൾ

## സംക്ഷിപ്തം

# I

# 2017-18 വർഷത്തെ പദ്ധതി മാർഗ്ഗരേഖകളും അനുബന്ധ ഉത്തരവുകളും

| | | |
|---|---|---|
| 1 | ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് 2017-18 ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ. | ജി.ഒ(എം.എസ്)നം. 72/2017/തസ്വഭവ തിയതി 29-03-2017 |
| 2 | മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 2017-18 ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ. | ജി.ഒ(എം.എസ്)നം. 79/2017/തസ്വഭവ തിയതി 03-04-2017 |
| 3 | 2016-17 ലെ വാർഷിക പദ്ധതി അന്തിമമാക്കുന്നതിനും 2017-18 ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ.<br>✓ *പൂർത്തീകരണ പത്രം 21-04-17 നു മുമ്പായി രേഖപ്പെടുത്തി സെക്രട്ടറി അംഗീകരിക്കേണ്ടതാണ്.* | സ.ഉ(സാധാ)നം. 1119/2017/തസ്വഭവ തിയതി 10-04-2017 |
| 4 | പ്രോജക്റ്റുകളും മറ്റ് വിഷയങ്ങളും കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പരിഷ്കരിച്ചു. | സ.ഉ(സാധാ)നം. 1418/2017/തസ്വഭവ തിയതി 04-05-2017 |
| 5 | 2017-18 ലെ വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നൽകുന്നതിനുള്ള തിയതി 15-06-2017 വരെ ദീർഘിപ്പിച്ചു. | സ.ഉ(സാധാ)നം. 1810/2017/തസ്വഭവ തിയതി 01-06-2017 |
| 6 | 2017-18 ലെ ആസൂത്രണ മാർഗ്ഗരേഖയിൽ കൂടുതൽ ഉൾപ്പെടുത്തലുകൾ വരുത്തി.<br>✓ കായിക വികസനത്തിന് യൂത്ത് ക്ലബ്ബ് ഏകോപന സമിതി രൂപീകരിക്കേണ്ടതാണ്. | സ.ഉ(സാധാ)നം. 1857/2017/തസ്വഭവ തിയതി 05-06-2017 |
| 7 | പട്ടികജാതി വിഭാഗത്തിൽ നിന്ന് പട്ടികവർഗ്ഗ വിഭാഗത്തിലേക്ക് മാറ്റപ്പെട്ട സമുദായങ്ങൾക്കുള്ള ധനസഹായം-ഉത്തരവ്. | സ.ഉ(സാധാ)നം. 1857/2017/തസ്വഭവ തിയതി 16-06-2017 |
| 8 | കരാർ വെച്ച് നിർവ്വഹണം/നിർമ്മാണം തുടങ്ങിയ 2015-16 നു മുമ്പുള്ള സ്പിൽ ഓവർ പ്രോജക്റ്റുകൾ 2017-18 ലെ പദ്ധതി വിഹിതമോ തനത് ഫണ്ടോ ഉപയോഗിച്ച് അന്തിമ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി നൽകി. | സ.ഉ(സാധാ)നം. 2303/2017/തസ്വഭവ തിയതി 06-07-2017 |
| 9 | 2017-18 ലെ ആസൂത്രണ മാർഗ്ഗരേഖയിൽ കൂടുതൽ ഉൾപ്പെടുത്തലുകൾ വരുത്തി. | സ.ഉ(സാധാ)നം. 2785/2017/തസ്വഭവ തിയതി 11-08-2017 |

| | | |
|---|---|---|
| 10 | ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന നൈപുണ്യ പോഷണ പ്രൊജക്റ്റുകളിൽ **കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രെയ്നിംഗ് സെന്റർ** നടത്തുന്ന സൈനിക ജോലികൾ നേടാനുള്ള പരിശീലനവും സെക്യൂരിറ്റി ജോലിക്കുള്ള പരിശീലനവും ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി. | സ.ഉ(സാധാ)നം. 2917/2017/തസ്വഭവ തിയതി 24-08-2017 |
| 11 | പ്രൊജക്റ്റുകൾക്ക് അനുമതി ലഭിക്കുന്നതിനെക്കുറിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരാതികൾ പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് ശുപാർശ നൽകുന്നതിനായി സംസ്ഥാനതല അപ്പലറ്റ് കമ്മിറ്റി രൂപീകരിച്ചു. | സ.ഉ(സാധാ)നം. 3033/2017/തസ്വഭവ തിയതി 13-09-2017 |
| 12 | തദ്ദേശ സ്വയംഭരണ വകുപ്പ് അസി.എക്സി. എഞ്ചിനിയർക്ക് ത്രിതല പഞ്ചായത്തുകളുടെ ഇലക്ട്രിക്കൽ പ്രൊജക്റ്റുകൾ വെറ്റ് ചെയ്യുന്നതിന് അനുമതി നൽകി. | സ.ഉ(സാധാ)നം. 3036/2017/തസ്വഭവ തിയതി 13-09-2017 |

# II

# 2017–18 ലെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയും ഭേദഗതി ഉത്തരവുകളും

| ക്രമ നം. | വിഷയം | ഉത്തരവ് നം./തിയതി |
|---|---|---|
| 1 | പഞ്ചായത്ത് രാജ്/നഗരപാലികാ സ്ഥാപനങ്ങളുടെ 2017–18 വർഷത്തെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ. | ജി.ഒ(എം.എസ്) നം. 80/2017/തസ്വഭവ തിയതി 03-04-2017 |
| **2017–18 ലെ സബ്സിഡി മാർഗ്ഗരേഖയുടെ ഭേദഗതി ഉത്തവുകൾ** | | |
| 2 | സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ സമഗ്രമായ ഭേദഗതികളും കൂട്ടിച്ചേർക്കലുകളും വരുത്തി ഉത്തരവ് പുറപ്പെടുവിച്ചു. ***(ഭേദഗതി – 1)***<br>സബ്സിഡി മാർഗ്ഗരേഖയിലെ വിവിധ ഖണ്ഡികകളിൽ വരുത്തിയ ഭേദഗതികൾ താഴെ ചേർക്കുന്നു. | സ.ഉ(സാധാ)നം. 1683/2017/തസ്വഭവ തിയതി 23-05-2017 |

| ക്രമ നം. | ഖണ്ഡിക നം. | അസ്സൽ ഖണ്ഡികയിൽ വരുത്തിയ ഭേദഗതി |
|---|---|---|
| 1 | 6.1.6 | **സംരംഭകത്വ പ്രോൽസാഹനത്തിന് റിവോൾവിംഗ് ഫണ്ടും പലിശ സബ്സിഡിയും**<br>• എല്ലാ സംരംഭകരുടേയും ലിസ്റ്റ് ബന്ധപ്പെട്ട ഗ്രാമസഭ/വാർഡ്സഭകളിൽ റിപ്പോർട്ട് ചെയ്യണം.<br>• നഗരസ്ഥാപനങ്ങളിൽ അതത് സ്ഥാപനങ്ങളിൽ തന്നെ അപേക്ഷ സ്വീകരിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്. |
| 2 | 8.1.6 | **പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി**<br>• ഹെക്ടർ ഒന്നിന് 17000 രൂപയാക്കി (പരമാവധി 30000 രൂ.) |
| 3 | 8.1.23 | **കരിമ്പ് കൃഷി**<br>✓ ഗ്രാമ/നഗരഭരണ സ്ഥാപനങ്ങൾക്ക് മാത്രമാണെന്ന് വ്യക്തത വരുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| 4 | 8.2.6 | **പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (SLBP)**<br>• 25% (പരമാവധി ഒരു ഗുണഭോക്താവിന് 6250 രൂപ)<br>• **സംസ്ഥാന വിഹിതം – 6250 രൂപ, തദ്ദേശ സ്ഥാപന വിഹിതം – 6250,<br>ഗുണഭോക്തൃ വിഹിതം – 12500** |
| 5 | 8.4. എ(1) | **മത്സ്യബന്ധനത്തിനുള്ള വള്ളം(ഡിങ്കി) – മൂന്ന് പേർ വീതമുള്ള ഗ്രൂപ്പ്**<br>• യൂണിറ്റ് കോസ്റ്റിന്റെ 50%<br>• യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കണം.<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും. |
| 6 | 8.4. എ(2) | **ഗിൽ നെറ്റും ഡിങ്കിയും**<br>• യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കണം. |
| 7 | 8.4. എ(3) | **കട്ടമരം**<br>• യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കണം. |
| 8 | 8.4. എ(5) | **മത്സ്യബന്ധന വല/ഗിൽനെറ്റ് (വ്യക്തിഗതം)**<br>• യൂണിറ്റ് കോസ്റ്റിന് കൂടിയ പരിധി 6000 എന്നത് ഒഴിവാക്കി.<br>• യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കണം. |
| 9 | 8.4. എ(6) | **ഔട്ട് ബോർഡ് എഞ്ചിൻ, വല എന്നിവ ഉൾപ്പെടെ ഡിങ്കി**<br>• **എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും** എന്ന് ഭേദഗതി വരുത്തി. |
| 10 | 8.4. എ(8) | **മത്സ്യകച്ചവടത്തിനുള്ള ഐസ് ബോക്സ്**<br>• യൂണിറ്റ് കോസ്റ്റിന് കൂടിയ പരിധി 6000 എന്നത് ഒഴിവാക്കി. |
| 11 | 8.4. ബി (1) | **അലങ്കാര മത്സ്യം വളർത്തലും .....**<br>• ഗ്രാമ/ബ്ലോക്ക്/നഗരഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം. |
| 12 | 8.4. ബി (7) | **ഗിൽനെറ്റും ഡിങ്കിയും**<br>• മൂന്നുപേർ വീതമുള്ള ഗ്രൂപ്പ് എന്ന് കൂടി കൂട്ടിച്ചേർത്തു.<br>• യൂണിറ്റ് കോസ്റ്റിന്റെ 50%.<br>• യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 25000 എന്നത് ഒഴിവാക്കി.<br>• യൂണിറ്റ് കോസ്റ്റ് സ്പെസിഫിക്കേഷൻ ജില്ലാ തലത്തിൽ നിശ്ചയിക്കണം.<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും. |

| | | |
|---|---|---|
| | | |
| 13 | 8.4. ബി (9) | **കൂട് കൃഷി(cage culture) – ഗ്രൂപ്പുകൾക്ക് മാത്രം**<br>● യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 60000 എന്നത് ഒഴിവാക്കി.<br>● യൂണിറ്റ് കോസ്റ്റ് സ്പെസിഫിക്കേഷൻ ജില്ലാ തലത്തിൽ നിശ്ചയിക്കണം. |
| 14 | 8.4. ബി (10) | **മത്സ്യകൃഷിക്കാവശ്യമായ സംരക്ഷണ വല**<br>● യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 50000 എന്നത് ഒഴിവാക്കി.<br>● യൂണിറ്റ് കോസ്റ്റ് സ്പെസിഫിക്കേഷൻ ജില്ലാ തലത്തിൽ നിശ്ചയിക്കണം. |
| 15 | 8.5.1 | **പുതിയ തുറന്ന കിണർ**<br>● പൊതു വിഭാഗം/പട്ടികജാതി വിഭാഗം/പട്ടികവർഗ്ഗ വിഭാഗം |
| 16 | 8.6.3 | **വീട് വയറിംഗ്**<br>✓ പട്ടികവർഗ്ഗം(ഊരുകളിൽ) എന്നത് പട്ടികവർഗ്ഗം എന്ന് മാത്രമാക്കി.<br>✓ ഗ്രാമ/നഗരഭരണ സ്ഥാപനങ്ങൾക്ക് മാത്രം |
| 17 | 8.7.2 | **സ്വയം തൊഴിലിന് ആസ്തികൾ**<br>എ. ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും എന്നത് ഒഴിവാക്കി.<br>ബി. ഗ്രൂപ്പിലെ ഒരംഗത്തിന് പരമാവധി 25000 രൂപ എന്നതോതിൽ ഗ്രാമ/നഗര പ്രദേശങ്ങളിൽ എന്നത് ഒഴിവാക്കി.<br>● ഗ്രാമ/ബ്ലോക്ക്/നഗരഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം. |
| 18 | 10.3.3 | **ഉപകരണങ്ങൾ വാങ്ങൽ**<br>● എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. ഗ്രാമപഞ്ചായത്തുകൾ ഭിന്നശേഷിക്കാർക്കുള്ള ബത്തയും സ്കോളർഷിപ്പും നൽകുകയും ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ ഉപകരണങ്ങൾ വാങ്ങി നൽകുന്നതുമായിരിക്കും അഭികാമ്യം. (മറ്റു നിബന്ധനകളിൽ മാറ്റമില്ല) |
| 19 | 10.6 | **പാലിയേറ്റീവ് പരിചരണം**<br>ബ്ലോക്ക് പഞ്ചായത്തുകൾക്കും സി.എച്ച്.സി മുഖേന ആവശ്യമെങ്കിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതും ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് തുക വകയിരുത്തി പ്രോജക്റ്റ് വെക്കാവുന്നതാണ് എന്ന നിബന്ധന കൂടി ഉൾപ്പെടുത്തി. (മറ്റു നിബന്ധനകളിൽ മാറ്റമില്ല). |

| | | | |
|---|---|---|---|
| | 20 | 11.3.2 | **എ.ബി.സി പദ്ധതി സംബന്ധിച്ച നിർദ്ദേശങ്ങൾ**<br>● എല്ലാ തദ്ദേശ സ്ഥാപനങ്ങളും ചേർന്ന് സംയുക്ത മായി പദ്ധതി ഏറ്റെടുക്കണം, ഗ്രാമ/മുനിസിപ്പൽ കോർപ്പറേഷൻ തലത്തിൽ നിർദ്ദേശിക്കപ്പെടുന്ന പവർ ത്തനങ്ങൾക്ക് പ്രോജക്റ്റ് തയ്യാറാക്കി ഫണ്ട് വകയി രുത്തി സൗകര്യങ്ങൾ ലഭ്യമാക്കണം എന്ന നിബന്ധ നകൾ കൂടി കൂട്ടിച്ചേർത്തു. (മറ്റു നിബന്ധനകളിൽ മാറ്റമില്ല). |
| | 21 | 11.8.5 | **സമർത്ഥരായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം**<br>➢ **സൈക്കിൾ വാങ്ങി നൽകൽ**<br>● ഗ്രാമ/നഗര സ്ഥാപനങ്ങൾക്ക് പ്രോജക്റ്റ് ഏറ്റെടു ക്കാം, ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്ക് പങ്കാളികളാകാം എന്നീ നിബന്ധനകൾ കൂട്ടിച്ചേർത്തു. (മറ്റു നിബന്ധന കളിൽ മാറ്റമില്ല). |
| | 22 | 11.8.9 | **പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ**<br>● പട്ടികജാതി/പട്ടികവർഗ്ഗ യുവജനങ്ങൾക്ക് വാദ്യോപ കരണങ്ങൾ എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്.<br>● ഗ്രാമ/നഗരഭരണ സ്ഥാപനങ്ങൾക്ക് പ്രൊജക്റ്റ് ഏറ്റെ ടുക്കാവുന്നതാണ് എന്ന് വ്യക്തത വരുത്തിയിട്ടുണ്ട്.<br>○ (മറ്റു നിബന്ധനകളിൽ മാറ്റമില്ല). |
| | 23 | 11.8.11 | ● **11.8.11 – പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി (പുതിയതായി കൂട്ടിച്ചേർത്ത്)**<br>● പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം സൗകര്യം ഉണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്.<br>● നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരി ക്കാത്ത വീടിനോടു ചേർന്ന് 100 ച.അടിയിൽ അധിക രിക്കാതെ പഠനമുറി നിർമ്മിക്കാവുന്നതാണ്.<br>● 1 ലക്ഷം രൂപ ആകെ നൽകാവുന്നതും അതിൽ 50000 രൂപ മുൻകൂറായി നൽകാവുന്നതുമാണ്.<br>● ബന്ധപ്പെട്ട അസി.എഞ്ചിനിയർ മൂല്യ നിർണ്ണയം നട ത്തണം.<br>● ഗ്രാമ/നഗര സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | 24 | 11.8.12 | **11.8.12 – പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ/ ഊരുകളിൽ സാമൂഹ്യ പഠന കേന്ദ്രം (പുതിയതായി കൂട്ടി ച്ചേർത്ത്)**<br>• പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഉള്ള കോളനികളിൽ/ ഊരുകളിൽ അവരുടെ വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുവാൻ സൗകര്യമില്ലെങ്കിൽ കോളനികളിലും ഊരുകളിലും സാമൂഹ്യ പഠന കേന്ദ്രം നിർമ്മിച്ച് പഠനസൗകര്യം ഉറപ്പാക്കാവുന്നതാണ്<br>• അതാത് സ്ഥലത്തെ ആവശ്യകതയ്ക്കനുസരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നിർമ്മാണം നടത്താവുന്നതാണ്.<br>• പ്രവർത്തനം കാര്യക്ഷമമാക്കാൻ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.<br>• ഗ്രാമ/നഗര സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.<br>• ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള അനുമതിയോടെ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. |
| | 25 | 12.2.5 | **ശമ്പളം/ഓണറേറിയം നൽകുന്നതിൽ നിയന്ത്രണം**<br>• ലൈബ്രേറിയൻമാർക്ക് 8000 രൂപയിൽ അധികരിക്കാതെ വേതനം നൽകാവുന്നതാണ്.<br>• ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രൊജക്റ്റ് ഏറ്റെടുക്കാവുന്നതും പ്രതിമാസ പ്രവർത്തന പുരോഗതി വിലയിരുത്തുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.<br>*(10 മാസത്തേക്ക് വേതനം നൽകാവുന്നതാണ് എന്ന നിബന്ധനയിൽ മാറ്റമില്ല)* |
| | 26 | 12.2.6 | **പകൽവീട്, വൃദ്ധസദനം**<br>• നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് പ്രതിമാസം 7000 രൂപയിൽ അധികരിക്കാതെ വേതനം നൽകാവുന്നതാണ്.<br>• സ്ഥാപനങ്ങളുടെ പ്രവർത്തന കാര്യക്ഷമത ഉറപ്പാക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം. |
| | 27 | 12.2.7 | ➢ **കൗമാരക്കാരായ കുട്ടികൾക്ക് കൗൺസിലിംഗ് എന്നത് കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ് എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | **<u>പുതിയ നിബന്ധനകൾ</u>**<br>• നിർദ്ദിഷ്ട യോഗ്യതയുള്ള കൗൺസിലർമാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതാണ്.<br>• ഒരു തദ്ദേശ ഭരണ സ്ഥാപനത്തിലെ സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ/ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പെൺകുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി രണ്ടോ മൂന്നോ സ്കൂളുകളെ ഒരു യൂണിറ്റായി കണക്കാക്കി ഒരു സ്കൂൾ കൗൺസിലർക്ക് ചുമതല നൽകാവുന്നതാണ്.<br>• സാമൂഹ്യ നീതി വകുപ്പും/വിദ്യാഭ്യാസ വകുപ്പും നിയോഗിച്ചിട്ടുള്ള സ്കൂൾ കൗൺസിലർമാരെ കൂടി കണക്കാക്കി ജില്ലയിലെ എല്ലാ ഹൈസ്കൂൾ/ ഹയർ സെക്കണ്ടറി സ്കൂളുകളിലും കൗൺസിലറുടെ സേവനം കിട്ടത്തക്കവിധം ക്രമീകരിക്കണം.<br>• കൗൺസിലർമാരെ അധികമായി വേണ്ടി വരികയാണെങ്കിൽ നിർദ്ദിഷ്ട യോഗ്യതയുള്ളവരെ കരാർ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്/നഗരസഭകൾക്ക് നിയോഗിക്കാവുന്നതും 10 മാസത്തേക്ക് വേതനം നൽകാവുന്നതുമാണ്.<br>• സാമൂഹ്യനീതി വകുപ്പിന്റെ മാനദണ്ഡപ്രകാരം യോഗ്യതയും വേതനവും നിശ്ചയിക്കാവുന്നതാണ്.<br>• കൗൺസിലർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനും പ്രതിമാസ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ഒരു **മോണിറ്ററിംഗ് സമിതി** രൂപീകരിക്കേണ്ടതാണ്.<br>**മോണിറ്ററിംഗ് സമിതി**<br>ചെയർ പേഴ്സൻ - ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്.<br>കൺവീനർ - ജില്ലാ സാമൂഹ്യ നീതി ഓഫീസർ<br>അംഗങ്ങൾ - 1. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ<br>2. ജില്ലാ വനിതാ ക്ഷേമ ഓഫീസർ<br>3. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഒരു സന്നദ്ധ പ്രവർത്തകൻ.<br>• തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടത്തിവരുന്ന ഉണർവ് പരിപാടി അവലംബിക്കാവുന്നതാണ്.<br>• എല്ലാ ജില്ലാ പഞ്ചായത്തുകളും പ്രോജക്റ്റ് ഏറ്റെടുക്കേണ്ടതാണ്. |
| | 28 | 12.2.8 | **ജാഗ്രതാ സമിതി**<br>• ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിനും എം.എസ്. ഡബ്ള്യു യോഗ്യതയുള്ള ഒരു വനിതയെ കരാർ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ നിയമിച്ച് വേതനം നൽകാവുന്നതാണ്.<br>• **ജില്ലാ ജന്റർ റിസോഴ്സ് സെന്റർ** ഇവരുടെ പ്രവർത്തനം സംബന്ധിച്ച് വ്യക്തത വരുത്തി അവലോകനം ചെയ്യുന്നതിന് ജില്ലയ്ക്കാ കെ ബാധകമായ നടപടിക്രമം നിശ്ചയിക്കേണ്ടതും അതത് സ്ഥാപനതലത്തിലും ജില്ലയിൽ പൊതുവെയും സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ടതും സ്ത്രീ സാമൂഹ്യ പദവി ഉയർത്തുന്നതിന് സഹായകവുമായ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തേണ്ടതുമാണ്.<br>• എല്ലാ സ്കൂളുകളിലും തൊഴിൽ ശാലകളിലും **ജന്റർ ഡെസ്ക്** രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.<br>• വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി 10000 രൂപയിൽ അധികരിക്കാതെ വേതനം നൽകാവുന്നതാണ്.<br>• സ്ഥാപനതലത്തിലും ജില്ലാ തലത്തിലും പ്രതിമാസ അവലോകനം നടത്തി മിനിറ്റ്സ് സൂക്ഷിക്കേണ്ടതാണ്.<br>• എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതാണ്. |
| | 29 | 12.2.9 | **ലാബ് ടെക്നീഷ്യൻ**<br>• മെഡിക്കൽ ലാബുകളിൽ സർക്കാർ നാഷണൽ ഹെൽത്ത് മിഷനിൽ നിന്ന് ലാബ് ടെക്നീഷ്യനെ നിയമിക്കുവാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ കരാർ അടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യനെ നിമയിക്കാവുന്നതാണ്.<br>• നിയമനം ഹെൽത്ത് മിഷന്റെ മാനദണ്ഡ പ്രകാരം ആയിരിക്കണം. വേതനം വികസന ഫണ്ടിൽ നിന്നും നൽകാവുന്നതാണ്.<br>• ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതാണ്. |
| | 30 | 12.2.10 | **താത്കാലിക ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫുകളുടേയും നിയമനം**<br>• ചില പ്രദേശങ്ങളിലെ പി.എച്ച്.സി കളിലും/സി.എച്ച്.സി കളിലും ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും (1 പി.എം - 7 പി.എം) ആവശ്യമായിവരും.<br>• പി.എച്ച്.സി കളിൽ ഒരു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും സി.എച്ച്.സി കളിൽ രണ്ടു ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും |

| | | | |
|---|---|---|---|
| | | | നഗരസഭാ/കോർപ്പറേഷൻ തലത്തിൽ ആവശ്യമെങ്കിൽ ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡ പ്രകാരം നിയോഗിക്കാവുന്നതാണ്.<br>• വേതനം വികസന ഫണ്ടിൽ നിന്നും നൽകാവുന്നതാണ്<br>• ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതാണ്. |
| | 31 | 14(i)<br>2, 3, 4 | **മരാമത്ത് പ്രവൃത്തികൾ**<br>• അദ്ധ്യാപക രക്ഷാകർതൃ സമിതികൾ, ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ, അങ്കണവാടി വെൽഫയർ കമ്മിറ്റികൾ എന്നിവയ്ക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രവൃത്തികൾ അടങ്കൽ തുക പരിധിയില്ലാതെ ഏറ്റെടുത്ത് പ്രവർത്തനം നടത്താവുന്നതാണ്.<br>• 50000 രൂപയിൽ താഴെയുള്ള നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേന ചെയ്യാവുന്നതാണ്.<br>• 500000 രൂപയിൽ അധികരിച്ചുള്ള എല്ലാ പ്രവൃത്തികളും ഇ-ടെണ്ടർ ചെയ്യേണ്ടതാണ്.<br>• 50000 രൂപയിൽ താഴെയാണെങ്കിലും കരാറുകാർ മുഖേന നിർവ്വഹണം നടത്തുകയാണെങ്കിൽ ഇ-ടെണ്ടർ ചെയ്യണം. |

| | | |
|---|---|---|
| 3 | മത്സ്യതൊഴിലാളികളുടെ ആനുകൂല്യത്തിനുള്ള നിബന്ധന പുറപ്പെടുവിച്ചു. (ഭേദഗതി - 2) | സ.ഉ(സാധാ)നം. 1857/2017/ തസ്വഭവ തിയതി 05-06-2017 |
| 4 | അപ്പർ കുട്ടനാട് മേഖലയിൽ നെൽകൃഷി പ്രൊജക്റ്റ് നടപ്പാക്കുന്നതു സംബന്ധിച്ച്. (ഭേദഗതി-3) | സ.ഉ(സാധാ)നം. 1858/2017/ തസ്വഭവ തിയതി 05-06-2017 |
| 5 | **വൃദ്ധർക്ക് കട്ടിൽ**-സ്പെസിഫിക്കേഷനും പുതുക്കിയ നിരക്കും. (ഭേദഗതി-4)<br>**നിരക്ക്** - 4350 (പരമാവധി)<br>**സ്പെസിഫിക്കേഷൻ**<br>നീളം - 1.98 മീ., വീതി - 90 സെ.മീ, മുൻകാൽ നീളം - 60 സെ.മീ, പിൻകാൽ നീളം - 60 സെ.മീ, 8 മി.മീ പ്ലൈവുഡ്. | സ.ഉ(സാധാ)നം. 2086/2017/ തസ്വഭവ തിയതി 21-06-2017 |

| | | |
|---|---|---|
| 6 | ചെറുകിട/ നാമമാത്ര കർഷകർക്ക് നെൽകൃഷിക്കുള്ള കൂലിച്ചെലവ് ഹെക്ടറിന് 17000/-രൂപയായും രണ്ട് ഹെക്ടറിന് പരമാവധി 30000 രൂപയായും നിശ്ചയിച്ചു. (ഭേദഗതി-5) | സ.ഉ(സാധാ)നം. 2322/2017/ തസ്വഭവ തിയതി 07-07-2017 |
| 7 | ശ്രവണ സംസാര വൈകല്യമുള്ളവർക്ക് ടോക്കിംഗ് സൗകര്യത്തോടുകൂടിയ ലാപ്ടോപ്പ്, സ്കാനർ, പ്രിന്റർ എന്നിവ വാങ്ങി നൽകാവുന്നതാണ്. (ഭേദഗതി-6) | സ.ഉ(സാധാ)നം. 2782/2017/തസ്വഭവ തിയതി 11-08-2017 |
| 8 | യൂത്ത് ക്ലബ്ബുകളുടെ ഏകോപനം കൂടുതൽ ഫലപ്രദമാക്കുന്നതിന് ജില്ലാതല ഏകോപന സമിതി പുനസംഘടിപ്പിച്ചു.<br>(ഭേദഗതി-7) | സ.ഉ(സാധാ)നം. 3461/2017/ തസ്വഭവ തിയതി 30-10-2017 |
| 9 | ചെറിയ തുകയ്ക്കുള്ള സബ്സിഡി ലഭിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റിനു പകരം മറ്റ് രേഖകൾ പ്രകാരം ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി.<br>➢ റേഷൻ കാർഡിലെ വരുമാനം, വരുമാനം സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം, മറ്റ് ആവശ്യത്തിനു വാങ്ങിയ വരുമാന സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ഉപയോഗിക്കാവുന്നതാണ്. (ഭേദഗതി-8) | സ.ഉ(സാധാ)നം. 3525/2017/ തസ്വഭവ തിയതി 01-11-2017 |
| 10 | ഭവനങ്ങളിലെ കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചു.<br>➢ പരന്ന മേൽക്കൂരയുള്ള ഭവനങ്ങൾക്ക് -6348, ചെരിഞ്ഞ മേൽക്കൂരയുള്ള കെട്ടിടങ്ങളിലെ സംവിധാനത്തിന്-7056<br>➢ ഫിൽറ്റർ മീഡിയം കൂടി ഉണ്ടെങ്കിൽ അധികമായി 500 രൂപ. **(ഖണ്ഡിക 8.3.3)** (ഭേദഗതി-9)<br>**കുറിപ്പ്** : *സ.ഉ(സാധാ)നം.3989/2017/തസ്വഭവ തിയതി 12-12-2017 പ്രകാരം സബ്സിഡി തുക യഥാക്രമം 8000, 8600 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.* | സ.ഉ(സാധാ)നം. 3666/2017/തസ്വഭവ തിയതി 14-11-2017 |
| 11 | സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ പൊതു സ്ഥാപനങ്ങളിലെ കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചു.<br>➢ പരന്ന മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക്-20500, ചെരിഞ്ഞ മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക്-24500<br>(ഭേദഗതി-10) | സ.ഉ(സാധാ)നം. 3979/2017/തസ്വഭവ തിയതി 12-12-2017 |
| 12 | കൈമാറിക്കിട്ടിയ പൊതു സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതികൾക്ക് 100 ശതമാനം സബ്സിഡി.<br>(ഭേദഗതി-11) | സ.ഉ(സാധാ)നം. 3687/2017/തസ്വഭവ തിയതി 15-11-2017 |

| | | |
|---|---|---|
| 13 | ഭവനങ്ങളിലെ കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള യൂണിറ്റ് കോസ്റ്റ് പുതുക്കി നിശ്ചയിച്ചു.<br>➢ പരന്ന മേൽക്കൂരയുള്ള ഭവനങ്ങൾക്ക് -8000, ചെരിഞ്ഞ മേൽക്കൂരയുള്ള കെട്ടിടങ്ങളിലെ സംവിധാനത്തിന്-8600<br>➢ ഫിൽറ്റർ മീഡിയം കൂടി ഉണ്ടെങ്കിൽ അധികമായി 500 രൂപ. (ഭേദഗതി-12) | സ.ഉ(സാധാ)നം. 3989/2017/ തസ്വ ഭവ തിയതി 12-12-2017 |
| 14 | ഖാദി നൂൽപ്പ്/നെയ്ത്ത് കേന്ദ്രങ്ങളിലേക്ക് തറിയും നെയ്ത്ത് ഉപകരണങ്ങളും നൽകുന്നതിനും വിപണന ശാലകൾ നിർമ്മിക്കുന്നതിനും ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രോജക്റ്റ് നടപ്പാക്കുന്നതിന് അനുമതി നൽകി. (ഖണ്ഡിക 11.2(ഇ)) (ഭേദഗതി-13) | സ.ഉ(സാധാ)നം. 3990/2017/ തസ്വ ഭവ തിയതി 12-12-2017 |
| 15 | പ്രവേശന പരീക്ഷ ഇല്ലാത്ത സാഹചര്യത്തിൽ മെറിറ്റോറിയസ് ആയ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാവുന്നതാണ്. **(ഖണ്ഡിക 11.8.2)**(ഭേദഗതി-14) | സ.ഉ(സാധാ)നം. 3991/2017/ തസ്വ ഭവ തിയതി 12-12-2017 |
| 16 | ഗ്രോ ബാഗ് സബ്സിഡി പുതുക്കി.<br>➢ ഒരെണ്ണത്തിന് 60 രൂപ നിരക്കിൽ 75% സബ്സിഡി നൽകാവുന്നതാണ്. (ഖണ്ഡിക 8.1(10))<br>(ഭേദഗതി-15) | സ.ഉ(സാധാ)നം. 3998/2017/തസ്വ ഭവ തിയതി 12-12-2017 |
| 17 | കാഴ്ചശക്തിയില്ലാത്തവർക്ക് ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള വാച്ച് നൽകാവുന്നതാണ്. (ഭേദഗതി-16) | സ.ഉ(സാധാ)നം. 4000/2017/ തസ്വ ഭവ തിയതി 12-12-2017 |
| 18 | ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നതിനുള്ള സബ്സിഡി പുതുക്കി നിശ്ചയിച്ചു.<br>➢ ഗുണഭോക്താവിന് നൽകുന്ന 50% സബ്സിഡിയുടെ പകുതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പകുതി ശുചിത്വ മിഷനും വഹിക്കേണ്ടതാണ്.<br>➢ പരമാവധി ധനസഹായം 5000 രൂപ.<br>➢ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് യൂണിറ്റ് കോസ്റ്റിന്റെ 90% തുക സബ്സിഡിയായി നൽകാവുന്നതും ധനസഹായത്തിന്റെ പകുതി തുകവരെ ശുചിത്വ മിഷൻ വഹിക്കേണ്ടതുമാണ്. (ഭേദഗതി-17) | സ.ഉ(സാധാ)നം. 565/2018/ തസ്വ ഭവ തിയതി 27-02-2018 |

നന്ദി....
ശ്രീമതി.സുസ്മിത.കെ.വി, ഓഡിറ്റ് ഓഫീസർ, കെ.എസ്.എ.ഡി

## റഫറൻസ്

- കൈപ്പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗരേഖകൾ, ഉത്തരവുകൾ.

**വെബ്സൈറ്റുകൾ**

https://www.kerala.gov.in
http://www.finance.kerala.gov.in
https://lsgkerala.gov.in
http://sanitation.kerala.gov.in
https://lifemission.kerala.gov.in
http://haritham.kerala.gov.in
http://dhs.kerala.gov.in,
http://missions.kerala.gov.in

തയ്യാറാക്കിയത്
സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
cscholayilttm@gmail.com
9447594110

**സ്വകാര്യ ആവശ്യത്തിനായി തയ്യാറാക്കിയ കൈപ്പുസ്തകം - നാലാം പതിപ്പ്**

പാലക്കാട്,
14-06-2021

# കുറിപ്പുകൾ